BOOK-a-month
Club
ERNAKULA

Q 50
1530

# വള്ളത്തോൾകണ്ടറഷ്യ

പ്രതിമാസ ഗ്രന്ഥ ക്ലബ്
എറണാകുളം

സുപ്രസിദ്ധ സാഹിത്യകാരൻ, വിമർശകൻ, പ്രാസംഗികൻ, കഥാകൃത്ത്—മോൺ: ജേക്കബ് നടുവത്തുശേരി മലയാളവായനക്കാർക്ക് സുപരിചിതനാണ്. "പാപ്പായുടെ ആധിപത്യ"ത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിമർശങ്ങൾ ചരിത്രം സൃഷ്ടിച്ചവയാകുന്നു. 'സത്യദീപ'ത്തിന്റെ ആരംഭം മുതൽ അദ്ദേഹം അതിന്റെ പത്രാധിപരാണ്. ഏറെ നാൾ പ്രശസ്തനിലയിൽ നടന്നിരുന്ന 'കഥാചന്ദ്രിക' മാസികയുടെ പത്രാധിപരും അദ്ദേഹമായിരുന്നു. കുട്ടികളെ ഉദ്ദേശിച്ചുള്ള "ഈശോമിശിഹായുടെ ജീവചരിത്രം", ദൈവാസ്തിക്യത്തെയും ക്രൈസ്തവസിദ്ധാന്തങ്ങളുടെ സത്യവത്വത്തേയും തെളിയിക്കുന്ന "യുക്തിയിൽനിന്നു വിശ്വാസത്തിലേക്ക്" എന്നിവ അദ്ദേഹത്തിന്റെ പ്രസിദ്ധകൃതികളാകുന്നു. 69 വയസ്സായ മോൺ: നടുവത്തുശേരിയുടെ തൂലിക അക്ഷീണോജസ്സോടെ ഇന്നും വിഹരിച്ചുകൊണ്ടിരിക്കുന്നു.

RAILWAY STA...
TRAVANCORE
...VANCORE

# പ്രതിമാസ ഗ്രന്ഥക്ലബ്ബ്

## എറണാകുളം

**NO. 3**

# വള്ളത്തോൾകണ്ട റഷ്യ

ACHARYA PALACKAL JEEVASS KENDRAM
LIBRARY
17251

DHARMARAM VIDYA KSHETRAM
Central Library
BANGALORE 560 029

ഗ്രന്ഥകർത്താ

മോൺ. ജേക്കബ് നടുവത്തുശ്ശേരി

Member's Copy

DHARMARAM VIDYA KSHETRAM
LIBRARY
Ac. No. ~~1166 992~~
Call No. ........ /N126

All Rights Reserved
Secretary, Book-A-Month Club,
Ernakulam

Cancelled: M/910.5
NAD

Printed at the
Mar Louis Memorial Press, Ernakulam
and Published by
K. P. Ittyerah, Secretary, Book-A-Month Club,
Ernakulam
1952

ഒററപ്രതി 2 ക. 8 ണ.

# പ്രതിമാസഗ്രന്ഥക്ലബ്ബ്,

എറണാകുളം

**പ്രസിഡൻറു്**

ശ്രീ. ചാക്കോള ലോനപ്പൻ ഔസേഫ്

**ജനറൽ എഡിററർ**

വെ. റവ. മോൺ: നടുവത്തുശേരി

**എഡിററർമാർ**

റൈററ്. റവ. മോൺ: പോൾ കാക്കശ്ശേരി
പി. എച്ച്. ഡി., ഡി. ഡി.

വെ. റവ. ഫാദർ സഖറിയാസ്, ഒ. സി. ഡി.

ഡോ: പി. ജെ. തോമ്മസ്, എം. ഏ., പി. എച്ച്. ഡി.

ഷെവലിയർ ജോസഫ് പെട്ട, എം. ഏ.

റവ. ഫാദർ സി. കെ. മററം,
എം. ആർ. ഏ. എസ്., എഫ്. ആർ. എസ്. ഏ.

പ്രൊഫ: കെ. ജെ. അഗസ്റ്റിൻ, എം. ഏ., എൽ. റ്റി.

ശ്രീ. കെ. ഈ. ജോബ്, എം. ഏ., എൽ. റ്റി.

റവ. ഫാ. തിയഡോഷ്യസ്, റ്റി. ഒ. സി. ഡി., എം. ഏ.

റവ. ഫാദർ ചേന്നാട്ട്, പി. എച്ച്. ഡി.

ശ്രീ. കെ. സി. ചാക്കോ,
എം. ഏ., ബി. ഈ എച്ച്., എം. പി. ഈ.

റവ. ഫാ. ഏസ് തേർമഠം, എം. ഒ. എൽ.

ST. ANTONY'S CARMELITE MONASTERY, RAILWAY STATION, ALWAYE, TRAVANCORE
S. T. ALWAYE. TRAVANCORE

വാർഷികവരിസംഖ്യ

**24 രൂപാ മാത്രം**

സെക്രട്ടറി

## പ്രതിമാസഗ്രന്ഥക്ലബ്ബ്

എറണാകുളം

ST. ANTONY'S CARMELITE ... ALWAYE. T. S. I. RAILWAY STATION ... TRAVANCORE

# മുഖവുര

പ്രതിമാസഗ്രന്ഥക്ലബ്ബിൻെറ രണ്ടാംപുസ്തകമായി വിജ്ഞാപനം ചെയ്തിരുന്ന ഈ ഗ്രന്ഥം എത്രയോ മുൻപ് പുറത്തുവരേണ്ടതായിരുന്നെന്നു് ക്ലബ്ബ് ഭാരവാഹികൾക്കു് നല്ല ബോദ്ധ്യമുണ്ടു്. അവരുടെ നിയന്ത്രണത്തിൽപെടാൻ സാദ്ധ്യമല്ലാതിരുന്ന ചില സാഹചര്യങ്ങളാൽ പ്രതീക്ഷിച്ച സമയത്തു് അതു പ്രസിദ്ധം ചെയ്യാൻ കഴിഞ്ഞില്ല. ഈ കുറവു് ക്ലബ്ബിൻെറ വരിക്കാരും ഗുണകാംക്ഷികളും സദയം ക്ഷമിക്കണമെന്നു് ആദ്യമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

മഹാകവി വള്ളത്തോൾ റഷ്യയിൽ പോയി മടങ്ങി വന്നശേഷം ചെയ്ത രഹസ്യവും പരസ്യവുമായ ചില പ്രസ്താവങ്ങളെ വിമർശിച്ചു് "സത്യദീപ"ത്തിൽ ചില ലേഖനങ്ങൾ ഉണ്ടായിരുന്നു. "വള്ളത്തോൾ കണ്ട റഷ്യ" എന്ന ഗ്രന്ഥനാമത്തിൽനിന്നും, ആ ലേഖനങ്ങളും ഈ ഗ്രന്ഥവും ഒരേ തൂലികയിൽനിന്നാകയാലും രണ്ടിൻേറയും ഉള്ളടക്കം ഒന്നുതന്നെയാണെന്നും, ആ ലേഖനങ്ങളുടെ ഒരു സമാഹാരം മാത്രമാണു് ഈ ഗ്രന്ഥമെന്നും വായനക്കാരിൽ ചിലക്കെങ്കിലും ഒരു ധാരണയുണ്ടായേക്കാം. ആ ധാരണ അയഥാർത്ഥമാണെന്നു് പ്രസ്താവിച്ചുകൊള്ളട്ടെ. ഒരു പുതിയ കൃതി എന്നു തികച്ചും പറയാൻതക്കവിധം അത്ര വളരെ കാര്യങ്ങൾ, സോവ്യറ്റ് റഷ്യയുടെ ആരംഭചരിത്രത്തേയും ആദ്യം മുതലുള്ള സ്ഥിതിവിവരങ്ങളേയും സംബന്ധിച്ചു്, ഗ്രന്ഥം ഉൾക്കൊള്ളുന്നുണ്ടു്.

ഗ്രന്ഥകാരനാകട്ടെ, വായനക്കാരിൽ ആരുംതന്നെയാകട്ടെ (ചുരുക്കം ചില വ്യക്തികളൊഴിച്ചു്) സോവ്യറ്റ് റഷ്യ സന്ദർശിച്ചിട്ടില്ല. പിന്നെ എങ്ങനെയാണു് ഗ്രന്ഥം

സോവ്യറവ് റഷ്യയുടെ യഥാൎത്ഥ ചിത്രമാണെന്നു് ഗ്രന്ഥകാരന്നു പറയുവാനും, വായനക്കാൎക്കു വിശ്വസിക്കുവാനും കഴിയുക? വള്ളത്തോളിൻെറ പ്രസ്താവങ്ങൾ റഷ്യയ്ക്കനുകൂലമായ പ്രചരണമാണെങ്കിൽ, ഈ ഗ്രന്ഥം റഷ്യയ്ക്കു് പ്രതികൂലമായിരിക്കരുതോ? സോവ്യറവ് റഷ്യയ്ക്കു് അനുകൂലങ്ങളും പ്രതികൂലങ്ങളുമായ പ്രസ്താവങ്ങളെ, നീതിന്യായക്കോടതിയുടെ മുമ്പാകെ വാദിപ്രതികൾ ഉന്നയിക്കുന്ന വാദങ്ങളോടു ഏതാണ്ടു് ഉപമിക്കാം. ആ വാദങ്ങൾ പരസ്പരം വിപരീതങ്ങളാണെങ്കിലും, ഏതു ശരി ഏതു തെററ്, ഏതു സത്യം ഏതു് അസത്യം, എന്നു കോടതിക്കു യഥാതഥം പലപ്പോഴും വിധിക്കുവാൻ കഴിയുന്നുണ്ടല്ലോ. അതിന്നു കോടതിയെ പ്രാപ്തമാക്കുന്ന മാൎഗ്ഗം ഇരുകക്ഷികളുടേയും രേഖകളിലും സാക്ഷിമൊഴികളിലും നിന്നു ലഭിക്കുന്ന "തെളിവുകളാ"കുന്നു.

ഈ ഗ്രന്ഥത്തിൽ അനേകം രേഖകളും സാക്ഷിമൊഴികളും ഹാജരാക്കിയിട്ടുണ്ടു്. അവയുടെ കൎത്താക്കളിൽ ചിലർ, "യുണൈറററഡ് പ്രസ്സ്" എന്ന ജഗൽപ്രസിദ്ധമായ വാൎത്താവിതരണസംഘടനയുടെ ലേഖകന്മാരായി, വളരെക്കാലം മോസ്ക്കോയിൽ വസിച്ചിട്ടുള്ളവരാണു്; വേറെ ചിലർ സോവ്യറവ്റഷ്യയുടെ പുതിയ സാമുദായികപരീക്ഷണപ്രസ്ഥാനങ്ങളാൽ ആകൃഷ്ടരായി, അവിടെ ചെന്നു് ഉദ്യോഗങ്ങൾ വഹിച്ചു ജീവിച്ചിട്ടുള്ളവരാണു്; കമ്മ്യൂണിസ്റ്റ്പാൎട്ടിയുടെ അംഗങ്ങളായോ അനുഭാവികളായോ സോവ്യറവ്റഷ്യയിൽ ചെല്ലുകയും, അവിടെ താമസിച്ചു് പല പ്രവൎത്തനങ്ങളിലും പങ്കെടുക്കുകയും ചെയ്തിട്ടുള്ളവരാണു് മൂന്നാമതൊരു കൂട്ടർ; സോവ്യറവ് റഷ്യയോടു് മമതയും അനുഭാവവും ഉള്ളവരെന്നനിലയിൽ അവിടത്തെ അധികാരികളാൽ ക്ഷണിക്കപ്പെടുകയും, ആ രാജ്യത്തിൽ മിക്കവാറും എല്ലായിടങ്ങളിലും സ്വതന്ത്രമായി സഞ്ചരിക്കുവാനും അവിടത്തെ സ്ഥിതിഗതികൾ ഉള്ളതുപോലെ കണ്ടറിയു

വാനും സൗകൎയ്യം ലഭിക്കുകയും ചെയ്തിട്ടുള്ളവരും ഉണ്ട്! ഈ നാലാമത്തെ ഗണത്തിൽപെട്ട അഖിലലോകപ്രസിദ്ധിയുള്ള ഒരു സാഹിത്യകാരൻെറ വിവരണങ്ങളാണ് ഗ്രന്ഥത്തിൻെറ അവസാനത്തെ അദ്ധ്യായത്തിൽ ചേൎത്തിട്ടുള്ളതു്. ഇങ്ങനെയുള്ള മതിമാന്മാർ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളും ചെയ്തിട്ടുള്ള പ്രസ്താവങ്ങളും സോവ്യററ് റഷ്യയുടെ കാൎയ്യത്തിൽ നിഷ്പക്ഷങ്ങളും തന്നിമിത്തം വിശ്വാസയോഗ്യങ്ങളുമായ തെളിവുകളല്ലയോയെന്ന് വായനക്കാർ വിധിച്ചാലും.

സോവ്യററ്യൂണിയൻ ഒരു "സോഷ്യലിസ്റ്റ്" രാജ്യമാണെന്നും, സോഷ്യലിസത്തെ വിജയിപ്പിക്കുവാൻ പൎയ്യാപ്തങ്ങളായ സ്വാതന്ത്ര്യങ്ങൾ— മതപരവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ സ്വാതന്ത്ര്യങ്ങൾ— മാത്രമേ അവിടെ അനുവദിക്കുകയുള്ളുവെന്നും സ്റ്റാലിൻെറ പുതിയ ഭരണഘടന ശ്രദ്ധിച്ചുവായിച്ചാൽ കാണാം. അങ്ങനെയുള്ള ഒരു മഹാരാജ്യത്തു് സാമ്പത്തികമായ സുസ്ഥിതിയും അഭിവൃദ്ധിയും ഉണ്ടാകുവാൻ സാദ്ധ്യമല്ലെന്ന് മനുഷ്യസ്വഭാവം അറിഞ്ഞിട്ടുള്ള ആൎക്കും ബോദ്ധ്യമാകാതിരിക്കുകയില്ല. തത്വത്തിൽനിന്നുള്ള യുക്തിപൂൎവ്വകമായ ഈ നിഗമനം പ്രയോഗത്തിൽ സ്ഥിരീകൃതമാണെന്നേ ഈ ഗ്രന്ഥത്തിലെ ഉള്ളടക്കത്തിൽനിന്നു ഗ്രഹിക്കേണ്ടതുള്ളു.

സോവ്യററ്റഷ്യ തൊഴിലാളികളുടേയും മററു പാവങ്ങളുടേയും "മാതൃഭൂമി"യാണെന്നും അവിടത്തേ കമ്മ്യൂണിസ്റ്റ്ഭരണം ഈ രാജ്യത്തു നടപ്പായാൽ ഇവിടത്തെ തൊഴിലാളികളുടേയും മററു പാവങ്ങളുടേയും ജീവിതനിലവാരം വളരെ വളരെ ഉയരുമെന്നും, അങ്ങനെ സമത്വസുന്ദരമായ ഒരു സാമുദായികവ്യവസ്ഥിതി ഇവിടെ ഉടലെടുക്കുമെന്നും ഒരു ബോധം കമ്മ്യൂണിസ്റ്റ്പാൎട്ടിയുടേയും അവരുടെ ഏജൻറന്മാരുടേയും പ്രചരണപ്രസ്ഥാനം സംജാതമാക്കിയിട്ടു

ണ്ടല്ലോ. ആ മിഥ്യാബോധത്തിൻെറഫലം ഇക്കഴിഞ്ഞ തി രഞ്ഞെടുപ്പിൽ നാം കണ്ടുംകഴിഞ്ഞു. അങ്ങനെ വഞ്ചിത രായ പാവങ്ങളിൽ ഒരാളുടെയെങ്കിലും കണ്ണുതുറക്കാൻ ഈ ഗ്രന്ഥം ഉപകരിച്ചാൽമതി, അതിൻെറ രചയിതാവു് കൃതകൃത്യനാവാൻ. ആ അനുഗ്രഹം അനേകമനേകം ആളു കൾക്കു് കൈവരാൻ സർവ്വശക്തനായ ദൈവം ഇടവരു ത്തട്ടെ എന്ന പ്രാത്ഥനയോടുകൂടി ഇനിയും അപൂർണ്ണമായ ഈ ഗ്രന്ഥം പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താവു്

# വിഷയസൂചി

ST. ANTONY'S
S. I. RAILWAY STATION
WAYE

I ജനകീയവിപ്ലവം 1—14

ഈ വിപ്ലവം സാധിച്ചതു ഫാക്ടറിതൊഴിലാളികൾ അല്ല— റഷ്യൻ ട്രേഡ് യൂണിയനുകളും അല്ല— തൊഴിലാളികളുടെ ദുരിതവും. പീറ്റേഴ്സ്ബർഗ്ഗിലെ വെടിവെയ്പും— വിപ്ലവമുന്നോടികൾ കർഷകരുമായിരുന്നില്ല— കർഷകരുടെ ദുരിതം— വിപ്ലവത്തിന്റെ മുന്നോടികൾ ആരായിരുന്നു?— അഭ്യസ്തവിദ്യർ—ഇടത്തരക്കാർ (Middle class) — റഷ്യ കീഴടക്കി ഭരിച്ചുകൊണ്ടിരുന്ന ഇതരജാതിക്കാർ— യഹൂദന്മാർ

II ബോൾഷെവിക് വിപ്ലവം 15—28

ലെനിന്റെ ആഗമനം— ബോൾഷെവിക്കുകാർ അധികാരത്തിൽ— പ്രതിനിധിസഭയെ തല്ലിച്ചു— കള്ളപ്രചരണം

III സോവ്യറ്റ് ഏജന്റ് 29—36

ഭാവനാശക്തി കാടു കയറുന്നു— പ്രചരണത്തിന്റെ പ്രേരണ

IV മതമർദ്ദനം 37—51

ആദ്യത്തെ മതവിരുദ്ധനിയമം— വിവിധ പീഡനോപായങ്ങൾ— സ്റ്റാലിന്റെ ഭരണഘടനയിലും— ഗവർമ്മെന്റിന്റെ ആഭിമുഖ്യത്തിൽ നിരീശ്വരസംഘടനകൾ— മററു കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ പീഡനം— ഹംഗറി—പോളണ്ട്—ചെക്കോസ്ലോവാക്കിയ— യൂഗോസ്ലാവിയ— അൽബേനിയ— ബൾഗേറിയ— റുമേനിയ— ചൈന—വടക്കെ കൊറിയ— തെക്കുകിഴക്കെ ഏഷ്യാ

V രാഷ്ട്രീയമർദ്ദനം 52—75

രഹസ്യപ്പോലീസ്— ശുദ്ധികർമ്മപ്രസ്ഥാനം— തൊഴിലാളിപത്രത്തിന്റെ അപല

പനം— ലാസ്കിയുടെ സാക്ഷ്യം— പൗരാവ
കാശനിഷേധം—മോറിസന്റെ അപലപ
നം— മഹാകവിയുടെ ആശയക്കുഴപ്പം

VI സാമ്പത്തികമർദ്ദനം 76—105

തൊഴിലാളിയുടെ ദുരിതം— കർഷകന്റെ
ദുരിതം— പഞ്ചവത്സരപദ്ധതി— ചില
കണക്കുകൾ— വിലക്കയറ്റം— ട്രേഡ്യൂ
ണിയനുകൾ— വള്ളത്തോൾ

VII അടിമവേലക്കാർ 106—116

കുലാക്കുകൾ— യുദ്ധത്തടവുകാർ— ഐ
ക്യരാഷ്ട്രസമിതിയുടെ സാക്ഷ്യം

VIII സാംസ്കാരികമർദ്ദനം 117—135

കലാകാരന്റെ സാക്ഷ്യം— വിദേശറേഡി
യോ— ഐക്യരാഷ്ട്രസമിതി—ശാസ്ത്രം—
ഭാഷാശാസ്ത്രം

IX വർഗ്ഗവ്യത്യാസം 136—155

ഉയർന്നവർഗ്ഗക്കാർ—ക്രെംലിൻ ആസ്പത്രി—
യാത്രകളിലെ പ്രഭുത്വം— നാട്ടിൻപുറം
വസതികൾ

X സാർവ്വലൗകികവിപ്ലവം 156—179

ട്രോജൻകുതിരനയം— കൊമിൻഫോം—
സ്റ്റാലിന്റെ ശപഥം— സ്റ്റാലിന്റെ അ
ഞ്ചാംപത്തികൾ—അമേരിക്കയിൽ— ഇൻ
ഡ്യയിൽ—സാമ്രാജ്യദുർമ്മോഹം— യുദ്ധത
ല്പരത— ആറു വിദേശയുദ്ധങ്ങൾ— പോള
ൻറിനെതിരായി— ചൈനയ്ക്കെതിരായി—
വീണ്ടും പോളൻറിനെതിരായി— ഫിൻല
ൻറിനെതിരായി— കിഴക്കെ യൂറോപ്പിനെ
തിരായി— ജപ്പാന് എതിരായി—കൊളോ
ണിയലിസം

XI പ്രചരണതന്ത്രം 180—187

XII റഷ്യ സന്ദർശിച്ച കമ്മ്യൂണിസതല്പരൻ 188—206

ഉപസംഹാരം 207—208

ST. ANTONY'S CARMELITE MONASTERY * TRAVANCORE * ALWAYE.
S. I. RAILWAY STATION, ALWAYE TRAVANCORE



ഗ്രന്ഥകർത്താവ്.

## I

# ജനകീയ വിപ്ലവം

ST. ANTONY'S CARMELITE MONASTERY
S. I. RAILWAY STATION, ALWAYE
ALWAYE, TRAVANCORE

റഷ്യയെ നൂററാണ്ടുകളായി ഭരിച്ചുപോന്നത് സാർചക്രവത്തിമാരായിരുന്നു. അവർ സ്വേച്ഛാധിപതികളുമായിരുന്നു. അതിനാൽ ഭരണാധികാരികളും ഭരണീയരും പരസ്പരം വലിയ അകൽച്ചയോടുകൂടിയാണ് കഴിഞ്ഞുപോന്നിരുന്നത്. ഗവമ്മെൻറിൻെറ സ്വേച്ഛാധികാരപരമായ പാരമ്പയ്യങ്ങളും പാശ്ചാത്യയൂറോപ്യൻ രാജ്യങ്ങളിലെ പുരോഗമനപരമായ ആദർശങ്ങളും തമ്മിൽ ഒരു പൊരുത്തവും ഉണ്ടായിരുന്നില്ല. സൈന്യത്തിലേയും സിവിൽ സർവ്വീസിലേയും ഉദ്യോഗങ്ങളെല്ലാം വഹിച്ചിരുന്ന * വലിയ റഷ്യക്കാരും അവക്ക് വിധേയരായി ജീവിക്കേണ്ടിവന്ന സാമ്രാജ്യത്തിലെ അനേകങ്ങളും പ്രധാനങ്ങളുമായ പ്രോവിൻസുകളിലെ ജനസമൂഹങ്ങളും തമ്മിൽ, പരസ്പര

* മോസ്ക്കോയുടെ ചുററിലും റഷ്യയുടെ മദ്ധ്യഭാഗങ്ങളിലും ജീവിച്ചുപോന്നിരുന്ന പുരാതന റഷ്യയിലെ ജനങ്ങൾ.

ധാരണയോ സൗഹാർദ്ദബന്ധമോ ഉണ്ടായിരുന്നില്ല. തന്മൂലം റഷ്യൻ സാമ്രാജ്യം വിപ്ലവപ്രസ്ഥാനങ്ങൾക്ക് ഏററവും പററിയ ഒരരംഗമായി പരിണമിച്ചു. കേന്ദ്രഗവമ്മെൻറ് അതിശക്തമായിരുന്നിടത്തോളംകാലം ആ വിപ്ലവശക്തികളെ അടിച്ചമത്തുവാൻ സാധിച്ചു. അതിൻെറ ശക്തി ക്ഷയിച്ചതോടുകൂടി വിപ്ലവം പൊട്ടിപ്പുറപ്പെട്ടു; കൊടുങ്കാററായി രൂപം പ്രാപിച്ചു. ചക്രവത്തിഭരണത്തെത്തന്നെ തച്ചുടയ്ക്കുവാൻ അതിന്നു പ്രയാസമുണ്ടായില്ല. ജപ്പാനുമായുണ്ടായ യുദ്ധത്തിലും തുടൎന്നുണ്ടായ ഒന്നാം ലോകമഹായുദ്ധത്തിലും റഷ്യയ്ക്കു നേരിട്ട അപജയങ്ങൾ കേന്ദ്രഗവമ്മെൻറിൻെറ ശക്തിക്ഷയത്തിനു കാരണമായി. ഒടുവിൽ 1917 മാർച്ചുമാസത്തിൽ വിപ്ലവകൊടുങ്കാററ് ഊതുകയും, അതിൻെറ തള്ളലേററ് ചക്രവത്തിഭരണം അസ്തമിക്കുകയും ചെയ്തു.

### എന്നാൽ ഈ വിപ്ലവം സാധിച്ചതു

### ഫാക്ടറി തൊഴിലാളികൾ അല്ലാ

റഷ്യ ഒരിക്കലും ഒരു വ്യവസായ രാജ്യമായിരുന്നിട്ടില്ല. ഇംഗ്ലണ്ടും അങ്ങനെ തന്നെ. തന്നിമിത്തം ഫാക്ടറി തൊഴിലാളികൾ—റഷ്യൻ വിപ്ലവത്തിൻെറ മുന്നണിസേനയെന്നു റഷ്യൻ കമ്യൂണിസ്റ്റുകാർ ചെണ്ടകൊട്ടി പ്രകീത്തിക്കുന്ന ദരിദ്രതൊഴിലാളികൾ—റഷ്യയിലെ ജനസംഖ്യയുടെ ഒരു നിസ്സാരഭാഗം മാത്രമേ ആയിരുന്നുള്ളു. 1917-ൽ തന്നെ, വിശ്വാസയോഗ്യമായ സ്ഥിതിവിവരക്കണക്കനുസരിച്ച്, വലുതും ചെറുതുമായ വ്യവസായങ്ങളിലും തൊഴിലുകളിലും ഏൎപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സംഖ്യ 3,000 000-ൽ (മുപ്പതുലക്ഷത്തിൽ) കവിഞ്ഞിരുന്നില്ല. 1700 ലക്ഷത്തോളമുണ്ടായിരുന്ന അന്നത്തെ ആകെ ജനസംഖ്യയിൽ ആറിലൊന്നു മാത്രമായിരുന്നു ഇ

വർ. ബാക്കി ജനസാമാന്യം മുഴുവനും കൃഷിയെമാത്രം ആശ്രയിച്ചാണു് ജീവിച്ചിരുന്നതു്.

1905-നുശേഷം മാത്രമേ റഷ്യയിലെ വ്യവസായ വികസനം ധൃതഗതിയിൽ പുരോഗമിച്ചു തുടങ്ങിയുള്ളു. എങ്കിലും ഇതരരാജ്യങ്ങളെ അപേക്ഷിച്ചു് ആ പുരോഗമനം വളരെ വളരെ പിന്നിലായിരുന്നു. ഈ വികസനം തന്നെയുണ്ടായതു് ഗവമെൻറിൽനിന്നു സൈനിക ലക്ഷ്യങ്ങൾക്കുവേണ്ടി വിദേശകടവായ്പകളുടെ സഹായത്താൽ, തീവണ്ടിപ്പാതകൾ വിസ്തൃതമാക്കുകയും ഖനികൾ കുഴിക്കുകയും ചെയ്യുന്ന ജോലി ഏറെറടുത്തുകൊണ്ടു മാത്രമാണു്. തന്മൂലം ഈ ഗണം ചക്രവത്തിഭരണത്തെ തച്ചുടയ്ക്കുന്നതു പോയിട്ടു്, അതിനായി ഏതെങ്കിലും ഒരു ശ്രമം ചെയ്യുന്നതിനുപോലും ശക്തമായിരുന്നില്ല.

## റഷ്യൻ ട്രേഡ്യൂണിയനുകളും അല്ലാ

വ്യവസായ പുരോഗമനത്തോടുകൂടി റഷ്യയിലും പല ട്രേഡ്യൂണിയനുകൾ സ്ഥാപിതമായി. പക്ഷേ അവ എല്ലാം തന്നെ തൊഴിലാളികളുടെ ജീവിതസ്ഥിതി നന്നാക്കുവാൻ വേണ്ടിമാത്രം പണിപ്പെട്ടുകൊണ്ടിരുന്നവയാണു്. വിപ്ലവമനസ്ഥിതിയോ ഗവമെണ്ടുവിരോധമനോഭാവമോ അവയ്ക്കു ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. അവയെല്ലാം തന്നെ സാർ ചക്രവത്തിയെമാത്രമാണു് അവരുടെ സംരക്ഷകനായി വീക്ഷിച്ചിരുന്നതു്. ഗവമെണ്ടിനു പലപ്പോഴും വലിയ ട്രേഡ്യൂണിയനുകളെ സ്വന്തം സംരക്ഷണയിൽ സംഘടിപ്പിക്കുവാൻ സാധിച്ചുവെന്ന യഥാത്ഥവസ്തുത തന്നെ തൊഴിലാളികളുടെയിടയിൽ വിപ്ലവവഹ്നിയുടെ പൊരികൾപോലും അക്കാലത്തു പ്രവേശിച്ചിരുന്നില്ലെന്നു തെളിയിക്കുന്നുണ്ടു്.

ഗ്രാമവാസികളായ പാവപ്പെട്ട ബഹുജനങ്ങളും അവരിൽനിന്നു വന്നുചേന്ന ഫാക്ടറി തൊഴിലാളികളും അപ്പ

രുടെ ദുരിതങ്ങളിലും അജ്ഞതയിലും ആണ്ടു ഇനിയും അക്ഷോഭ്യരായിട്ടാണ് കഴിഞ്ഞിരുന്നത്. ഇവർ ചക്രവർത്തിഭരണം സൂര്യചന്ദ്രന്മാരെപ്പോലെ അപ്രാപ്യവും അഭേദ്യവുമായ ഒരു സ്ഥാനമായിട്ടേ സ്വതവേ വീക്ഷിച്ചിരുന്നുള്ളൂ.

അങ്ങനെ, റഷ്യയിലെ വിപ്ലവത്തിനു കാരണക്കാർ അവിടത്തെ വ്യവസായ തൊഴിലാളികളാണെന്ന് റഷ്യൻ കമ്മ്യൂണിസ്റ്റുകാർ പ്ലാറ്റുഫാറങ്ങളിൽനിന്നും മുദ്രാലയങ്ങളിൽനിന്നും പുറപ്പെടുവിക്കുന്ന ഉൽഘോഷണം കേവലം കെട്ടുകഥയാണ്. അതു വിവിധ രാജ്യങ്ങളിലെ ദരിദ്രരായ ഫാക്ടറി തൊഴിലാളികളെ വശീകരിക്കുന്നതിനും, അധികാരം പിടിച്ചെടുക്കുവാനുള്ള മോഹം അവരിൽ കുത്തിവയ്ക്കുന്നതിനും, വിപ്ലവമനോഭാവം അവരിൽ സംജാതമാകുന്നതിനും വേണ്ടിയുള്ള കള്ളപ്രചരണം മാത്രമാണ്.

### തൊഴിലാളികളുടെ ദുരിതവും
### പീറ്റേഴ്സ്ബർഗ്ഗിലെ വെടിവെയ്പും

വാസ്തവത്തിൽ റഷ്യയിലെ മുതലാളിത്തം മറ്റെല്ലാ രാജ്യങ്ങളിലേയുംപോലെ ആരംഭദശയിൽ തൊഴിലാളിവർഗ്ഗങ്ങളെ ജുഗുപ്സാവഹമായി ചൂഷണം ചെയ്തിരുന്നു. അനിയന്ത്രിതമായ ജോലിസമയങ്ങൾ, ഏറ്റവും ദയനീയമായ കൂലിസമ്പ്രദായം, അതിർകവിഞ്ഞ ശിക്ഷണരീതി അതിന്റെ ഫലമായി കൂടക്കൂടെ ഉണ്ടായിരുന്ന അസഹനീയമായ കൂലിവെട്ടിക്കുറയ്ക്കൽ, ഏറ്റവും വൃത്തികെട്ട പാർപ്പിട സാഹചര്യങ്ങൾ —ഇവയെല്ലാം തൊഴിലാളികൾ അനുഭവിക്കേണ്ടിവന്നിരുന്ന സാമാന്യ ദുരിതങ്ങളായിരുന്നു. ഫാക്ടറിയിലെ ഫോർമാന്മാരിലും മാനേജരന്മാരിലും സാങ്കേതികങ്ങളായ ആവശ്യങ്ങൾ പ്രമാണിച്ചു തൊട്ടുതേച്ചിരുന്ന പാശ്ചാത്യവിദ്യാഭ്യാസം, ഉദ്യോഗസ്ഥദുഷ്പ്രഭുക്കളിൽനിന്നു അവർക്കു ലഭിച്ചുകൊണ്ടിരുന്ന അവഹേളനാപരമായ പെരുമാറ്റത്തിൽ അവരെ അതൃപ്തരും കുപിതരുമാക്കി.

ഇക്കാരണങ്ങളാൽ തൊഴിലാളികളുടെയിടയിൽ വിപ്ലവമനോഭാവം കുത്തിച്ചെലുത്തി അവരെ സംഘടിപ്പിക്കുവാൻ സാദ്ധ്യതകൾ ഉണ്ടാകാതിരുന്നില്ല. എങ്കിലും ചക്രവർത്തിമാരുടെ പരമ്പരാഗതമായ ഭരണത്തിൽ ഇനിയും വിശ്വാസമർപ്പിച്ചുകൊണ്ടാണ് ഈ കൂട്ടർ കഴിഞ്ഞു പോന്നതു്. അതുകൊണ്ടത്രേ സോഷ്യലിസ്റ്റ് പ്രചരണം തൊഴിലാളികളുടെയിടയിൽ കടന്നുകൂടിയതിനുശേഷവും, ഗവർമ്മെണ്ടിന്റെ ആഭിമുഖ്യത്തിൽ തൊഴിലാളിപ്രസ്ഥാനം സംഘടിപ്പിക്കുവാനും പോലീസിന്റെ ദൃഷ്ടി ആ സംഘടനകളുടെ നേരെ കണ്ണുടയ്ക്കാനുമിടയായതു്. ചക്രവർത്തി തങ്ങളുടെ പിതൃസമാനനായ ഭരണകർത്താവാണെന്നുള്ള പച്ചപ്പരമാർത്ഥതയോടുകൂടിയ വിശ്വാസത്താൽ പ്രേരിതരായി. 1905- ജനുവരിയിലെ ഒരു ഞായറാഴ്ച തൊഴിലാളികൾ ഒരു വലിയ ഗണമായി തങ്ങളുടെ ആവലാതികൾ ബോധിപ്പിക്കുവാൻ ഒരുപ്പാടുണ്ടാക്കി പീറേറഴ്സ്ബർഗ്ഗിലെ കൊട്ടാരത്തിന്റെ മുമ്പിൽ തടിച്ചുകൂടി. ഈ ജനസംഘത്തെ വിപ്ലവകാരികളെന്നു തെററിദ്ധരിച്ചു് ഗവർമ്മെൻറധികാരികൾ അവരുടെ നേരെ നിറയൊഴിയ്ക്കുവാൻ പട്ടാളക്കാർക്ക് ഉത്തരവു കൊടുത്തു. രക്തപങ്കിലമായ ആ ദിവസംമുതൽ ചക്രവർത്തിയുടെ ഗവർമ്മെൻറ് തങ്ങളുടെ താല്പര്യങ്ങൾക്കായി നിലകൊള്ളുകയാണെന്നുള്ള തൊഴിലാളിവർഗ്ഗത്തിന്റെ വിശ്വാസത്തെ എന്നേയ്ക്കുമായി കെടുത്തിക്കളഞ്ഞു.

## വിപ്ലവ മുന്നോടികൾ കർഷകരുമായിരുന്നില്ല

ആകെ ജനസംഖ്യയിൽ ആറിൽ അഞ്ചുഭാഗം വന്നിരുന്ന റഷ്യയിലെ കർഷകർ നഗരങ്ങളിൽനിന്നും അകന്നു ഗ്രാമങ്ങളിൽ പാർത്തുപോന്നു. റഷ്യയിലെ ഗ്രാമജീവിതം വിപ്ലവം നടന്ന 1917-ൽ പോലും പരമ്പരയാ സാമൂഹ്യമായ വ്യവസ്ഥിതിയിൽ കെട്ടിപ്പടുത്ത ഒന്നായിരുന്നു.

1905-ലെ രാജകീയ വിളംബരത്താൽ, ബഹുസഹസ്രം കർഷകജനം അടിമക്കുടിയാന്മാർ (Serfs) എന്ന നിലയിൽനിന്നു് വിമോചിക്കപ്പെടുകയും അതോടുകൂടി ഭൂവുടമസമ്പ്രദായം പരിഷ്ക്കരിക്കപ്പെടുകയും ചെയ്തെങ്കിലും, പരമ്പരാഗതമായ പ്രസ്തുത അടിമക്കുടിയാന്മാരുടെ നിലയ്ക്കു സാരമായ മാററമുണ്ടായില്ല. ഭൂവുടമ പരിഷ്ക്കരിക്കപ്പെട്ടതിൻെറ ഫലമായി 1917-ൽ 2,000,000 (ഇരുപതുലക്ഷം) കർഷകൎക്കു സ്വകാൎയ്യവസ്തുഉടമസ്ഥന്മാരായിത്തീരുവാൻ സാധിച്ചു. എന്നുവരികിലും പാവപ്പെട്ട കർഷകവ്യക്തികഠം ഭൂവുടമക്കാരായി പരിണമിക്കുന്ന പദ്ധതി സാവധാനത്തിലേ പുരോഗമിച്ചുള്ളു. 1905-നും 1913-നും ഇടയ്ക്കു് റഷ്യയിലെ ഭൂമിയിൽ 7 ശതമാനം മാത്രമാണു് സാധാരണ കർഷകവ്യക്തികളുടെ ഉടമയിലേക്കു കൈമാറിയതു്. ബാക്കി മുഴുവനും റഷ്യയിലെ പ്രഭുവൎഗ്ഗമായ വൻകിടജന്മിമാരുടെയോ ഗ്രാമസമൂഹങ്ങളുടെയോ കൈവശം അമൎന്നിരുന്നു. സൎക്കാരിൻേറയും റഷ്യയിലെ ഓത്തഡോക്സു് സഭയുടേയും വകയായിരുന്ന കൃഷിഭൂമി 3% ൽ (നൂററിക്കു മൂന്നുവീതം) കവിഞ്ഞിരുന്നില്ലെന്നുള്ളതു് പ്രസ്താവ്യമാണു്. എന്നാൽ 1913 നും 1916 നും ഇടയ്ക്കു് വിലയ്ക്കു വാങ്ങിയതോ മററു വിധത്തിൽ സമ്പാദിച്ചതോ ആയ പ്രൈവററു് ഫാമുകളുടെ വർദ്ധനവു ധൃതഗതിയിലായി. അക്കാലത്തിനിടയ്ക്കു് ആകെയുള്ള കർഷകഫാമു(Farm)കളുടെ 45 ശതമാനത്തോളം വ്യക്തികളുടെ ഉടമയിൽ ചെന്നു ചേൎന്നു. ഗ്രാമസമൂഹങ്ങളുടെ ഭൂമികഠം ധൃതഗതിയിൽ ഉടഞ്ഞുടഞ്ഞു വ്യക്തികളുടെ ഉടമയിൽ ചെന്നു പററിയെങ്കിലും, തദ്വാരാ 'കുലാക്കു'കഠം എന്നറിയപ്പെടുന്ന ഒരുതരം ധനികരായ ചെറുകൃഷിക്കാർ പ്രത്യക്ഷപ്പെട്ടു. എങ്കിലും പ്രൈവററുടമയുടെ പാരമ്പൎയ്യം റഷ്യയിൽ വിപ്ലവം നടന്നകാലത്തും വേരുന്നിയിരുന്നില്ല. ഭൂമിയുടെ പ്രൈവററുടമയെപ്പററിയുള്ള ബോധംതന്നെ റഷ്യയിൽ പുത്തരിയായിരുന്നു.

അനേകകാലംകൊണ്ടു മാത്രം അവിടെ സ്ഥായിയായിത്തീരുവാൻ കഴിയുന്ന ഒരു ബോധമായിരുന്നു അതു്.

റഷ്യൻഗ്രാമങ്ങളിലെ ഭൂമിയുടെ കൈകാര്യകർത്തൃത്വം പാരമ്പര്യമായി വഹിച്ചിരുന്നതു് ഗ്രാമസമൂഹങ്ങളായിരുന്നു. ആ സമ്പ്രദായം ഒന്നു പ്രത്യേകവുമായിരുന്നു. അവിടത്തെ നീതിന്യായപരിപാലനംപോലും ഗ്രാമസമൂഹമാണു് നടത്തിയിരുന്നതു്. ഓരോ ഗ്രാമവാസിയും അവനു നിശ്ചയിച്ചുകൊടുത്തിരുന്ന ഭൂമി കൃഷിചെയ്യണം. ഗ്രാമകർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ ഉപേക്ഷ കാണിക്കുന്നവൻ സമൂഹത്തിൻെറ ശിക്ഷയ്ക്കു പാത്രമാകും. കൊല്ലംതോറുമോ ഇടയ്ക്കിടയ്ക്കോ ഗ്രാമഭൂമി അവിടത്തെ കുടുംബങ്ങൾക്കു്, കൃഷിജോലി നടത്താൻ പ്രാപ്തരായ അവയിലെ അംഗങ്ങളുടെ എണ്ണമനുസരിച്ചു്, പുനർവിഭജനം ചെയ്തുകൊടുത്തിരുന്നു. ഗ്രാമവാസികൾക്കു് അപരിഷ്കൃതരീതിയിൽ മാത്രമേ കൃഷിനടത്താൻ കഴിഞ്ഞിരുന്നുള്ളു. തന്നിമിത്തം വിളവു കൊല്ലംതോറും കുറഞ്ഞുവരികയും; അതിവിപുലമായ പ്രകൃതിവിഭവങ്ങൾക്കിടയിൽ വസിച്ചിരുന്ന അവരുടെ ഇടയിൽ ദാരിദ്ര്യവും അരിഷ്ടതയും നടമാടുകയും ചെയ്തിരുന്നു. 1903-ൽ റഷ്യയിലെ കർഷകകുടുംബാംഗങ്ങളുടെ സംഖ്യ 100 ലക്ഷമായിരുന്നെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ അവരിൽ 35 ലക്ഷത്തിനും നിലം ഉഴുവാനുള്ള കുതിരകളുണ്ടായിരുന്നില്ല. അനേകം കർഷകർ ദാരിദ്ര്യം നിമിത്തം കൈവശമുള്ള നിലത്തിൽ ഒരു ചെറിയഭാഗം മാത്രം സാമാന്യേന കൃഷിചെയ്തിരുന്നുള്ളു. ബാക്കിഭാഗം ധനികരായ കർഷകക്കു് പാട്ടത്തിനു കൊടുത്തശേഷം അന്യരുടെ ഭൂമികളിൽ കൂലിയ്ക്കു വേല ചെയ്യുകയും ചെയ്തിരുന്നു. ഇത്ര ദയനീയസ്ഥിതിയിൽ കഴിഞ്ഞിരുന്ന കർഷകജനത്തിനു സംഘടിച്ചുനിന്നു് ഗവർമ്മെണ്ടിനെ അടിമപ്പെടുത്താൻ സാധിക്കുമായിരുന്നോ?

**കർഷകരുടെ ദുരിതം**

സ്ഥാപിതതാല്പര്യക്കാരായ ഗവർമ്മെൻറധികാരികൾ കർഷകജനസാമാന്യത്തിൻെറ ചൈതന്യരാഹിത്യവും വൻകിട ജന്മിമാരുടെ പ്രഭുതപവും തങ്ങൾക്ക് താങ്ങായി നിലകൊള്ളുമെന്ന് വിശ്വസിച്ചിരുന്നു. തൻമൂലം ഈ രണ്ടു ഗണങ്ങളേയും താലോലിച്ച് പാർശ്വത്തിൽ വയ്ക്കുവാൻ മാത്രമാണ് അവസാനംവരെ അവർ ശ്രമിച്ചതു്. അവരെമാത്രം തൃപ്തിപ്പെടുത്തുവാനും സംരക്ഷിക്കുവാനുമുള്ള നടപടികളാണ് അവർ സ്വീകരിച്ചതും. പലപ്പോഴും ആ ഇരുവർഗ്ഗങ്ങളുടേയും താല്പര്യങ്ങൾ തമ്മിൽ സംഘട്ടനമുണ്ടായിരുന്നതിനാൽ അവരിലാരെയും തൃപ്തിപ്പെടുത്തുവാൻ ഗവർമ്മെണ്ടിനു എളുപ്പമായിരുന്നില്ല. രാജ്യത്തിൻെറ സാമ്പത്തിക സുസ്ഥിതിയ്ക്കുമാത്രമല്ല, സാമ്രാജ്യികസംവിധാനത്തിനുതന്നെയും അവശ്യാവശ്യമായിരുന്ന കാർഷിക പരിഷ്കരണങ്ങൾപോലും തന്നിമിത്തം നീട്ടിക്കൊണ്ടു പോയി. അടിമക്കുടിയാന്മാരായിരുന്ന കർഷകരെ 1861-ൽ വിളംബരംമൂലം വിമോചിതരാക്കിയപ്പോൾ, ആ സാധുക്കളെ അക്കാലംവരെ ചൂഷണംചെയ്തിരുന്ന വൻകിട ജന്മിമാരുടെ അതൃപ്തിക്കു പരിഹാരമുണ്ടാക്കേണ്ടതായിവന്നു. 1905-ൽ കർഷകവ്യക്തികൾക്കു ഉടമനൽകുന്ന ഭൂനയപരിഷ്കരണം ഏർപ്പെടുത്തിയപ്പോൾ, അവർക്കേടുത്തുകൊടുത്ത ഭൂമികളുടെ മുൻകൈവശക്കാരായിരുന്ന ജന്മിമാരുടെ അതൃപ്തിയ്ക്കും നിവാരണം വരുത്തേണ്ടിയിരുന്നു. ഇതിനു മാർഗ്ഗമായി ഗവർമ്മെണ്ടു് ചെയ്ത തീരുമാനം, ജന്മികൾക്കു് സ്വീകാര്യമായ വിലകൊടുത്തു അവരിൽനിന്നും ഭൂമികൾ നിർബന്ധമായി എടുക്കണമെന്നും, വിലയുടെ തുക കർഷകർ പല കൊല്ലങ്ങളിലായി നിർബന്ധപൂർവ്വം അടച്ചുകൊള്ളണമെന്നുമായിരുന്നു. കൈവശമുള്ള ഭൂമിയിൽനിന്നു് ആദായം കുറവാകയാൽ കൂടുതൽ ഭൂമി ലഭിക്കുവാനുള്ള കൊതി കർഷകർക്കുണ്ടായി. സകല ഭൂമികളും തങ്ങളുടെ

വകയാണെന്നുള്ള വിശ്വാസവും, സകല ഭൂമികളും ചക്രവൎത്തി ഒരുകാലത്തു് തങ്ങൾക്കു വീതിച്ചുതരുമെന്നുള്ള പ്രതീക്ഷയും കാർഷികപരിഷ്കരണത്തിന്റെ ഫലമായി കർഷകരിൽ സ്ഥിരപ്പെട്ടു. ചക്രവൎത്തിയെ തങ്ങളുടെ സംരക്ഷകനായി അവർ പരിഗണിക്കുകയുംചെയ്തു. ഒന്നാം അലക്സാണ്ടർ ചക്രവൎത്തിയെ അന്നത്തെ വിപ്ലവകാരികൾ വധിച്ചപ്പോൾ അദ്ദേഹത്തിന്റെ വിയോഗത്തിൽ ഏററവുമധികം വിലപിച്ചതു് കർഷകരായിരുന്നു. എന്നാൽ കാർഷികപരിഷ്കരണങ്ങൾ കർഷകരുടെ ജീവിതം നന്നാക്കുവാൻ ഉപകരിച്ചില്ല. അപരിഷ്കൃതമായ കൃഷിസമ്പ്രദായംമൂലവും, കൈവശമുള്ള ഭൂമി മുതൽമുടക്കി നന്നാക്കുവാനുള്ള കോശസ്ഥിതിയുടെ അഭാവത്താലും, കർഷകൎക്കു് അവരുടെ ഭൂമിയിൽനിന്നും ലഭിച്ചിരുന്ന വിളവു് നിസ്സാരമായിരുന്നു. പതിവുള്ള നികുതി കൊടുക്കേണ്ടതിനും പുറമേ ജന്മിമാൎക്കു തവണകളിലായി സംഖ്യകൾ നിർബന്ധപൂൎവ്വം അടയ്ക്കേണ്ടിയുമിരുന്നതു് കർഷകൎക്കു താങ്ങാൻ വഹിയാത്ത ഭാരമായി പരിണമിച്ചു. അവരിൽ പലരുടേയും ഭൂമി സ്വന്തം ഉടമയിൽ വന്നുചേൎന്നിട്ടു് അധികം കഴിയുന്നതിനുമുമ്പു് കൈവിട്ടുപോയി. ക്കുലാക്കുകൾ എന്നറിയപ്പെടുന്ന ഒരു പുതിയ തരം ധനിക കർഷകർ സംഖ്യയിൽ വർദ്ധിച്ചുവരികയുംചെയ്തു.

### വിപ്ലവത്തിന്റെ മുന്നോടികൾ ആരായിരുന്നു?

ദുരിതസമ്പൂൎണ്ണവും തന്നിമിത്തം അസ്വസ്ഥതാബഹുലവുമായ സാമ്രാജ്യത്തിലെ ഈ സ്ഥിതിഗതികൾ ദൂഷണം ചെയ്യുവാൻ ആളുകളും പാർട്ടികളും ഉണ്ടാകാതിരുന്നില്ല. ചക്രവൎത്തിമാരുടെ സ്വേച്ഛാധിപത്യം അവസാനിപ്പിക്കുവാനും തൽസ്ഥാനത്തു് പശ്ചിമയൂറോപ്യൻ രാജ്യങ്ങളിലെപ്പോലെ ജനകീയഭരണസമ്പ്രദായം നടപ്പിൽവന്നുകാണുവാനും ആഗ്രഹിച്ചിരുന്നവരായിരുന്നു അവർ. ഈ വിപ്ലവമനസ്ഥിതിക്കാരെപ്പററി ഇനി അല്പം പ്രസ്താവിക്കാം.

## അഭ്യസ്തവിദ്യർ

ഒരു ചെറിയ രാജ്യമായിരുന്ന റഷ്യ മഹാസാമ്രാജ്യമായി വളർച്ച പ്രാപിച്ചപ്പോൾ ബുദ്ധിമത്തുക്കളായ അതിൻെറ ഭരണാധിപന്മാർ മനസ്സിലാക്കി, അത്ര വിപുലമായ പ്രദേശങ്ങളുടെ നിലനില്പിനും സുസ്ഥിതിയ്ക്കും കാലോചിതവും കാര്യക്ഷമവുമായ ഒരു ഭരണക്രമം അത്യന്ത്യാപേക്ഷിതമാണെന്ന്. തന്നിമിത്തം മഹാനായ പീററർ ചക്രവൎത്തി സൈന്യത്തിൻേറയും സിവിൽവകുപ്പിൻേറയും ഭരണരീതി പാശ്ചാത്യയൂറോപ്യൻ മാതൃകയിൽ രൂപീകരിക്കുവാൻ നിശ്ചയിച്ചു. ഇതിനു പാശ്ചാത്യ വിദ്യാഭ്യാസം റഷ്യയിൽ ഏൎപ്പെടുത്തേണ്ടതു് അവശ്യാവശ്യകമായിത്തീൎന്നു. ഭരണം നടത്തുവാൻ വേണ്ട ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കണമെന്നു മാത്രമായിരുന്നു ഈ വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. ഈ പരിധിയ്ക്കുള്ളിൽ പാശ്ചാത്യവിദ്യാഭ്യാസം റഷ്യയിൽ ഒതുക്കിനിൎത്തുവാൻ സാധിക്കുമെന്നാണു് ചക്രവൎത്തിമാർ വിശ്വസിച്ചതു്. ഇതസ്സാദ്ധ്യമാണെന്നു് സ്പഷ്ടമാണല്ലൊ. യഥാൎത്ഥത്തിൽ ആ വിദ്യാഭ്യാസത്തിൻെറ ഫലം ഗവൎമ്മെൻറുദ്യോഗത്തിനു കൊള്ളുന്ന അഭ്യസ്തവിദ്യരെ സൃഷ്ടിക്കുക മാത്രമായിരുന്നില്ല. ഏററവും നവീനമായ യൂറോപ്പിലെ ലിബറൽ ആശയങ്ങളാലും ആദൎശങ്ങളാലും എരിപിരികൊണ്ട സ്വാതന്ത്ര്യകാംക്ഷികളെ അതു വളൎത്തുകയും ചെയ്തു.

ഈ ബുദ്ധിജീവികൾക്കു് ചക്രവൎത്തിമാരുടെ സ്വേഛാധിപത്യം സ്വീകാൎയ്യമായില്ല. അതിൻെറ ഇടുങ്ങിയ പാരമ്പൎയ്യങ്ങളും പുതിയ ലിബറൽ മനസ്ഥിതിയും തമ്മിൽ പൊരുത്തമുണ്ടാകുവാൻ സാദ്ധ്യമല്ലല്ലൊ. എന്നാൽ ആ സംഘട്ടനത്തിൻെറ പോക്കു ഗ്രഹിച്ചു് അതൊഴിച്ചുവയ്ക്കുവാനും ആവശ്യമായ പരിഷ്കാരങ്ങൾ രാഷ്ട്രീയരംഗത്തു വരുത്തുവാനും ചക്രവൎത്തിമാരുടെ ഗവൎമ്മെൻറു് ക്രുട്ടാക്കിയില്ല. തൽഫലമായി ഈ ബുദ്ധിജീവികളും ഭരണാധികാരി

കളും പരസ്പരം ശത്രുക്കളായി പരിണമിച്ചു. അവർ രാഷ്ട്രീയപരിഷ്കരണത്തിനായി മുറവിളി കൂട്ടുവാനും ബഹളമുണ്ടാക്കുവാനും തുടങ്ങി. അവരെ സ്ഥാപിതതാല്പര്യക്കാരായ വൻകിട ജന്മികളുടേയും മററും പിൻതുണയോടുകൂടി അടിച്ചമർത്തുവാനായിരുന്നു ഗവമ്മെൻറിൻെറ ശ്രമം. എന്നാൽ മർദ്ദനം എതിരാളികളുടെ പരിഷ്കരണവാഞ്ഛയെ കൂടുതൽ ശക്തിപ്പെടുത്തുകയും, വഴിപിഴച്ചമാർഗ്ഗങ്ങളാലും ഭീകരപ്രവർത്തനങ്ങളാൽ തന്നെയും ലക്ഷ്യപ്രാപ്തി കൈവരുത്തുവാൻ അവരെ സന്നദ്ധരാക്കുകയുമാണുണ്ടായത്. ഇവരായിരുന്നു റഷ്യയിലെ വിപ്ലവശക്തിയുടെ പ്രാരംഭകന്മാർ.

### ഇടത്തരക്കാർ (Middle class)

ഏകദേശം ഇവരോട് അഭിപ്രായ യോജിപ്പുള്ളവരായിരുന്നു റഷ്യയിലെ ഇടത്തരക്കാർ. അവക്കും പരമ്പരാഗതമായ സ്വേഛാധിപത്യം സ്വീകാര്യമായിരുന്നില്ല. കച്ചവടത്തിലും വ്യവസായത്തിലും മററുതൊഴിലുകളിലും ഏർപ്പെട്ടിരുന്ന ഈ ഗണത്തിനു് വളരെ സാവധാനത്തിലും കെട്ടുപിണഞ്ഞും ചലിച്ചുകൊണ്ടിരുന്ന ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിൻെറ നയതന്ത്രങ്ങൾ തങ്ങളുടെ തൊഴിലിൻെറ പുരോഗമനത്തിന് വിഘാതമായി തോന്നി. പാശ്ചാത്യയൂറോപ്പിലെ വളൎന്നുകൊണ്ടിരുന്ന ഇടത്തരക്കാരുടെ സ്വാതന്ത്ര്യബോധം ഇവരുടെ എതിർപ്പിനു മൂച്ചുകൂട്ടി. അക്കാലത്തെ നാഗരികതയുടെ ഗതിയനുസരിക്കുന്നതും വ്യക്തിസ്വാതന്ത്ര്യത്തേയും ജനപ്രതിനിധികളേയും അംഗീകരിക്കുന്നതും ബ്രിട്ടീഷ് പാർലമെൻറിൻെറ മാതൃകയിലുള്ളതുമായ ഒരു ബൂർഷ്വാഭരണരീതിയാണു് അവർ ആവശ്യപ്പെട്ടതു്. മുതലാളിത്തം നിർബാധം വികസനം പ്രാപിക്കുന്നതിനു് അത്തരം ഭരണമേ പ്രയോജനപ്പെടുകയുള്ളുവെന്നായിരുന്നു അവരുടെ ബോദ്ധ്യം. തന്മൂലം ഈ ഇടത്തരക്കാരും വിപ്ലവശക്തികളുടെ ഗണത്തിൽ എണ്ണപ്പെടുവാൻ ഇടയായി.

**റഷ്യ കീഴടക്കി ഭരിച്ചുകൊണ്ടിരുന്ന ഇതരജാതികൾ.**

റഷ്യൻ സാമ്രാജ്യത്തിൻെറ ഉത്ഭവസ്ഥാനമായിരുന്ന പ്രദേശങ്ങളിലെ നിവാസികളായ "വലിയ റഷ്യാക്കാർ" (Great Russians)ക്കാണു് സാമ്രാജ്യത്തിൽ പ്രഥമസ്ഥാനം ലഭിച്ചിരുന്നതു്. ഇതരസംസ്ഥാനങ്ങൾ സാമ്രാജ്യത്തോടു ചേക്കപ്പെട്ടശേഷം അവിടങ്ങളിലെ നിവാസികൾ ഏതോ താഴ്ന്ന വർഗ്ഗക്കാരായിഗണിക്കപ്പെട്ടിരുന്നു. അവരോടു വലിയറഷ്യാക്കാർ പെരുമാറിയതു് അവജ്ഞയോടുകൂടിയാണു്. അവരിൽ ബൈലൊറഷ്യയിലെ "വെളുത്ത റഷ്യാക്കാരും", യുക്രെയിനിലെ "ചെറിയ റഷ്യാക്കാരും" സാമ്രാജ്യത്തിലെ ശക്തിയേറിയ ന്യൂനപക്ഷങ്ങളായിരുന്നു. അവർ സംസാരിച്ചിരുന്ന ഭാഷ റഷ്യാക്കാരുടേതിൽനിന്നു മിക്കവാറും വ്യത്യസ്തവുമായിരുന്നു. റഷ്യൻസാമ്രാജ്യത്തിൻെറ അധികാരികളുടെ പിടിവിട്ടു് സ്വതന്ത്രരാകണമെന്ന ആഗ്രഹം അവരെ ഒരിക്കലും വിട്ടുപിരിഞ്ഞില്ല. കുറേക്കൂടി പടിഞ്ഞാറായി കിടന്നതും സാമ്രാജ്യത്തോടു പിന്നീടു ചേക്കപ്പെട്ടതുമായ ബാൾട്ടിക് രാജ്യങ്ങളിലെ നിവാസികളും ദേശീയപ്രബുദ്ധതയുള്ളവരായിരുന്നു. തങ്ങളുടെ സ്വന്തം സംസ്കാരവും ഭാഷയും നിലനിൎത്തിക്കൊണ്ടുപോകാനാണു് അവർ ആഗ്രഹിച്ചിരുന്നതു്.

കോക്കസസ്സ് പ്രദേശങ്ങളിൽ പാൎത്തിരുന്ന ടാർട്ടാർ, മംഗോൾ, ടർക്കു എന്നീ മിശ്രവർഗ്ഗങ്ങൾക്കും സ്വന്തം മതവും സംസ്കാരവുമുണ്ടായിരുന്നതിനാൽ അവക്കും റഷ്യയുടെ നുകത്തിൻകീഴ് ജീവിക്കുവാൻ സമ്മതമുണ്ടായിരുന്നില്ല. യുറേനിയൻ, ഫ്യൂടൻ മുതലായ സാമ്രാജ്യത്തിലെ മററു വർഗ്ഗക്കാരും ഇതേവിധംതന്നെ അക്ഷമരായാണു് കഴിഞ്ഞുകൂടിയിരുന്നതു്. സാമ്രാജ്യത്തിൻെറ ഏററവുംപടിഞ്ഞാറെ ഭാഗത്തു വസിച്ചിരുന്ന പോളണ്ടുകാർ കത്തോലിക്കരായിരുന്നു. അകത്തോലിക്കരായ ചക്രവൎത്തിമാരുടെ കീഴിൽ തങ്ങൾ അനുഭവിക്കുന്ന ദേശീയമായ അധമാവസ്ഥ അവൎക്കേററവും

ദുസ്സഹമായിട്ടാണ തോന്നിയിരുന്നതു്. ഈ വർഗ്ഗക്കാരെല്ലാം സന്ദർഭാനുസാരം സ്വാതന്ത്ര്യത്തിനായി എതിർത്തിരുന്നുവെങ്കിലും സാമ്രാജ്യശക്തി അപ്പോഴെല്ലാം അവരെ ഏററവും ക്രൂരമായി അടിച്ചമർത്തുകയാണുണ്ടായതു്.

### യഹൂദന്മാർ

ഇവക്കെല്ലാം പുറമെ സാമ്രാജ്യത്തിൽ 3,000,000 യഹൂദന്മാർ ചിന്നിച്ചിതറി വസിച്ചിരുന്നു. രാഷ്ട്രീയവും പൗരപരവുമായ അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്നതിനാൽ അവർ സാർ ചക്രവർത്തിയേയും അദ്ദേഹത്തിന്റെ ഗവമ്മെൻറിനേയും ഏററവും വലിയ വെറുപ്പോടും ശത്രുതയോടുംകൂടിയാണ വീക്ഷിച്ചിരുന്നതു്. "ജൂയിഷ് സോഷ്യലിസ്റ്റ് പാർട്ടി" എന്നൊരു സംഘടനതന്നെ ദേശീയ വിമോചനത്തിനായി വളരെ മുമ്പുതന്നേ സ്ഥാപിക്കപ്പെട്ടിരുന്നു. റഷ്യയിലെ ഏതു വിഭാഗത്തിൽപ്പെട്ട വിപ്ലവ സംഘടനകളിലും യഹൂദന്മാർ പങ്കെടുക്കുവാൻ തയ്യാറായിരുന്നു.

ഇപ്രകാരം കലങ്ങിമറിഞ്ഞിരുന്ന സാഹചര്യങ്ങളിലാണു് ഒന്നാം ലോകമഹാ യുദ്ധം പൊട്ടിപ്പുറപ്പെട്ടതു്. ജമ്മനിയ്ക്കും ആസ്ത്രീയായ്ക്കുമെതിരായി ഇംഗ്ലണ്ടിൻേറയും ഫ്റാൻസിൻേറയും പക്ഷത്തു ചേന്നു് റഷ്യ യുദ്ധത്തിൽ പങ്കെടുത്തു. സൈനികമായ സജ്ജീകരണങ്ങളോ സാമ്പത്തികമായ സംവിധാനങ്ങളോ കൂടാതെ പെട്ടെന്നു് റഷ്യ യുദ്ധത്തിൽ ചാടിവീണതിനാൽ അവൾക്കു് തുടരെത്തുടരെ ഭീമമായ പരാജയം അനുഭവപ്പെട്ടു. അതോടുകൂടി പട്ടാളക്കാരിലും തൊഴിലാളികളിലും കർഷകരിലും മാത്രമല്ല ഇടത്തരക്കാരായ ജനങ്ങളിലും അസ്വസ്ഥത വർദ്ധിച്ചു. 1917 മാർച്ചുമാസം ആദ്യത്തിൽ ഭക്ഷ്യവിഭവങ്ങളുടെ ഭയങ്കരമായ കുറവുനിമിത്തം തെരുവുകളിൽ ബഹളങ്ങളും കയ്യേററങ്ങളും നടന്നു. അവയെല്ലാം അമർച്ച ചെയ്യുവാൻ പീറേറഴ്സ്

ബർഗ്ഗിലെ പട്ടാളത്തിനു ഉത്തരവു നൽകി. അവരാകട്ടെ ബഹളക്കാരെ അമർച്ച ചെയ്യുന്നതിനുപകരം അവരുടെ ഭാഗത്തു ചേരുകയാണുണ്ടായതു്. പട്ടാളത്തിൻെറ ഈ എതിർപ്പോടുകൂടി രാജ്യത്തു് വിപ്ലവത്തിൻെറ മണിനാദം മുഴങ്ങി. യുദ്ധരംഗങ്ങളിൽതന്നെയും സൈന്യം സമരം ചെയ്യുവാൻ വിമുഖരായി. സേനാനായകന്മാർ ചക്രവർത്തിയ്ക്കു പിൻതുണ നില്ക്കാൻ വിസമ്മതിച്ചു. അധികാരം പ്രതിപക്ഷക്കാരുടെ കരങ്ങളിൽ പതിച്ചു. അങ്ങനെ ചക്രവർത്തിഭരണം റഷ്യയിൽ അവസാനിക്കുകയും, കെറൻസ്കിയുടെ നേതൃത്വത്തിൽ ഒരു പ്രോവിഷണൽ (താല്ക്കാലിക) ഗവമ്മെൻറു് അധികാരത്തിൽ വരികയും ചെയ്തു.

## II

# ബോൾഷെവിക് വിപ്ലവം

മാൎച്ചുമാസത്തിലെ ജനകീയവിപ്ലവത്തിൽ പങ്കെടുത്ത സംഘടനകളും പാർട്ടികളും പലതുണ്ട്. ഫാക്ടറി തൊഴിലാളികളുടേയും പട്ടാളക്കാരുടേയും പ്രതിനിധികൾ എന്നു സ്വയം വിളിച്ചിരുന്ന കുറെ ആളുകൾ പീറ്റേഴ്സ് ബൎഗ്ഗിൽ സ്ഥാപിച്ചതും, ക്ഷണേന റഷ്യയിലാകമാനം വ്യാപിച്ചതുമായ "സോവ്യറ്റ്"(യോഗം എന്നൎത്ഥം) എന്ന സംഘടനയാണ് അവയിലൊന്ന്; പണ്ടുമുതൽ ചക്രവൎത്തിഭരണത്തിനെതിരായിനിന്ന് ഭീകരപ്രവൎത്തനങ്ങൾ പോലും നടത്തി ഭരണകൂടത്തെ ലിബറൽ മാതൃകയിൽ പരിഷ്കരിക്കണമെന്നു ബഹളം കൂട്ടിയിരുന്ന ബുദ്ധിജീവികളും, ഭൂവുടമ പരിഷ്കരണത്തിനായി വാദിച്ചുകൊണ്ടിരുന്ന സോഷ്യലിസ്റ്റുകാരും ഉൾപ്പെട്ട സോഷ്യൽ റെവല്യൂഷണറി പാർട്ടിയായിരുന്നു വേറൊന്ന്; ഡ്യൂമാ എന്നു പേരുള്ളതും ചക്രവൎത്തിയുടെ കാലത്തുണ്ടായിരുന്നതുമായ പ്രതി

നിധിസഭയിൽ പ്രധാന പ്രതിപക്ഷമായി നിന്നിരുന്ന ഇടത്തരക്കാരുടെ സംഘടനയായിരുന്നു മൂന്നാമത്തേതു്; സ്വതന്ത്രങ്ങളായ തൊഴിലുകളിൽ ഏപ്പെട്ടിരുന്ന അഭ്യസ്തവിദ്യരും കൈത്തൊഴിൽക്കാരും മററും അടങ്ങിയതും, "കെഡെസ്സ്" എന്ന നാമം സ്വീകരിച്ചതുമായ കോൺസ്റ്റിററ്യൂഷണൽ ഡെമൊക്രാററിക് പാർട്ടിയായിരുന്നു നാലാമത്തേതു്.

ഈ പാർട്ടികളും സംഘടനകളുമെല്ലാം പ്രൊവിഷണൽ ഗവമ്മെൻറിനെ സ്വീകരിക്കുകയും അതിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. രാഷ്ട്രീയ വ്യവസ്ഥിതി പാശ്ചാത്യ യൂറോപ്യൻ രാജ്യങ്ങളിലെ മാതൃകയിൽ രൂപീകരിക്കണമെന്നുള്ള ആഗ്രഹമായിരുന്നു ഇവക്കെല്ലാവക്കും ഉണ്ടായിരുന്നതു്. പാശ്ചാത്യമാതൃക സ്വീകരിക്കുന്നതു് എത്രത്തോളം വേണമെന്ന കാര്യത്തിൽ മാത്രമേ അവർ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നുള്ളു. ചിലക്കു് പുതിയ വ്യവസ്ഥിതി കൂടുതൽ ലിബറൽ ആദർശത്തോടുകൂടിയതായിരിക്കണമെന്നു തോന്നി; മററുചിലക്കു് അതു കൂടുതൽ സോഷ്യലിസ്റ്റ് ആദർശത്തോടുകൂടിയതായിരിക്കണമെന്നു് താല്പര്യമുണ്ടായി. ഇതിൻെറയൊക്കെ ഫലമായി സാർവത്രികമായ വോട്ടവകാശത്തോടുകൂടിയ തിരഞ്ഞെടുപ്പുവഴി പുതിയ ഭരണഘടന നിമ്മിക്കുന്നതിനും, രാഷ്ട്രീയവും സാമുദായികവുമായ പരിപാടികൾ നിശ്ചയിക്കുന്നതിനും ഒരു നാഷണൽ അസംബ്ളി സ്ഥാപിക്കണമെന്നു് പ്രൊവിഷണൽ ഗവമ്മെൻറു തീരുമാനിച്ചു. തിരഞ്ഞെടുപ്പു് ആരംഭിക്കുകയും ചെയ്തു.

### ലെനിൻെറ ആഗമനം.

കാറൽമാക്ക്സിൻെറ അനുഗാമികളായ ഒരു ഗണം വിപ്ലവകാരികൾ റഷ്യയിലുണ്ടായിരുന്നു. അവർ 1897-ൽ സ്ഥാപിച്ച സോഷ്യലിസ്റ്റ്, മാർക്ക്സ്യൻ പാർട്ടിയിൽ 1903-ൽ പിളർപ്പുണ്ടായി. "മെൻഷെവിക്കു" എന്നും

"ബോൾഷെവിക്" എന്നും പേരുകളോടുകൂടിയ രണ്ടു വിഭാഗമായി അവർ പിരിഞ്ഞു. ലെനിൻ, ആദ്യം ബോൾഷെവിക്ഗ്രൂപ്പിന്റെ അംഗവും, അനന്തരം അതിന്റെ നേതാവുമായിരുന്നു. ജനകീയ വിപ്ലവം നടക്കുകയും പ്രോവിഷണൽ ഗവമ്മെന്റ് അധികാരത്തിൽ വരികയും ചെയ്തപ്പോൾ, ലെനിൻ പണ്ടേ നാടുകടത്തപ്പെട്ടവനായി, സ്വിററ്സർലണ്ടിൽ പാക്കുകയായിരുന്നു. അദ്ദേഹം പൊടുന്നനവെ, ഏപ്രിൽ ഒന്നാംതീയതി, പീറേറഴ്സ് ബർഗ്ഗിൽ പ്രത്യക്ഷനായി. രാജ്യത്തു് കൂടുതൽ കുഴപ്പമുണ്ടാക്കി, സൈനികശക്തിയെ അടിപ്പെടുത്തി, റഷ്യയെ യുദ്ധത്തിൽ തോല്പിക്കണമെന്ന ഉദ്ദേശമുണ്ടായിരുന്ന ജമ്മനിയുടെ സഹായത്താൽ, ജമ്മൻ സൈന്യാധിപഗണത്തിന്റെ സ്പെഷ്യൽ പെർമിറേറാടുകൂടി, അടച്ചുപൂട്ടിയ തീവണ്ടിയിൽ യാത്ര ചെയ്തു് ലെനിൻ റഷ്യയിൽ എത്തിയെന്നാണ് പറയപ്പെടുന്നതു്. ബോൾഷെവിക് പാർട്ടി അദ്ദേഹത്തിന്റെ ആഗമനംവരെ പുതിയ പ്രോവിഷണൽ ഗവമ്മെൻറിനോടു ചേൻറു നിന്നിരുന്നു. ലെനിന്റെ വലംകയ്യായിരുന്ന ട്രോട്ട്സ്കിയുടെ സാക്ഷ്യം വിശ്വസിക്കാമെങ്കിൽ, സ്റ്റാലിൻ പോലും അതിനോടു് വിശ്വസ്തതയിൽ വത്തിച്ചിരുന്നു. ലെനിനെ സ്വീകരിക്കുവാൻ റെയിൽവേ സ്റ്റേഷൻ പ്ലാറഫാറത്തിൽ കൂടിയിരുന്ന സോവ്യററ് മഹാസംഘടനയുടെ പ്രതിനിധികളെ അദ്ദേഹം സംബോധന ചെയ്തു് പറഞ്ഞതിങ്ങനെയാണ്:-

"ഞാൻ നിങ്ങളെ വിജയികളായ റഷ്യൻ വിപ്ലവകാരികളായി അഭിവാദ്യം ചെയ്യുന്നു. ലോകമഹാവിപ്ലവത്തിന്റെ മുന്നണിസേനയായി ഞാൻ നിങ്ങളെ അഭിവാദ്യം ചെയ്യുന്നു. യൂറോപ്പാകെ നടമാടുന്ന ബൂർഷ്വാ (മുതലാളി) യുദ്ധത്തിന്റെ ഉത്ഭവം ചൂഷണാത്മകമായ സാമ്രാജ്യത്വമാണ്. മുതലാളി ചൂഷകന്മാക്കെതിരായി ജനങ്ങൾ അവരുടെ ആയുധങ്ങൾ പ്രയോഗിക്കുന്ന മണിക്കൂർ വിദൂരത്തി

ലല്ല. ഈ റഷ്യൻവിപ്ലവം അതിനാരംഭമിടുകയും ഒരു പുതിയ യുഗം തുറക്കുകയും ചെയ്തിരിക്കുകയാണു്. സോഷ്യലിസ്റ്റ സാർവലൗകിക വിപ്ലവം നീണാൾ വിജയിക്കട്ടെ."

ഒരു ലോറിയിൽ കയററി പീറേറഴ്സ്ബർഗ്ഗിൻെറ തെരുവുകളിൽക്കൂടി പാർട്ടിയുടെ സെൻട്രൽ ആഫീസിലേയ്ക്കു് അദ്ദേഹത്തെ കൊണ്ടുപോകുമ്പോൾ ലെനിൻ സകല തെരുവുകളുടേയും മുക്കിൽ വണ്ടി നിർത്തിച്ചു് പ്രസംഗം ചെയ്തിരുന്നു. അതിൽ അദ്ദേഹം ഉൽബോധിപ്പിച്ചതു്, സാമ്രാജ്യയുദ്ധം മുതലാളിത്തയുദ്ധമായി അവശ്യം പരിവർത്തനം ചെയ്യുന്നതിൽ താൻ എതിരാണെന്നായിരുന്നു. അന്നു രാത്രി പാർട്ടിയിലെ സഹപ്രവർത്തകന്മാരുടെ മുമ്പിൽ തൻെറ രാഷ്ട്രീയപരിപാടി മുഴുവനും അദ്ദേഹം വിശദീകരിച്ചു. ശ്രോതാക്കളിൽ പലരും അത്യന്തമായ ആശ്ചര്യം പ്രകടിപ്പിക്കുകയാണുണ്ടായതു്. കാരണം, ഒരു പാർലമെൻററി റിപ്പബ്ളിക് ബൂർഷ്വ ഡെമോക്രസി അനാവശ്യകമാണെന്നും, തൊഴിലാളികളും പട്ടാളക്കാരും ദരിദ്രകർഷകരും ഉൾപ്പെട്ട സോവ്യററ് പാർട്ടി അധികാരം പിടിച്ചെടുക്കാൻ പ്രയത്നിക്കണമെന്നും അദ്ദേഹം വാദിച്ചു. ചുരുക്കത്തിൽ അവിടെ നടന്നുകഴിഞ്ഞമാതിരി ഒരു രാഷ്ട്രീയവിപ്ലവമല്ല, പ്രത്യുത, സാർവലൗകിക സോഷ്യലിസ്റ്റ് വിപ്ലവമാണു് വേണ്ടതെന്നായിരുന്നു ലെനിൻ വിശദീകരിച്ച ആശയവും പരിപാടിയും. ശ്രോതാക്കൾക്കെല്ലാം ഇതൊരു ഇടിവെട്ടുപോലെ തോന്നി.

ലെനിൻ തൻെറ ബോൾഷെവിക് പാർട്ടിയെ കൂടുതൽ കൂടുതൽ ശക്തിപ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. യുദ്ധം അവസാനിപ്പിക്കണമെന്നും രാജ്യത്തിൽ മൗലികമായ പരിവർത്തനം ഉണ്ടാക്കണമെന്നും ദൃഢനിശ്ചയം ചെയ്തിരുന്ന സാർവദേശീയസോഷ്യലിസ്റ്റ് തൊഴിലാളികൾ ഉൾപ്പെട്ട ഒരു ഗണം ലെനിൻെറ ഭാഗത്തു ചേർന്നു. അവരിൽ ഒരാളായിരുന്നു ട്രോട്സ്കി. രാജ്യത്തു് നടമാടിയിരുന്ന

അരാജകത്വത്തെ ദൂരീകരിക്കുന്നതിനും, ഭൂവുടമ പരിഷ്കരണത്തിനായി മുറവിളി കൂട്ടിക്കൊണ്ടിരുന്ന കർഷകരുടെ ഇടയിലുണ്ടായ അസ്വസ്ഥതയെ ശമിപ്പിക്കുന്നതിനും പ്രൊവിഷണൽ ഗവമ്മെൻറ് ശക്തമാകുന്നില്ലെന്നു കണ്ടപ്പോൾ, അതിനോട് വിരോധം തോന്നി പ്രതിപക്ഷമായി നിന്ന സകലരും ബോൾഷെവിക് പാർട്ടിയുടെ കൊടിക്കീഴിൽ ഒന്നിച്ചുകൂടി. ദുരിതാനുഭവങ്ങൾ നിമിത്തം എതിർപ്പുണ്ടാക്കിക്കൊണ്ടിരുന്ന സാമാന്യ ജനങ്ങളും, യുദ്ധം ഉടൻ നിന്നു് സമാധാനം കൈവന്നുകാണുവാൻ ആവശ്യപ്പെട്ടിരുന്നവരും യുദ്ധം ചെയ്വാൻ മനസ്സില്ലാതെ സൈന്യത്തിൽനിന്നു സ്വയം വിട്ടുപിരിഞ്ഞുപോന്ന പട്ടാളക്കാരും ബോൾഷെവിക് പാർട്ടിയേയാണു് അവരുടെ ഹിതാനുവർത്തികളായി കണ്ടതു്.

ഇങ്ങനെ ലെനിൻെറ അതിസമർത്ഥമായ നേതൃത്വത്തിൽ, ലക്ഷ്യം സാധിക്കുവാൻ ഏതുപായങ്ങളും സ്വീകരിക്കുവാനുള്ള സന്നദ്ധതയോടെ ബോൾഷേവിക് പാർട്ടി പ്രൊവിഷണൽ ഗവർമ്മെണ്ടിനെതിരായി നിന്നവരുടെയെല്ലാം, പട്ടാളക്കാരുടെ പ്രത്യേകിച്ചും, കൂട്ടുപിടിച്ചു. നടന്നുകഴിഞ്ഞ വിപ്ലവത്തിൻെറ ഫലമായി തങ്ങൾക്കു് ലഭിക്കുമെന്നു് തൊഴിലാളികൾ പ്രതീക്ഷിച്ച ഭൗമികാവകാശം കൈവരുത്തിക്കൊടുക്കാമെന്നു് അവർ വാഗ്ദത്തംചെയ്തു. അധികാരികളോടെതിർത്തുനിന്ന കരസൈന്യവിഭാഗത്തേയും കപ്പൽസൈന്യവിഭാഗത്തേയും അവർ സ്വാധീനപ്പെടുത്തി. "സോവ്യററുകാക്കു സകല അധികാരവും" എന്ന മുദ്രവാക്യം അവർ ഉൽഘോഷിച്ചു. സോവ്യററ് സംഘടനയിൽ സ്വാധീനം ചെലുത്തിയിരുന്ന മിതവാദിനേതാക്കന്മാരെ ക്രമേണ ബഹിഷ്കരിക്കുവാൻ അവക്കു സാധിച്ചു. പ്രാദേശികങ്ങളായ സോവ്യററുകളിൽ അതിപ്രധാനമായവ, പീറേറഴ്സ്ബർഗ്ഗിലും മോസ്ക്കോയിലുമുള്ളവ പ്രത്യേകിച്ചും, അവരുടെ പിടിയിലമന്നു. ഈ സോവ്യററുകൾ, ട്രോട്സ്കിയുടെ അദ്ധ്യക്ഷ

തയിൽ വർത്തിച്ചിരുന്ന പീറേറഴ്സ്ബർഗ്ഗിലേതു വിശേഷിച്ചും, ബോൾഷേവിക് പാർട്ടിയുടെ നേതൃത്വത്തിൽ ബലപ്രയോഗത്താൽതന്നെ അധികാരം പിടിച്ചെടുക്കുവാൻ, വിപ്ലവഗ്രൂപ്പുകളെ പരസ്യമായി സംഘടിപ്പിക്കുവാൻ തുടങ്ങി. പീറേറഴ്സ് ബർഗ്ഗിലെ സോവ്യററുകൾക്കു പ്രൊവിഷണൽ ഗവർമ്മെണ്ടിന് വിധേയത്വം നിഷേധിക്കുവാൻ ട്രോട്ട്സ്കിതന്നെ അധികാരംനൽകി.

### ബോൾഷേവിക്കുകാർ അധികാരത്തിൽ

പ്രത്യക്ഷത്തിൽ വർദ്ധമാനമായിക്കൊണ്ടിരുന്ന ഈ വിപ്ലവപ്രസ്ഥാനത്തെ നേരിടുവാൻ പ്രൊവിഷണൽ ഗവമ്മെണ്ടു് അശക്തമായിഭവിച്ചു. തങ്ങൾക്കു വിശ്വസിക്കാവുന്ന സൈനികശക്തി അവരുടെ സ്വാധീനത്തിൽ ഇല്ലാതായി. ഗവർമ്മെണ്ടിനെ അപ്പോഴും പിന്താങ്ങിയിരുന്ന സൈനികോദ്യോഗസ്ഥന്മാക്കുപോലും അതിനോട്ട് താല്പൎയ്യമുണ്ടായിരുന്നില്ല. കെറൻസ്കിയുടെ ദുർബലഭരണം അവസാനിക്കുകയും ബോൾഷേവിക്കുകാർ അധികാരത്തിൽ വരികയുംചെയ്താൽ സുശക്തമായ ഒരു ഗവമ്മെണ്ടു് രംഗപ്രവേശം ചെയ്യുമെന്നാണു് അവർ വിശ്വസിച്ചിതു്. രാജ്യത്തിലെ അരാജകത്വം അടിക്കടിവർദ്ധിച്ചുകൊണ്ടിരുന്നു. സൈന്യം ക്രുട്ടതൽ ക്രുട്ടതൽ ഛിന്നഭിന്നമാകുകയും, ഭൂരിപക്ഷം ജനങ്ങളും ഭാവിയെപ്പററി ചിന്തിക്കാതെ പരിപൂർണ്ണമായ അലസതാഭാവം സ്വീകരിക്കുകയും ചെയ്തു. ഈ സാഹചര്യങ്ങളിൽ താരതമ്യേന എണ്ണത്തിൽ കുറവെങ്കിലും, ഏററവും സുസംഘടിതമായ ഒരു ഗ്രൂപ്പിനു് കെറൻസ്കിയേയും അദ്ദേഹത്തിൻെറ ഗവർമ്മെണ്ടിനേയും അടിപെടുത്താൻ സാധിക്കുമെന്ന നില വന്നു.

ഏതു വിപ്ലവത്തേയും നീതീകരിക്കേണ്ടതു് കർഷകരും തൊഴിലാളികളും പട്ടാളക്കാരുമുൾപ്പെട്ട സോവ്യററു സമിതികളുടെ അധികാരത്തെ ആസ്പദമാക്കി വേണമെന്ന വാദം ബോൾഷേവിക്ക് പാർട്ടി ഉന്നയിച്ചു. അധികാര

ത്തിൻെറ പ്രാതിനിധ്യം വഹിക്കുന്നതു് തങ്ങളാണെന്നു് അവർ സ്വയം നിശ്ചയിച്ചു. തൻമൂലം തങ്ങൾ ഒററടിയ്ക്കു് അധികാരം പിടിച്ചെടുക്കേണ്ടതു് അഖിലറഷ്യൻസോവ്യററു കോൺഗ്രസ്സിൻെറ രണ്ടാമത്തു സമ്മേളനം നടക്കുന്ന സന്ദർഭത്തിലായിരിക്കണമെന്നു് അവർ പ്ളാൻ ചെയ്തു. ട്രോട്സ്കിയുടെ "വിപ്ലവയുദ്ധക്കമ്മിററി" പട്ടാളത്തെ തയ്യാറാക്കിനിർത്തിയിരുന്നു. മുൻകൂട്ടി നിശ്ചയിച്ചിരുന്ന ഒരു നിമിഷത്തിൽ പട്ടാളം വിപ്ളവകാഹളം മുഴക്കി മുന്നേറി. പ്ലാനനുസരിച്ചു്, ബോൾഷേവിക്കുകാരുടെ പിടിയിലിരുന്ന നാവികസേന അവരോടു ചേർന്നു. 1917 നവംബർ 7-ാംനു- കാര്യമായ സമരമൊന്നുംകൂടാതെ ഈ വിപ്ലവകാരികൾ പീറേറഴ്സ്ബർഗ്ഗിലെ "വിൻറർ പാലസ്" എന്ന പ്രധാന കെട്ടിടം കൈവശപ്പെടുത്തി. അതോടുകൂടി മിക്കവാറും സകല പട്ടാളക്കാരും പ്രൊവിഷണൽ ഗവർമ്മെണ്ടിനെ കൈവെടിഞ്ഞു. പീറേറഴ്സ്ബർഗ്ഗിലെ ഈ സംഭവം രാജ്യമൊട്ടാകെ വിപ്ലവത്തിനായുള്ള മണിയടിയായിരുന്നു. സോവ്യററ് സമിതികൾ, അവരിൽ ഭൂരിപക്ഷമായിരുന്ന ബോൾഷേവിക്കുകാരോടൊന്നിച്ചു്, എല്ലാ സ്ഥലങ്ങളിലുമുള്ള പബ്ളിക്ക് കെട്ടിടങ്ങളും താക്കോൽ സ്ഥാനങ്ങളും പിടിച്ചെടുത്തു. മോസ്ക്കോയിലെപ്പോലെ ചുരുക്കം ചില സ്ഥലങ്ങളിൽ മാത്രം തെരുവുസമരം നടന്നു. അങ്ങനെ പ്രൊവിഷണൽ ഗവർമ്മെണ്ടു് അപ്രത്യക്ഷമാകുകയും ബോൾഷേവിക്ക് ഗവർമ്മെണ്ടു് അധികാരത്തിൽവരികയുംചെയ്തു.

എന്നാൽ ഈ പുതിയ ഗവർമ്മെണ്ടിൻെറ നിലയും സുരക്ഷിതമായിരുന്നില്ല. അതിനൊരു പ്രധാന കാരണം ബോൾഷേവിക്ക് പാർട്ടിയിൽ തന്നെയുണ്ടായിരുന്ന അഭിപ്രായവ്യത്യാസമാണു്. കമനേവ്, സിനൊവീവ് മുതലായ നേതാക്കന്മാർ ഉൾപ്പെട്ട ഒരു വിഭാഗത്തിന് പാർട്ടികൗൺസിലുകളിൽ വളരെ സ്വാധീനശക്തിയുണ്ടായി

രുന്നു. സായുധവിപ്ലവം പാടില്ലെന്നായിരുന്നു അവരുടെ അഭിപ്രായം. എന്നാൽ അതു സംഭവിക്കുകയും വിജയിക്കുകയും ചെയ്തപ്പോൾ ലെനിൻെറ ആദർശവും പരിപാടിയുമനുസരിച്ചുള്ള ബോൾഷെവിക് ഭരണരീതി നടപ്പിൽ വരുത്തുന്നതിൽ അവർ വൈമനസ്യം പ്രദർശിപ്പിച്ചു. മിതവാദികളുൾപ്പെട്ട സകല സോഷ്യലിസ്റ്റ് പാർട്ടികളുംകൂടിയ ഒരു കൊയലീഷൻ (സംയുക്ത) ഗവൺമെണ്ടാണു് വേണ്ടതെന്നുള്ള സോഷ്യലിസ്റ്റ് പാർട്ടി നേതാക്കന്മാരുടേയും ട്രേഡ്യൂണിയനുദ്യോഗസ്ഥന്മാരുടേയും ആഗ്രഹം സ്വീകരിക്കുവാനാണു് അവർ സന്നദ്ധരായതു്. തനി ബോൾഷെവിക് ഗവൺമെൻറു് ഫലത്തിൽ രാഷ്ട്രീയമായ ഭീകരപ്രവൎത്തനമായിരിക്കുമെന്നു് അവർ വിശ്വസിക്കുകയും തന്മൂലം അവരതു നിരസിക്കുകയും ചെയ്തു. ഡെമോക്രസി സമ്പ്രദായം വേണമെന്നായിരുന്നു അവരുടെ വാദം. എന്നാൽ ലെനിൻെറ സുപ്രസിദ്ധമായ നയോപായങ്ങളാൽ തനി ബോൾഷെവിക് ഗവൺമെണ്ടുതന്നെ വേണമെന്നു് തീരുമാനിക്കപ്പെട്ടു. മാക്സ്യൻ വിരുദ്ധമായ ആശയങ്ങളോടുകൂടിയ പ്രതിപക്ഷവിഭാഗത്തെ അദ്ദേഹം അപഹസിച്ചു. മുറയ്ക്കു് ബോൾഷെവിക് പരിപാടി നടപ്പിൽ വരുത്തുവാൻ ആരംഭിക്കുകയും ചെയ്തു.

### പ്രതിനിധിസഭയെ തച്ചുടച്ചു

ഇതിനിടയ്ക്കു് നാഷണൽ അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പു നടന്നുകൊണ്ടിരുന്നു. അസംബ്ലി സമ്മേളിക്കുവാൻ കാലമാകുന്നതിനുമുമ്പുതന്നെ ലെനിൻ അതിൻെറ അധികാരത്തെ നിരസിച്ചുകൊണ്ടുമിരുന്നതു്. "സകല അധികാരവും തൊഴിലാളികൾക്കും അവരുടെ പ്രതിനിധികളായ സോവ്യററുകൾക്കും" എന്ന മുദ്രാവാക്യത്തെ കൂടുതൽ ഫലപ്രദമായി അദ്ദേഹം ഉപയോഗിച്ചു. അസംബ്ലി തൊഴിലാളിവൎഗ്ഗങ്ങളുടേയും അവരുടെ പ്രാതിനിധ്യം വഹിക്കുന്ന സോവ്യററുകളുടേയും ഭാഗത്തു ചേൎന്നു നില്ക്കണ

മെന്ന് നിഷ്ക്കർഷിക്കുന്ന ഒരു വിളംബരം ബോൾഷെവിക് സെൻട്രൽ കമ്മിററി പുറപ്പെടുവിച്ചു. അസംബ്ളിയുടെ സമ്മേളനം നീട്ടിവയ്ക്കുവാൻ ഗവമ്മെണ്ടു ശ്രമം നടത്തി. പീറേറഴ്സ്ബർഗ്ഗിൽ 400 സാമാജികന്മാർ ഒന്നിച്ചു കൂടുന്നതിനുമുമ്പ് അസംബ്ളി സമ്മേളിക്കരുതെന്നായിരുന്നു അവരുടെ ഉത്തരവ്. ഗതാഗതവൈഷമ്യങ്ങൾ ആശ്ചര്യകരമാംവിധം വർദ്ധിച്ചിരുന്ന ആ കാലഘട്ടത്തിൽ ഈ വ്യവസ്ഥ നിറവേററുവാൻ അസാദ്ധ്യമായിരുന്നുതാനും.

79 ഇലക്ട്രൽ ഡിസ്ട്രിക്ററുകളിൽ ഏററവും പ്രധാനപ്പെട്ടതും, യൂറോപ്യൻറഷ്യ, സൈബീരിയ, ടക്കിസ്ഥാൻ മുതലായ സംസ്ഥാനങ്ങളിൽ ഉൾപ്പെട്ടതുമായ 56 ഡിസ്ട്രിക്ററുകളിലേയും തെരഞ്ഞെടുപ്പുഫലം ജനവരി ആരംഭത്തിൽ അറിവായി. ഏകദേശം 36,000,000 ആളുകൾ വോട്ടുചെയ്തു. അതിൽ സോഷ്യൽ റെവല്യൂഷണറി പാർട്ടിയ്ക്ക് മൊത്തത്തിൽ 58 ശതമാനവും, ബോൾഷെവിക്പാർട്ടിയ്ക്ക് 25 ശതമാനവും, എതിർ വിപ്ലവകാരികൾ എന്നു ഗണിക്കപ്പെട്ട കെഡററ് പാർട്ടിയ്ക്ക് 5 ശതമാനവും വോട്ടുകൾ ലഭിച്ചു. തിരഞ്ഞെടുപ്പിൻെറ ഈ ഫലം ബോൾഷെവിക്കുകാക്കു സമ്മതമായില്ല. തിരഞ്ഞെടുപ്പിലെ ഒരു ഭാഗം നവംബറിലെ വിപ്ലവത്തിനുമുമ്പു നടന്നു കഴിഞ്ഞിരുന്നതിനാലും, അതിലെ സ്ഥാനാത്ഥികൾ പഴഞ്ചൻ ലിസ്റ്റിൽ പെട്ടവരായിരുന്നതിനാലും അതിൽ ജനഹിതം പ്രതിഫലിക്കുന്നില്ലെന്ന് അവർ വാദിച്ചു. ഇങ്ങനെ നാഷണൽ അസംബ്ളി സമ്മേളിക്കുന്നതിനുമുമ്പുതന്നെ അവർ അതിനെ ത്യാജ്യകോടിയിൽ തള്ളിക്കളഞ്ഞു.

എങ്കിലും 1918 ജനവരി 18-ാനു- നാഷണൽ അസംബ്ളി ഉൽഘാടനം ചെയ്യപ്പെട്ടു. അസംബ്ളിയിലാകെയുള്ള 601 സാമാജികന്മാരിൽ ബോൾഷെവിക്കുകാരുടെ പ്രതിനിധികൾ 156 മാത്രമായിരുന്നു. സോവ്യ

റവ് എക്സിക്യൂട്ടിവ് കമ്മിററിയിൽനിന്ന്, തൊഴിലാളിവൎഗ്ഗത്തിൻെറ മൗലികാവകാശങ്ങൾ വിവരിക്കുന്ന ഒരു പ്രസ്താവന ബോൾഷെവിക്ക് നേതാക്കന്മാർ സമ്പാദിച്ചുവച്ചിട്ടുണ്ടായിരുന്നു. ബോൾഷെവിക്കഗവർമ്മെൻറ് ഇതിനകം സ്വീകരിച്ച ഏററവും പ്രധാനപ്പെട്ട നടപടികളെല്ലാം അതിൽ നിയമരൂപത്തിൽ കൊള്ളിക്കുകയും അവയ്ക്കു പ്രചരണത്തിനുപററിയ രൂപം കൊടുക്കുകയും ചെയ്തിരുന്നു. തൊഴിലാളിവൎഗ്ഗത്തിന് സമുദായത്തിൻെറ മേൽ നിയന്ത്രണമുണ്ടെന്നു കാണിക്കുവാൻ ഉപകരിക്കുന്നതും, രാജ്യത്തിലെ കടവായ്പകൾ നിർമ്മാർജ്ജനം ചെയ്യുക, വിപ്ലവകരമായ ഭൂവുടമപരിഷ്ക്കരണപ്രസ്ഥാനം അംഗീകരിക്കുക, ബാങ്കുകളെല്ലാം രാഷ്ട്രസാൽക്കരിക്കുക മുതലായി സോവ്യററുകൾക്ക് സമുദായത്തിൻെറമേൽ പിടിയുണ്ടെന്നു വാദിക്കുവാൻ പ്രയോജനപ്പെടുന്നതുമായ പലതുമാണ് അതിലുൾപ്പെട്ടിരുന്നതു്. നാഷണൽ അസംബ്ളി ഉൽഘാടനം ചെയ്യപ്പെട്ട സന്ദർഭത്തിൽ എക്സിക്യൂട്ടീവുകമ്മിററിയുടെ പ്രസിഡൻറായിരുന്ന ബോൾഷെവിക് നേതാവ് മൗലികാവകാശങ്ങളുടെ ഈ പ്രസ്താവന പുറത്തെടുത്തു. അസംബ്ളിയുടെ പ്രവൎത്തനങ്ങൾക്ക് അതു മാനദണ്ഡമായി സ്വീകരിക്കപ്പെടണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ബോൾഷെവിക് ഗവമ്മെണ്ടിനെ എതിൎത്തു നില്ക്കുവാനുള്ള ശക്തി നാഷണൽ അസംബ്ളിക്കുണ്ടായിരുന്നില്ല. തന്മൂലം അവസാനമില്ലാതെ തൎക്കവാദങ്ങൾ നടന്ന ഒരേ ഒരു യോഗം കഴിഞ്ഞശേഷം ബോൾഷെവിക്കുകാൎക്ക്, അസംബ്ളിയെ വിലയില്ലാത്തതെന്നു താറടിച്ചു പിരിച്ചുവിടുവാൻ പ്രയാസമുണ്ടായിരുന്നില്ല. അസംബ്ളിക്കു കാട്ടനിൽക്കാൻ പട്ടാളത്തെ ഗവമ്മെണ്ടിൽനിന്ന് ഏൎപ്പെടുത്തിയിരുന്നു. അൎത്ഥമില്ലാത്ത വാദപ്രതിവാദങ്ങൾകൊണ്ടു തങ്ങൾ മുഷിഞ്ഞിരിക്കുകയാണെന്നു പറഞ്ഞു്, നിന്ന

നിലയിൽ തന്നെ അവർ സമ്മേളനം നിർത്തിവയ്പിച്ചു. സാർവ്വത്രികമായ തിരഞ്ഞെടുപ്പു മുഖേന ഏർപ്പെടുത്തപ്പെട്ട നാഷണൽ അസംബ്ലി അധികാരത്തിൽ വന്നേക്കാമെന്നുണ്ടായിരുന്ന അപകടം ബോൾഷെവിക് ഗവമെന്റിന് അങ്ങനെ നീങ്ങിക്കിട്ടി.

അസംബ്ലി പിരിച്ചുവിട്ടതോടുകൂടി, സോവ്യററ് സമിതികളുടെ പിൻബലത്താൽ, അതുവരെ താൽക്കാലികമായി ഭരണം നടത്തിയ ബോൾഷെവിക്പാർട്ടിയ്ക്ക് അതുമുതൽ അധികാരത്തിൽ സ്ഥിരമായ നിലകിട്ടി. ഏവംവിധം നാഷണൽ അസംബ്ലിവഴിയായി പാശ്ചാത്യയൂറോപ്യൻ രാജ്യങ്ങളിലെ മാതൃകയനുസരിച്ചുള്ള പ്രജായത്തഭരണം കൈവരുത്താമെന്നുണ്ടായിരുന്ന ആശ മുഴുവനും അററുപോകുകയും, മാർക്ക്സ്യൻ സിദ്ധാന്തമനുസരിച്ചുള്ള ഏററവും കട്ടത്ത സ്വേച്ഛാധിപത്യം തൊഴിലാളിവർഗ്ഗങ്ങളുടെവ്യാജനാമത്തിൽ റഷ്യയിൽ സംസ്ഥാപിക്കപ്പെടുകയുംചെയ്തു.

## കള്ളപ്രചരണം

കഴിഞ്ഞ (1951) ജൂൺമാസത്തിൽ ബ്രിട്ടീഷ് വിദേശകാര്യമന്ത്രിയായിരുന്ന മിസ്റ്റർ മൊറിസൺ ഒരു പ്രസ്സ് അസോസിയേഷനിൽ പ്രസംഗിക്കവെ, റഷ്യയോടായി ചോദിച്ചു, താനോ പ്രധാനമന്ത്രി ആററ്ലിയോ ചെയ്യുന്ന പ്രസ്താവനകൾ അതേപടി അവരുടെ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്താമോയെന്ന്. ഈ വെല്ലുവിളി മോസ്കോയിലെ കമ്മ്യൂണിസ്റ്റ്പാർട്ടി പത്രമായ "പ്രവ്ദാ"സ്വീകരിച്ചു. 1500 വാക്കുകളടക്കി മൊറിസൺ ഒരു ലേഖനമെഴുതിയയച്ചതു് ആ പത്രം ആഗസ്റ്റ് ഒന്നാം തീയതി പ്രസിദ്ധപ്പെടുത്തി. 2500 വാക്കുകളടങ്ങിയ ഒരു മറുപടിയും അതേ ലക്കത്തിൽ തന്നെ അതു പ്രസിദ്ധപ്പെടുത്തി.

റഷ്യയിലെ പൗരന്മാർ ഒന്നടങ്കം അനുഭവിച്ചുകൊണ്ടിരിക്കുന്ന നാനാവിധങ്ങളായ അസ്വാതന്ത്ര്യങ്ങളെ മൊ

രിസൻെറ ലേഖനത്തിൽ ഏററവും സ്പഷ്ടമായി വിവരിച്ചിരുന്നു. അതിന്ന മറുപടിയായി പ്രവ്ദാ അതിൻെറ ലേഖനത്തിൽ പ്രസ്താവിച്ചിരുന്നതിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണത്തെപ്പററിയുള്ള ഭാഗം ഇപ്രകാരമായിരുന്നു:-

"റഷ്യൻ ജനത യു. എസ്. എസ്. ആറിൽ വിപ്ലവപ്രസ്ഥാനങ്ങൾ നടത്തിക്കൊണ്ടിരുന്ന കാലത്ത് അവിടെ സ്ഥിതിചെയ്തിരുന്ന സകല പ്രധാനപാർട്ടികളുടേയും പ്രവൎത്തനങ്ങൾ പരീക്ഷിച്ചറിഞ്ഞശേഷമാണ് റഷ്യയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഭരണാധികാരമുള്ള ഏക പാർട്ടി എന്ന സ്ഥാനം സ്വീകരിച്ചതു്. തങ്ങളുടെ രാജ്യത്തിലെ ജനങ്ങൾ സകല ബൂർഷ്വാപാർട്ടികളേയും തുരത്തടിച്ചു മാററിക്കൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയെ തങ്ങളുടേതായി തെരഞ്ഞെടുത്തു. കാരണം, ആ പാർട്ടിയേയാണ് ജന്മിവിരുദ്ധവും മുതലാളിവിരുദ്ധവുമായ ഏക പാർട്ടിയായി അവർ പരിഗണിച്ചതു്. ചരിത്രപരമായ ഈ വസ്തുതയ്ക്കെതിരായി മി. മൊരിസന് എന്തുപറയാൻ കഴിയും?"

കണ്ടാലും, മോസ്ക്കോ പത്രത്തിൻെറ കുപ്രചരണം! 30-ൽ പരം കൊല്ലങ്ങൾക്കുമുമ്പ് റഷ്യയിൽ നടന്ന വിപ്ലവത്തേയും, അതിൻെറ സ്വഭാവത്തേയും, അതിൽ റഷ്യൻ കമ്മ്യൂണിസ്റ്റ് (ബോൾഷെവിക്) പാർട്ടി സ്വീകരിച്ച തന്ത്രങ്ങളേയും, അതുവഴി കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരം പിടിച്ചെടുത്ത വസ്തുതയേയും മുകളിൽ വിവരിച്ചുവല്ലൊ. അതിൻെറ വെളിച്ചത്തിൽ പ്രവ്ദായുടെ ഈ മറുപടി എത്ര സത്യവിരുദ്ധം! ഒരു പുരുഷാന്തരത്തിനുമുമ്പു നടന്ന സംഭവങ്ങളെ, അവയെപ്പററി അനുഭവജ്ഞാനം ഉണ്ടാകാൻ നിവൃത്തിയില്ലാത്ത റഷ്യയിലെ ഇന്നത്തെ പുരുഷാന്തരത്തെ എത്രമാത്രം വഴിപിഴപ്പിച്ചാണ് ആ കമ്മ്യൂണിസ്റ്റ് പത്രം ഗ്രഹിപ്പിക്കുന്നതെന്നു നോക്കുക.

ലോകത്തിലെ ഏററവും പ്രധാനപ്പെട്ട കമ്മ്യൂണിസ്റ്റ്

പത്രമാണ് പ്രവ്ദയെന്ന സകലൎക്കമറിയാം. അതിൻെറ പ്രതികൾ കോടിക്കണക്കിന് അച്ചടിച്ച പ്രചരിപ്പിക്കുന്നുണ്ട്. പബ്ളിക് ബുള്ളററിൻ ബോർഡുകളിലും ലൈബ്രറികളിലും ഫാക്ടറികളിലും ക്ലബ്ബ് റൂമുകളിലും കോടിക്കണക്കിന് അതിൻെറ പ്രതികൾ വായിക്കപ്പെടുന്നു. കിഴക്കെ യൂറോപ്യൻ രാജ്യങ്ങളിൽ റഷ്യൻ ഭാഷ സുപരിചിതമായിത്തീൎന്നിരിക്കകൊണ്ട് അവിടങ്ങളിലും അതിനു പ്രചാരമുണ്ട്. മോസ്കോ റേഡിയോയുടെ പതിവനുസരിച്ചു പ്രവ്ദയിലെ ഈ ലേഖനങ്ങൾ രാജ്യത്തിനുള്ളിലും വെളിയിലും പ്രക്ഷേപണം ചെയ്യുമെന്നുള്ളതിനും സംശയമില്ല. തന്മൂലം പ്രവ്ദായുടെ ഈ വ്യാജപ്രചരണത്തിൻെറ ഉദ്ദിഷ്ടഫലം എത്രവളരെയെന്നു സ്പഷ്ടമാണല്ലൊ. പ്രവ്ദയിലെ രണ്ടു ലേഖനത്തേയും വിമർശിച്ചുകൊണ്ട് മദ്രാസിലെ "ഹിന്ദു" 1951 ആഗസ്റ്റ് 3-ാംനു-യിലെ ലക്കത്തിൽ ഒരു മുഖപ്രസംഗമെഴുതിയിരുന്നു. അതിലെ ഒരു ഭാഗം കേട്ടാലും:-

> "റഷ്യൻ ജനത സകലബൂൎഷ്വാപാൎട്ടികളേയും തുത്തടിച്ചുമാററിക്കളഞ്ഞെന്നും, കമ്മ്യൂണിസ്റ്റ്പാൎട്ടിയെ തിരഞ്ഞെടുത്തെന്നുമുള്ള പ്രവ്ദയുടെ വാദം ചരിത്രപരമായി സാധുതയുള്ളതല്ല. വാസ്തവത്തിൽ കമ്മ്യൂണിസ്റ്റ്കൾ കോൺസ്റ്റിററ്യുവെൻറ് അസംബ്ളിയെ നിൎത്തലാക്കുകയും, ബലപ്രയോഗത്താൽ അധികാരം പിടിച്ചെടുക്കുകയും, അവരുടെ പ്രതിപക്ഷങ്ങളെ ബഹിഷ്ക്കരിക്കുകയും, ഇതര പാർട്ടിയിലെ നേതാക്കളെ ഇല്ലാതാക്കുകയുമാണു ചെയ്തതു്."

പ്രവ്ദയിൽ കണ്ട തരത്തിലുള്ള കള്ളപ്രചരണമാണ് സോവ്യററ് യൂണിയൻ ലോകമാസകലം നടത്തിക്കൊണ്ടിരിക്കുന്നതു്. ഇതരരാജ്യങ്ങളിലുള്ള കമ്മ്യൂണിസ്റ്റ് പാൎട്ടികളേയും, അവരുടെ അനുഭാവികളേയും ഈ ദുഷ്പ്രചരണത്തിനായി കൂട്ടുപിടിക്കുന്നുണ്ട്. അതിലേക്ക് അവർ

സ്വന്തം ചെലവിൽ ഇതരരാജ്യങ്ങളിൽനിന്ന് സാഹിത്യകാരന്മാരെയും മററും ക്ഷണിച്ചുവരുത്തി, അവക്ക് രാജോചിതമായ സ്വീകരണങ്ങൾ നൽകി, കൈനിറയെ പണവും കൊടുത്ത് അവരെ മടക്കി അയക്കുന്നു. അങ്ങനെ റഷ്യ സന്ദർശിച്ചു മടങ്ങുന്നവർ സ്വരാജ്യങ്ങളിൽ സോവ്യററു ഏജൻറന്മാരായി അതേ കള്ളപ്രചരണം ഏറ്റെറെടുത്തു നടത്തുകയും ചെയ്യുന്നു. ഇതിനൊന്നാംതരം ദൃഷ്ടാന്തമാണ് നമ്മുടെ മഹാകവി വള്ളത്തോൾ.

III

# സോവ്യററ് ഏജൻററ്.

സോവ്യററ് യൂണിയൻ സന്ദർശിച്ച മടങ്ങിയെത്തിയ ഇന്ത്യയിലെ സാഹിത്യകാരന്മാരിലൊരാളായ മഹാകവി വള്ളത്തോളിനോട് ഇന്നാട്ടിലെ ഒരു കമ്മ്യൂണിസ്റ്റ് പത്രത്തിൻെറ ലേഖകൻ ചോദിച്ച ചില ചോദ്യങ്ങളും, അവയ്ക്കുദ്ദേഹം നൽകിയ മറുപടിയും ആ പത്രത്തിൽ കാണുകയുണ്ടായി. "സോവ്യററു യൂണിയനെപ്പററിയുള്ള പ്രചാരത്തിലിരിക്കുന്ന പല സംശയങ്ങളും ദൂരീകരിക്കാൻ ഈമറുപടി സഹായകമാകുമെന്നു" ആ പത്രത്തിൻെറ അധികൃതന്മാർ "വിശ്വസിക്കുന്നു." എന്നാൽ സോവ്യററു യൂണിയനിലെ യഥാർത്ഥസ്ഥിതി വിശ്വാസയോഗ്യമായ മററുവഴിക്കു അറിയാവുന്നവരുടെ വിശ്വാസം, ആ മറുപടി പ്രസ്തുത സംശയങ്ങളെ സ്ഥിരീകരിക്കുവാൻ സഹായകമാകുമെന്നാണു്. അതിൻെറ കാരണങ്ങളിൽ

പ്രധാനമായ ഒന്ന് സോവ്യററ് യൂണിയൻ സന്ദർശിച്ച മഹാകവിക്കും മററു സഹിത്യകാരന്മാക്കും അവിടത്തെ സ്ഥിതിഗതികൾ ശരിയായി അന്വേഷിച്ചറിയുവാൻ സാധിച്ചില്ലെന്നും, അറിഞ്ഞവതന്നെയും തുറന്നുപ്രസ്താവിക്കുവാൻ സാമാന്യമായ ആതിഥ്യമയ്യാദ അവരെ അനുവദിക്കുന്നില്ലെന്നും ഉള്ളതുതന്നെ. മഹാകവിയുടെ മറുപടിയിലെ വാക്കുകളാണ് ഈ പ്രസ്താവത്തിനടിസ്ഥാനം. "ക്ഷണിക്കപ്പെട്ട ഞങ്ങൾ 16 പേരിൽ ഒരാൾക്കു പോലും റഷ്യൻഭാഷ അറിഞ്ഞുകൂടായിരുന്നു............അവർ ഞങ്ങളെ രാജോചിതമാംവണ്ണം സ്വീകരിച്ചു്, ഉപചരിച്ചു്, സൽക്കരിച്ചു" എന്നാണ് അദ്ദേഹം പറഞ്ഞതു്.

മഹാകവിയെ ചെറുതുരുത്തിയിലുള്ള അദ്ദേഹത്തിന്റെ വസതിയിൽവച്ചു് വേറൊരു കമ്മ്യൂണിസ്റ്റ് പത്രത്തിന്റെ പ്രത്യേകലേഖകൻ കാണുകയും ദീർഘനേരം സംഭാഷണം നടത്തുകയുംചെയ്തു. അതിനിടയിൽ സോവ്യററുറഷ്യയെപ്പററി മഹാകവി ചെയ്ത ചില പ്രസ്താവങ്ങൾ ആ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിക്കണ്ടു. "വെടിവച്ചാൽ പോലും കേൾക്കാൻ വയ്യാത്തവിധം നമ്മുടെ മഹാകവിയെ ബാധിച്ചിട്ടുള്ള ബധിരത സംഭാഷണങ്ങൾക്കു വിലങ്ങുതടിയായി" നിൽക്കാതിരിക്കുവാൻ സ്വീകരിച്ച മാർഗ്ഗം, സന്ദശ്കരുടെ ചോദ്യങ്ങൾ മഹാകവിയുടെ ഒരു ശിഷ്യൻ "കഥകളിയിലെ മുദ്രകൈകൾ" പ്രയോഗിച്ചു് "ആടിക്കാണിച്ചു് അദ്ദേഹത്തെ മനസ്സിലാക്കിക്കൊടുക്കുകയും അതിനു മറുപടി മഹാകവി പറയുകയും" ആയിരുന്നു. മഹാകവിയുടെ പ്രസ്താവങ്ങൾ ഇങ്ങനെ ആരംഭിച്ചു:—

"ഞാൻ ഇന്ന് ഒരു മഹാഭാഗ്യവാനാണെന്നു അവകാശപ്പെടുന്നു. മനുഷ്യനു ദുഃഖം എന്നൊന്നില്ലാത്ത ഒരു ലോകം ഞാൻ കണ്ടുവല്ലോ. ജീവിതം സുഖദുഃഖസമ്മിശ്രമാണെന്നാണല്ലോ നാം ധരിച്ചിരിക്കുക. എന്നാൽ ദുഃഖം എന്നൊന്നില്ലാത്ത ഒരവസ്ഥ മനുഷ്യനു സൃഷ്ടിക്കാൻ കഴിഞ്ഞ ഒരു

പുതിയ ലോകം കാണ്മാൻ കഴിഞ്ഞിരിക്കുന്നു. ഇതൊരു മഹാഭാഗ്യമായിത്തന്നെ ഞാൻ കരുതുന്നു......................"

### ഭാവനാശക്തി കാട്ടുകയറുന്നു

സത്യത്തിൻെറ സകല വശങ്ങളും മനോഹരമായി ചിത്രീകരിച്ചു കാണിക്കുവാൻ കഴിവുള്ള ഭാവനാശക്തിയെ മഹാകവികൾക്കുപോലും അസത്യപ്രചരണത്തിനുവേണ്ടി കാട്ടുകയററാൻ സാധിക്കുമെന്നുള്ളതിനു് ഈ വാക്കുകൾ ഉത്തമദൃഷ്ടാന്തമാണു്. അവ വഴിയായി മഹാകവി വച്ചു വെടി കുറിക്കുകൊള്ളുകയും ചെയ്തു. പ്രസ്തുത വാക്കുകളെ വലിയ അക്ഷരത്തിൽ നെററിപ്പട്ടമായി ചേർത്തു വായനക്കാരുടെ കണ്ണുകളെ ഹഠാദാകർഷിച്ചുകൊണ്ടാണു് മൂന്നു പേജോളം നീണ്ട പ്രസ്തുത സംഭാഷണത്തിൻെറ റിപ്പോർട്ടു് ആ പത്രത്തിൽ അതിൻെറ അധിപർ ചേർത്തിട്ടുള്ളതു്. "മാവേലിനാടു കണ്ട മഹാകവി" എന്നൊരു തലക്കെട്ടു് നെററിപ്പട്ടത്തിൻെറ മുകളിൽ വലിയ വെണ്ടയ്ക്കാ അക്ഷരങ്ങളിൽ അദ്ദേഹം സ്വന്തമായി ചേർത്തിട്ടുമുണ്ടു്. ജീവിതത്തിലെ യഥാർത്ഥമായ സുഖദുഃഖങ്ങൾ എന്താണെന്നുള്ള ശരിയായ ബോധം "ആവേശഭരിതനായി തൻെറ അനുഭവങ്ങളെ വിവരിക്കുന്ന" ബദ്ധപ്പാടിൽ മഹാകവി കൈവെടിഞ്ഞു കളഞ്ഞതായി തോന്നുന്നു. സാക്ഷാൽ മനുഷ്യത്വമുള്ള, മനുഷ്യവേഷം ധരിച്ച മൃഗങ്ങളല്ലാത്ത, സകലമാനപേരും വിലമതിക്കുന്നതും വിലമതിക്കേണ്ടതുമായ പൗരസ്വാതന്ത്ര്യങ്ങളുടെ—മതപരവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ സ്വാതന്ത്ര്യങ്ങളുടെ—സമൂലമായ നിഷേധം ഏററവും ഭീകരമായി നൃത്തംചെയ്യുന്ന ഭൂലോകനരകമാണു് സോവ്യററു് റഷ്യയെന്നു്, റഷ്യയിൽ സോവ്യററധികാരികളുടെ ദാക്ഷിണ്യമൊന്നുമിരക്കാതെ പല കൊല്ലങ്ങൾ താമസിക്കുകയും അവിടത്തെ സ്ഥിതിഗതികൾ ശരിക്കറിയുവാൻ ഔദ്യോഗികനിലയിൽത്തന്നെ സ

ന്ദർഭം ലഭിക്കുകയും ചെയ്തിട്ടുള്ള മാന്യമഹത്തുക്കളുടെ അനിഷേദ്ധ്യങ്ങളായ സാക്ഷ്യങ്ങളിൽനിന്ന് നമുക്കറിയാം. ആ സോവ്യററു റഷ്യയേയാണ് മഹാകവി വള്ളത്തോൾ "ദുഃഖം എന്നൊന്നില്ലാത്ത ഒരു പുതിയ ലോകം" എന്നു പ്രകീർത്തിച്ചിരിക്കുന്നതു്. സകലവിധമായ അടിമത്തത്തിൻേറയും ഭീകരരംഗമായ രാജ്യത്തെ ഇപ്രകാരം പ്രശംസിക്കുന്ന സകലരേയും പരേതനായ മഹാകവി കുമാരനാശാൻ പണ്ടേ ഭത്സിച്ചുകഴിഞ്ഞിരിക്കുന്നു. കേരളീയർക്കു സുപരിചിതമായ ആ വരികൾ വള്ളത്തോളിനെ അനുസ്മരിപ്പിക്കണമെന്നുണ്ടോ?

"സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം."

വള്ളത്തോൾ മഹാകവി ഈ മാനികളിൽ പെട്ടന്നില്ലായിരിക്കാം!

സോവ്യററ് റഷ്യയ്ക്കുവേണ്ടി നമ്മുടെ മഹാകവി ഈ വിധം പ്രചരണം നടത്താൻ കച്ചകെട്ടിയിറങ്ങിയതു് എന്തുകൊണ്ടായിരിക്കാമെന്ന് സ്വാഭാവികമായി സ്വയം ചോദിക്കുന്ന വായനക്കാരെ അതിനു സമാധാനം നൽകി അദ്ദേഹം തൃപ്തിപ്പെടുത്തുന്നുണ്ട്. "ഞങ്ങളുടെ പര്യടനത്തിൻെറ ചെലവുകൾ വഹിച്ചതെല്ലാം അവിടത്തെ സാംസ്കാരിക സംഘടനയാണ്...........പലയിടത്തും മീററിംഗുകളിൽ ഞാൻ പ്രസംഗിച്ചു. മൂന്നു റേഡിയോ പ്രഭാഷണം നടത്തി. എനിക്കു മലയാളമല്ലാതെ ഏതു ഭാഷയാ അറിയുക. കേരളഭാഷ അവരും ആദ്യാ കേൾക്കുക. റേഡിയോ പ്രസംഗത്തിനുംമററും ധാരാളം പണംകിട്ടി. ഞങ്ങളെ ക്ഷണിച്ച സാംസ്കാരികസമിതി സംഭാവനയായും ഒരു വലിയ തുക തന്നു." ഇതുപോരേ, സോവ്യററു റഷ്യയ്ക്കു

വേണ്ടി പ്രചരണം നടത്തുന്നതിനു് മഹാകവികളേപ്പോലും പ്രേരിപ്പിക്കുവാൻ?

സോവ്യററു റഷ്യയിലെ കലാസമിതികളുടെ പരമമായ ലക്ഷ്യവും യഥാർത്ഥമായ സ്വഭാവവുമെന്തെന്നു് ഇന്ത്യയിൽ വന്ന രണ്ടു സോവ്യററു കലാകാരന്മാരിൽ ഒരാൾ മദ്രാസിൽ ചെയ്ത പ്രസംഗത്തിൽനിന്നു മനസ്സിലാക്കാം. (അതിനെപ്പററി പിന്നാലെ പറഞ്ഞുകൊള്ളാം.) സ്റ്റാലിൻേറയും കൂട്ടരുടേയും ഇംഗിതങ്ങളനുസരിച്ചായിരിക്കണം സോവ്യററു കലാകാരന്മാരുടെ സകല സിദ്ധാന്തങ്ങളും നടപടികളും. അല്ലെങ്കിൽ മൃഗങ്ങളെപ്പോലെ അവരോടു പെരുമാറും. ഇങ്ങനെയുള്ള സാംസ്കാരികസംഘടനയാണു മഹാകവിയേയും കൂട്ടുകാരേയും ക്ഷണിച്ചതും, അവരുടെ പര്യടനത്തിൻെറ ചെലവുകൾ വഹിച്ചതും, അദ്ദേഹത്തിനു സംഭാവനയായി വലിയ തുക നൽകിയതും. ആ സ്ഥിതിക്കു ഇന്ത്യയിൽ മടങ്ങിയെത്തിയശേഷം സോവ്യററുറഷ്യയ്ക്കുവേണ്ടി സ്വന്തം നില മറന്നുകൊണ്ടുപോലും പ്രചരണം നടത്താതിരിക്കുവാൻ അദ്ദേഹത്തിനു സാദ്ധ്യമാണോ?

### പ്രചരണത്തിനു പ്രേരണ

പത്രപ്രതിനിധിയും മഹാകവിയുടെ പുത്രൻ സ: ബാലകൃഷ്ണക്കുറുപ്പുംകൂടി ആലോചിച്ചു് ഇങ്ങനെ ഒരു കുറിപ്പെഴുതി അദ്ദേഹത്തിൻെറ കയ്യിൽ കൊടുത്തുവെന്നു് റിപ്പോർട്ടിൽ പറയുന്നു. "ചോദ്യോത്തരങ്ങളായാൽ അതു വളരെ പരിമിതവും നിയന്ത്രിതവും ആയിപ്പോകും. ഒരു ലേഖനംതന്നെ എഴുതിതന്നാൽ കൊള്ളാം.—" അതുവായിച്ചിട്ടു് മഹാകവി പറഞ്ഞു:- "അങ്ങനെ ഒരു ലേഖനമൊന്നും എഴുതിയാലാവുല്ല. ശ്ശി പറയാനുണ്ടു്. ഒരു പുസ്തകം തന്നെ എഴുതണം. സകലതിനും ഡയറിക്കുറിപ്പുകൾ അപ്പഴപ്പോൾ തയ്യാറാക്കിയിട്ടുണ്ടു്. ഉടനെതന്നെ പുസ്തകം എഴുതി പ്രസിദ്ധപ്പെടുത്താം." റിപ്പോർട്ടു് തുടരുന്നു: "ഈവാർത്ത

ഞങ്ങളെ അത്യധികം ആനന്ദിപ്പിച്ചു. ഞങ്ങൾ മഹാകവിയോട് നന്ദിപ്രകടിപ്പിച്ച് നമസ്കരിച്ചു യാത്രപറഞ്ഞു."

കമ്മ്യൂണിസ്റ്റ് പ്രണയികളുടെ ഈ ആനന്ദവും നന്ദിയും നമസ്കാരവും വളരെ അത്ഥവത്തായിട്ടുണ്ട്. ഇവിടെ തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന കാലം. കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ പലരും ജയിലിനകത്തായിരിക്കകൊണ്ടും, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെമേലുള്ള നിരോധനം നീങ്ങിക്കിട്ടുമോയെന്നു സംശയമുള്ളതുകൊണ്ടും, പാർട്ടിക്കു വേണ്ടിയുള്ള പ്രചരണകോലാഹലങ്ങൾ അസാദ്ധ്യമായിരിക്കുകയാണ്. ഈ സാഹചര്യങ്ങളിൽ മഹാകവിയുടെ പ്രസ്തുത പുസ്തകം പുറത്തുവരികയും കേരളീയരുടെയിടയിൽ പ്രചുരമായി പ്രചരിക്കയും ചെയ്യുന്നതു്, പുസ്തകത്തിനു യാതൊരു നിരോധനവും ഭയപ്പെടാനില്ലാത്തതിനാൽപ്രത്യേകിച്ചും സോവ്യററ് റഷ്യയ്ക്കുവേണ്ടിയുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രചരണത്തിനു എത്രവളരെ സഹായകമായിരിക്കും!

പുസ്തകം ഉടനെതന്നെ എഴുതി പ്രസിദ്ധപ്പെടുത്തുന്നതിൽ ഒട്ടും അമാന്തം കാണിക്കാതിരിക്കാൻ മഹാകവിക്ക് ഏററവും വലിയ പ്രേരണയുണ്ടുതാനും. സംഭാഷണമദ്ധ്യേ അദ്ദേഹം ഇങ്ങനെ പറഞ്ഞിട്ടുണ്ട്:-"(റഷ്യയിൽ) ഏററവും പണം കൂടുതൽ കിട്ടുന്നവർ സാഹിത്യകാരന്മാർ, കാലാകാരന്മാർ, ശാസ്ത്രജ്ഞന്മാർ, ഡോക്ടർമാർ, എഞ്ചിനിയറന്മാർ ഇവരൊക്കെയാണ്. ഒരു സാഹിത്യകൃതിക്ക് വരി ഒന്നിനു ഏഴ് റൂബിൾ മുതൽ അതിന്റെ ഗുണപൗഷ്കല്യമനുസരിച്ച് ഇരുപതു റൂബിൾ വരെ കിട്ടും." (1 റൂബിൾ = 1ക. 2ണ.) റഷ്യയിൽ മലയാളഭാഷ അറിഞ്ഞുകൂടാത്തവൎക്കായി മലയാളത്തിൽ നടത്തിയ പ്രസംഗങ്ങൾക്കു് അവിടത്തെ സാംസ്കാരികസമിതിക്കാർ മഹാകവിക്ക് തൃപ്തിവരത്തക്കവണ്ണം പണവും സമ്മാനവും നൽകിയെങ്കിൽ, റഷ്യ മാവേലി നാടാണെന്ന് ഒരു പുസ്തകം തന്നെയെഴുതി കേരളീയരെ വിശ്വസിപ്പിക്കാൻ

തൻെറ ഭാവനാശക്തി വിനിയോഗിക്കുന്ന മഹാകവിക്കു പുസ്തകത്തിലെ വരിയെണ്ണിത്തന്നെ ആ സമിതിക്കാരിൽ നിന്നു കിട്ടുന്ന പണവും സമ്മാനവും എന്തായിരിക്കും!

"സർവ്വേഗുണാ കാഞ്ചനമാശ്രയന്തി."
പണത്തിൻെറ മുമ്പിൽ
പിണവും വാ പൊളിക്കും.

സോവ്യററ് റഷ്യയുടെ ക്ഷണപ്രകാരം അവരുടെ ചെലവിൽ അവരുടെ പരിപാടിയനുസരിച്ചു കുറിക്കപ്പെട്ട സ്ഥലങ്ങളും സ്ഥാനങ്ങളും മാത്രം സന്ദർശിച്ചു തിരിച്ചുവരുന്ന ചിലരുടെ റിപ്പോർട്ടുകളുടെ കഥയില്ലായ്മയെ റഷ്യയിലെ ഇപ്പോഴത്തെ അമേരിക്കൻ സ്ഥാനപതി മി. ആലൻജി-കേക്ക് ഈ ഒക്ടോബർ 19-ാംനു- ന്യൂയോക്കിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം ചൂണ്ടിക്കാണിച്ചു:--

മോസ്ക്കോയിൽനിന്ന് ഒരു നിശ്ചിതപരിധിവിട്ടു സഞ്ചരിക്കാൻ ഒരു വിദേശിയേയും അവർ അനുവദിക്കുകയില്ല. ചില വ്യാപാരസംഘക്കാരെയോ കലാസമിതിക്കാരെയോ മാത്രം ഇതിനനുവദിക്കും. അവർ അവരുടെ അതിഥികളുമായിരിക്കും. റഷ്യൻ അധികാരികൾ നിശ്ചയിക്കുന്നതാണ് ഇവരുടേയും പരിപാടി. ഇവരെ നയിക്കുന്നതും റഷ്യാക്കാർതന്നെ.

പര്യടനപരിപാടി നിശ്ചയിച്ച് അവർ ഈ സംഘക്കാരെ കൊണ്ടുപോകും. വളരെ ദൂരംകൊണ്ടുപോകും. യാത്ര തിടുക്കത്തിലായിരിക്കും. ഒരിടത്തുനിന്നു തിരിച്ചാൽ ലക്ഷ്യത്തിലെത്തിക്കഴിയുമ്പോൾ സഞ്ചാരികൾ യാത്രാക്ലേശത്താൽ വിവശരായിരിക്കും. സാഹചര്യനിരീക്ഷണത്തിലും പഠനത്തിലും വളരെ പ്രാവീണ്യമില്ലാത്ത ഇക്കൂട്ടർ ഈ മിന്നൽ യാത്രയിൽ ലഭിക്കുന്ന അറിവുകളെ അടിസ്ഥാനമാക്കി സ്വദേശത്തു തിരിച്ചെത്തുമ്പോൾ നൽകുന്ന നിരൂപണങ്ങളെ സൂക്ഷിച്ചുവേണം സ്വീകരിക്കുവാൻ.

"ഒരു വിദേശിയെ ഒന്നു സന്ദർശിക്കുവാനോ, ഒന്നു

ക്ഷണിച്ചു സൽക്കരിക്കുവാനോ, എന്നു വേണ്ട ഒന്നു പരിചയപ്പെടുവാൻപോലുമോ ഒരു സോവ്യററുപൗരനെ സോവ്യററു അധികൃതർ അനുവദിക്കാറില്ല."

അമേരിക്കൻ സ്ഥാനപതി ഈ വാക്കുകളിൽ ചിത്രീകരിച്ചിരിക്കുന്നതു് നമ്മുടെ മഹാകവിയേയും കൂട്ടരേയുമല്ലയോ യെന്നു് വായനക്കാർ അത്ഭുതപ്പെട്ടേക്കാം. അത്രയ്ക്കു് ആ വാക്കുകളോടു് ഒത്തുപോകുന്നുണ്ടു് തന്റെ റഷ്യാസന്ദർശനത്തെ വിവരിക്കുന്ന മഹാകവിയുടെ വാക്കുകൾ. അദ്ദേഹം പറയുന്നു:-

"രണ്ടു മാസക്കാലം റഷ്യയിൽ സഞ്ചരിച്ചു് 8,000 മൈൽ യാത്ര ചെയ്തു ലക്ഷോപലക്ഷം ജനങ്ങളെ കണ്ടതിനിടയിൽ ഒരൊററയാളിന്റെ മാത്രം ഉടുപ്പിന്റെ തോൾഭാഗം ലേശം ഒന്നു കീറിയിരിക്കുന്നതുപോലെ കാണാൻ കഴിഞ്ഞു. അതു അശ്രദ്ധയിൽ പററിപ്പോയതാകണം."

ഭക്ഷണം, ഉറക്കം, വിശ്രമം മുതലായ അത്യാവശ്യദിനചര്യകൾക്കായും, സന്ദർശിച്ച സ്ഥാപനങ്ങൾ നോക്കിക്കാണുവാനും ആളുകളുമായി സംഭാഷിക്കുവാനും മററുമായും ചിലവഴിക്കേണ്ടിയിരുന്ന സമയം കഴിച്ചാൽ സാക്ഷാൽ യാത്രക്കായി ദിവസത്തിൽ അഞ്ചാറുമണിക്കൂറിലധികം മഹാകവി വിനിയോഗിച്ചിട്ടുണ്ടായിരിക്കുകയില്ലല്ലൊ. ആ കണക്കനുസരിച്ചു് അദ്ദേഹത്തിന്റെ 8,000 മൈൽ യാത്ര എത്രവേഗത്തിലായിരുന്നിരിക്കണം! ആ മിന്നൽ യാത്രയിൽ കണ്ടുമുട്ടിയ ലക്ഷോപലക്ഷം ജനങ്ങളിൽ ആരെയെങ്കിലും ഒന്നു സൂക്ഷിച്ചുനോക്കുവാൻപോലും സാദ്ധ്യമാണോ? എന്നിരിക്കെ അവരെ ഓരോരുത്തരേയും പ്രത്യേകം പ്രത്യേകം കണ്ടുമുട്ടി കേശാദിപാദം സൂക്ഷ്മപരിശോധന നടത്തിയാലെന്നപോലെ അവർ ധരിച്ചിരുന്ന വസ്ത്രങ്ങളേയും മററും കുറിച്ചു് അദ്ദേഹം നൽകുന്ന വിവരണത്തെപ്പററി സാഹസം! പ്രചരണം! എന്നല്ലാതെ എന്തുപറയട്ടെ!

## IV

# മതമദ്ദനം

"സോവ്യററ് യൂണിയനെപ്പററി ഇന്നു പ്രചാരത്തിലിരിക്കുന്ന പല സംശയങ്ങളിൽ" ഏററവും വലിയതു് അവിടെ മതസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടുന്നില്ലെന്നാണല്ലോ; പോരാ, മതത്തെയും മതാനുയായികളേയും ഭയങ്കരമായി പീഡിപ്പിക്കുന്നുവെന്നാണു്. തന്മൂലം പ്രസ്തുത പത്രലേഖകൻ മഹാകവിയോടു് ആദ്യം ചോദിച്ചതു് ഈ വിഷയത്തെപ്പററിയായിരുന്നു. "സോവ്യററ് റഷ്യയിൽ മതസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടുന്നുണ്ടോ, ഉണ്ടെങ്കിൽ അതിൻെറ പരിധി എത്രത്തോളം?" ഈ ചോദ്യത്തിനു് മഹാകവി ഇങ്ങനെ മറുപടി നൽകി: "സോവ്യററ് യൂണിയൻ മതത്തെ നിരസിക്കുന്നില്ല, അത്ര ആരാധിക്കുന്നുമില്ല. അതിനെ വ്യക്തികളുടെ മനോവൃത്തിക്കു വിട്ടുകൊടുത്തിരിക്കുകയാണെന്നു തോന്നുന്നു. ഒരു നാട്ടിൻപുറ

ത്തു് ഒരു പള്ളി പുതുക്കിപ്പണിയുന്നതു ഞാൻ കണ്ടു. എന്നാൽ പള്ളിയിൽപോകുന്നവരുടെ സംഖ്യ കുറഞ്ഞു വരികയാണു്."

മഹാവലിയ രാജ്യമായ സോവ്യററ് യൂണിയനിൽ സഞ്ചരിച്ച മഹാകവിക്ക് "ഒരു" നാട്ടിൻപുറത്തു് "ഒരു" പള്ളി പുതുക്കിപ്പണിയുന്നതുമാത്രം കാണാൻ ഇടയായതിൽ അദ്ദേഹത്തിനു് ആശ്ചര്യമുണ്ടോ ആവോ? അതിന്റേറയും, പള്ളിയിൽ പോകുന്നവരുടെ സംഖ്യ കുറഞ്ഞുവരുന്നതിന്റേറയും കാരണമെന്തെന്നു് അദ്ദേഹം ആലോചിക്കുകയോ അന്വേഷിക്കുകയോ ചെയ്തോ ആവോ? സോവ്യററ് യൂണിയൻ മതത്തെ വ്യക്തികളുടെ മനോവൃത്തിക്കു വിട്ടുകൊടുത്തിരിക്കുകയാണെന്നാണോ ഈ കാഴ്ചകളിൽനിന്നു് അദ്ദേഹത്തിനു ന്യായമായി തോന്നുന്നതു്?

മതത്തെ വ്യക്തികളുടെ മനോവൃത്തിക്കു വിട്ടുകൊടുത്തിരിക്കുന്ന, മതേതരമായ പല രാജ്യങ്ങളും അദ്ദേഹം അറിയുകയും കാണുകയും ചെയ്തിട്ടുണ്ടല്ലോ. അവിടങ്ങളിലെല്ലാം പള്ളികൾ സോവ്യററ് യൂണിയനിലെപ്പോലെ അത്ര ചുരുക്കമാണോ? പള്ളിയിൽപോകുന്നവരുടെ സംഖ്യ കുറഞ്ഞുവരികയാണോ? അങ്ങനെയല്ലെങ്കിൽ സോവ്യററ് യൂണിയനിൽമാത്രം അങ്ങനെ കാണുന്നതിന്റെ കാരണമെന്തായിരിക്കാം? ഈ പ്രശ്നങ്ങളൊന്നും മഹാകവിയുടെ മനസ്സിൽ ഉദിച്ചില്ലന്നോ? ഉദിച്ചെങ്കിലും അവയ്ക്കു സമാധാനം കണ്ടുപിടിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ലെന്നോ? ഇങ്ങനെയെല്ലാമാലോചിക്കുമ്പോൾ മതസ്വാതന്ത്ര്യം അനുവദിക്കപ്പെടുന്നില്ലെന്നു് സോവ്യററ് യൂണിയനെപ്പററി ഇന്നു പ്രചാരത്തിലിരിക്കുന്ന സംശയത്തെ മഹാകവിയുടെ മറുപടി സ്ഥിരീകരിക്കുകയാണു ചെയ്യുന്നതെന്നു് ആ വിഷയത്തെപ്പററി യാതൊന്നും മറുവഴിക്ക് അറിഞ്ഞിട്ടില്ലാത്ത ഏതൊരു വായനക്കാരൻ പോലും വിശ്വസിക്കാതിരിക്കുകയില്ല.

എന്നാൽ മഹാകവിയുടെ മറുപടിയിൽ അർദ്ധസത്യമാണു് അടങ്ങിയിരിക്കുന്നതെന്നു് സോവ്യററു് യൂണിയൻെറ മതമദ്ദനത്തെപ്പററി അവരുടെ ഔദ്യോഗിക രേഖകളിൽനിന്നുതന്നെ അറിയാവുന്നവക്കു തുറന്നുപറയാതെ ഗത്യന്തരമില്ല. സോവ്യററു്യൂണിയൻെറ സ്ഥാപകനായ ലെനിൻെറ സിദ്ധാന്തമനുസരിച്ചു് "മതം ജനങ്ങളുടെ മനം മയക്കുന്ന കറുപ്പാണു്." തന്മൂലം മതത്തിനെതിരായി നിരന്തരമായ സമരം നടത്തണമെന്നായിരുന്നു അദ്ദേഹത്തിൻെറ നയം. ഈ സമരമാകട്ടെ "കേവലം സിദ്ധാന്തപരമായ പ്രസംഗങ്ങളിൽ ഒതുക്കിനിത്തുവാൻ പാടുള്ളതല്ലെന്നും...............മതത്തിൻെറ സാമുദായികമായ വേരുകളെത്തന്നെ പറിച്ചുകളയണമെന്നുള്ള ലക്ഷ്യത്തോടുകൂടി വഗ്ഗസമരപ്രസ്ഥാനത്തിൻെറ പ്രായോഗികപരിപാടിയിൽ ഉൾപ്പെടേണ്ടതാണെന്നും...............പ്രസ്തുത സമരത്തിൽ തൊഴിലാളികളുടെ പാർട്ടി (കമ്മ്യൂണിസ്റ്റു പാർട്ടി) നേതൃത്വം വഹിക്കേണ്ടതാണെന്നും" ലെനിൻ ഉദ്ബോധിപ്പിച്ചു.

### ആദ്യത്തെ മതവിരുദ്ധ നിയമം

ലെനിൻെറ നേതൃത്വത്തിൽ ബോൾഷെവിക്കുകാർ റഷ്യയിലെ ഭരണാധികാരം ബലപ്രയോഗത്താൽ പിടിച്ചെടുത്തശേഷം 1918-ൽ തയാറാക്കപ്പെട്ട നക്കൽ ഭരണഘടനയിൽ "മതം പൗരന്മാരുടെ രഹസ്യകാര്യമാണു്" എന്ന പ്രമേയം ഉൾക്കൊള്ളിച്ചിരുന്നു. എന്നാൽ ലെനിൻ അതു സ്വീകരിച്ചില്ല. അതിനുപകരം അദ്ദേഹത്തിൻെറ ആജ്ഞയനുസരിച്ചു് "മതത്തിനു് അനുകൂലമായ പ്രചരണവും മതത്തിനു പ്രതികൂലമായ പ്രചരണവും നടത്തുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്നു്" ഭരണഘടനയിലെ 11-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തു. മതവിരുദ്ധ പ്രചരണം സോവ്യററു് ഗവമ്മെൻറിൻെറ നിരന്തരമായ സഹായത്താൽ ആദ്യം മുതൽ റഷ്യയിൽ വളരെ ശക്തിപ്പെട്ടു

കൊണ്ടിരുന്നെങ്കിലും, മതപ്രചരണസ്വാതന്ത്ര്യം ഭരണഘടനയിൽ അനുവദിച്ചിരുന്നതിൻെറ ഫലമായി അപ്രതീക്ഷിതമായവിധം മതപരമായ ജീവിതത്തിനു വികസനമുണ്ടായി.

മതസഭ (Church) സാംസ്കാരികവും സാമുദായികവുമായ ഒരു കേന്ദ്രമായി പരിണമിച്ചു. ഈ പുതിയ വികസനം വേരോടെ പിഴുതുകളയുവാൻ വേണ്ടി 1929 ഏപ്രിൽ 8 ാം തീയതി സോവ്യറ്റ് ഗവമ്മെൻറിൽനിന്ന് ഒരുത്തരവു പുറപ്പെട്ടു. അതിൻെറ ഫലമായി മതപരമായ സംഘടനകളുടെമേൽ, പ്രത്യേകിച്ചും അവയുടെ സാസ്കാരികവും സാമുദായികവുമായ പ്രവത്തനങ്ങളുടെ മേൽ, പുതിയ നിയന്ത്രണങ്ങൾ ചുമത്തപ്പെട്ടു. പരസ്പരസഹായ സംഘടനകൾ സ്ഥാപിക്കുന്നതു നിരോധിക്കപ്പെട്ടു. ആരാധനാകമ്മങ്ങൾ അനുഷ്ഠിക്കുന്നതിനല്ലാതെ മററുദ്ദേശ്യങ്ങൾക്കുവേണ്ടി മതപരമായ സംഘടനകൾ അവയുടെ സ്വത്തുക്കൾ ഉപയോഗിക്കുവാൻ പാടുള്ളതല്ലെന്നു വിലക്കുകല്പിച്ചു.

മതസംഘടനയിലെ അംഗങ്ങൾക്കു ഭൗതികസഹായം നൽകുക, കുട്ടികൾക്കും യുവജനങ്ങൾക്കും സ്ത്രീകൾക്കും വേണ്ടി സമ്മേളനങ്ങൾ നടത്തുക, പ്രത്യേക പ്രാത്ഥനാചടങ്ങുകളോ ബൈബിൾ ക്ലാസുകളോ ഏർപ്പെടുത്തുക; ഗ്രൂപ്പുകളും മററും രൂപീകരിച്ചു വിനോദസഞ്ചാരങ്ങൾ നടത്തുക, കളിസ്ഥലങ്ങളും വായനശാലകളും തുറക്കുക, ആരോഗ്യരക്ഷാകേന്ദ്രങ്ങൾ ഏർപ്പെടുത്തി വൈദ്യസഹായം നൽകുക, ഇവയെല്ലാം നിരോധിക്കപ്പെട്ടു.

ഒടുവിൽ ഈ നിരോധനം 1929 മേയ് 22-ാംനു ഭരണഘടനയിൽ ഒരു ഭേദഗതിയായി ഉൾക്കൊള്ളിക്കപ്പെട്ടു. മതത്തിന് അനുകൂലമായ പ്രചരണവും മതത്തിനു വിരുദ്ധമായ പ്രചരണവും നടത്തുവാനുള്ള സ്വതന്ത്ര്യം ഭരണഘടനയിൽ അതുവരെ പ്രഖ്യാപിക്കപ്പെട്ടിരുന്നതു നീക്കിക്ക

ളഞ്ഞിട്ട്, അതിന്റെ സ്ഥാനത്ത് "മതപരമായ ആരാധനയ്ക്കുള്ള സ്വാതന്ത്ര്യവും മതവിരുദ്ധപ്രചരണത്തിനുള്ള സ്വാതന്ത്ര്യവും" പ്രഖ്യാപിക്കപ്പെട്ടു. ഭരണഘടനയിലെ ഈ ഭേദഗതിയുടെ ഔദ്യോഗികമായ വ്യാഖ്യാനപ്രകാരം "മതത്തിന്റെ അനുയായികളായി പുതിയ ഗണം തൊഴിലാളികളെ, പ്രത്യേകിച്ചും കുട്ടികളെ, ചേർക്കുന്നതും, മതസഭകളുടേയും മതാനുസാരികളായ ആളുകളുടേയും ഭാഗത്തുനിന്നുള്ള ഏതുവിധ പ്രചരണവും" നിരോധിക്കപ്പെട്ടു.

റഷ്യൻ കാര്യങ്ങളെപ്പററി നേരിട്ടുള്ള അനുഭവത്തോടുകൂടി വളരെയധികം എഴുതിയിട്ടുള്ള അമേരിക്കാക്കാരനായ ചെമ്പർലിന്റെ വാക്കുകളിൽ പറഞ്ഞാൽ, "മതവിരുദ്ധങ്ങളായ അസംഖ്യം പ്രസിദ്ധീകരണങ്ങളിൽ മതത്തിനെതിരായി നടത്തപ്പെടുന്ന ആക്രമണങ്ങൾക്കു പ്രസംഗത്താലോ പ്രബന്ധത്താലോ മറുപടി പറയുവാൻ മതസഭയുടെ യാതൊരു പ്രതിനിധിക്കോ, മതവിശ്വാസിയായ യാതൊരു വ്യക്തിക്കോ മേലിൽ അനുവാദമില്ലാതായി."

### വിവിധ പീഡനോപായങ്ങൾ

സോവ്യററു റഷ്യയിൽ മതപീഡനം നടത്തുവാൻ പലതരം ഉപായങ്ങളാണ് ആദ്യന്തം സ്വീകരിച്ചുപോന്നിട്ടുള്ളതു്. 1) പ്രത്യക്ഷമായ അക്രമപ്രയോഗം:- വൈദികരേയും പ്രവർത്തനോത്സുകരായ അത്മേനികളേയും കാരാഗൃഹത്തിലടയ്ക്കുകയോ വധിക്കുകയോ ചെയ്യുക; ദേവാലയങ്ങൾ ബലപ്രയോഗത്താൽ അടച്ചുപൂട്ടുകയും, ആ കെട്ടിടങ്ങൾ പലപ്പോഴും മതപരമല്ലാത്തതോ മതവിരുദ്ധംതന്നെയോ ആയ സമ്മേളനങ്ങൾക്കും മററുമായി വിനിയോഗിക്കുകയും ചെയ്യുക; വിശുദ്ധസ്വരൂപങ്ങളും തിരുപ്പാത്രങ്ങളും നശിപ്പിക്കുകയും അശുദ്ധമാക്കുകയും ചെയ്യുക.

2) ക്രൈസ്തവസഭകളുടെ ജീവിതം തടസ്സപ്പെടുത്തത്തക്കവണ്ണമുള്ള കൈകടത്തൽ:- ക്രിസ്തീയസഭകൾക്കു

നിയമപരവും സാമ്പത്തികവുമായ ജീവിതം നയിക്കുവാൻ ആവശ്യമായ മാറ്റങ്ങൾ ഇല്ലാതാക്കുക; വൈദികമണ്ഡലത്തിൽ ഉയർന്നപടിയിലും താഴ്ന്ന പടിയിലുമുള്ള ആളുകൾ തമ്മിലുള്ള സധാരണമായ ബന്ധങ്ങൾക്കു ഭംഗംവരുത്തുക; ക്രിസ്തീയസഭകളിൽ പിളർപ്പ് (ശീശ്മ) ഉളവാക്കുവാൻ സഹായിക്കുക; ക്രിസ്തീയ സഭകളുടെ പരസ്നേഹവും സാംസ്കാരികവും സാമുദായികവുമായ പ്രവർത്തനങ്ങളെ നിരോധിക്കുക.

3) മതത്തിനെതിരായുള്ള വ്യത്യസ്തപരിഗണന:- വൈദികർക്കെതിരായി ഔദ്യോഗികവും ദൂരവ്യാപകവുമായ വ്യത്യസ്ത പരിഗണനയോടുകൂടി പെരുമാറുക; ഔദ്യോഗികമായിട്ടല്ലെങ്കിലും ഏററവും ഫലപ്രദമായിത്തന്നെ പ്രവർത്തനോത്സുകരായ അൽമേനികൾക്കെതിരായി വ്യത്യസ്തപരിഗണനയോടുകൂടിയ നടപടികൾ സ്വീകരിക്കുക.

4) മതപരമായ വിദ്യാഭ്യാസത്തിൻെറ ഉൽമൂലനാശം:- സ്കൂളുകളിൽനിന്നു മാത്രമല്ല, ദേവാലയങ്ങളുൾപ്പെടെയുള്ള സകല വിദ്യാദാന സ്ഥാപനങ്ങളിൽനിന്നും മതപരമായ ബോധനം വേരോടെ പറിച്ചു കളയുക.

5) മതപരമായ ജീവിതത്തിനുചേർന്ന ഭക്താനുഷ്ഠാനങ്ങൾ തടസ്സപ്പെടുത്തുക.

### സ്റ്റാലിൻെറ ഭരണഘടനയിലും

ഇപ്പോൾ റഷ്യയിൽ നിലവിലിരിക്കുന്നതും സ്റ്റാലിൻെറ നേതൃത്വത്തിൽ നിർമ്മിച്ചതുമായ ഭരണഘടനയിൽ മതസ്വാതന്ത്ര്യത്തെപ്പററി കൊള്ളിച്ചിട്ടുള്ള വ്യവസ്ഥ ഇങ്ങനെയാണ്:- "പൗരന്മാർക്കു മനസ്സാക്ഷിസ്വാതന്ത്ര്യമുണ്ടായിരിക്കുമെന്നു് ഉറപ്പുകൊടുക്കുവാനായി യു. എസ്. എസ്. ആറിൽ മതസഭ രാഷ്ട്രത്തിൽനിന്നും, സ്കൂൾ മതസഭയിൽനിന്നും വേർപെടുത്തപ്പെട്ടിരിക്കുന്നു. മതപരമായ ആരാധനാസ്വാതന്ത്ര്യവും മതവിരുദ്ധപ്രചരണത്തിനു

ളള സ്വാതന്ത്ര്യവും എല്ലാ പൗരന്മാക്കുമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു." മതപരമായ ആരാധന നടത്തുവാനല്ലാതെ മതപരമായ പ്രചരണത്തിനുള്ള സ്വാതന്ത്ര്യം ഇതിൽ അംഗീകരിക്കപ്പെട്ടിട്ടില്ല. നേരെ മറിച്ച് മതവിരുദ്ധമായ പ്രചരണത്തിനുള്ള സ്വാതന്ത്ര്യം അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്.

മുകളിലുദ്ധരിച്ച ഭരണഘടനാഭേദഗതികളുടേയും ഗവമ്മെൻറുത്തരവുകളുടേയും അവയനുസരിച്ചുണ്ടായ മതമർദ്ദനത്തിൻേറയും വെളിച്ചത്തിൽ പുതിയ ഭരണഘടനയിലെ മതാരാധനാ സ്വാതന്ത്ര്യം ഫലശൂന്യമാണെന്ന് സ്പഷ്ടമാണല്ലോ. പുതിയഭരണഘടനയ്ക്കുശേഷം നടത്തപ്പെട്ട, മുൻ പ്രസ്താവിച്ച തരത്തിലുള്ള, മതപീഡനം അതു തെളിയിക്കുന്നുമുണ്ട്. 1937-ൽ തന്നെ 1100 ഓത്തഡോക്സ് ശീശ്മപ്പള്ളികളും, 240 കത്തോലിക്കാപള്ളികളും, 61 പ്രൊട്ടസ്റ്റൻറ് പ്രാത്ഥനാലയങ്ങളും, 110 മുസ്ലിം പള്ളികളും അടച്ചുപൂട്ടി. 1938-ലെ കണക്കുകൾ കാണുന്നില്ല. എന്നാൽ ആ രണ്ടു കൊല്ലങ്ങളിലായി ആകെക്കൂടികുറഞ്ഞുപോയ മതസംഘടനകളുടെ എണ്ണം ഏകദേശം 10 000 ആയിരുന്നു.

1941-വരെ റഷ്യയിലെ ഓത്തഡോക്സ് സഭയെ സ്റ്റാലിൻെറ ഗവമ്മെൻറ് മിക്കവാറും നാമാവശേഷമാക്കിയിരുന്നു. എന്നാൽ അക്കൊല്ലത്തിൽ ശേഷിച്ചവയെ പുനരുദ്ധരിക്കുന്നതിനും അതു വഴിയായി ഗവർമ്മെൻറിൻെറ ഉപകരണമായി ഓത്തഡോക്സ് സഭയെ പുനസ്ഥാപിക്കുന്നതിനും സ്റ്റാലിൻ നിർബദ്ധനായി. കാരണം, നാസിജർമ്മനിയുടെ ആക്രമണത്തെ നേരിടാൻ മതാനുയായികളുടെ സഹായം ആവശ്യമായിരുന്നു. ആ ഘട്ടം കഴിഞ്ഞശേഷം പുതിയ രാജ്യങ്ങൾ പിടിച്ചടക്കുവാൻ മതപരമായ വശത്തുകൂടി ഓത്തഡോക്സ് സഭയെ ഉപകരണമായി ഉപയോഗിച്ചു കൊണ്ടിരിക്കുകയാണു്.

റഷ്യയുടെ പിടിയിലമന്ന കിഴക്കെ യൂറോപ്യൻ രാജ്യങ്ങളിലെ ക്രിസ്തീയസഭകളെ കത്തോലിക്കാ ഐക്യത്തിൽ നിന്നു വേർപെടുത്തുവാനും, അതാതു ഗവമ്മെൻറുകളുടെ കീഴിലുള്ള ദേശീയ സഭകളാക്കുവാനും ഓത്തഡോക്സ് സഭയെ ആയുധമാക്കിക്കൊണ്ടിരിക്കുകയാണെന്നു് ലോകത്തിനിപ്പോൾ അറിവായിട്ടുണ്ടു്. ആകയാൽ സോവ്യററു യൂണിയനിൽ സ്റ്റാലിൻെറ ഉപകരണമായി ഓത്തഡോക്സ് സഭ ഇപ്പോൾ വത്തിക്കുന്നുണ്ടെന്നുള്ളതു് അവിടത്തെ മതസ്വാതന്ത്ര്യത്തെയല്ല, മതത്തിൻെറ അടിമത്തത്തെയാണു് തെളിയിക്കുന്നതു്.

**ഗവമ്മെൻറിൻെറ ആഭിമുഖ്യത്തിൽ നിരീശ്വരസംഘടനകൾ**

റഷ്യയിൽ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിൻെറ സ്പഷ്ടമായ അംഗീകരണത്തോടുകൂടി 1926-ൽ "സമരസന്നദ്ധരായ നിരീശ്വരന്മാരുടെ യൂണിയൻ" സ്ഥാപിക്കപ്പെട്ടു. പത്തുകൊല്ലത്തിനുശേഷം പ്രസ്തുത യൂണിയനു് 50,000 പ്രവൃത്ത്യുന്മുഖമായ പ്രാദേശികസംഘടനകളും 5.000,000 അംഗങ്ങളുമുണ്ടായി. യൂണിയനു് ഒരു പ്രത്യേക യുവജനവിഭാഗവുമുണ്ടു്. അതിൽ അന്നു് 2,000,000-ത്തിൽപരം അംഗങ്ങളുണ്ടായിരുന്നു. യൂണിയൻെറ പ്രസിഡൻറു് ലെനിൻെറ ഒരു സ്നേഹിതനായിരുന്ന എമേലിയൻ യാറോസ്ലാവസ്കി ആയിരുന്നു. അന്നു് ഏകദേശം 4,000,000 പ്രവൃത്ത്യുന്മുഖരായ നിരീശ്വരന്മാർ റഷ്യയിലുണ്ടെന്നു് ഇദ്ദേഹം അവകാശപ്പെട്ടു.

ഈ ചരിത്രവും വസ്തുതകളുമെല്ലാം ഒരു പക്ഷെ മഹാകവി വള്ളത്തോളിനു് അജ്ഞാതമായിരിക്കാം. പള്ളികളുടേയും പള്ളിയിൽ പോകുന്നവരുടേയും സംഖ്യ കുറഞ്ഞിരിക്കുന്നതായി അദ്ദേഹം സോവ്യററു് യൂണിയനിൽ കണ്ടതിൻെറ കാരണങ്ങൾ ഇതൊക്കെയാണു്. ആകയാൽ സോവ്യററു് യൂണിയനിലെ മതസ്വാതന്ത്ര്യത്തെപ്പററി

ചോദിച്ച ലേഖകനോട്ട് അദ്ദേഹം പറഞ്ഞ മറുപടി അർദ്ധസത്യമാണ്. അർദ്ധസത്യം മുഴുവനായ അസത്യത്തെക്കാൾ ആപൽക്കരമാണുതാനും. അറിഞ്ഞുകൂടാത്ത കാര്യങ്ങളെപ്പററി, അഥവാ അറിയാമെങ്കിലും ഉള്ളതു പറയാൻ ആതിഥ്യമര്യാദയാൽ വൈമനസ്യമുള്ള കാര്യത്തെപ്പററി, മൗനമവലംബിക്കുകയാണു മഹാകവികൾക്കുപോലും ഭൂഷണം.

### മററു കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ പീഡനം

സോവ്യററ് യൂണിയനിൽ മാത്രമല്ല, അതിൻെറ പിടിയിൽ അമരുകയും കമ്മ്യൂണിസ്റ്റ്കാർ ഭരണയന്ത്രം പിടിച്ചെടുക്കുകയും ചെയ്തിട്ടുള്ള രാജ്യങ്ങളിലും മതപീഡനം ഏററവും ഭയങ്കരമായിത്തന്നെ നടക്കുന്നുണ്ട്. വത്തിക്കാനിൽനിന്ന് ഏകദേശം ഒരു കൊല്ലത്തിനുമുമ്പ് പരസ്യം ചെയ്ത കണക്കനുസരിച്ചുള്ള വിവരങ്ങളാണ് താഴെ ചേർക്കുന്നത്:-

ഹങ്കറി:- ഹങ്കറിയിലെ ആകെ ജനസംഖ്യ 9,201,000; ഇവരിൽ കത്തോലിക്കർ 6,356,300; കഴിഞ്ഞ ജൂൺ ആരംഭംവരെ 538 വൈദികർ വധിക്കപ്പെടുകയോ, കാരാഗൃഹത്തിലടയ്ക്കപ്പെടുകയോ നാടുകടത്തപ്പെടുകയോ ചെയ്തു. ജൂണിൽ ഏകദേശം 1000 സന്യാസികളും സന്യാസിനികളും തടങ്കൽ ക്യാമ്പുകളിൽ അടയ്ക്കപ്പെട്ടു. 80 വൈദികരോളം രാജ്യത്തുനിന്ന് ഓടിരക്ഷപ്രാപിച്ചു. ആ രാജ്യത്തിലെ തിരുസഭാദ്ധ്യക്ഷനായ കർദ്ദിനാൾ മിൻസെന്തി ജീവപര്യന്തം തടവിനു വിധിക്കപ്പെട്ടു. ഒരു മെത്രാൻ "പട്ടാളക്കാരാൽ അപഹരിക്കപ്പെട്ട സ്ത്രീകളേയും ബാലികമാരേയും സംരക്ഷിച്ചു" എന്ന കുററം ചുമത്തി സോവ്യററ് സൈനികാധികാരികളാൽ വധിക്കപ്പെട്ടു.

പോളൻറ്:- പോളൻറിലെ ആകെ ജനസംഖ്യ 23,781,000; ഇവരിൽ കത്തോലിക്കർ 21,712,000; ചുരുങ്ങിയതു് 7000 വൈദികർ രാഷ്ട്രീയപോലീസുകാ

രാൽ ഉപദ്രവിക്കപ്പെട്ടു. ഈ വൈദികരിൽ 1000 ത്തോളം വെടിവച്ചുകൊല്ലപ്പെട്ടുകയോ തടങ്കൽപ്പാളയങ്ങളിൽ അടയ്ക്കപ്പെട്ടുകയോ ചെയ്തിട്ടുണ്ടു്.

ചെക്കൊസ്ലൊവാക്കിയ:- ചെക്കൊസ്ലൊവാക്കിയായിൽ ആകെ ജനസംഖ്യ 12,338,000; ഇവരിൽ കത്തോലിക്കർ 10,988,300; ഈ രാജ്യത്തിലെ സകല കത്തോലിക്കാസംഘടനകളും പിരിച്ചുവിടപ്പെട്ടു. സകല കത്തോലിക്കാ സ്ക്കൂളുകളും അടച്ചുകളഞ്ഞു. സക്കാർ സ്ക്കൂളുകളിൽ മതബോധനം നിർത്തലാക്കപ്പെട്ടു. കുറഞ്ഞതു് 300 വൈദികർ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. പ്രേഗിലെ മെത്രാപ്പോലീത്താ ജോസഫ് ബീറൻ തിരുമേനിയെ സ്വവസതിയിൽ തന്നെ തടവുകാരനായി പാർപ്പിക്കയായിരുന്നു. ഇപ്പോറം അവിടെനിന്നും ബഹിഷ്കരിക്കപ്പെട്ടിരിക്കുകയാണു്.

യൂഗോസ്ലാവിയാ:- യൂഗോസ്ലാവിയായിലെ ആകെ ജനസംഖ്യ 15,752,000; ഇവരിൽ കത്തോലിക്കർ 5,262,500; യൂഗോസ്ലാവിയായുടെ ഭരണാധിപനായ മാർഷൽ ടിറ്റോ സ്റ്റാലിനും കമ്മ്യൂണിസ്റ്റ്സർവ്വരാജ്യസംഘടനയായ കമിൻഫോമിനും എതിരായി സ്വരാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുകയാണെങ്കിലും, അദ്ദേഹത്തിൻെറ കീഴിൽ കമ്മ്യൂണിസ്റ്റു പാർട്ടിയാണു് അവിടെ ഭരണം നടത്തുന്നതു്. കുറഞ്ഞതു് 1,954 വൈദികർ വധിക്കപ്പെട്ടുകയും, കാരാഗൃഹത്തിലടയ്ക്കപ്പെട്ടുകയോ, നാടുകടത്തപ്പെട്ടുകയോ ചെയ്കയും ഉണ്ടായിട്ടുണ്ടു്. ഇവരിൽ 156 പേർ യാതൊരു വിചാരണയും കൂടാതെയാണു് വധിക്കപ്പെട്ടതു്. 32 പേർ ജനങ്ങളുടെ കോടതികളിൽ സമരിവിചാരണയ്ക്കുശേഷം വധിക്കപ്പെട്ടു. ആ രാജ്യത്തിലെ തിരുസ്സഭാദ്ധ്യക്ഷനായ സ്റ്റെപ്പിനാക്ക് മെത്രാപ്പോലീത്ത 16 കൊല്ലത്തെ തടവുശിക്ഷ അനുഭവിക്കുകയാണു്. *

* ഈയിടെ യൂഗോസ്ലാവിയൻ ഗവമ്മെൻറു് അദ്ദേഹത്തെ മോചിപ്പിക്കുകയുണ്ടായി.

അൽബേനിയ:- അൽബേനിയായിലെ ആകെ ജനസംഖ്യ 1,128.000; അവരിൽ കത്തോലിക്കർ 104,200; രണ്ടു മെത്രാന്മാർ വധിക്കപ്പെട്ടു. ദുരാഃസായിലെ മെത്രാപ്പോലീത്താ 20 കൊല്ലത്തെ തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടു. ബാക്കിയുള്ള സകല മെത്രാന്മാരും, 715 കത്തോലിക്കാ വൈദികരും "ജനശത്രുക്ക"ളായി അറസ്റ്റു ചെയ്യപ്പെട്ടു.

ഹംഗേറിയ:- ഹംഗേറിയായിലെ ആകെ ജനസംഖ്യ 7,048 000; അവരിൽ കത്തോലിക്കർ 45.700; അവിടെ സകല കത്തോലിക്കാ സ്ഥാപനങ്ങളും നിയമവിരുദ്ധമാക്കപ്പെട്ടു. കുറഞ്ഞതു് 120 വൈദികർ കാരാഗൃഹത്തിലടക്കപ്പെട്ടുകയോ നാടുകടത്തപ്പെട്ടുകയോ ചെയ്തിട്ടുണ്ടു്. വത്തിക്കാനുമായി യാതൊരു ബന്ധവും പാലിക്കപ്പെട്ടുന്നില്ല.

റുമേനിയാ:- റുമേനിയായിലെ ആകെ ജനസംഖ്യ 15, 873,300; ഇവരിൽ കത്തോലിക്കർ 1,700,000; കുറഞ്ഞതു് 700 കത്തോലിക്കാ വൈദികർ വധിക്കപ്പെട്ടു. ബാക്കി ജീവിച്ചിരിക്കുന്ന വൈദികർ എല്ലാം തടവിലടയ്ക്കപ്പെട്ടിരിക്കുകയാണു്. വത്തിക്കാനുമായുള്ള സകല ബന്ധങ്ങളും മുറിച്ചുകളഞ്ഞു. റുമേനിയായിലെ കത്തോലിക്കരിൽ അധികവും ബിസെൻറയിൻ (ഗ്രീക്കു്) റീത്തിൽപ്പെട്ടവരാണു്. ഇവരെയെല്ലാം ഗ്രീക്കു് ഓർത്തഡോക്സു (ശീശ്മ) സഭയിൽ ചേരുവാൻ കമ്മ്യൂണിസ്റ്റു ഗവമ്മെൻറു് നിർബന്ധിക്കുകയുണ്ടായി. പ്രസ്തുത സഭ രാഷ്ട്രത്തിൻെറ പാവമാത്രമായിട്ടാണു് കഴിഞ്ഞുകൂടുന്നതു്. ബിസെൻറയിൻ റീത്തിലെ കത്തോലിക്കാസഭ, മെത്രാസനങ്ങൾ മുതൽ ഏററവും ചെറിയ ഇടവക വരെ, നിർത്തലാക്കാൻ ഔദ്യോഗികമായ ഉത്തരവുപോലും പുറപ്പെട്ടുവിച്ചു. ഈ ഉത്തരവു പ്രയോഗത്തിൽ വരുത്തുവാൻവേണ്ടി കമ്മ്യൂണിസ്റ്റു് പോലീസു് അധികാരികൾ ഇടവക വികാരിമാരെ ഓരോരുത്തരേയും സന്ദർശിച്ചു് അച്ചടിച്ച ഒരു ഫോറം അവക്കു കൊ

ടുത്തുവന്നു. "എൻെറ സ്വന്തം മനസ്സാലെ, ആരുടേയും നിർബന്ധം കൂടാതെ, ഓത്തഡോക്സ് സഭയിൽ ചേരുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു" എന്നാണു് അതിലെഴുതിയിരിക്കുന്നതു്. ഈ മതത്യാഗത്തിനു പ്രേരിപ്പിക്കുവാൻ പണവും സ്ഥാനമാനങ്ങളും അവക്കു വാഗ്ദാനം ചെയ്തിരുന്നു. അതിനു വഴിപ്പെടാത്തവരെ നാടുകടത്തൽ, കാരാഗൃഹവാസം, പട്ടിണി എന്നിവയാൽ ഭീഷണിപ്പെടുത്തുകയും ചെയ്തു. ഫോറത്തിൽ ഒപ്പുവയ്ക്കാൻ വിസമ്മതിച്ച പലരേയും ദേഹോപദ്രവമേല്പിച്ചിരുന്നു.

ചൈനാ:- ചൈനായിലും കമ്മ്യൂണിസ്റ്റു ഭരണം മതപീഡനനയം സ്വീകരിച്ചിരിക്കുകയാണു്. വിദേശ മിഷ്യനറിമാരെ വിദേശീയ "സാമ്രാജ്യ ദുഷ്പ്രഭുത്വ"ത്തിൻെറ പ്രതിനിധികളായി മുദ്രയടിച്ചാണു പീഡിപ്പിച്ചുവരുന്നതു്. പക്ഷേ ഏതദ്ദേശീയരായ ക്രിസ്ത്യാനികളും പീഡിപ്പിക്കപ്പെടുന്നു. "സെൻറ് ജോൺ ബാപ്റ്റിസ്റ്റിൻെറ സഹോദരന്മാർ" എന്നറിയപ്പെടുന്ന സന്യാസസംഘം ചൈനാക്കാർ തന്നെ അംഗങ്ങളായിരിന്നാതും സാധുജനസംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്നതുമാണു്. ആ സംഘത്തിലെ സഹോദരന്മാർ അത്യന്തം ക്രൂരമായ വിധത്തിൽ നാമാവശേഷമാക്കപ്പെട്ടു. ഈയിടെ അവിടത്തേ ഇൻറർനൺഷിയോയേയും വേറൊരു മെത്രാപ്പോലീത്തായേയും നാട്ടുകടത്തി.

വടക്കെ കൊറിയാ:- വടക്കെ കൊറിയായിലെ ബോനിഫെസ് സാവ്യർ എന്ന മെത്രാൻ കമ്മ്യൂണിസ്റ്റു കാരാഗൃഹത്തിൽവച്ചു കഴിഞ്ഞകൊല്ലം മരിച്ചു. വാർദ്ധക്യവും അനാരോഗ്യവും അവഗണിച്ചുകൊണ്ടു്, 122 മിഷ്യനറി വൈദികരും സന്യാസികളും കന്യാസ്ത്രീകളുമൊരുമിച്ചു്, അദ്ദേഹത്തെ കാരാഗൃഹത്തിലേയ്ക്കു വലിച്ചിഴയ്ക്കുകയാണുണ്ടായതു്. ഈ മെത്രാൻ അംഗമായിരുന്ന ബെനഡിക്ടൻ സന്യാസസഭ

യുടെ സകല വസ്തുക്കളും കമ്മ്യൂണിസ്റ്റുകാർ പിടിച്ചടക്കി. മെത്രാൻ വസിച്ചിരുന്ന ആശ്രമം സ്ഥലത്തെ കമ്മ്യൂണിസ്റ്റ് തലസ്ഥാനമാക്കുകയും ചെയ്തു. അവിടത്തെ സെമ്മിനാരി കർഷകവിദ്യാലയമായും, ദേവാലയം പോലീസ് തലസ്ഥാനമായും രൂപാന്തരപ്പെടുത്തി.

<u>തെക്കുകിഴക്കേ ഏഷ്യാ</u>:- ഇൻഡോ ചൈനായിലെ ഒരു വികാരി അപ്പസ്തോലിക്കായായ മെത്രാനെ വധിക്കുവാൻ കമ്മ്യൂണിസ്റ്റുകാർ 3 പ്രാവശ്യം ശ്രമം നടത്തി. ആ രാജ്യത്തിലെ അനേകം പട്ടക്കാർ വധിക്കപ്പെട്ടു. 1945-ൽ അവിടെ കമ്മ്യൂണിസ്റ്റു വിപ്ലവം ഉണ്ടായതു മുതൽ സകല വൈദികർക്കും ജീവാപായംവരെയുള്ള അപകടങ്ങൾ നിമിത്തം, കഴിഞ്ഞുകൂടുവാൻ അസാദ്ധ്യമായിരിക്കുകയാണ്.

ഇതാണ് കമ്മ്യൂണിസ്റ്റു ഭരണമുള്ള സകല രാജ്യങ്ങളിലേയും സ്ഥിതി. നിരീശ്വരത്വവും നിർമ്മതത്വവും നിർബന്ധമായി സ്ഥാപിക്കുക ജീവിതാദർശമായി സ്വീകരിച്ചിരിക്കുന്ന കമ്മ്യൂണിസം സകല മതത്തേയും പീഢിപ്പിക്കുന്നതിൽ ആശ്ചര്യമില്ലല്ലോ. സകല മതങ്ങളിലുംവച്ചു കത്തോലിക്കാമതം വിശ്വാസസ്ഥൈര്യമുള്ളതാകയാൽ അതിനോടാണ് കമ്മ്യൂണിസത്തിനു പ്രത്യേക വിധത്തിലുള്ള വിരോധം.

സോവ്യറ്റ് ഗവമ്മെൻറിൽനിന്ന് 1923-ൽ പരസ്യപ്പെടുത്തിയ "മതവിരുദ്ധ പ്രചരണത്തിൻെറ ഉദ്ദേശങ്ങളും പരിപാടികളും" എന്ന പ്രമാണരേഖയിൽ പറഞ്ഞിരിക്കുന്നതിങ്ങനെയാണ്:-

സോവ്യറ്റ് ഗവമ്മെൻറിൻെറ മതവിരുദ്ധമായ സമരപ്രസ്ഥാനം റഷ്യയിൽ ഒതുക്കിനിൎത്തുവാൻ പാടുള്ളതല്ല. അതു ലോകമാസകലം നടത്തപ്പെടണം. ഈ സമരം, ഒരേ ഉദ്ദേശത്തോടുകൂടിയും ഒരേ മാൎഗ്ഗങ്ങൾ ഉപയോഗിച്ചും, മുസ്ലിംരാജ്യങ്ങളിലേക്കും കത്തോലിക്കാരാജ്യങ്ങളിലേക്കും വ്യാ

പിക്കപ്പെടണം. വല്ല വ്യത്യാസവുമുണ്ടെങ്കിൽ അതു്, ചില രാജ്യങ്ങളിൽ മററു രാജ്യങ്ങളിലേക്കാൾ സമരം നീണ്ടുനില്ക്കുമെന്നുള്ളതു് മാത്രമാണു്.

ഇംഗ്ലണ്ടിലെ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നാവായ "ഡെയിലി വക്കർ" എന്ന പത്രം 1930 ഫെബ്റുവരി 26-ാംനു- യിലെ ലക്കത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു:-

"നമ്മുടെ പാർട്ടി മതത്തിനെതിരായ സമരം ഈ നിമിഷത്തിൽ തന്നെ ആരംഭിക്കേണ്ടതാണു്."

കമ്മ്യൂണിസ്റ്റു പാർട്ടിയുടെ കേരളക്കമ്മററി "മതത്തിൻെറ കാര്യത്തിൽ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നില" എന്ന തലക്കെട്ടിൽ 1949-ൽ ഒരു പ്രസ്താവന പുറപ്പെടുവിച്ചു. അതിൻെറ തുടക്കത്തിലെ വാചകം ഇങ്ങനെയായിരുന്നു:-

"കമ്മ്യൂണിസ്റ്റു തത്വശാസ്ത്രത്തിൽ വിശ്വസിക്കുന്നവർക്കു മതത്തിലോ, മതപരമായ ചിന്താഗതിയുള്ളവർക്കു കമ്മ്യൂണിസത്തിലോ വിശ്വസിക്കുക സാദ്ധ്യമല്ല............ ആശയപരമായി മതത്തിൻെറ ആത്മീയ തത്വശാസ്ത്രത്തോടും അതിൻെറ നാനാരൂപ ഭേദങ്ങളോടും കമ്മ്യൂണിസ്റ്റു പാർട്ടി സന്ധിയില്ലാത്ത സമരം നടത്തും."

എന്നാൽ പിന്നെ എന്തുകൊണ്ടാണു് ഇന്നാട്ടിലെ കമ്മ്യൂണിസ്റ്റു പാർട്ടി അവരുടെ പിടിയിൽ നില്ക്കുന്ന തൊഴിലാളികളുടെ മതകാര്യങ്ങളിൽ ഇടപെടാത്തതെന്നു ചോദിച്ചേക്കാം. ഇതിനു സമാധാനം ലെനിൻതന്നെ പറയുന്നുണ്ടു്:-

പണിമുടക്കു സമരത്തിൽ തൊഴിലാളികളെ നിരീശ്വരന്മാരെന്നും ക്രിസ്ത്യാനികളെന്നും രണ്ടു ഭിന്ന ഗണങ്ങളായി വിഭാഗിക്കരുതു്. അത്തരം വിഭജനം ഉണ്ടാകാവുന്ന സാഹചര്യങ്ങളിൽ നിരീശ്വരത്വം പ്രസംഗിക്കുന്നതു് ഉപദ്രവകരമാണു്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ നിരീശ്വരത്വം പ്രസംഗിച്ചാൽ ക്രൈസ്തവ സഭയുടേയും പുരോഹിത

രുടേയും കയ്യിൽ നാം ചെന്നു വീഴുകയേ ഉള്ളൂ. അവരുടെ ആഗ്രഹം ഒന്നുമാത്രമാണ്: പണിമുടക്കു പ്രസ്ഥാനത്തിൽ പങ്കെടുക്കുന്ന തൊഴിലാളികളെ അവരുടെ മതപരമായ വിശ്വാസങ്ങളെ ആധാരമാക്കി ഭിന്നിപ്പിക്കുകയെന്നതാണ് അതു്.

ആകയാൽ ഇന്നാട്ടിലെ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രത്യക്ഷമായോ പരോക്ഷമായോ മതത്തിനെതിരായി പ്രചരണവും പ്രവൎത്തനവും നടത്താത്തതു, അവരുടെ പിടിയിലമന്നിരിക്കുന്ന ആളുകളുടെ മതബോധത്തെ ആദരിക്കാനുള്ള താല്പൎയ്യംമൂലമല്ലെന്നും, പ്രത്യുത അങ്ങനെ ചെയ്താൽ ഇവിടത്തെ പ്രത്യേക സാഹചൎയ്യങ്ങൾ നിമിത്തം ആ ആളുകൾ അവരുടെ പിടിവിട്ടു പോകാൻ എളുപ്പമുണ്ടെന്നുള്ള ഭയംമൂലമാണെന്നും സ്പഷ്ടമാകുന്നു. ആ ഭയത്തിന്നു കാരണമില്ലെന്നു കണ്ടാൽ കമ്മ്യൂണിസ്റ്റ് പാർട്ടി അവരുടെ തനിനിറം കാണിച്ചു് മതത്തിന്നും മതവിശ്വാസികൾക്കും എതിരായി പ്രവൎത്തനം ആരംഭിക്കുമെന്നു തീർച്ചയാണ്.

## V

# രാഷ്ട്രീയമർദ്ദനം

### I

സ്റ്റാലിൻെറ ഏകാധിപത്യത്തിൽ റഷ്യൻ കമ്മ്യൂണിസ്റ്റു (ബോൾഷെവിക്) പാർട്ടി ഭരിച്ചുപോരുന്ന സോവ്യറ്റ് യൂണിയൻ യു. എസ്. എസ്. ആർ. എന്ന നാമത്തിലാണല്ലോ അറിയപ്പെട്ടുന്നതു്. ഈ നാലക്ഷരങ്ങൾ "യുണൈററഡ് സോവ്യററ് സോഷ്യലിസ്റ്റു റിപ്പബ്ലിക്സ്" എന്ന നാലു് ഇംഗ്ലീഷ് പദങ്ങളുടെ ആദ്യത്തെ അക്ഷരങ്ങളാണു്. സോവ്യററ് യൂണിയനിൽ സാക്ഷാൽറഷ്യയെ കൂടാതെ, അതിനോടു തൊട്ടും തുടർച്ചയായും കിടക്കുന്ന വേറെ ചില രാജ്യങ്ങളും ഉൾപ്പെടുന്നു. ഇവയെല്ലാംകൂടി ഒന്നായി രാഷ്ട്രീയ ബന്ധത്താൽ സംയോജിപ്പിക്കപ്പെട്ടിരിക്കുന്നുവെന്നു് കാണിക്കുന്നതാണു് "യുണൈററഡ്" എന്ന പദം. "സോഷ്യലിസ്റ്റ്" എന്നു വിളിക്കുന്നതു് അവയിലെല്ലാം കമ്മ്യൂണിസത്തിൻെറ ആദ്യത്തെ പടിയായി ഗണിക്കപ്പെടുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥിതി നടപ്പിൽ വ

രുത്തിയിരിക്കുന്നതിനാലാണ്. തൊഴിലാളികളും കർഷക
രും ഉൾപ്പെട്ടതും, 1917-ലെ വിപ്ലവത്തിനുമുമ്പുതന്നെ റ
ഷ്യയിലാകെ വ്യാപിച്ചതുമായ "സോവ്യററ്" എന്ന മഹാ
സംഘടനയുടെ മുന്നണിസേനയാണ് തങ്ങളെന്ന് സ്വയംവാ
ദിച്ചുകൊണ്ടാണല്ലോ ലെനിൻെറ നേതൃത്വത്തിൽ ബോൾ
ഷെവിക് പാർട്ടി അന്നത്തെ പ്രൊവിഷണൽ ഗവമ്മെൻറി
നേയും നാഷണൽ അസംബ്ളിയേയും തച്ചുടച്ച് അധി
കാരം പിടിച്ചെടുത്തതു്. ആ ജനകീയ സംഘടന തന്നെ
യാണ് ഇന്നും രാജ്യം ഭരിക്കുന്നതെന്ന് ലോകരെ ബോദ്ധ്യ
പ്പെടുത്തുവാൻവേണ്ടി "സോവ്യററ്" എന്ന പദം സ്വീകരി
ച്ചിരിക്കുന്നു. സോവ്യററ് യൂണിയനിൽ നിലവിലിരിക്കുന്നതു്
സ്വേച്ഛാധിപത്യമല്ല, പ്രത്യുത ജനാധിപത്യമാണ് എന്ന
നാട്യത്തിനു പിൻതാങ്ങായിട്ടാണ് "റിപ്പബ്ളിക്" എന്ന
പദം പേരിൻെറ അവസാനത്തിൽ ചേർത്തിരിക്കുന്നതു്. എ
ന്നാൽ സോവ്യററ് യൂണിയൻ റിപ്പബ്ളിക്കല്ലെന്നും, തദ്
വിപരീതമായ ഏററവും കടുത്ത സ്വേച്ഛാധിപത്യമാണെ
ന്നും ആദ്യമായി പറഞ്ഞുകൊള്ളട്ടെ.

റിപ്പബ്ളിക്കിൻെറ പ്രധാന ലക്ഷണം ജനങ്ങൾ അ
വർ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ വഴിയായി ഭരണം
നടത്തുന്നുവെന്നതാണല്ലോ. അവർ വോട്ടവകാശം ഏററ
വും സ്വതന്ത്രമായി ഉപയോഗിച്ച് പ്രതിനിധികളെ തിര
ഞ്ഞെടുക്കുന്നു. വോട്ടിംഗിൽ ഭൂരിപക്ഷം കിട്ടുന്ന പ്രതിനി
ധികൾ അടങ്ങിയ പാർട്ടിയിൽനിന്നു മന്ത്രിസഭ രൂപീകരി
ക്കപ്പെടുന്നു. ആ മന്ത്രിമാർ അവർ മേധാവിത്വം വഹിക്കു
ന്ന ഭരണവകുപ്പിലെ അദ്ധ്യക്ഷന്മാരേയും കീഴുദ്യോഗസ്ഥന്മാ
രേയും നിയന്ത്രിച്ചുകൊണ്ടിരിക്കും. തന്നിമിത്തം ജനങ്ങൾ
തന്നെയാണ് പരോക്ഷമായിട്ടെങ്കിലും അവിടത്തെ ഭരണ
യന്ത്രം തിരിക്കുന്നതെന്നു പറയാം. എന്നാൽ സോവ്യററ്
യൂണിയനിൽ ഭരണയന്ത്രം മുഴുവനും പിടിച്ചടക്കിയിരിക്കു
ന്നതു് കമ്മ്യൂണിസ്റ്റ് പാർട്ടിയാണ്. അവിടെ മറെറാരു പാ

ട്ടിക്കും സ്ഥാനമേയില്ല, സ്ഥാനമുണ്ടെന്നു ഭാവിച്ചാൽ അവരുടെ ഗതി നാടുകടത്തലോ ജീവഹാനിയോ ആയിരിക്കും. മററു പ്രജായത്തരാജ്യങ്ങളിലേപ്പോലെ സോവ്യററ് യൂണിയനിൽ തെരഞ്ഞെടുപ്പു നടക്കുന്നുണ്ടെന്നുള്ളതു് വാസ്തവം. എന്നാൽ ആ തെരഞ്ഞെടുപ്പിൻെറ സ്വഭാവം ആലോചിച്ചാൽ കാണാം അതിന് ഒരത്ഥവുമില്ലെന്നു്; അവിടെയുള്ള ജനങ്ങളുടെ കണ്ണിൽ പൊടിയിടാൻ മാത്രം ഉദ്ദേശിക്കപ്പെട്ടതും ഉപകരിക്കുന്നതുമായ ജാലവിദ്യയാണതെന്നു്.

സോവ്യററ് മഹാസംഘടനയെപ്പററി പ്രസ്താവിച്ചുവല്ലോ. അടുത്തടുത്തുള്ള പ്രാദേശികങ്ങളായ സോവ്യററുകൾ മുതൽ കേന്ദ്രത്തിലെ സുപ്രീം സോവ്യററുവരെ ഈ സംഘടന വ്യാപിച്ചുകിടക്കുന്നു. രാജ്യത്തിലെ പരമാധികാരം സോവ്യററ് സംഘടനയിൽ സ്ഥിതിചെയ്യുന്നുവെന്നും, പ്രധാനമന്ത്രി സ്റ്റാലിനും സഹമന്ത്രിമാരും മുതൽ കീഴോട്ടുള്ള സകല എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാക്കും ഭരണാധികാരം ലഭിക്കുന്നതു് അതിൽ നിന്നാണെന്നുമാണു് സങ്കല്പം. അതനുസരിച്ചു് സോവ്യററ് സംഘടനയിലേയ്ക്കാണു്, പ്രാദേശികങ്ങളിലേക്കും കേന്ദ്രത്തിലേക്കും, ഇടയ്ക്കിടെ തിരഞ്ഞെടുപ്പു നടക്കുന്നതു്.

പ്രാദേശിക സോവ്യററിലേക്കുള്ള തിരഞ്ഞെടുപ്പിൽ സ്ഥാനാത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നതു് ആ സോവ്യററിലെ അംഗങ്ങളല്ല; പിന്നെയോ ആ പ്രദേശത്തുള്ള കമ്മ്യൂണിസ്റ്റു പാർട്ടി ഗ്രൂപ്പിലെ നേതാക്കന്മാരാകുന്നു. അവർ അവരുടെ മേലുള്ള കമ്മ്യൂണിസ്റ്റു പാർട്ടി നേതാക്കന്മാരുടെ നിർദ്ദേശങ്ങളനുസരിച്ചു് സ്ഥാനാത്ഥികളുടെ ഒരു പട്ടിക തയ്യാറാക്കുന്നു. ആ പ്രദേശത്തുള്ള ഫാക്ടറിയിലേയോ ഫാമുകളിലേയോ വേലക്കാരുടെ ഒരു പൊതുസമ്മേളനം വിളിച്ചുകൂട്ടി, പ്രസംഗങ്ങളും ചിലപ്പോൾ ലഘുഭക്ഷണങ്ങളും കഴിഞ്ഞശേഷം, ആ പട്ടിക അവരുടെ മുമ്പിൽ വയ്ക്കുന്നു. ജീ

വനിൽ പേടിയുള്ളവരാരും ആ പട്ടികയിലെ സ്ഥാനാത്ഥികൾക്കെതിരായി ശബ്ദിക്കുവാൻ ധൈര്യപ്പെടുകയില്ല. വോട്ടു ചെയ്യാൻ ബാലട്ടു് പെട്ടിക്കടുത്തു ചെല്ലുമ്പോൾ ഈ സ്ഥാനാത്ഥികളുടെ പേരുകളെഴുതിയ കടലാസാണു് കയ്യിൽ കിട്ടുക. അവരിൽ ആക്കെങ്കിലും അല്ലാതെ അവരിൽപ്പെടാത്ത മററാക്കും വോട്ടു ചെയ്യാൻ സമ്മതിദായകനു സ്വാതന്ത്ര്യമില്ല. വോട്ടിംങ്ങിനു പോകാതിരിക്കാനോ, പോയശേഷം ബാലട്ടു കടലാസിലുള്ള സകല പേരുകളും വെട്ടിക്കളയാനോ അയാൾക്കവകാശമുണ്ടു്. അങ്ങനെ ചെയ്യുക വളരെ ചുരുക്കമാണു്. തന്മൂലം പലപ്പോഴും 99.9 ശതമാനം ഭൂരിപക്ഷത്തോടുകൂടി ഔദ്യോഗികലിസ്റ്റിൽപ്പെട്ട സ്ഥാനാത്ഥികൾ എല്ലായ്പോഴുംതന്നെ തിരഞ്ഞെടുക്കപ്പെടുന്നു. ഇങ്ങനെ രാജ്യമാസകലം തിരഞ്ഞെടുക്കപ്പെടുന്ന സോവ്യററു് പ്രതിനിധികളടങ്ങിയതാണു് റഷ്യയിലെ സുപ്രീം സോവ്യററു് എന്ന പരമാധികാരസഭ.

മോസ്കോയിൽ "ക്രെംലിനിൽ" സമ്മേളിക്കുന്ന ഈ സഭയിലെ വാദപ്രതിവാദങ്ങളിൽ സാമാജികന്മാക്കു പങ്കെടുക്കാം, അവരവരുടെ പ്രദേശങ്ങളിൽ നടക്കുന്ന അഴിമതികളെപ്പററി അറിവു കൊടുക്കുവാനും, അവയെ ദൂരീകരിക്കേണ്ട മാറ്റങ്ങൾ നിർദ്ദേശിക്കാനും അവക്കു തടസ്സമില്ല. എന്നാൽ നേതാക്കന്മാർ ഹാജരാക്കുന്ന ഏതൊരു പദ്ധതിയും നിയമവും ഏകകണ്ഠമായിത്തന്നെ അവരെല്ലായ്പ്പോഴും വോട്ടുചെയ്തു പാസാക്കുന്നു. ഏതെങ്കിലും ഒരു സാമാജികൻ എതിരായി വോട്ടു ചെയ്താൽ അതവനു തടങ്കൽ ക്യാമ്പിലേക്കുള്ള കുറുക്കുവഴിയായിരിക്കും. ആകയാൽ ഈ പരമാധികാരസഭ കേവലം ഒരു പാവയാണെന്നും അതിലെ വാദപ്രതിവാദങ്ങളും വോട്ടെടുപ്പും ഒരു പ്രഹസനം മാത്രമാണെന്നും സ്പഷ്ടമാണു്. ആ പാവയുടെ ചരടുകൾ മുറുക്കിപ്പിടിച്ചിരിക്കുന്നതു് റഷ്യയിലെ ഏകരാഷ്ട്ര സംഘടനയായ കമ്മ്യൂണിസ്റ്റു പാർട്ടിയാകുന്നു, 200,000,000 ത്തോളം

വരുന്ന സോവ്യറവ് യൂണിയനിലെ ജനസംഖ്യയിൽ ഏകദേശം 7,000,000 അംഗങ്ങളാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലുള്ളത്. ആകെ ജനസംഖ്യയിൽ പ്രായപൂർത്തിവന്നവർ 110,000,000 ആണെന്നു കണക്കാക്കുന്നപക്ഷം അവരിൽ ഏകദേശം 15-ന് 1 വീതമേ സക്ഷാൽ രാഷ്ട്രീയാധികാരമുള്ള കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ഉൾപ്പെടുന്നുള്ളു. ഈ ഒരാൾ ബാക്കി 14 പേരെ ഭരിക്കുകയാണ്.

കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ സാധാരണ അംഗങ്ങൾക്കു തന്നെയും ഭരണകാര്യങ്ങളിൽ കാര്യമായ സ്വാധീനമൊന്നും ചെലുത്താൻ കഴിയുകയില്ല. പ്രാദേശിക പാർട്ടികളുടെ ഉദ്യോഗസ്ഥന്മാരെ അംഗങ്ങൾ തിരഞ്ഞെടുക്കുകയല്ല, മേലധികാരത്തിൽ നിന്നു നിയമിക്കുകയാണ്. ആ മേലധികാരികൾ അവക്കു മുകളിലുള്ളവരാൽ നിയമിക്കപ്പെടുന്നു. ഇങ്ങനെ പ്രയോഗത്തെ സംബന്ധിച്ചിടത്തോളം കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് രാജ്യത്തിലെ സമസ്താധികാരവും വഹിക്കുന്നത്. അനേകം നിലകളോടുകൂടിയതും, ഉയരുംതോറും കൂർത്തുവരുന്നതുമായ സൂര്യഗ്രസ്തംഭം (Pyramid) പോലെയാണ് ഈ പാർട്ടിയിലെ അധികാരികളുടെ ഘടന. അടിയിലെ ഓരോ നിലയിലുള്ളവരുടേയും അധികാരം അതിനു മുകളിലത്തെ നിലയിലുള്ളവരുടെ അധികാരത്തിന് അടിമപ്പെട്ടിരിക്കുന്നു. എല്ലാത്തിനും മുകളിലായി സ്തംഭത്തിന്റെ അഗ്രമായി സ്ഥിതിചെയ്യുന്നത് "പൊളിറവ് ബ്യൂറോ" എന്നു വിളിക്കപ്പെടുന്ന പരമാധികാര സമിതിയാണ്. മാർഷൽ സ്റ്റാലിന്റെ അദ്ധ്യക്ഷതയിൽ 14 പേരടങ്ങിയതാണ് ഈ സമിതി. അതിലെ അംഗങ്ങൾ അവരുടെ സ്ഥാനം വിടാതെ എന്നും തുടർന്നുകൊണ്ടിരിക്കുന്നു. അതിലെ അംഗങ്ങൾക്കു സഖാവു സ്റ്റാലിനുമായി വാദപ്രതിവാദം നടത്താൻ വിരോധമില്ല. എന്നാൽ അവസാനതീരുമാനം സ്റ്റാലിനാണ് ചെയ്യുന്നത്. ആ തീരുമാനം സ്വീകരിക്കാത്ത ധിക്കാരികളായ അംഗങ്ങളും അവരുടെ കീഴുള്ള

ഉദ്യോഗസ്ഥന്മാരും ശുദ്ധികർമ്മപ്രസ്ഥാനത്തിന് വിധേയരായി നാമാവശേഷമാക്കപ്പെട്ടു.

## II

### രഹസ്യപ്പോലീസ്

കമ്മ്യൂണിസ്റ്റ നേതാവായ ശ്രീ. ഏ. കെ. ഗോപാലൻ ഈയിടെ തിരു-കൊച്ചി സന്ദർശിച്ചപ്പോൾ ഇവിടത്തെ പോലീസ് അദ്ദേഹത്തെ ഇടവിടാതെ പിൻതുടന്നിരുന്നുവെന്നും, അതു പൗരാവകാശ വിരുദ്ധമായ നടപടിയാണെന്നും അദ്ദേഹം ചീഫ് മിനിസ്റ്റർക്ക് ഒരു തുറന്ന കത്തുപോലും എഴുതി മുക്തകണ്ഠം ആക്ഷേപിക്കുകയുണ്ടായല്ലൊ. സെപ്റ്റംബർ 16-ാംനു- തിരുവനന്തപുരത്തു കൂടിയ കോൺഗ്രസ് പാർലമെൻററി പാർട്ടി എക്സിക്യൂട്ടീവ് കമ്മററിയുടെ യോഗത്തിൽ ചീഫ് മിനിസ്റ്റർ അതിനു സമുചിതമായ മറുപടിയും പറഞ്ഞു.

"പോലീസ് പിൻതുടന്നതു ശരിയാണ്. ഒളിവിലിരിക്കുന്ന നേതാക്കന്മാർ പലരും എ. കെ. ജി. യെ സമീപിക്കാൻ സാദ്ധ്യതയുണ്ടായിരുന്നതിനാൽ പോലീസ് പിൻതുടന്നതാണ്. ഗോപാലനെ ഞാൻതന്നെ കണ്ട കാര്യങ്ങൾ തുറന്നുപറഞ്ഞിരുന്നു."

ഗോപാലനെ ഈ നാട്ടിൽ പിൻതുടന്നതു് പരസ്യപ്പോലീസായിരുന്നു. എന്നാൽ സോവ്യററു യൂണിയനിൽ സകല പൗരന്മാരേയും ഉന്നതസ്ഥാനികളായ ഉദ്യോഗസ്ഥന്മാരെപ്പോലും, അവരുടെ നിഴലെന്നപോലെ രഹസ്യപ്പോലീസ് സർവദാ സർവത്ര പിൻതുടരുകയാണ് പതിവു്.

സോവ്യററ് റഷ്യയിൽ ആരംഭം മുതൽക്കേ ഭീകരപ്രവത്തകരായ ഒരുവക രഹസ്യപ്പോലീസ് സംഘം ഉണ്ടായിരുന്നു. ആദ്യം "ചെക്ക" (Cheka) എന്നും, പിന്നീട് "ജി. പി. യു." (G. P. U.) എന്നും, അനന്തരം "എൻ.

കെ. വി. ഡി." (N. K. V. D.) എന്നും, ഇപ്പോൾ "എം. വി. ഡി." (M. V. D.) എന്നും മാറിമാറി പല പേരുകൾ ഈ സംഘത്തിനു കൊടുത്തിട്ടുണ്ട്. ഇവരുടെ സംഖ്യ എത്രയാണെന്ന് ഖണ്ഡിതമായിപ്പറയാൻ സാദ്ധ്യമല്ലെങ്കിലും, 4,000 000 ആണെന്നാണ സാധാരണമായി കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇവക്കു് ഫുൾടൈം ഏജന്റന്മാരായും അവസരംപോലെ അറിവു കൊടുക്കുന്നവരായും ലക്ഷോപലക്ഷം വേറെ ആളുകളുമുണ്ടു്. ഈ സംഘടനയുടെ കീഴിൽ സ്വന്താ പട്ടാളവും, അവക്കു് യന്ത്രത്തോക്കുകളും ഉണ്ടു്. 1,000 000 ത്തോളം വരുന്ന ഈ പട്ടാളക്കാർ സാധാരണ പട്ടാളക്കാരേക്കാൾ സജ്ജീകരണമുള്ളവരും ആനുകൂല്യങ്ങൾ അനുഭവിക്കുന്നവരുമാണു്. ഈ രഹസ്യപ്പോലീസിന്റെ അധികാരം ഗവമ്മെന്റിന്റെ സകല ശാഖകളിലും, പാർട്ടിയുടെ സകല ഘടകങ്ങളിലും, സകല സൈന്യവിഭാഗങ്ങളിലും, വ്യാപിച്ചുകിടക്കുന്നു. പരമാധികാരസഭയായ "പൊളിററു് ബ്യൂറോ"യിലെ അംഗങ്ങൾപോലും, സ്റ്റാലിൻ ഒഴിച്ചു്, അവരുടെ ഗ്രൂഢപരിശോധനയ്ക്കു വിധേയരാണു്. ഗവമ്മെന്റിലെയും പാർട്ടിയിലെയും ഉന്നതോദ്യോഗസ്ഥന്മാരുടെ മേലും സാധാരണ പൗരന്മാരുടെ ജീവന്റെ മേലും അവക്കു സ്വേച്ഛാനുസാരം പ്രയോഗിക്കാവുന്ന അധികാരമുണ്ടു്. ഓരോ വലിയ ഫാക്ടറിയുടേയും ഫാമിന്റേയും പരിസരങ്ങളിൽ ഈ രഹസ്യപ്പോലീസിന്റെ ആഫീസുണ്ടായിരിക്കും. ഗവമ്മെന്റിലും പാർട്ടിയിലും സാമ്പത്തികസംഘടനകളിലും ഇടയ്ക്കിടയ്ക്കു് ശുദ്ധിപ്രസ്ഥാനം നടത്തുന്നതു് അവരാണു്. അവക്കുവേണ്ടി ആരുടേയും ഓരോ വാക്കും പ്രവൃത്തിയും സൂക്ഷിക്കുവാനും, അവയെപ്പററി അവക്കു റിപ്പോർട്ടുകൾ കൊടുക്കുവാനും അസംഖ്യം ചാരന്മാർ ഉണ്ടു. തൊഴിലാളിയോഗങ്ങളിലും ഗൃഹങ്ങളിലും രഹസ്യസംസർഗ്ഗങ്ങളിലും നടക്കുന്നതിന്റെയെല്ലാം വിപുലമായ റിപ്പോർട്ടു് ഈ രഹസ്യപ്പോലീസിനു ലഭിച്ചുകൊണ്ടിരിക്കുക

സാധാരണമാണു്. മാത്രമല്ല, ഇതേ ചാരവൃത്തി നടത്തു വാൻ പൗരന്മാർ ഓരോരുത്തരും നിർബന്ധിക്കപ്പെടുന്നു. അതിൽനിന്നു് ഒഴിഞ്ഞുമാറുവാൻ ആൎക്കും സാധ്യമല്ല. "സോവ്യററുവിരുദ്ധ" പ്രസ്താവങ്ങളോ നടപടികളോ റി പ്പോർട്ടു ചെയ്യുവാൻ വിസമ്മതിക്കുന്നതു് ആ പാതകങ്ങ ളിൽ പങ്കുകൊള്ളുന്നതായി ഗണിക്കപ്പെടും. ഉററ സംബ ന്ധികൾക്കോ ബന്ധുക്കൾക്കോ എതിരായിപ്പോലും റിപ്പോ ർട്ട് ചെയ്യാൻ വിസമ്മതിക്കുന്നതു് രാജ്യദ്രോഹമായി ശി ക്ഷിക്കപ്പെടും.

1946-മുതൽ മൂന്നുകൊല്ലത്തേക്കു സോവ്യററു് യൂണി യനിൽ അമേരിക്കൻ സ്ഥാനപതിയായിരുന്ന ജനറൽ സ്മിത്തു് (Bedell Smith) ആ ഉദ്യോഗത്തിൽനിന്നും വിര മിച്ചശേഷം "മോസ്ക്കോയിൽ എന്റെ മൂന്നു കൊല്ലങ്ങൾ" (My Three Years in Moscow) എന്ന ശീർഷകത്തിൽ ഒരു ഗ്രന്ഥമെഴുതി. അതിൽ അദ്ദേഹത്തിനു് അനുഭവ പ്പെട്ട ഒരു സംഭവം സോവ്യററു് യൂണിയന്റെ "പോലീസു് രാഷ്ട്രശക്തി" കാണിക്കുവാൻ അദ്ദേഹം വിവരിക്കുന്നുണ്ടു്. അതിന്റെ ചുരുക്കം ഇതാണു്:- ജനറൽ സ്മിത്തു് മോ സ്ക്കോയിലേക്കു യാത്ര ചെയ്ത പ്ലെയിൻ ഇടയ്ക്കു് ബർലി നിൽ നില്ക്കേണ്ടിയിരുന്നു. അന്നു ബർലിനിലെ റഷ്യൻ ക മാൻഡർ മുൻപു റഷ്യൻ സൈനികോദ്യോഗസ്ഥന്മാരുടെ മേധാവിയായിരുന്ന ഒരു മാർഷൽ(Marshal Sok lovsky) ആയിരുന്നു. മോസ്ക്കോയിലുള്ള അദ്ദേഹത്തിന്റെ ഭാൎയ്യക്കു കൊടുക്കുവാൻ ജനറൽ എയിസൺഹോവർ തന്നെ ഏ ല്പിച്ചിരുന്ന ചില സമ്മാനങ്ങളുമായിട്ടാണു് ജനറൽ സ്മിത്തു് ബർലിനിൽ ഇറങ്ങിയതു്. മോസ്ക്കോയിൽ ചെ ല്ലുമ്പോൾ ആ സമ്മാനങ്ങൾ ഭാൎയ്യക്കു കൊടുക്കുവാൻ വേണ്ടി അവരുടെ വിലാസം ഭൎത്താവായ മാർഷലിനോടു് ജനറൽ സ്മിത്തു് ആവശ്യപ്പെട്ടു. രഹസ്യപ്പോലീസിന്റെ സാൎവ്വത്രികമായ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ഭയപ്പാടുനിമി

ത്തം ഭാൎയ്യയുടെ വിലാസം കൊടുക്കുവാൻ മാർഷൽ വിസമ്മതിച്ചു. പ്ലെയിനിലുള്ള ആ സമ്മാനങ്ങൾ തന്നെ ഏല്പിച്ചാൽ മതിയെന്നും, താൻ അവയെ മോസ്കോയിലുള്ള ഭാൎയ്യയ്ക്കു നേരിട്ട് അയച്ചുകൊടുത്തുകൊള്ളാമെന്നുമാണ് മാഷൽ നിൎദ്ദേശിച്ചതു്. കണ്ടാലും, റഷ്യാക്കാരനായ സൈനികമേധാവികൾക്കുപോലും റഷ്യയിലെ രഹസ്യപ്പോലീസിനെപ്പററിയുള്ള ഭയം എത്ര ഭയങ്കരം!

## III

### ശുദ്ധികൎമ്മപ്രസ്ഥാനം

ഈ രഹസ്യപ്പോലീസുവഴി നടന്നിട്ടുള്ള ശുദ്ധികൎമ്മത്തിൻെറ ഫലമായി അനേകലക്ഷംപേർ വധിക്കപ്പെട്ടുകയോ കാരാഗൃഹത്തിലടയ്ക്കപ്പെട്ടുകയോ നാടുകടത്തപ്പെട്ടുകയോ ചെയ്തിട്ടുണ്ടു്. ഇതിനൊന്നാംതരം തെളിവ് പുതിയ ഭരണഘടന പാസാക്കിയശേഷം സ്റ്റാലിൻ നടത്തിയ ശുദ്ധികൎമ്മപ്രസ്ഥാനമാണ്. 1937-ൽ ചെമ്പടയിൽ നടത്തിയ ശുദ്ധികൎമ്മം തന്നെ എടുക്കുക. 5 മാർഷൽമാരിൽ 3 പേർ; യുദ്ധവകുപ്പിലെ വൈസ് കമ്മിസാറന്മാരിൽ 11 പേർ; ഹൈക്കമൊൻറിലെ പലരേയും വിചാരണ ചെയ്തുശിക്ഷിച്ച സൈനികകോടതിയിലെ അംഗങ്ങളെന്നു പ്രസിദ്ധരായിരുന്ന 8 ജനറൽമാരിൽ 6 പേർ; ചെമ്പടയിലെ പരമാധികാരസൈനികകൗൺസിലിൽ ഉൾപ്പെട്ട ജനറൽമാരും അഡ്മിറൽമാരുമായിരുന്ന 80 സ്ഥാനികളിൽ 75 പേർ; ആകെയുള്ള ജനറൽമാരിൽ 90 ശതമാനം; ആകെയുള്ള കേണൽമാരിൽ 80 ശതമാനം; താഴ്ന്ന ഉദ്യോഗസ്ഥന്മാരിൽ ഏകദേശം 30,000 പേർ—ഇവരെല്ലാം ശുദ്ധികൎമ്മത്തിനു വിധേയരാക്കപ്പെട്ടു.

ബോൾഷെവിക് പാർട്ടിയുടെ ഭീകരഭരണം ആരംഭിച്ചതിൻെറ ഫലമായി റഷ്യയിൽ വലിയ എതിപ്പുകളും

ആഭ്യന്തരയുദ്ധം തന്നെയും പൊട്ടിപ്പുറപ്പെട്ടു. അവയെല്ലാം ആ ഗവമ്മെണ്ട് ഏററവും നിർദ്ദയമായി അടിച്ചമർത്തുകയാണുണ്ടായത്. അതിലും രഹസ്യപ്പോലീസിന്റെ ക്രൂരമായ സേവനം വിനിയോഗിക്കപ്പെട്ടു. അന്നത്തെ ശുദ്ധികർമ്മപ്രസ്ഥാനത്തിന്റെ ഭയങ്കരത കാണിക്കുവാൻ അതുമൂലം വധിക്കപ്പെട്ടവരുടെ ലിസ്റ്റ് പര്യാപ്തമാണ്. ഇൽജിൻ (Illjin) എന്നൊരു റഷ്യൻ ഗ്രന്ഥകാരൻ നൽകിയിരിക്കുന്ന കണക്ക് താഴെ ചേക്കാം:-

28 മെത്രാന്മാർ; 1,200 വൈദികർ; 6000 അദ്ധ്യാപകന്മാരും പ്രൊഫസറന്മാരും; 8,800 ഡോക്ടർമാർ; 54,000 ഉദ്യോഗസ്ഥന്മാർ; 260,000 സാധാരണ പട്ടാളക്കാർ; 105,000 പോലീസുദ്യോഗസ്ഥന്മാർ; 48,000 പോലീസുകാർ; 12,800 സിവിൽ സർവ്വീസുകാർ; 355,000 മററു ബുദ്ധിജീവികൾ; 192,000 വേലക്കാരും 815,000 കർഷകരും—ആകെ കൂടി 1,860,000.

### തൊഴിലാളി പത്രത്തിന്റെ അപലപനം

റഷ്യയിലെ ഈ ശുദ്ധികർമ്മപ്രസ്ഥാനത്തെ അപലപിച്ച് അന്ന് ഇംഗ്ലണ്ടിലെ പല പത്രങ്ങളും എഴുതുകയുണ്ടായി. അവയിൽ തൊഴിലാളിപത്രമായ "ഡെയിലി ഹെറൽഡു" എഴുതിയിരുന്നതിങ്ങനെയാണ്:-

"തങ്ങളുടെ പുതിയ ഭരണഘടന പ്രജായത്തഭരണാദർശത്തോടു പരിപൂർണ്ണമായി യോജിക്കുന്ന ഒന്നാണെന്നും, എല്ലാ പൗരന്മാക്കും സമാനമായ അവകാശങ്ങളുണ്ടെന്നും, ഭരണഘടന അവരുടെ പ്രജായത്തപരമായ സ്വാതന്ത്ര്യത്തെ പ്രഖ്യാപനം ചെയ്യുക മാത്രമല്ല അതിനെ നിയമമാർഗ്ഗേണ സുരക്ഷിതമാക്കുകയും ചെയ്തിട്ടുണ്ടെന്നും സ്റ്റാലിൻ ചെയ്ത പ്രസ്താവം നമ്മിൽ ദുഃഖത്തെയാണുളവാക്കുന്നത്. എന്തുകൊണ്ടെന്നാൽ ഈ വാക്കുകൾ ഉച്ചരിക്കപ്പെട്ടതിനുശേ

ഷം മററൊരു രാജ്യത്തുമുണ്ടായിട്ടില്ലാത്തവിധം അത്ര അധികമായിട്ടാണു് സോവ്യററുയൂണിയൻ ഗവമ്മെൻറു് വധശിക്ഷ നടത്തുകയും, രാഷ്ട്രീയ കുററക്കാരെ തടവിലിടുകയും, ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടുകയും തരം താഴ്ത്തുകയും ചെയ്തതു്. ലെനിൻെറ മരണകാലത്തു് കമ്മ്യൂണിസ്റ്റ്കക്ഷിയുടെ സുപ്രീം കമ്മിററിയിലെ അംഗങ്ങളായിരുന്നവരിൽ സ്റ്റാലിൻ ഒഴിച്ചു് മററെല്ലാവരേയും സോവ്യററുഗവമ്മെൻറു് വെടിവെച്ചുകൊല്ലുകയോ, നാടുകടത്തുകയോ, തടവിലിടുകയോ ചെയ്തിട്ടുണ്ടു്. ഗവമ്മെൻറിൻെറ ഔദ്യോഗികപ്രഖ്യാപനം സ്വീകരിക്കുന്നപക്ഷം, പഴയ ബോൾഷെവിക് നേതാക്കന്മാരുൾപ്പെടെ വളരെയധികം കമ്മ്യൂണിസ്റ്റ്കാർ ജമ്മനിയിൽനിന്നും ജപ്പാനിൽനിന്നും കൈക്കൂലി വാങ്ങുകയും, അതിനു പ്രതിഫലമായി ഫാസിസ്റ്റ്കാക്കു് സോവ്യററുയൂണിയനെ ഒററിക്കൊടുക്കുകയും ചെയ്തുവെന്നു് നാം വിശ്വസിക്കേണ്ടിവരും. ഇങ്ങനെയുള്ള സംഭവങ്ങളാണു് 20 വഷത്തെ കമ്മ്യൂണിസ്റ്റ്ഭരണംകൊണ്ടു് കമ്മ്യൂണിസ്റ്റ് നേതാക്കന്മാരിൽ യഥാത്ഥത്തിലുണ്ടായ ഫലമെങ്കിൽ, സ്വാതന്ത്ര്യപ്രാപ്തിക്കും സൗഭാഗ്യലബ്ധിക്കും കമ്മ്യൂണിസ്റ്റ് പദ്ധതികളാണു് ശരിയായ മാഗ്ഗമെന്നു് നാം ഇനിയും വിശ്വസിക്കണമോ? സോവ്യററുറഷ്യയുടെ രാഷ്ട്രീയവും സാമുദായികവുമായ സ്ഥിതിഗതികൾ, അവിടത്തെ അധികാരിഗണം പ്രസ്താവിക്കുന്നതുപോലെ ഇത്ര വഞ്ചനാഭരിതങ്ങളാണെങ്കിൽ, ഇക്കാലത്തുപോലും അക്രമപ്രയോഗത്തെയാണു് ഗവമ്മെൻറു് ഒന്നാമത്തെ ഉപകരണമായി സ്വീകരിക്കുന്നതെങ്കിൽ, ആ രാജ്യത്തെ സോഷ്യലിസ്റ്റ് രാജ്യമെന്നു വിളിക്കുന്നവർ ആ പദത്തെ ദുഷ്പ്രയോഗിക്കുകയാണു ചെയ്യുന്നതു്. 20 കൊല്ലത്തെ കമ്മ്യൂണിസ്റ്റ്

ഭരണത്തിന്റെ ഫലം ഇത്ര വലിയ ദുരനുഭവങ്ങളാണെങ്കിൽ, ആ രാജ്യത്തു സ്വാതന്ത്ര്യമാകട്ടെ പ്രജായത്തഭരണമാകട്ടെ ഇല്ലെന്നും, ഇനി ഭരണാധികാരികളായിത്തീരാനിരിക്കുന്നവർ തമ്മിലും ദയാപൂർവ്വകമോ നീതിപരമോ ആയ പെരുമാററങ്ങൾ ഉണ്ടാകുന്നതല്ലെന്നും നാം വിശ്വസിക്കേണ്ടിയിരിക്കുന്നു."

## ലാസ്കിയുടെ സാക്ഷ്യം

ബ്രിട്ടീഷ് ലേബർ പാർട്ടിയുടെ എക്സിക്യൂട്ടിവ് കമ്മിററി പ്രസിഡൻറായിരുന്ന പ്രൊഫസർ ലാസ്കി പാർട്ടിയുടെ ഒരു പ്രതിനിധിസംഘത്തിന്റെ നേതൃത്വം വഹിച്ചു നാലഞ്ചുകൊല്ലങ്ങൾക്കുമൻപ്, ബ്രിട്ടനും റഷ്യയും വളരെ സൗഹാർദ്ദതയിൽ കഴിഞ്ഞുകൂടിയിരുന്നപ്പോൾ, മോസ്കോയിൽ പോയി മടങ്ങിയശേഷം മദ്രാസിലെ "ഇൻഡ്യൻ എക്സ്പ്രസ്സ്" പത്രത്തിൽ എഴുതിയിരുന്നതു് ഇങ്ങനെയാണു്:-

> "റഷ്യ ഒരേ ഒരു പാർട്ടിമാത്രമുള്ള രാഷ്ട്രമാണു്. അവിടെ ഒരുത്തക്കും മറെറാരു രാഷ്ട്രീയകക്ഷി രൂപീകരിക്കാൻ ശ്രമിക്കാവുന്നതല്ല. അങ്ങനെ ചെയ്യുന്നതു്, ഫലത്തിൽ, രാഷ്ട്രത്തിനെതിരായ ദ്രോഹമായി കുററാരോപണം ചെയ്യപ്പെട്ടും. എന്നുവരികിലും അവിടെ ധാരാളം ചർച്ചകളും വിമർശനങ്ങളും നടക്കുന്നുണ്ടു്. പക്ഷെ അവയെല്ലാം കമ്മ്യൂണിസ്റ്റ് പാർട്ടി ഏർപ്പെടുത്തിയിരിക്കുന്ന അവസാനപരിധികളിൽ നിലകൊള്ളുന്ന ചട്ടക്കൂട്ടിൽ ഒതുങ്ങിയിരിക്കണം. രാഷ്ട്രത്തിലെ ജീവനാഡികളായ ഉദ്യോഗങ്ങൾ സമസ്തവും കമ്മ്യൂണിസ്റ്റ് പാർട്ടിയംഗങ്ങളാണു വഹിക്കുന്നതു്. ജീവനാഡികളായ സകല പ്രവൎത്തനപദ്ധതികളും അവരാണു നിർണ്ണയിക്കുന്നതു്. പാർട്ടിയുടെ വിശ്വസ്തനേതാക്കന്മാരുടെ വലയത്തിനു

പുറത്തുള്ള മററാക്കും ആ പ്രവർത്തനപദ്ധതികളെ ചോദ്യം ചെയ്യാവുന്നതല്ല. റഷ്യയിലെ ഭരണാധികാരികൾ എന്ന നിലയിൽനിന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയെ നൈയാമികമായി നീക്കം ചെയ്യാവുന്ന യാതൊരു പരിതസ്ഥിതിയും ഇപ്പോൾ അവിടെയില്ല.

"കമ്മ്യൂണിസ്റ്റ്കാരനല്ലാത്ത ഒരാൾ സുപ്രീംസോവ്യററിലേയും അതിൻെറ കീഴുള്ള രണ്ടു നിയമസഭകളിലേയും അംഗമായി തിരഞ്ഞെടുക്കപ്പെട്ടേക്കാം. എന്നാൽ കമ്മ്യൂണിസ്റ്റ്കാക്ക് അവിടെ എല്ലാപ്പോഴും സ്ഥിരമായ ഭൂരിപക്ഷമുണ്ടായിരിക്കും. അവരുടെ വരുതിയിലാണ് ഭരണസമിതി ഇരിക്കുന്നത്. മന്ത്രിമാരുടെ പോർട്ടഫോളിയോകളെല്ലാം അവരുടെ കയ്യിലാണ്. മന്ത്രിസഭ യഥാർത്ഥത്തിലും കാര്യമായ സംഗതികളിലും കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ എക്സിക്യൂട്ടിവ് കമ്മിററിയുടെ ഉപകരണമാകുന്നു. ഈ കമ്മിററിയിലാണ് റഷ്യൻ ഗവമ്മെൻറിൻെറ ജീവനാഡിയായ ശക്തി സ്ഥിതി ചെയ്യുന്നത്.

## IV

### പൗരാവകാശനിഷേധം

സോവ്യററ്പൗരന്ഡെമോക്രസി നിലവിലുള്ള രാജ്യങ്ങളിലെ പൗരന്മാർ അവകാശപ്പെടുന്നവയോട് തുല്യമായ പല അവകാശങ്ങളും അനുഭവിക്കാൻ കഴിയുമെന്ന് കടലാസിൽ ഉറപ്പുകൊടുത്തിട്ടുണ്ട്. സ്റ്റാലിൻെറ പുതിയ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സ്വാതന്ത്ര്യങ്ങൾ ഇങ്ങനെയുള്ളവയാണ്.

ഭരണഘടനയുടെ 125-ാം വകുപ്പിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—

"വേലക്കാരുടെ താല്പര്യങ്ങൾക്ക് അനുയോജ്യമായും

സോഷ്യലിസ്റ്റ് വ്യവസ്ഥിതി ശക്തിപ്പെടുത്തുവാൻ വേണ്ടിയും യു. എസ്. എസ്. ആറിലെ പൗരന്മാൎക്ക് താഴെക്കാണുന്ന സ്വാതന്ത്ര്യങ്ങൾ ഉണ്ടായിരിക്കുമെന്ന് ഉറപ്പു നൽകിയിരിക്കുന്നു. a) സംസാരസ്വാതന്ത്ര്യം. b) പത്രസ്വാതന്ത്ര്യം. c) സംഘടിക്കുന്നതിനും മഹായോഗങ്ങൾ കൂട്ടുന്നതിനുമുള്ള സ്വാതന്ത്ര്യം. d) തെരുവുകളിൽ ഘോഷയാത്രകളും പ്രകടനങ്ങളും നടത്തുന്നതിനുള്ള സ്വാതന്ത്ര്യം."

ഈ ഉദ്ധരണിയിൽ ഇതെഴുതുന്ന ആൾ അടിവരയിട്ടിരിക്കുന്ന വാക്കുകൾ പ്രത്യേകം സൂക്ഷിക്കണം. ആ വാക്കുകൾ പിന്നാലെ പറയുന്ന നാലു സ്വാതന്ത്ര്യങ്ങളേയും അൎത്ഥമില്ലാതാക്കിത്തീൎത്തിരിക്കയല്ലയോ? റഷ്യയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ഗവർമ്മെണ്ടു് ഏർപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥിതിയെ ശക്തിപ്പെടുത്തുവാൻ സഹായിക്കുന്നവയാണെങ്കിൽ മാത്രമേ ആ സ്വാതന്ത്ര്യങ്ങൾ റഷ്യയിലെ പൗരന്മാൎക്ക് അനുവദിക്കപ്പെടുകയുള്ളുവെന്നല്ലേ തെളിയുന്നതു്? ഇങ്ങനെ അനുവദിക്കപ്പെടുന്ന സ്വാതന്ത്ര്യങ്ങൾ യഥാൎത്ഥസ്വാതന്ത്ര്യങ്ങളാണെന്ന് സുബുദ്ധിയുള്ളവർ സമ്മതിക്കുമോ?

യാതൊരു റഷ്യൻപൗരനും സുബോധമുണ്ടെങ്കിൽ പ്രസ്തുത അവകാശങ്ങൾ അക്ഷരംപ്രതി പ്രയോഗിക്കുവാൻ ധൈൎയ്യപ്പെടുകയില്ല. ദുഃഖകരമായ അനുഭവംകൊണ്ടു് അവനറിയാം സോവ്യറ്റ് വ്യവസ്ഥിതിയിൽ ഈ സ്വാതന്ത്ര്യങ്ങൾക്കും അവകാശങ്ങൾക്കും ചില പ്രത്യേകമായ അൎത്ഥങ്ങളുണ്ടെന്നു്. അകാരാദികളിലോ സോവ്യറ്റിനു വെളിയിലുള്ള രാജ്യങ്ങളിലോ വിവക്ഷിക്കപ്പെടാത്ത അൎത്ഥങ്ങളാണ് അവയ്ക്കുള്ളതു്.

ഉദാഹരണമായി പത്രസ്വാതന്ത്ര്യമെടുക്കുക. സോവ്യറ്റ് റഷ്യയിലെ നടപ്പനുസരിച്ച് ഈ പദങ്ങളുടെ വിവക്ഷ, ഏതെങ്കിലും ജീവിതരംഗത്തിൽ അധികാരികൾ നൽ

കുന്ന ഔദ്യോഗികമായ വാർത്തകളും അഭിപ്രായങ്ങളും പരസ്യപ്പെടുത്തുവാൻവേണ്ടി ഏതെങ്കിലും സംസ്ഥാനത്തിനോ, സംഘടനയ്ക്കോ, സ്ഥാപനത്തിനോ വർത്തമാനപ്പത്രങ്ങളും മററു പ്രസിദ്ധീകരണങ്ങളും പുറപ്പെടുത്തുവാൻ വിരോധമില്ലെന്നാണ്. ഏതു പ്രസിദ്ധീകരണത്തിനും അതാതു വകുപ്പിൽപ്പെട്ട ഗവർമ്മെണ്ട് ബ്യൂറോയിൽനിന്ന് അംഗീകരണം ലഭിച്ചിരിക്കണം. അതിലെ ഉള്ളടക്കം മുൻകൂട്ടി നിഷ്കർഷമായ സെൻഷർഷിപ്പിന് (പരിശോധനയ്ക്ക്) വിധേയമാക്കപ്പെടണം. അപ്പഴപ്പോൾ ഉള്ള ഔദ്യോഗികമായ അഭിപ്രായങ്ങൾക്ക് അനുയോജ്യമല്ലാത്ത ഏതെങ്കിലും ആശയം പ്രകാശിപ്പിക്കുന്നപക്ഷം അതിൻെറ പത്രാധിപന്മാർ കാരാഗൃഹവാസത്തിനോ നാടുകടത്തലിനോ അർഹരായിത്തീരും. ആകയാൽ ഫലത്തെ സംബന്ധിച്ചിടത്തോളം സകല പ്രസിദ്ധീകരണങ്ങളും ഗവമ്മെണ്ട് പ്രസിദ്ധീകരണങ്ങളാണ്. ഉദ്യോഗസ്ഥന്മാർ പുറത്തുവിടുന്നതോ അവർ അംഗീകരിച്ചിട്ടുള്ള ആശയങ്ങളെ ശ്രദ്ധാപൂവ്വം പ്രതിഫലിപ്പിക്കുന്നതോ ആയ കാര്യങ്ങൾ മാത്രമേ ആക്കും പ്രസിദ്ധപ്പെടുത്താവൂ എന്നു താല്പര്യം. അഭിപ്രായങ്ങൾ മാത്രമല്ല, വാത്തകളും നിഷ്കൃഷ്ടമായി നിയന്ത്രിക്കപ്പെടുകയും റേഷൻ ചെയ്യപ്പെടുകയുമാണ് പതിവ്. എന്തെങ്കിലും ഒരു സംഭവം രാജ്യത്തിനകത്തോ പുറത്തോ ഉണ്ടായെന്നുവച്ച് വാത്തകൾ എന്ന സാമാന്യമായ ഗണത്തിൽ അതുൾപ്പെടുന്നില്ല. ഉൾപ്പെടുകയും വായനക്കാരുടെ അറിവിൽ കൊണ്ടുവരപ്പെടുകയും ചെയ്യണമെങ്കിൽ അതു് അവക്ക് ഗുണകരമാണെന്ന് അധികാരികൾക്കു ബോദ്ധ്യമുണ്ടായിരിക്കണം. കമ്മ്യൂണിസത്തിൻെറ നിവ്വചനമനുസരിച്ച് സത്യം എന്നു പറഞ്ഞാൽ കമ്മ്യൂണിസ്റ്റു രാഷ്ട്രത്തിനു പ്രയോജനകരമായതു് എന്നേ അർത്ഥമുള്ളൂ. അല്ലാത്തതൊക്കെ അസത്യമായി പരിത്യജിക്കപ്പെടുന്നു.

സംസാരസ്വാതന്ത്ര്യത്തിന്റെ കാര്യവും ഇതുപോലെ തന്നെയാണ്. ഗവൺമെണ്ടിലെ കീഴുദ്യോഗസ്ഥന്മാരുടേയും സ്ഥാപനങ്ങളുടെ മാനേജർമാരുടേയും നടത്തകളെ വിമർശിക്കുവാൻ വിരോധമില്ലെന്നാണ് ഈ പദങ്ങൾക്ക് നൽകപ്പെട്ടിരിക്കുന്ന അർത്ഥം. ഇത്തരം സ്വയം വിമർശനത്തിന് പൗരന്മാരെ അധികാരികൾ ചിലപ്പോഴൊക്കെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. അഴിമതികൾ വെളിപ്പെടുത്തുന്നതിനും കാര്യക്ഷമതയില്ലായ്മയെ ചൂണ്ടിക്കാണിക്കുന്നതിനും അതു സഹായകമാകുന്നു. ഈ ആയുധം പ്രയോഗിച്ചുകൊണ്ടാണ് കേന്ദ്രത്തിലെ അധികാരികൾ ശാഖോപശാഖകളായി വിസ്തൃതമായിക്കിടക്കുന്ന ഉദ്യോഗസ്ഥവൃന്ദത്തെ നിയന്ത്രണത്തിൽ വച്ചുകൊണ്ടിരിക്കുന്നതു്. എന്നാൽ ഗവർമ്മെണ്ടിനേയോ, കമ്മ്യൂണിസ്റ്റ് പാർട്ടിയേയോ അവയുടെ നയപരിപാടികളെയോ, അവരുടെ അഭിപ്രായങ്ങളെയോ വിമർശിക്കുവാൻ ആർക്കും അനുവാദമില്ല. അതു് അട്ടിമറിപ്പൻ പ്രവൃത്തിയായും എതിർവിപ്ലവമായും പരിഗണിക്കപ്പെടുന്നു. ഒരു ഫാക്ടറിയിലെ ഉല്പാദനം 2% വർദ്ധിപ്പിക്കണമെന്ന് ഒരുത്തരവു പൊളിററ് ബ്യൂറോയിൽനിന്നു് പുറപ്പെട്ടുവെന്നു വിചാരിക്കുക. ആ ഉത്തരവു പ്രയോഗത്തിൽ വരുത്തുവാൻ അമാന്തം കാണിക്കുന്ന കൂട്ടവേലക്കാരേയും ഫോർമന്മാരേയും ഉദ്യോഗസ്ഥന്മാരേയും വെളിച്ചത്തു കൊണ്ടുവരേണ്ടതു് അതിലെ ഓരോ തൊഴിലാളിയുടേയും അവകാശമാണ്. എന്നു മാത്രമല്ല, കർത്തവ്യവുമാണ്. എന്നാൽ ആ ഉത്തരവുതന്നെ ബുദ്ധിപൂർവ്വകമല്ലെന്നു്, പ്രയോഗത്തിൽ വരുത്താൻ അസാദ്ധ്യമാണെന്നു്, പറയുവാൻ ഒരുവൻ തുനിയുന്നപക്ഷം അവന്റെ കഥ കഴിഞ്ഞിരിക്കും.

നിയമദൃഷ്ടിയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന പൗരസമത്വം കേവലം പൊള്ളയാണ്. നിലവിലുള്ള നിയമങ്ങളുടെ പ്രയോഗത്തെ തടയുവാനോ, പുതിയ നിയമങ്ങൾ

ഉത്തരവുകൾമൂലം ഏൎപ്പെടുത്തുവാനോ അധികാരികൾക്കു സ്വാതന്ത്ര്യമുള്ളപ്പോൾ അവയ്ക്കെന്തു വിലയാണുള്ളതു്? പ്രത്യേകിച്ചും ഭയങ്കരമായ പോലീസ് യന്ത്രം യാതൊരു നിയമത്തിനും കീഴ്പെടാതെ തിരിഞ്ഞുകൊണ്ടിരിക്കുമ്പോൾ? നീതിന്യായക്കോടതികളെപ്പററിയാണെങ്കിൽ മോഷണം, കൊലപാതകം, വസ്തുതൎക്കം മുതലായി ക്രിമിനലും സിവിലും വകുപ്പുകളിൽ സാമാന്യം പെടുന്ന കാൎയ്യങ്ങളെ വിചാരണചെയ്തു തീൎപ്പു കല്പിക്കുന്നതിൽ അന്യായം നടക്കുന്നുണ്ടെന്നു പറഞ്ഞുകൂടാ. നേരേ മറിച്ച് രാഷ്ട്രീയകാൎയ്യങ്ങൾ വരുമ്പോൾ സകല അതിരുകളും തട്ടിനീക്കപ്പെടുന്നു. ഒരു പ്രവൃത്തി രാഷ്ട്രീയകുററമാണെന്നു് പോലീസധികാരികൾ തീരുമാനിച്ചാൽ മതി, അതു് അങ്ങനെ ആയിത്തീരാൻ. റഷ്യയിൽ “ഹേബിയസ് കോർപ്പസ്” കേട്ടു കേൾവിപോലുമില്ലാത്ത നടപടിയാണു്. ഒരു പൗരനെ പിടിച്ചു തടവിൽ വയ്ക്കുമ്പോൾ അവൻെറ കുററമെന്താണെന്നു് അവനെ അറിയിക്കണമെന്നു നിർബന്ധമില്ല; അവനെന്തു സംഭവിച്ചുവെന്നു് അവൻെറ കുടുംബാംഗങ്ങൾ ഒരിക്കലും അറിഞ്ഞെന്നും വരികയില്ല. ഈ ദുരനുഭവം സജീവശരീരങ്ങളെ മാത്രമല്ല ബാധിക്കുന്നതു്; വധശിക്ഷയ്ക്കു വിധേയമായ നിൎജ്ജീവ ശരീരങ്ങൾപോലും കുടുംബാംഗങ്ങൾക്കു തിരിയെ കിട്ടാറില്ല. പോലീസ് കഴുകൻ പൗരനായ നിങ്ങളുടെ വാസഗൃഹത്തിൽ പൊട്ടുന്നനവേ പറന്നുവീണു്, മുന്നറിവോ വാറണ്ടോ കൂടാതെ അതിലെ നിവാസികളെ റാഞ്ചിക്കൊണ്ടുപോയെന്നുവരാം. നിങ്ങളുടെ എഴുത്തുകൾ തുറന്നു വായിക്കുവാനോ ഫോണിൽ വരുന്ന സംസാരങ്ങൾ കേൾക്കുവാനോ, ഏററവും അടുത്ത സുഹൃത്തുക്കളെയും ചാൎച്ചക്കാരേയും കുറിച്ചു് ഒററുകൊടുക്കണമെന്നു് നിങ്ങളോടാവശ്യപ്പെടാനോ പോലീസിനു തടസ്സമില്ല. പല മാസങ്ങളോ വൎഷങ്ങളോ കത്തിടപാടുകൾ ഒന്നും ചെയ്യാൻ നിവൃത്തിയി

ല്ലാതെ നിങ്ങളെ തടങ്കലിൽ വച്ചേയ്ക്കാം; ദേഹദണ്ഡങ്ങൾ ഏല്പിച്ചേക്കാം. അതിനു നിയമപരമായ യാതൊരു നിവാരണമാൎഗ്ഗങ്ങളും നിങ്ങൾക്കുണ്ടായിരിക്കുകയില്ല.

രാജ്യത്തിനകത്തു സഞ്ചരിക്കുവാൻ അനുവാദം തരുന്ന ഒരു പാസ്പോർട്ട് നിങ്ങൾ എല്ലായ്പോഴും കൂടെ കൊണ്ടു നടക്കണം. അതുകൊണ്ടുവേണം ഒരു സോവ്യററു പൗരനെന്നു് നിങ്ങളെ തിരിച്ചറിയുവാൻ. ഔദ്യോഗികമായ അനുവാദംകൂടാതെ മൂന്നു ദിവസത്തിലധികം നിങ്ങൾക്കു് സ്വന്തം പട്ടണമോ നഗരമോ വിട്ടുപോകാവുന്നതല്ല. ഒരു പുതിയ ഗൃഹത്തിലേക്കോ സ്ഥലത്തേക്കോ മാറണമെങ്കിൽ ഗവർമ്മെണ്ടനുവാദം കൂടിയേ കഴിയൂ. രാജ്യം വിട്ടു പുറത്തു പോകുന്നതു്, അപകടകാരികളാകാതിരിക്കാൻ ചട്ടംകെട്ടുകൾ ചെയ്തു ഭദ്രമാക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാൎക്കും സേവക്കാൎക്കുമായി നീക്കിവച്ചിട്ടുള്ള പ്രത്യേകാവകാശമാണു്. അനുവാദംകൂടാതെ രാജ്യം വിട്ടുപോകാൻ ശ്രമിക്കുന്നവൻ വധശിക്ഷയ്ക്കു പാത്രമാകും. രാജ്യത്തിന്റെ അതിൎത്തി തുറന്നിടുന്നതായാൽ അതിലെ ലക്ഷോപലക്ഷം നിവാസികൾ ഓടിരക്ഷപ്പെടാൻ മടിക്കുകയില്ലെന്നു് സോവ്യററധികാരികൾക്കറിയാം.

സോവ്യററു് നിയമത്തിന്റെ തത്വവും പ്രയോഗവുമനുസരിച്ചു് ചർച്ചക്കാർ ചെയ്യുന്ന കുററങ്ങൾക്കുവേണ്ടി നിങ്ങളെ ശിക്ഷിക്കാൻ തടസ്സമില്ല. അതിനു് അവരുടെ കുററമെന്തെന്നു് നിങ്ങൾക്കറിവുണ്ടായിരിക്കണമെന്നു നിർബന്ധവുമില്ല. ആളുകളെ ജാമ്യക്കാരായി നിർബ്ബന്ധപൂർവ്വം പിടിച്ചുവയ്ക്കുന്ന ഏററവും വിപുലമായ നടപടിയിൽ ഒരംശമാണതു്. ആ നടപടിയനുസരിച്ചു് റഷ്യയിലെ സ്വേച്ഛാധിപത്യത്തിനെതിരായ പ്രവൃത്തികൾ ചെയ്യുന്നവരുടെ ഭാൎയ്യമാരുടേയും ഭൎത്താക്കന്മാരുടേയും മാതാപിതാക്കന്മാരുടേയും മക്കളുടേയും സ്വാതന്ത്ര്യം അപകടത്തിലാകുന്നു. ഹിററ്ലരുടെ ജൎമ്മനിയിൽ

നാസികരം ഈ നടപടിയിൽ കുറച്ചൊക്കെ അവലംബിച്ചതു റഷ്യയിൽനിന്നു പകർത്തിക്കൊണ്ടുപോയതാണ്.

മരണശിക്ഷ സാമാന്യമായ കൊലപാതകത്തിന് നൽകിയിരുന്ന പതിവ് വളരെ മുമ്പ് നിർത്തലാക്കപ്പെട്ടു. എങ്കിലും അടുത്ത കാലംവരെ ഒരു നീണ്ട പട്ടികയിലുരം പ്പെട്ട രാഷ്ട്രീയകുററങ്ങരംക്ക് അതു ബാധകമായിരുന്നു. ഉദാഹരണമായി സർക്കാർ വസ്തുവകകളുടെ മോഷണം മരണശിക്ഷയെ അർഹിക്കുന്നതായിരുന്നു. റഷ്യയിൽ മിക്കവാറും സമസ്തവും സർക്കാരിൻെറ വസ്തുവകകളാണുതാനും 1907 മേയിൽ പുറപ്പെടുവിച്ച ഒരുത്തരവിൽ രാഷ്ട്രീയ കുററക്കാർക്കും മരണശിക്ഷ നൽകേണ്ടെന്നുവച്ചു. 25 വർഷത്തേക്കുള്ള നിർബന്ധവേലയാണ് ഇപ്പോരം ഏററവും കൂടിയ ശിക്ഷയായി കരുതപ്പെട്ടിരിക്കുന്നത്.

### മൊരിസൺെറ അപലപനം

റഷ്യയിലെ ഇത്തരം പൗരാവകാശനിഷേധങ്ങരം ഇന്നും പഴയപോലെ തുടർന്നുകൊണ്ടിരിക്കുകയാണ്. അതിനു സാക്ഷി ബ്രിട്ടീഷ് വിദേശകാര്യമന്ത്രിയായിരുന്ന മൊരിസൺതന്നെ. അദ്ദേഹം പ്രവ്ദയിലെ ആ ലേഖനത്തിൽ പ്രസ്താവിച്ചതിങ്ങനെയാണ്:-

> ബ്രിട്ടനിൽ കിട്ടാവുന്നിടത്തോളം വാർത്തകളും അഭിപ്രായങ്ങളും ജനങ്ങളുടെ അറിവിൽപെടുന്നതിൽ ഞങ്ങരം ഒരു നിയന്ത്രണവും വയ്ക്കുന്നില്ല. തന്മൂലം ജനങ്ങരംക്ക് അവയെപ്പററി അവരവരുടെ അഭിപ്രായമനുസരിച്ചു തീരുമാനങ്ങരം ചെയ്യാം. അവരുടെ അഭിപ്രായങ്ങരം ആരും കരുപ്പിടിപ്പിച്ചുകൊടുക്കുന്നതല്ല, അടിച്ചേല്പിക്കുന്നതുമല്ല. റഷ്യയിലാകട്ടെ നേരേമറിച്ചാണ്. അനേകം വസ്തുതകളും അഭിപ്രായങ്ങളും നിങ്ങളിൽനിന്നു മറച്ചുവയ്ക്കപ്പെടുന്നു. നിങ്ങരംക്ക് സംസാരസ്വാതന്ത്ര്യമില്ല. ലോകത്തിലെ ഇത

രരാജ്യക്കാർ ജീവിക്കുന്നതും ചിന്തിക്കുന്നതും എങ്ങനെയാണെന്നറിയുവാൻ സ്വതന്ത്രമായ മാൎഗ്ഗം നിങ്ങറംക്കില്ല. കൂടുതൽ ബ്രിട്ടീഷ് ജനങ്ങളെ നേരിട്ടു കാണുവാനോ ബ്രിട്ടനിലേക്കു സ്വതന്ത്രമായി യാത്ര ചെയ്യുവാനോ നിങ്ങറംക്കു കഴിഞ്ഞിരുന്നെങ്കിൽ ഈ അറിവില്ലായ്മ നീക്കിക്കളയാമായിരുന്നു. ഞങ്ങളുടെ നാട്ടുകാർ ലക്ഷക്കണക്കിനാണു് കൊല്ലംതോറും വാഷിക വിശ്രമങ്ങറംക്കായി അന്യരാജ്യങ്ങളിൽ സഞ്ചരിക്കുന്നതു്. അവക്ക്നുവാദമുണ്ടാകുമായിരുന്നെങ്കിൽ ആ വിശ്രമദിവസങ്ങറം അവർ സന്തോഷപൂൎവ്വം സോവ്യറവ്യൂണിയനിൽ കഴിക്കുമായിരുന്നു. നിങ്ങളുടെ ഗവമ്മെൻറു്, എന്തു കാരണങ്ങളാലാണെന്നു് എനിക്കറിഞ്ഞുകൂടാ, നിർബാധം അന്യരാജ്യങ്ങളിൽ സഞ്ചരിക്കുവാൻ നിങ്ങളെ അനുവദിക്കുന്നില്ല. ബ്രിട്ടീഷ് പത്രങ്ങറംക്കു സോവ്യറവ് യൂണിയനിൽ സ്വതന്ത്രമായ പ്രചാരം അനുവദിക്കുകയും, ബ്രിട്ടനിൽ നിന്നുള്ള റേഡിയോ പ്രക്ഷേപണങ്ങറം ശ്രവിക്കുവാൻ റഷ്യാക്കാൎക്കു് അനുവാദമുണ്ടായിരിക്കുകയും ചെയ്തിരുന്നെങ്കിൽ അവക്കു കൂടുതൽ കാര്യങ്ങറം അറിയാമായിരുന്നു. റഷ്യയിലേക്കുള്ള ബ്രിട്ടീഷ് പ്രക്ഷേപണങ്ങളെ കൃത്രിമമായും മനഃപൂൎവ്വമായും സോവ്യറവുകാർ "ജാം" ചെയ്യുന്നു. (കേറംക്കാൻ പാടില്ലാത്തവിധം ശിഥിലമാക്കുന്നു). ആ പ്രക്ഷേപണങ്ങളെ നിങ്ങളുടെ ഗവമ്മെൻറു എന്തിനു ഭയപ്പെടുന്നുവെന്നു് എനിക്കറിഞ്ഞുകൂടാ. ഞങ്ങളുടെ സമ്പ്രദായം നിങ്ങളുടെ ഗവമ്മെൻറു് അനുകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! സോവ്യറവ് യൂണിയനിൽ നിന്നുള്ള ഇംഗ്ലീഷ് പ്രക്ഷേപണങ്ങറം ബ്രിട്ടനിൽ ആൎക്കും ശ്രവിക്കുവാൻ സ്വാതന്ത്ര്യമുണ്ടു്. ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രതിദിനപത്രംമാത്രമല്ല പ്രവ്ദതന്നെയും ബ്രിട്ട

നിൽ ആക്കും വാങ്ങി വായിക്കാം. ബ്രിട്ടനിൽ വ്യക്തിസ്വാതന്ത്ര്യത്തിനു വളരെ വില കല്പിക്കപ്പെടുന്നു. ബ്രിട്ടീഷ് പൗരന്മാരെ അവരുടെ ഗൃഹങ്ങളിൽനിന്നു ബലമായി പിടിച്ചുകൊണ്ടു പോകുന്നില്ല; അവരെ നാടുകടത്തുന്നില്ല; തൊഴിലാളികളുടെ തടങ്കൽപ്പാളയങ്ങളിലേക്കു അവരെ അയയ്ക്കുന്നില്ല, നേരം വെളുക്കുമ്പോൾ വാതുക്കൽ ഒരു മുട്ടു കേട്ടാൽ അതു പോലീസുകാരാണെന്നുള്ള ഭയം ആക്കുമില്ല. അതു പാൽക്കാരനോ തപാൽക്കാരനോ ആയിരിക്കുകയേ ഉള്ളുവെന്നായിരിക്കും വിചാരം. ഇക്കാര്യങ്ങളിൽ ഓരോ ബ്രിട്ടീഷ് പൗരനും ആസ്വദിക്കുന്ന വ്യക്തിപരമായ സുരക്ഷിതത്വത്തിൻെറ ബോധം നിങ്ങൾക്കുണ്ടാകുമെന്നു് നിങ്ങൾക്കെല്ലാവക്കും പരമാത്ഥമായിപറയുവാൻ കഴിയുമോയെന്നു് എനിക്കു സംശയമുണ്ടു്. ബ്രിട്ടനിലെ പൗരസ്വാതന്ത്ര്യങ്ങളിൽ സംഘടിക്കുവാനുള്ള അവകാശവും, ഗവമ്മെൻറിൻെറപക്ഷത്തു ചേരുവാനോ പ്രതിപക്ഷത്തു ചേരുവാനോ ഉള്ള രാഷ്ട്രീയാവകാശവും ഉൾപ്പെടുന്നുണ്ടു്. ബ്രിട്ടനിൽ യാതൊരു ഗ്രൂപ്പിനും അധികാരത്തിൻെറ കുത്തകയില്ല."

മൊരിസൻെറ ഈ അപലപനത്തിലടങ്ങിയിരിക്കുന്ന വസ്തുതകളെ പ്രവ്ദ അതിൻെറ മറുപടിയിൽ നിഷേധിച്ചില്ല. അപലപിക്കപ്പെട്ട സ്വാതന്ത്ര്യനിഷേധങ്ങൾ റഷ്യയിലുണ്ടെന്നു സമ്മതിക്കുന്നു. "സ്വാതന്ത്ര്യം ജനശത്രുക്കൾക്കാണു ഇല്ലാത്തതു്," എന്നൊരു വ്യാഖ്യാനവും അതു കൊടുക്കുന്നു. ജനശത്രുക്കൾ ആരൊക്കെയാണെന്നു പത്രം വിശദീകരിക്കുന്നുമുണ്ടു. "ജന്മിമാരും മുതലാളിമാരും ഭീകരപ്രവത്തകരും മോഷ്ടാക്കളും കുത്തിക്കൊലക്കാരും വിധ്വംസകപ്രവത്തകരും യു. എസ്സ്. എസ്സ്. ആറിൽ മുതലാളിത്തം പുനഃസ്ഥാപിക്കുവാനും, മനുഷ്യനെ മനുഷ്യൻ ചൂഷണം ചെയ്യുന്ന സമ്പ്രദായം വീണ്ടും ഏപ്പെടുത്തുവാ

നം തൊഴിലാളികളുടേയും കർഷകരുടേയും രക്തത്തിൽ രാജ്യത്തെ കുളിപ്പിക്കുവാനും പുറപ്പെട്ടിരിക്കുകയാണ്. കാരാഗൃഹങ്ങളും തൊഴിലാളിതടങ്കൽ ക്യാമ്പുകളും ഇക്കൂട്ടർക്കായും അവർക്കുമാത്രമായുമാണ് സ്ഥിതിചെയ്യുന്നതു്. മൊരിസൺ സംസാരസ്വാതന്ത്ര്യവും പത്രസ്വാതന്ത്ര്യവും വ്യക്തിസ്വാതന്ത്ര്യവും ആവശ്യപ്പെടുന്നതു തീർച്ചയായും ഈ വകക്കാർക്കുവേണ്ടിയായിരിക്കുകയില്ലല്ലോ".

പ്രവ്ദയുടെ ഈ സമാധാനം മൊരിസൻെറ അപലപനത്തെ സ്ഥിരീകരിക്കുവാനേ പ്രയോജനപ്പെടുന്നുള്ളുവെന്നു വ്യക്തം. ജന്മിത്തത്തിൻേറയോ മുതലാളിത്തത്തിൻേറയോ കണികപോലും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ഭരണം മുതൽ റഷ്യയിലില്ലെന്നു് ആർക്കാണറിഞ്ഞുകൂടാത്തതു്? കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സ്വേച്ഛാധിപത്യത്തിനെതിരായി പ്രാഥമികങ്ങളായ അവകാശങ്ങളുടെ നാമത്തിൽ തലയുയർത്തുവാൻ അല്പമെങ്കിലും ശ്രമിക്കുന്നവരെയാണ് പ്രവ്ദ ജനശത്രുക്കളുടേയും മഹാപാതകികളുടെയും ഗണത്തിൽ കൊള്ളിച്ചിരിക്കുന്നതു്. ആകയാൽ മൊരിസൻെറ അപലപനം സാധുവായിത്തന്നെയിരിക്കുന്നു.

### മഹാകവിയുടെ ആശയക്കുഴപ്പം

സോവ്യറ്റ് റഷ്യയിലെ രാഷ്ട്രീയ വ്യവസ്ഥിതി മേൽ വിവരിച്ച വിധത്തിലിരിക്കെ, അവിടത്തെ ഏകപാർട്ടി ഗവമ്മെൻറിൻെറ അടിമകളെന്നവണ്ണം പൗരസഞ്ചയം രാഷ്ട്രീയമായ സ്വാതന്ത്ര്യങ്ങളൊന്നും കൂടാതെ ജീവിച്ചുകൊണ്ടിരിക്കെ, അതിനെല്ലാം വിപരീതമായി മഹാകവി വള്ളത്തോൾ പ്രസ്താവങ്ങൾ ചെയ്തതു് ഏററവും ആശ്ചര്യകരമായിരിക്കുന്നു. സോവ്യറ്റ് യൂണിയനിൽ ഗവമ്മെൻറും ജനങ്ങളും തമ്മിലുള്ള ബന്ധത്തേയും മററും കുറിച്ചു ചോദിച്ച ലേഖകനോടു് അദ്ദേഹം മറുപടി പറഞ്ഞതിങ്ങനെയാണ്:-

“ജനങ്ങൾക്കു ഗവൎമ്മെൻറുമായി ഇടപെടേണ്ട കാൎയ്യങ്ങൾ വളരെക്കുറവാണു്. അവരവൎക്കു അവരവരുടെ ജനകീയസംഘടനകളുമായിട്ടാണു് ബന്ധം. ഗവൎമ്മെൻറിനെക്കുറിച്ചുള്ള ഓൎമ്മതന്നെ ജനങ്ങൾക്കുണ്ടാകുന്നില്ല. പിന്നെ വേണ്ടേ വിമൎശിക്കാൻ. ജനങ്ങൾ തന്നെ ഗവൎമ്മെൻറായി രൂപാന്തരപ്പെട്ടു തുടങ്ങിയിട്ടുണ്ടു്. നമ്മുടെ ശരീരത്തിനു നല്ല ആരോഗ്യമുള്ളപ്പോൾ ശരീരത്തെക്കുറിച്ചു നമുക്കോൎമ്മയുണ്ടോ? മറിച്ചു് കാലിൽ നീരുണ്ടായാൽ പിന്നെ അതിനെക്കുറിച്ചു തന്നെയായിരിക്കും ചിന്ത. അവരുടെ രാഷ്ട്രശരീരം നല്ല ആരോഗ്യമുള്ളതായിരിക്കുന്നു. അവിടെങ്ങും വ്രണം പിടിച്ചോ നീരുകെട്ടിയോ അല്ല ഇരിക്കുക................“

ഗവൎമ്മെൻറും ജനങ്ങളും ഒന്നാണെന്നു പറയാവുന്നതു്, സാക്ഷാൽ ജനകീയഭരണം നടക്കുന്നിടത്തു മാത്രമാണു്. അവിടെ ജനങ്ങൾ ഏററവും സ്വാതന്ത്ര്യമായി പ്രതിനിധികളെ തെരഞ്ഞെടുക്കുകയും, ആ പ്രതിനിധികൾ ജനങ്ങളോടു ഉത്തരവാദിത്വം വഹിച്ചുകൊണ്ടു് ഭരണം നടത്തുകയും ചെയ്യുന്നു. സോവ്യററു് റഷ്യയിലാകട്ടെ ജനങ്ങൾ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നുണ്ടെങ്കിലും ആ തിരഞ്ഞെടുപ്പു വെറും ഒരു പ്രഹസനമാണെന്നു്, സാക്ഷാൽ ഭരണം നടത്തുന്ന കമ്മ്യൂണിസ്റ്റു പാൎട്ടി നിൎദ്ദേശിക്കുന്ന സ്ഥാനാൎത്ഥികൾക്കല്ലാതെ മററാൎക്കും വോട്ടു ചെയ്യാൻ അവൎക്കു ലേശം പോലും സ്വാതന്ത്ര്യമില്ലെന്നു്, നാം കണ്ടുകഴിഞ്ഞു. സോവ്യററു് റഷ്യയിൽ ജനങ്ങൾ ഗവൎമ്മെൻറിനെ വിമൎശിക്കുന്നില്ലെന്നുള്ളതു് യഥാൎത്ഥമാണു്. എന്നാൽ അതിൻെറ കാരണം മഹാകവി പറയുന്നതല്ലെന്നേയുള്ളു. ജനഹിതമനുസരിച്ചു് ഗവൎമ്മെൻറു ഭരണസംബന്ധമായ സമസ്തവും നടത്തുന്നതുകണ്ടു തൃപ്തരായിരിക്കുന്നതിനാലല്ല അവിടെ ജനങ്ങൾ ഗവൎമ്മെൻറിനെ വിമൎശിക്കാത്തതു്;

പ്രത്യുത സ്വേച്ഛാനുസാരമായ ഗവമ്മെൻറിൻെറ നടപടികൾക്കെതിരായി സ്വരമുയത്താൻ ധൈര്യപ്പെടുന്നവരെ ഗവമ്മെൻറ് ഇല്ലായ്മ ചെയ്യുമെന്ന ഭയം ജനങ്ങൾക്കുള്ളതുകൊണ്ടാണു്.

ഒരു രാഷ്ട്രശരീരത്തിൻെറ ആരോഗ്യം പ്രധാനമായും അടങ്ങിയിരിക്കുന്നതു്, പൗരന്മാർ മതപരവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ സ്വാതന്ത്ര്യങ്ങൾ നിർബാധം അനുഭവിച്ചുകൊണ്ടിരിക്കുന്നതിലാണു്. സോവ്യറ്റ് റഷ്യയിലാകട്ടെ ആദ്യം പറഞ്ഞ രണ്ടു സ്വാതന്ത്ര്യങ്ങൾ കണികാണാൻപോലുമില്ലെന്ന് സമത്ഥിച്ചുകഴിഞ്ഞു. മററു രണ്ടു സ്വാതന്ത്ര്യങ്ങളുടെ കാര്യവും അപ്രകാരം തന്നെയാണെന്ന് ഇതിനുപരി തെളിയുന്നതാണു്. സോവ്യറ്റുരാഷ്ട്രശരീരം "വ്രണംപിടിച്ചോ നീരുകെട്ടിയോ അല്ലാ ഇരിക്കുക" എന്ന പ്രസ്താവവും വാസ്തവവിരുദ്ധംതന്നെ. മോരിസൻെറ ലേഖനത്തിനു പ്രവ്ദ നൽകിയ മറുപടി മതി, അതു തെളിയിക്കുവാൻ. ജന്മികൾ, മുതലാളികൾ, ഭീകരപ്രവത്തകർ, കള്ളന്മാർ, കുത്തിക്കൊലക്കാർ, വിധ്വംസകപ്രവത്തകർ എന്നീ ജനശത്രുക്കൾ സോവ്യറ്റ് റഷ്യയിലുണ്ടെന്നും, അത്തരം പാതകികൾ കാരാഗൃഹങ്ങളിലും തൊഴിലാളിക്യാമ്പുകളിലും അടയ്ക്കപ്പെട്ടിരിക്കുകയാണെന്നും പ്രവ്ദ സമ്മതിക്കുന്നുണ്ടല്ലോ. ഇതൊക്കെ റഷ്യൻ രാഷ്ട്രശരീരത്തിലുള്ള മഹാവ്രണങ്ങളല്ലയോ? ആകയാൽ മഹാകവിയുടെ ഏതൽപ്രസ്താവങ്ങൾ സോവ്യറ്റ് റഷ്യയ്ക്കു വേണ്ടിയുള്ള പ്രചരണം മാത്രമാണെന്ന് ആക്കാണറിഞ്ഞുകൂടാത്തതു്!

## VI

# സാമ്പത്തികമർദ്ദനം

സ്റ്റാലിന്റെ പുതിയ ഭരണഘടനയിലെ ഒന്നാം അദ്ധ്യായത്തിന്റെ ഒന്നാം വകുപ്പിൽ പറഞ്ഞിരിക്കുന്നതു്, യു. എസ്. എസ്. ആർ. "തൊഴിലാളികളുടേയും കർഷകരുടേയും സോഷ്യലിസ്റ്റ് രാഷ്ട്ര"മാണെന്നാണു്. "സോഷ്യലിസ്റ്റ് രാഷ്ട്രം" എന്നാലെന്താണെന്നു് 2,4,6 വകുപ്പുകളിൽ വിവരിച്ചിരിക്കുന്നു. "ഉല്പാദനത്തിനായുള്ള ഉപകരണങ്ങളുടേയും മാർഗ്ഗങ്ങളുടേയും സാമുദായികമായ ഉടമയോടുകൂടിയ സാമ്പത്തിക വ്യവസ്ഥിതി"യാണതു്. "ഉല്പാദനത്തിനായുള്ള ഉപകരണങ്ങളുടേയും മാർഗ്ഗങ്ങളുടേയും സ്വകാര്യഉടമ നിർത്തലാക്കുകയും" ചെയ്തിരിക്കുന്നു. തന്മൂലം "ഭൂമി, അതിലെ വിഭവങ്ങൾ, വെള്ളം, വനം, മിൽ, ഫാക്ടറി, ഖനി, റയിൽവേ, ഗതാഗതം, ബാങ്ക് മുതലായവയെല്ലാം സർക്കാരിന്റെ വകയാണു്." ഇങ്ങനെ സോവ്യറ്റ് റഷ്യയിൽ സാമ്പത്തികജീവിതം സംബന്ധിച്ചു

ള്ളതും അതിനാവശ്യകവുമായ സമസ്തവും ഗവർമ്മെൻറിൻെറ ഉടമയിലും പരിപൂർണ്ണമായ നിയന്ത്രണത്തിലുമാണിരിക്കുന്നതെന്ന് ഭരണഘടന സമ്മതിക്കുന്നു. അതേ സമയംതന്നെ "യു. എസ്. എസ്. ആറിൽ സകല അധികാരവും പട്ടണത്തിലേയും ഗ്രാമത്തിലേയും പ്രയത്നക്കാർക്കാണുള്ളത്" എന്നു മൂന്നാം വകുപ്പിൽ പ്രസ്താവിക്കുന്നുമുണ്ട്.

സോവ്യററ് റഷ്യയിൽ സകല അധികാരവും തൊഴിലാളികൾക്കും കർഷകർക്കുമാണുള്ളതെന്ന് ഭരണഘടന സമ്മതിക്കുന്നുണ്ടെങ്കിലും, ലെനിൻ ആദ്യം മുതൽ അതൊരു മുദ്രാവാക്യമായി ഉദ്ഘോഷിച്ചിരുന്നെങ്കിലും, പ്രയോഗത്തെ സംബന്ധിച്ചിടത്തോളം അതു കേവലം അയഥാർത്ഥമാണെന്നു മൂന്നദ്ധ്യായത്തിൽ വിവരിച്ച രാഷ്ട്രീയമായ അസ്വാതന്ത്ര്യങ്ങൾ സ്പഷ്ടമാക്കുന്നുണ്ടല്ലൊ. ഈ രാഷ്ട്രീയമർദ്ദനത്തെ ഉഗ്രതരമാക്കാൻ ഏററവും പററിയതാണ് ഭരണഘടനയിൽ കൊള്ളിച്ചിരിക്കുന്ന സാമ്പത്തികവ്യവസ്ഥിതി. രാഷ്ട്രീയസ്വാതന്ത്ര്യത്തിൻെറ അടിസ്ഥാനം സാമ്പത്തികസ്വാതന്ത്ര്യമാണെന്ന് സകലരും സമ്മതിക്കും. മുതലാളിത്ത വ്യവസ്ഥിതിയിൽ പൗരന്മാർക്ക് പൊതുവിലും തൊഴിലാളികൾക്കും കർഷകർക്കും പ്രത്യേകിച്ചും അനുഭവപ്പെട്ടിരുന്നതും, സോഷ്യലിസ്റ്റുകാരും കമ്മ്യൂണിസ്റ്റുകാരും മുക്തകണ്ഠം അപലപിച്ചിരുന്നതുമായ അടിമത്തത്തിൻെറ അടിസ്ഥാനം മുഴുവനും സാമ്പത്തികമായിരുന്നു. ഉല്പാദനംകൊണ്ടു വേണമല്ലൊ ഏതു മനുഷ്യനും ഉണ്ണുക, ഉടുക്കുക, പാർക്കുക മുതലായി ജീവസന്ധാരണത്തിന് അത്യാവശ്യമായവക സമ്പാദിക്കുവാനും സംഭരീകരിക്കുവാനും. മുതലാളിത്ത വ്യവസ്ഥിതിയിൽ ഉല്പാദനത്തിനായുള്ള സകല ഉപകരണങ്ങളും മാർഗ്ഗങ്ങളും മുതലാളികളും ജന്മികളുമായ ഒരു ചെറിയ ന്യൂനപക്ഷം കയ്യടക്കി വച്ചിരുന്നു. അവരുടെ ഇംഗിതങ്ങൾക്കു വിധേയരായി, അവരുടെ ചൊല്പടിക്ക് കീഴ്പെട്ട്, ഫാക്ടറികളിലും ഭൂമിയിലും വേല ചെയ്ത് തൊഴിലാളി

കളും കർഷകരും കഴിഞ്ഞുകൂടേണ്ടിവന്നു. ഉപഭോക്താക്കളായ പൗരസഞ്ചയം പൊതുവിലും അപ്രകാരം തന്നെ മുതലാളികൾക്കും ജന്മികൾക്കും പരോക്ഷമായിട്ടെങ്കിലും അടിമപ്പെടേണ്ടിയിരുന്നു. ഈ ദുസ്ഥിതി പാടെ മാററി പൗരസഞ്ചയത്തിന്നു പൊതുവിലും തൊഴിലാളികൾക്കും കർഷകർക്കും പ്രത്യേകിച്ചും ജീവസന്ധാരണത്തിന്നാവശ്യമായ വക സ്വാതന്ത്ര്യമായി സമ്പാദിക്കുവാനും അനുഭവിക്കുവാനും സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നു വാദിച്ചുകൊണ്ടാണ് സോഷ്യലിസ്റ്റ് വ്യവസ്ഥിതി നടപ്പിലാക്കുവാൻ വിപ്ലവകാരികൾ രംഗപ്രവേശം ചെയ്തതു്. ലെനിനും അനുഗാമികളായ ബോൾഷെവിക്കുകാരും റഷ്യയിൽ വിപ്ലവം നടത്തി, പ്രൊവിഷണൽ ഗവൺമെൻറിനെ അടിപ്പെടുത്തി, ബലാൽക്കാരേണ അധികാരം പിടിച്ചെടുത്തതു് ഇതേ വാദം ഉന്നയിച്ചുകൊണ്ടാണല്ലോ. തദനന്തരം ഏററവും ഭയങ്കരമായ ഭീകരപ്രവൎത്തനങ്ങൾ വഴിയായി എതിരാളികളെയെല്ലാം നാമാവശേഷമാക്കിക്കൊണ്ടു് അവർ സോഷ്യലിസ്റ്റ് വ്യവസ്ഥിതി നടപ്പിലാക്കി. എന്നാൽ അതിൻെറ ഫലമെന്തു്? അനേകം മുതലാളിമാരുടേയും ജന്മിമാരുടേയും സ്ഥാനത്തു് സോവ്യററു് ഗവൺമെൻറാകുന്ന ഏകമുതലാളിയും ഏകജന്മിയും അധികാരത്തിൽ വന്നു. രാജ്യത്തിലെ പ്രകൃതിസമ്പത്തു മുഴുവനും, അവയിൽ പ്രയത്നം ചെലുത്തി ഉല്പന്നങ്ങൾ ഉണ്ടാക്കാൻ ആവശ്യമായ ഉപകരണങ്ങൾ സമസ്തവും, ഈ ഏക മുതലാളിയുടേയും ജന്മിയുടേയും കൈവശം അമൎന്നു. ഏററവും വലിയ സൈന്യശക്തിയും, രഹസ്യവും പരസ്യവുമായ പോലീസ് ശക്തിയും പിടിയിൽ വച്ചിരിക്കുന്ന ഈ ഏക മുതലാളിയോടും ജന്മിയോടും കണക്കു പറയാനോ വിലപേശാനോ ആൎക്കാണു് സാധിക്കുക? രാജ്യത്തിലെ സകല പൗരന്മാരും ഈ മുതലാളിയും ജന്മിയും നിശ്ചയിക്കുന്ന ജോലി ചെയ്യണം, നൽകുന്ന പ്രതിഫലം വാങ്ങണം, സംവിധാനം ചെയ്യുന്ന പരിതസ്ഥിതികളിൽ

ഉണ്ണുകയും ഉടുക്കുകയും പാർക്കുകയും ചരിക്കുകയും വേണം, എന്ന ഏററവും കട്ടത്ത അടിമാവസ്ഥയാണ് സോവ്യററ് റഷ്യയിൽ വന്നു ചേർന്നിരിക്കുന്നതു്. അവിടെ തൊഴിലാളികളുടേയും കർഷകരുടേയും ജീവിതസ്ഥിതി എത്ര ദയനീയമാണെന്നു കണ്ടാലും!

I

## തൊഴിലാളിയുടെ ദുരിതം

1947-ൽ സോവ്യററ് റഷ്യയിലെ ഒരു ഫാക്ടറി തൊഴിലാളിയുടെ ശരാശരിക്കൂലി മാസത്തിൽ 480 റൂബിൾസ് ആയിരുന്നു. എന്നാൽ ഈ ശരാശരി തുക കണക്കാക്കുന്നതിൽ ഏററവും മുകളിലുള്ള ഫാക്ടറി മാനേജരന്മാരുടെയും എൻജിനീയർമാരുടേയും ശമ്പളങ്ങളും സോവ്യററ് അധികാരികൾ ഉൾപ്പെടുത്തുന്നുണ്ടു്. അവരിൽ പലരുടേയും ശമ്പളം മാസത്തിൽ 2500 മുതൽ 10,000 റൂബിൾസുവരെ എത്തുന്നു. അങ്ങനെ കണക്കാക്കുമ്പോൾ സോവ്യററു തൊഴിലാളികളിൽ മഹാഭൂരിപക്ഷത്തിനും ലഭിക്കുന്ന കൂലി മുൻപറഞ്ഞ ശരാശരി തുകയേക്കാൾ വളരെ താഴെയാണെന്നു കാണാം. നിങ്ങൾ 480 റൂബിൾസ് മാസം കൂലികിട്ടുന്ന തൊഴിലാളിയാണെന്നു വിചാരിക്കുക. അപ്പോൾ നിങ്ങളുടെ ജീവിതത്തോതു് എന്തായിരിക്കും?

ഈ കൂലിയിൽനിന്ന് ആദായനികുതി, സോഷ്യൽ ഇൻഷ്വറൻസിനുള്ള ഭാഗം, യൂണിയൻ വരിപ്പണം മുതലായ വീതങ്ങൾ ഫാക്ടറി ആഫീസുകാർ ഈടാക്കിയെടുക്കും. അതെല്ലാംകൂടി ഏകദേശം 80 റൂബിൾസ് വരും. ആകയാൽ 48 മണിക്കൂർ ആഴ്ചയിൽ വേല ചെയ്തതിനു പ്രതിഫലമായി നിങ്ങൾക്കു മാസംതോറും വീട്ടിലേക്കു കൊണ്ടുപോകാൻ സാധിക്കുന്നതു് 400 റൂബിൾസ് ആയിരിക്കും. ഇതിനുംപുറമെ കൊല്ലംതോറുമുള്ള ദേശീയവായ്പഫണ്ടിലേക്കും നിങ്ങൾ ഒരോഹരി കൊടുക്കണം. അതു് ഇഷ്ടമു

ണ്ടെങ്കിൽ മതിയെന്നാണ് തത്വത്തിൽ വച്ചിരിക്കുന്നതു്. എങ്കിലും പ്രയോഗത്തിൽ നിർബന്ധമാണ്. ആ തുക ഒരു മാസത്തെ കൂലിയോളം വരും. അപ്പോൾ മാസക്കൂലിയിൽ നിന്ന് ആ ഇനത്തിൽ 40 റൂബിൾസ് പിടിച്ചുവയ്ക്കും. കഴിച്ച് വീട്ടിൽകൊണ്ടുപോകാൻ കിട്ടുന്നതു് 360 റൂബിൾസാണ്

ഈ തുകകൾ 1947-ലെ മാററവിലയനുസരിച്ച് ഇന്ത്യൻ നാണയത്തിൽ എത്രവരുമെന്നു നോക്കാം. ഔദ്യോഗികമായ റേററനുസരിച്ച് ഒരു റൂബിളിന് 10 അണയാണ് മാററവില. റഷ്യയിൽ താമസിക്കുന്ന വിദേശികൾക്കായുള്ള നയതന്ത്രപരമായ റേററനുസരിച്ച് അതു 4¼അണയാണ്. എന്നാൽ ബ്ളാക്ക്മാക്കററിലാണ്. റൂബിളിൻെറ ശരിയായ മാററവില അറിയുന്നതു്. അവിടെ കൂടിയവില രണ്ടോ രണ്ടരയോ അണയാണ്. ഈ തോതനുസരിച്ച് നിങ്ങൾ മാസംതോറും വീട്ടിൽ കൊണ്ടുപോകുന്ന 360 റൂബിളിൻെറ വില 47 മുതൽ 56 വരെ രൂപയായിരിക്കും. ഈ തുകകൊണ്ട് ഒരു തൊഴിലാളിക്ക്, പ്രത്യേകിച്ചും അയാൾക്ക് ഒരു കുടുംബമുണ്ടെങ്കിൽ, എങ്ങനെ ജീവിക്കുവാൻ സാധിക്കുമെന്ന് ആശ്ചര്യപ്പെട്ടേക്കാം. അതിനു രണ്ടു മറുപടി പറയാനുണ്ട്.

ഒന്നാമതായി. അപ്പവും മററു ചുരുക്കം ചില പ്രധാന ഭക്ഷ്യവിഭവങ്ങളും താരതമ്യേന കുറഞ്ഞ വിലയ്ക്കു റേഷൻ സമ്പ്രദായത്തിൽ കൊടുക്കുന്നുണ്ട്. സാധാരണ തൊഴിലാളി നിത്യാവശ്യത്തിനു വാങ്ങുന്ന സാധനങ്ങളിൽ പത്തിൽ ഒമ്പതു ഭാഗവും ഈ റേഷൻവഴി കിട്ടുന്നവമാത്രമായിരിക്കും. ആ വിഭവങ്ങൾകൊണ്ടു കേവലം പട്ടിണി കൂടാതെ ജീവിക്കാനേ അയാൾക്കു കഴിയൂ. രോഗം പിടിപെട്ടാൽ സൗജന്യമായ വൈദ്യസഹായം നിങ്ങൾക്കു ലഭിക്കും. എന്നാൽ അമേരിക്കയിലും മററുമുള്ള ധർമ്മാശുപത്രികളിലേതിനോടു താരതമ്യം ചെയ്താൽ അതു് ഏററം

നിസ്സാരമായ സഹായമാണ്. ജോലിസ്ഥലത്തുവച്ച് ഏതാണ്ട ന്യായമായ വിലയ്ക്ക് ഒരു നേരത്തെ ഭക്ഷണം നിങ്ങൾക്ക കിട്ടും. നിങ്ങളുടെ വീട്ടുവാടക മിക്കവാറും കുറവായിരിക്കും. വലിയ പട്ടണങ്ങളിൽ ഒരാൾക്ക് 4.2 ചതുരശ്രമീററർ താമസസ്ഥലത്തിന് അവകാശമുണ്ട്. ആ കണക്കിന് 4 അംഗങ്ങളുള്ള ഒരു കുടുംബത്തിന 10 അടി വീതി 15 അടി നീളമുള്ള ഒരുമുറി ആയിരിക്കും കിട്ടുന്നത്. 4 സ്ക്വയർ മീററർ സ്ഥലത്തിനും, വെളിച്ചത്തിനും ചൂടിനും ഉള്ളവക ഉൾപ്പെടുത്തിയും, അററകുററപണിക്കുള്ള വക ഉൾപ്പെടുത്താതെയും നിങ്ങളുടെ മാസവരുമാനത്തിൻെറ 14 ശതമാനം വാടക കൊടുക്കണം.

രണ്ടാമതായി, നിങ്ങളുടെ ഭാര്യയും മുതിന്ന കുട്ടികളും നിങ്ങളോടൊപ്പം ജോലി ചെയ്യേണ്ടിവരും. ഇങ്ങനെ കുടുംബാംഗങ്ങൾ എല്ലാവരും ജോലി ചെയ്യുന്നതുകൊണ്ടാണ് കൂലി വളരെ കുറവാണെങ്കിലും സോവ്യററ് റഷ്യയിൽ തൊഴിലാളിക്കുടുംബങ്ങൾ പട്ടിണികൂടാതെ കഴിഞ്ഞുകൂടുന്നത്. ഒരു കുടുംബനായകൻ അവൻെറ വേലകൊണ്ടു മാത്രം കുടുംബം സംരക്ഷിക്കുക എന്ന തത്വം സോവ്യററു റഷ്യയിൽ മിക്കവാറും വിസ്മരിക്കപ്പെട്ടകയാണുണ്ടായിട്ടുള്ളതു്. പുരുഷന്മാരോടൊപ്പം ഏററവും കഠിനമായ വേലകൾ സ്ത്രീകളും ചെയ്തുകൊണ്ടിരിക്കുന്ന റഷ്യയിലെ സമ്പ്രദായം സ്ത്രീപുരുഷന്മാർ തമ്മിലുള്ള പുതിയതരം സമത്വം അംഗീകരിക്കപ്പെട്ടിരിക്കുന്നതിൻെറ ഫലമല്ല, പ്രത്യുത സാമ്പത്തികമായ പുതിയൊരാവശ്യം മാത്രമാണ്.

സാമാനങ്ങളുടെ വില മൂന്നു തരത്തിൽ ഉണ്ട്. 1) റേഷൻ വില; 2) ഇഷ്ടാനുസാരം ക്രയവിക്രയം ചെയ്യാമെന്നു വിചാരിക്കപ്പെടുന്ന ചന്തയിലെ വില; ആവശ്യം കഴിച്ചു മിച്ചമുള്ള ധാന്യങ്ങൾ കർഷകക്കും, വിശ്രമസമയങ്ങളിൽ ഉണ്ടാക്കുന്ന സാധനങ്ങൾ വ്യക്തിപരമായ കൈത്തൊഴിൽ നടത്തുന്നവക്കും ഈ ചന്തകളിൽ കൊണ്ടുപോ

യി വില്ക്കാൻ അനുവാദമുണ്ട്. അവിടത്തെ വില പരമാവധി റേഷൻ വിലയെക്കാൾ പത്തു മുതൽ പന്ത്രണ്ടുവരെ ഇരട്ടിയാണ്. 3) കമേർഷ്യൽ സ്റ്റോറുകളിലെ വില; മുൻ പറഞ്ഞ ചന്തയിലേക്കാൾ വളരെ കുറിയവിലയ്ക്കു് ഗവമ്മെൻറിൻെറ വകയായി വില്പന നടത്തുന്ന ഒരുതരം ബ്ളാക്കുമാർക്കററാണ് ഈ സ്റ്റോറുകൾ. പ്രത്യേകാനുകൂല്യങ്ങൾ അനുഭവിക്കുന്ന പൗരന്മാരിൽ മികച്ച നില്ക്കുന്നവൎക്കു മാത്രമേ അവിടെനിന്നു സാമാനങ്ങൾ വാങ്ങാൻ സാധിക്കൂ.

1946 സെപ്റ്റംബറിൽ റേഷൻവില മിക്കവാറും മൂന്നിരട്ടിയായി ഉയൎന്നിരുന്നു. റഷ്യാക്കാരുടെ പ്രധാനഭക്ഷണമായ കറുത്തഅപ്പത്തിൻെറ വില ഒരു കിലോഗ്രാമിനു (2.2 റാത്തൽ) ഒരു റൂബിളിൽനിന്നു 3.40 റൂബിൾസായും, വെണ്ണയുടെ വില ഒരു കിലോഗ്രാമിന് 24 റൂബിൾസിൽ നിന്നു 60 ആയും. ഇറച്ചിയുടെ വില 14-ൽ നിന്നു 34 റൂബിൾസായും പൊന്തി. ഒരു മുട്ടയുടെ വില 10 റൂബിൾസായിരുന്നു. ഒരു റാത്തൽ പഞ്ചസാര 150 റൂബിൾസ് കൊടുത്താൽപോലും കിട്ടുമായിരുന്നില്ല.

1920-ൻെറ ആദ്യത്തിൽ സോവ്യററ് തൊഴിലാളികൾക്കു കിട്ടിയിരുന്ന കൂലിയുടെ സാക്ഷാൽ ക്രയശക്തി (അതുകൊണ്ടു വാങ്ങാവുന്ന സാധനങ്ങളുടെ തുക) സാർ ചക്രവൎത്തിമാരുടെ കാലത്തേക്കാൾ കൂടുതലായിരുന്നു. എന്നാൽ 1937—ലെ ശരാശരി ക്രയശക്തി 1913-ലേക്കാൾ 68 ശതമാനമായിക്കുറഞ്ഞു. മോസ്കോയിൽനിന്നുള്ള രേഖകളെ ആധാരമാക്കി ബ്രിട്ടീഷ്കാരും അമേരിക്കാക്കാരും ഉൾപ്പെട്ട സാമ്പത്തികശാസ്ത്രജ്ഞന്മാർ നൽകിയ കണക്കാണിതു്. ജീവിതത്തോതുകളുടെ കാൎയ്യത്തിൽ വിദഗ്ദ്ധനായ ഡോക്ടർ കോലിൻക്ലാൿ എന്ന അമേരിക്കാക്കാരൻെറ കണക്കനുസരിച്ചു് റഷ്യയിലൊരാൾക്കു 1934-ൽ ലഭിച്ച ഭക്ഷ്യവിഭവങ്ങൾ 1913-ലേക്കാൾ 30 ശതമാനം കുറവായിരുന്നു.



റഷ്യയിൽ അനുദിനം കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന അസംഖ്യം കുടുംബങ്ങളിൽ ഒന്നു്.
(83-ാം പക്ഷം നോക്കുക)

1947-ൽ സുപ്രധാനന്മാരായ ഒരുഗണം സാമ്പത്തിക ശാസ്ത്രജ്ഞന്മാർ 34 രാജ്യങ്ങളിലെ, കഴിഞ്ഞ യുദ്ധത്തിനു മുൻപുള്ള, ജീവിതത്തോതുകളെപ്പററി പഠനം നടത്തിയതിന്റെ ഫലം വാഷിംഗ്ടണിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ആ രാജ്യങ്ങളുടെ പട്ടികയിൽ 28-ാം സ്ഥാനമാണ് റഷ്യയ്ക്കുണ്ടായിരുന്നതു്; ചൈനായേയും ഇൻഡ്യായേയുംകാൾ അല്പം മെച്ചം എന്നു മാത്രം. യുദ്ധാനന്തരം റഷ്യയിലെ സ്ഥിതിഗതികൾ കൂടുതൽ മോശമായി. യൂക്രെയിൻ, വൈററ് റഷ്യ മുതലായ പ്രദേശങ്ങളിൽ മിക്കവാറും പട്ടിണിതന്നെയാണ് ലക്ഷോപലക്ഷങ്ങളെ ബാധിച്ചിരുന്നതു്. സോവ്യററ്കാരുടെ പ്രചരണവും സോവ്യററ് യൂണിയനിലെ യഥാർത്ഥസ്ഥിതിയും തമ്മിൽ എത്ര വലിയ അന്തരം?

## II

### കർഷകന്റെ ദുരിതം

റഷ്യയിലെ ഭൂരിഭാഗം ജനങ്ങളും കൃഷിചെയ്താണു് ജീവിതം നയിക്കുന്നതു്. അവിടത്തെ കൃഷി മൂന്നുതരമായി വിഭജിക്കാം. 1. വ്യക്തികൾ എന്ന നിലയിൽ സ്വന്തമായി കൃഷിചെയ്യുന്ന പ്രൈവററുഫാമുകൾ. പുതിയ സോഷ്യലിസ്റ്റ്‌വ്യവസ്ഥിതിയിൽ ഇവ വളരെ ചുരുക്കമായി മാത്രം ഇപ്പോഴും അനുവദിക്കപ്പെടുന്നു. ആകെയുള്ള കൃഷിയിൽ ഇത്തരം ഫാമുകൾക്കു് നിസ്സാരമായ സ്ഥാനമേയുള്ളു. 2. സ്റ്റേററ് ഫാമുകൾ. ഇവ ഗവർമ്മെണ്ടിൽനിന്നു്, ഫാക്ടറികളിലെപ്പോലെ കൂലിക്കു് ആളുകളെ നിർത്തി കൃഷിചെയ്യുന്നവയാണു്. 3. കോൾകോസ് എന്നു വിളിക്കപ്പെടുന്ന കളക്ടീവ് ഫാമുകൾ. കൂട്ടുകൃഷി നടത്തപ്പെടുന്ന ഈ ഫാമുകളാണു് സോവ്യററ് റഷ്യയിൽ ഏററവുമധികം. പരമാവധി 10.000 ഏക്കർ വീതം വിസ്തീർണ്ണ

മുള്ള 4540 സ്റ്റേററു് ഫാമുകളാണു് ഇന്നു റഷ്യയിലുള്ളതു്. ശരാശരി ഏകദേശം 3000 ഏക്കർ വിസ്തീർണ്ണമുള്ള 246000 കളക്ടീവു് ഫാമുകളുമുണ്ടു്.

കൂട്ടുകൃഷി എന്നു കേൾക്കുമ്പോൾ നമുക്കു തോന്നും, അതു ഒരുതരം പങ്കുകൃഷിയാണെന്നു്; ഒന്നിച്ചുകൂടി കൃഷി ചെയ്യുവർ, അവർ ചെലവാക്കിയപണത്തിൻേറയും ചെലുത്തിയ പ്രയത്നത്തിൻേറയും തോതനുസരിച്ചു് വിളവു് വീതിച്ചെടുക്കുന്ന സമ്പ്രദായമാണെന്നു്. എന്നാൽ റഷ്യയിലെ കൂട്ടുകൃഷി അങ്ങനെയൊന്നുമല്ല. ഒന്നാമതായി കൂട്ടുകൃഷിക്കാരൻ എന്ന നിലയിൽ നിങ്ങൾ ആ ഭൂമിയോടു് സ്ഥിരമായി ബന്ധപ്പെട്ടിരിക്കും. ആ ബന്ധമാകട്ടെ ഫ്യൂഡലിസം നടപ്പിലിരുന്ന കാലത്തെപ്പോലെ നിങ്ങളെ അടിമക്കുടിയാൻ (serf) ആക്കുന്നു. സർക്കാരുദ്യോഗസ്ഥന്മാരുടെ അനുമതിയോടുകൂടിയല്ലാതെ വേറൊരു കൃഷിഭൂമിയിലേക്കോ, പട്ടണത്തിലേക്കോ സ്ഥലംമാറിപ്പോകുവാൻ നിങ്ങൾക്കു സാദ്ധ്യമല്ല.

രണ്ടാമതായി നിങ്ങൾ ചെയ്യുന്ന പ്രയത്നം കണക്കാക്കുന്നതു് വളരെ കുഴഞ്ഞുമറിഞ്ഞ ഒരു രീതിയിലാണു്. ആ രീതിയനുസരിച്ചു് ചിലതരം കൃഷിവേലയ്ക്കു് മററുള്ളതിനേക്കാൾ അഞ്ചിരട്ടിയോ പത്തിരട്ടിതന്നെയോ പ്രതിഫലംനൽകുന്നു. കൃഷിക്കാര്യത്തിൽ, സാധിക്കാവുന്നിടത്തോളം, പീസുവർക്ക് സമ്പ്രദായമാണു് ഗവർമ്മെണ്ടു് നടപ്പാക്കിയിരിക്കുന്നതു്. തൻമൂലം പ്രയത്നംചെയ്യുന്നവരുടെ പ്രതിഫലത്തിൽ വലിയ വ്യത്യാസങ്ങളുണ്ടായിരിക്കും. എന്തു വിതയ്ക്കണം, അല്ലെങ്കിൽ എങ്ങനെ വിളവെടുക്കണം എന്നുള്ളതിനെപ്പററി നിങ്ങൾക്കൊന്നും പറയാൻ അവകാശമുണ്ടായിരിക്കുകയില്ല.

റഷ്യയിലെ കൂട്ടുകൃഷിസമ്പ്രദായത്തിൽ ഗവർമ്മെണ്ടാണു് ഏകഭൂമിയുടമസ്ഥൻ. കർഷകർ അവരുണ്ടാക്കുന്ന വിളവിൽ ഒരു ചെറിയ അംശം ലഭിക്കുന്നവർമാത്രമായിരിക്കും.



ഏഷ്യയിലെ റഷ്യ
യെനിസായി
നൊറില്സ്ക്ക്
ഇൽഗക്കാ
ലേനാ നദി
യാനാ നദി
ഇൻഡിഗിർക്കാ നദി
ലേനാ
ക്രാസ്നോയിആർസ്ക്ക്
കൊലിമ
ബോഡായിബോ
ഇർക്കുട്സ്ക്
സ്റാലിൻസ്ക്ക്
നൊവൊസിബിർസ്ക്ക്
ഓംസ്ക്ക്
തൊബോൾസ്ക്ക്
നറീം
ബർന്നാളം
അരാൽ കടൽ
കരഗാൻഡാ
ചൈനാ
കൊറിയാ
മഗാഡാൻ
നീർബന്ധിത ജോലി ചെയ്യിക്കുന്ന സ്ഥലങ്ങൾ



റഷ്യയിലെ കൃഷകരിൽ കൂട്ടകൃഷി സമ്പ്രദായത്തിൻെറ ഫലമായി
പട്ടിണിയാലും പഞ്ഞത്താലും മരണത്തിൻെറ വായിൽ ചെന്നെത്തുന്ന
പാവങ്ങളുടെ സ്ഥിതി. (85-ാം പക്ഷം നോക്കുക)

കൂട്ടുകൃഷിക്കാൎക്ക് അവരുടെ സ്വന്തമായി പണിക്കോപ്പു കളോ യന്ത്രങ്ങളോ ഇല്ല. സ്ഥലത്തുള്ള ആവശ്യങ്ങൾ നിവൎത്തിക്കുവാൻവേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു യന്ത്ര വിതരണസ്റ്റേഷനിൽനിന്ന് അവയെല്ലാം വാടകയ്ക്കു കൊടുക്കുകയാണ്. വിളവിന്റെ ഒരോഹരി ഈ വാടകയായി എടുക്കുകയുംചെയ്യും. ഇതിനുപുറമേ പതിവുള്ള നികുതികൾ കൊടുക്കുകയുംവേണം.

മൊത്തത്തിൽ പറഞ്ഞാൽ, ഒരു കൊൾക്കോസിൽ ഉണ്ടാകുന്ന വിളവിൽ പകുതിയും ഈ ഫീസും നികുതികളും വിത്തിന്റെപലിശയും മററും അടയ്ക്കുന്നതിനു പോകും. ബാക്കിയുള്ളതിലൊരുഭാഗം നിൎബന്ധമായ കാൎഷിക്കരുതൽ ധനത്തിലേക്കായി കൊടുക്കണം. ശേഷിക്കുന്നത്—സാധാരണമായി ഏകദേശം 40ശതമാനം—കൂട്ടുകൃഷിഗണത്തിലെഅംഗങ്ങൾക്കു പീസ് വൎക്കനുസരിച്ച് വിഭജിക്കപ്പെടുന്നു. തന്റെ ഓഹരികൊണ്ടു ഒരു കൊല്ലത്തേക്കു തന്റെ കുടുംബത്തെ പോററാൻ മതിയാകുന്ന സാധാരണ കൎഷകൻ സൗഭാഗ്യവാൻതന്നെ. എന്നാൽ കൂടുതൽ പ്രതിഫലം കിട്ടുന്ന കൎഷകവേലക്കാൎക്കു ചെലവിനുള്ളതിനും പുറമേ അല്പം മിച്ചമുണ്ടായെന്നുവരാം. അതു സമീപത്തുള്ള പട്ടണങ്ങളിലോ നഗരങ്ങളിലോ കൊണ്ടുപോയി വില്ക്കാൻ അവൎക്കനുവാദമുണ്ടു്. എന്നാൽ അവർ നേരിട്ടുതന്നെ അവരുടെ മിച്ചം ചന്തയിൽ കൊണ്ടുപോയി വില്ക്കണം. അല്ലാത്തപക്ഷം മുതലാളിവ്യാപാരക്കാരെന്നുപറഞ്ഞു് അവരെ ശിക്ഷിക്കും. ഇത്തരം കൂട്ടുകൃഷിക്കെതിരായി കൎഷകർ ഫലശൂന്യമായ ഒരു ധീരസമരം നടത്തുകയുണ്ടായി. അങ്ങനെയുള്ളവർ, 1929മുതൽ കൂട്ടുകൃഷിയിൽ ചേരുവാൻ വിസമ്മതിച്ചതിന്, ലക്ഷോപലക്ഷങ്ങളായി നാടുകടത്തപ്പെട്ടു. 1932-33-ൽ ഈ കൎഷകവിപ്ലവത്തിന്റെ ഫലമായുണ്ടായ പഞ്ഞത്താൽ 40 ലക്ഷത്തിനും 70 ലക്ഷത്തിനും മദ്ധ്യേ ആളുകൾ മൃതി

യടഞ്ഞു. ഈ സമരത്തിൽ ഗവർമ്മെണ്ട് വിജയിച്ചുവെങ്കിലും കാർഷികോല്പന്നങ്ങൾ ഉണ്ടാകുവാൻവേണ്ടി കൃഷിക്കാൎക്കു പല വിട്ടുവീഴ്ചകളും ചെയ്യുവാൻ അവർ നിർബന്ധിതരായി. ചിലവുകഴിച്ചു മിച്ചമുള്ളതു വിൽക്കുവാനുള്ള അവകാശം ഈ വിട്ടുവീഴ്ചകളിലൊന്നാണ്. വേറെ വിട്ടുവീഴ്ച സ്വന്തം ഉപയോഗത്തിനുവേണ്ടി ഒരു ചെറിയ സ്ഥലം കൃഷിചെയ്യാനും അതിൽനിന്നു കിട്ടുന്ന മിച്ചം ചന്തയിൽ കൊണ്ടുപോയി വിൽക്കാനും കർഷകനുള്ള അവകാശമാണ്. മനുഷ്യസഹജമായിപ്പറഞ്ഞാൽ, സ്വന്തം വക ചെറിയ ഭൂമിയിൽ ആണല്ലോ കൂട്ടുകൃഷിഭൂമിയിലേക്കാൾ കൂടുതൽ പ്രയത്നംചെയ്യുവാനും താല്പര്യം കാണിക്കുവാനും കർഷകൎക്ക് മനസ്സുണ്ടാകുക. ഇതുകൊണ്ടാണ് ചന്തകളിൽ വിൽക്കുന്ന ധാന്യങ്ങളിൽ ഏകദേശം അഞ്ചിൽ ഒന്ന് ഈ പ്രൈവററ് സ്ഥലത്തിൻെറ കൈവശക്കാരിൽ നിന്നുവരുന്നത്. ഈ സ്ഥലങ്ങൾ രാജ്യത്തിലെ കൂട്ടുകൃഷിസ്ഥലങ്ങളുടെ ആകെത്തുകയിൽ വളരെ ചെറിയ അംശമാണെന്ന് പറഞ്ഞല്ലോ. ഈ പ്രൈവററു സ്ഥലങ്ങൾ കർഷകൻെറ സ്വന്തമായിരിക്കുന്നതു് സൎക്കാരിൻെറ അനുമതിയാൽ മാത്രമാണ്. ഒരുവേള—അതു പലപ്പോഴും സംഭവിക്കാറുണ്ട്—കൂട്ടുകൃഷിയധികാരികൾ അതു പിടിച്ചെടുത്തെന്നുവരാം. കൂട്ടുകൃഷിയിൽനിന്നു പിരിഞ്ഞുപോകാൻ നിങ്ങൾക്കധികാരം ലഭിച്ചാൽ, ആ സ്വന്തം സ്ഥലം കൂട്ടുകൃഷിഗണത്തിലേക്ക് വീണ്ടും ചേൎക്കപ്പെടും.

തത്വത്തിൽ കൂട്ടുകൃഷിയേപ്പാടു് സ്വയംഭരണമുള്ളതാണ്. കൂട്ടുകൃഷിയംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന ഒരു ചെയർമാനും മാനേജിംഗ് ബോർഡുമാണ് ഭരണം നടത്തുന്നതു്. പ്രയോഗത്തിലാകട്ടെ, ഇതെല്ലാം മിക്കവാറും വിസ്മരിക്കപ്പെടുന്നു. മിക്ക പ്രദേശങ്ങളിലും ഈ ചെയർമാൻമാർ ഇപ്പോൾ കൃഷിവകുപ്പുമന്ത്രിയാൽ നിയമിക്കപ്പെടുകയാണ്. അയാൾക്ക് ശമ്പളവും ഉല്പാദന

ത്തിന്റെ തോതനുസരിച്ച് ബോണസും നൽകുന്നു. തൻ മൂലം അയാളുടെ നില ഒരു ഫാക്ടറിയുടെ ഡയറക്ടറിന്റെ നിലതന്നെയാണ്. എന്തു വിതയ്ക്കണം, ഗവൺമെണ്ടിനു അവർ നിശ്ചയിച്ചിരിക്കുന്ന വിലയനുസരിച്ച് വിട്ടുകൊടുക്കേണ്ട കോട്ടായെത്ര കൂട്ടുകൃഷിയംഗങ്ങൾ ഓരോരുത്തരും ചെയ്യേണ്ട ജോലിയെന്ത്, എന്നീ പ്രധാന സംഗതികൾ പ്രാദേശികമോ ദേശീയമോ ആയ സമിതികളാണ് തീരുമാനിക്കുന്നതു്.

റോഡുപണി, സക്കാർപണി, വ്യവസായോദ്യമങ്ങൾ എന്നിവയ്ക്കു വേലക്കാരില്ലാതെപോയാൽ ആ കുറവു പരിഹരിക്കുവാൻ വേലക്കാരെ കോട്ടാമുറയനുസരിച്ച് അയച്ചുകൊടുക്കേണ്ടതു് ഈ കൂട്ടുകൃഷിക്കാരിൽനിന്നാണ്. ഇങ്ങനെ അയയ്ക്കപ്പെടുന്ന കൃഷിക്കാർക്ക് കൂട്ടുകൃഷിയുടെ വിളവിൽ ഒരംശം ലഭിക്കും. റഷ്യയിൽ ഫ്യൂഡലിസം നടമാടിയിരുന്ന കാലങ്ങളിൽ പതിവുണ്ടായിരുന്ന "നിർബന്ധിതവേലയുടെ" (Forced Labour) ഏതാണ്ടൊരു പ്രകാരാന്തരമാണ് ഈ സമ്പ്രദായം. ആ നിർബന്ധിതവേലസമ്പ്രദായം 2-ാം അലക്സാണ്ടർ സാർ ചക്രവത്തി നിത്തലാക്കിക്കളഞ്ഞതാണെന്നും സ്മരിക്കേണ്ടതാണ്.

ഈ കൂട്ടുകൃഷിസമ്പ്രദായം കർഷകരെ ചൂഷണംചെയ്യുവാൻ ഏർപ്പെടുത്തിയിട്ടുള്ള ഏററവും ഫലപ്രദമായ മാർഗ്ഗമാണ്. 40 ലക്ഷത്തോളം അംഗങ്ങളുള്ള സൈന്യത്തേയും ലക്ഷോപലക്ഷം ആളുകളടങ്ങിയ ഉദ്യോഗസ്ഥവൃന്ദത്തേയും ബുദ്ധിജീവികളേയും സംരക്ഷിക്കണമെങ്കിൽ ഇത്തരം ചൂഷണം അത്യന്താപേക്ഷിതംതന്നെ. ഈ സാഹചര്യങ്ങളിൽ കർഷകന് കഴിയുന്നോടത്തോളം കക്കുകയും ചതിവു പ്രയോഗിക്കുകയും ചെയ്യാതെ ഗത്യന്തരമുണ്ടോ?

കമ്മ്യൂണിസ്റ്റ്പാർട്ടിയുടേയും ഗവർമ്മെണ്ടിന്റേയും പത്രങ്ങൾ റിപ്പോർട്ടുചെയ്ത ഒരു സംഭവം അത്ഥവത്താണ്. യുക്രെയിനിലെ ഒരു ഗ്രാമത്തിലെ സോവ്യററുദ്യോഗ

സ്ഥനും അദ്ദേഹത്തിൻെറ സിക്രട്ടറിയും അവിടത്തെ കൂട്ടകൃഷികർഷകരോട്ട് ദയവുള്ളവരായി; അവരിൽനിന്ന് ഗവമ്മെണ്ടിൻെറ നികുതിഭാഗം മുഴുവനും നിഷ്കൃഷ്മായി പിടിച്ചെടുക്കവാൻ വൈമുഖ്യം കാണിച്ചു. ആ കൂട്ടകൃഷിസ്ഥലത്തിൻെറ രാത്രികാവൽക്കാരൻ ഈ വിവരം മേലധികാരികളെ അറിയിച്ചു. ആ ഉദ്യോഗസ്ഥനും സിക്രട്ടറിയും അവരുടെ മിത്രമായ ഡിസ്ത്രിക്ട് പ്രോസിക്യൂട്ടറിൻെറ സഹായത്താൽ ആ കാവൽക്കാരനെ അടിമവേലക്കാക്കുള്ള ഒരു ക്യാമ്പിലേക്ക് നാട്ടുകടത്തി. എന്നാൽ കാർഷികകൺട്രോളിൻെറ മേധാവിത്വം വഹിക്കുന്ന മന്ത്രിയുടെ അടുത്ത് ഈ കാവൽക്കാരന് ശക്തന്മാരായ മിത്രങ്ങളുണ്ടായിരുന്നു. മന്ത്രിയുടെ ആൾക്കാർ ഈ കേസന്വേഷിച്ചു. ഡിസ്ത്രിക്ട് പ്രോസിക്യൂട്ടർ കുററക്കാരനാണെന്നും കാവൽക്കാരൻ നിരപരാധിയാണെന്നും അവർ വിധിച്ചു. അതിൻെറ ഫലമായി കാവൽക്കാരനെ വിമോചിക്കുകയും പകരം അടിമവേലക്കാരുടെ ക്യാമ്പിലേക്ക് പ്രോസിക്യൂട്ടറെ പറഞ്ഞയക്കുകയുംചെയ്തു. അനന്തരം പ്രോസിക്യൂട്ടരുടെ ഇഷ്ടന്മാരായ ആ ഉദ്യോഗസ്ഥനേയും സിക്രട്ടറിയേയും പിടികൂടി. ഈ സംഭവം റിപ്പോർട്ടുചെയ്ത പത്രങ്ങൾതന്നെ പറയുന്നു, ഇതുപോലെ സോവ്യററ് നിയമത്തിനെതിരായ സംഭവങ്ങൾ രാജ്യമൊട്ടുക്കു നടക്കുന്നുണ്ടെന്ന്.

## III

### പഞ്ചവത്സരപദ്ധതി

കാർഷികവും വ്യാവസായികവുമായ ഉല്പാദനങ്ങൾ വർദ്ധിപ്പിക്കുവാൻ പലപഞ്ചവത്സരപദ്ധതികളും സോവ്യററ് റഷ്യയിൽ നടത്തുകയുണ്ടായി. എന്നാൽ അവയെല്ലാം രാജ്യത്തിലെ ജനങ്ങളുടെ ക്ഷേമത്തേക്കാൾ രാജ്യത്തെ മുഴുവനും മാർക്സ്യൻ സിദ്ധാന്തമനുസരിച്ച് രാഷ്ട്രസാൽക്ക

രിക്കുവാൻ ഉദ്ദേശിക്കപ്പെട്ടവയായിരുന്നു. തൻമൂലം പ്രജായത്തരാജ്യങ്ങളിൽ ഉണ്ടാകുമായിരുന്നിടത്തോളം ഉല്പാദനവർദ്ധനവ് അവ അവിടെ ഉണ്ടാക്കിയില്ല. കൂട്ടകൃഷിസമ്പ്രദായത്തെപ്പററി മുമ്പു പറഞ്ഞുവല്ലോ. അതു് ഈ അപജയത്തിനു് ഒരുദാഹരണമാണു്. കൃഷിഭൂമികൾ മിക്കതും വ്യക്തികളായ കർഷകരിൽനിന്നു ബലംപ്രയോഗിച്ചുതന്നെയും ഗവർമ്മെണ്ടു് പിടിച്ചെടുത്തു. കർഷകരെ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരുടെ നിർബന്ധപൂർവ്വകമായ നിർദ്ദേശങ്ങൾ അനുസരിച്ചു് വേലയെടുക്കുന്ന കർഷകതൊഴിലാളികളായി തരംതാഴ്ത്തി. അവർ വേലചെയ്തുണ്ടാക്കുന്ന വിളവിൽ ഭൂരിഭാഗവും ഗവർമ്മെണ്ടിലേക്കെടുക്കുകയും, കഷ്ടിച്ചു ജീവിക്കാൻ പോരുന്നവ മാത്രം അവൎക്കു വിട്ടുകൊടുക്കുകയുംചെയ്തു. ഈ സാഹചര്യങ്ങളിൽ കർഷകൎക്കു, ഉല്പാദനം വർദ്ധിപ്പിക്കുവാൻ എന്തൊരു പ്രേരണയാണുള്ളതു്? മാത്രമല്ല, ഗവർമ്മെണ്ടിൻെറ ശ്രദ്ധ ജനങ്ങൾക്കു നിത്യോപയോഗത്തിനാവശ്യമായ ഉപഭോഗസാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിനേക്കാൾ യുദ്ധത്തിനാവശ്യകമായ മററു സാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിലാണു് പതിഞ്ഞിരുന്നതു്. ഇതും ഉല്പാദനം വർദ്ധിപ്പിക്കുവാനുള്ള പ്രേരണയുടെ അഭാവത്തിനു കാരണമാണു്. പോരെങ്കിൽ സോവ്യററു് റഷ്യയിലെ കാർഷികവും വ്യാവസായികവുമായ ഉല്പാദനജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ഒരു വലിയപങ്കു് അടിമവേലക്കാരാണു്. ഭക്ഷണത്തിനും മററു ജീവിതസൗകര്യങ്ങൾക്കും അത്യാവശ്യം വേണ്ടതുപോലും നൽകാതെ നിർബന്ധിച്ചും ഹേമം ചെയ്തുമാണു് അവരെക്കൊണ്ടു വേല ചെയ്യിക്കുന്നതു്. അങ്ങനെയുള്ള ജോലി ഉല്പാദനവർദ്ധനവിനു് സഹായകമാകുന്നതിനു പകരം വിഘാതമായിട്ടല്ലേ ഇരിക്കുകയുള്ളു.

## ചില കണക്കുകൾ

ലീഗ് ഓഫ് നേഷൻസ് നേതൃത്വം വഹിച്ചതും റഷ്യൻ കണക്കുകളിൽ ആധാരപ്പെട്ടതിയതുമായ പഠനത്തിൻെറ ഫലം ഈ വസ്തുതകൾക്കു തെളിവാണ്: 2-ാമത്തെ പഞ്ചവത്സരപദ്ധതിയുടെ രണ്ടാമത്തെ കൊല്ലംവരെ (1934) റഷ്യയുടെ ദേശീയവരുമാനം അവരുടെ 1913-ലെ (സാർ ചക്രവർത്തിയുടെ കാലത്തെ) നിലവാരത്തിൽ തിരിച്ചെത്തിയിരുന്നില്ല. 1939-നോടുകൂടി അതു് 1913-ലേതിനേക്കാൾ 50 ശതമാനം വർദ്ധിച്ചിരുന്നു. എന്നാൽ അതേ കാലത്തിൽ അമേരിക്കയുടെ ദേശീയവരുമാനം ഇരട്ടിക്കുകയുണ്ടായി. 1940-ൽ സോവ്യററു റഷ്യയുടെ ഉല്പാദനം അമേരിക്കൻ ഡോളറിൽ കണക്കാക്കിയാൽ മൂന്നര ബില്യൺ വിലയുള്ളതായിരുന്നു. എന്നാൽ അക്കൊല്ലം അമേരിക്കയുടെ ഉല്പാദനം 100 ബില്യൺ ഡോളർ വിലയുള്ളതായിരുന്നു.

1946-ൽ റഷ്യാ 4-ാമത്തെ പഞ്ചവത്സരപദ്ധതി ആരംഭിച്ചു. അതിൽ അവർ ഉന്നംവച്ചതു് 1940-ലെ നിലവാരത്തിലെത്താനാണു്. ആ പഞ്ചവത്സരപദ്ധതിയുടെ ഫലമാണു് കഴിഞ്ഞ ഏപ്രിൽമാസത്തിൽ മോസ്കോയിൽനിന്നു് പ്രഖ്യാപിച്ചതു്. 1940-ലെ നിലവാരത്തേക്കാൾ75ശതമാനം കൂടുതലായ നിലവാരത്തിൽ ഈ പഞ്ചവത്സരപദ്ധതിയുടെ ഫലം എത്തിയിട്ടുണ്ടെന്നു് റഷ്യൻ ഗവർമ്മെൻറു് അവകാശപ്പെടുന്നു. എന്നാൽ 1940-ലെ റഷ്യയുടെ ആകെ വരുമാനം മൂന്നര ബില്യൺ ആയിരുന്നപ്പോൾ അമേരിക്കയിലേതു് അക്കൊല്ലം 100 ബില്യൺ ആയിരുന്നെന്ന വസ്തുത ആലോചിക്കുമ്പോൾ കാണാം, റഷ്യയുടെ ഈ പുതിയ പഞ്ചവത്സരപദ്ധതിയുടെ ഉദ്ദേശിച്ചതിൽ75ശതമാനംകൂടുതലായ ഫലംതന്നെയും അമേരിക്കയുടെ വരുമാനത്തിൽനിന്നു് വളരെയധികംതാഴെയാണു് നി

ല്ലുന്നതെന്നു്. സോവ്യററഷ്യയിൽ 1950-ലെ പ്രധാന ഭക്ഷ്യധാന്യങ്ങളുടെ വിളവു് 1240ലക്ഷം ടൺ ആയിരുന്നു. 1940-ലെ വ്യവസായോല്പാദനത്തിന്റെ ഇൻഡക്സു് 100 എന്നു കണക്കാക്കിയാൽ 1950-ലേതു 175 ആയിരിക്കും. ഈ ഉല്പാദനസംഖ്യകൾ വളരെ വലിയതാണെന്നു സമ്മതിക്കണം. എന്നാൽ 30വർഷത്തെ അതികഠിനമായ വ്യവസായപരിശ്രമത്തിന്റേയും അതിലേക്കായി മനുഷ്യജീവനുൾപ്പെടെ നടത്തപ്പെട്ട ബലിസമർപ്പണങ്ങളുടേയും ഈ ഫലങ്ങളെ, സോവ്യററയൂണിയന്റെ അതിവിപുലമായ പ്രകൃതിവിഭവങ്ങളോടും ജനസംഖ്യയോടും താരതമ്യംചെയ്യുമ്പോൾ അവ എത്ര കുറവായിരിക്കുന്നുവെന്നു് ആശ്ചര്യപ്പെടുവാനാണു് ന്യായമുള്ളതു്.

റഷ്യയിലെ പുതിയ പഞ്ചവത്സരപദ്ധതിയുടെ കണക്കു് മോസ്കോയിൽനിന്നു പ്രഖ്യാപിച്ചതിന്റെ സംക്ഷേപമായ റിപ്പോർട്ടു് "ഹിന്ദു"എന്ന പത്രത്തിൽ കൊടുത്തിരുന്നതിനോടുകൂടി ജനീവായിൽനിന്നു് തലേമാസത്തിൽ യു. എൻ. ഒ. റിപ്പോർട്ടുചെയ്ത കണക്കും ചേർത്തിരുന്നു. അതിങ്ങനെയാണു്:-

"പാശ്ചാത്യരാജ്യങ്ങളിൽ 1396¾ലക്ഷത്തോളം ടൺ അസംസ്കൃത ഉരുക്കു് 1950-ൽ ഉല്പാദിപ്പിച്ചപ്പോൾ സോവ്യററ യൂണിയനും അവളുടെ പിടിയിലുള്ള ഉരുക്കുല്പാദിപ്പിക്കുന്ന 5 കമ്മ്യൂണിസ്റ്റു് രാജ്യങ്ങളുംകൂടി 322¾-ൽപരംടൺ ഉല്പാദിപ്പിച്ചു. യൂറോപ്പിനുവേണ്ടിയുള്ള എക്കണോമിക് കമ്മീഷന്റെ ക്വാർട്ടർലി ബുള്ളററിന്റെ കണക്കനുസരിച്ചു് സോവ്യററയൂണിയൻ തനിച്ചുല്പാദിപ്പിച്ചതു് 240 ടൺ മാത്രമാണു്."

യു. എസ്. ഏ.യുടെ എക്കണോമിക് കോഓപ്പറേഷൻ അഡ്മിനിസ്ട്രേററായിരുന്ന മിസ്റ്റർ പോൾ ഹോഫ്മാൻ (Hoffman) ഇക്കഴിഞ്ഞ ജൂൺമാസത്തിൽ ഇൻറർനാഷണൽ ചെയിമ്പർ ഓഫ് കോമേഴ്സിന്റെ ഒരു യോ

ഗത്തിൽവച്ച്, അമേരിക്കയുടെ ഉല്പാദനശക്തിയെപ്പററി പ്രസ്താവിച്ചതിങ്ങനെയാണ്:

"അമേരിക്കയ്ക്കു് ലോകത്തിലെ പ്രകൃതിസമ്പത്തിൽ 15-ൽ ഒന്നുമാത്രമേയുള്ളു. ലോകത്തിലെ ജനസംഖ്യയിൽ മൂന്നിൽ ഒന്നോ, കരഭൂമിയിൽ മൂന്നിൽ ഒന്നോ അവർക്കില്ല. എന്നുവരികിലും ലോകത്തിലെ ജീവിതവിഭവങ്ങളിൽ ഏകദേശം മൂന്നിൽ ഒന്നും, ലോകത്തിലെ വ്യവസായവിഭവങ്ങളിൽ ഏകദേശം പകുതിയും അമേരിക്കയിലാണ് ഉല്പാദിപ്പിക്കപ്പെടുന്നതു്. 1939-നും 1949-നും മദ്ധ്യേ യു. എസ്. ഏ.യിലെ തൊഴിലാളികളിൽ കൊല്ലംതോറും 3000 ഡോളർ വരുമാനമുള്ളവരുടെ സംഖ്യ 30ശതമാനം വർദ്ധിച്ചു. അതായതു് 1939-ൽ 15 ശതമാനമായിരുന്നതു് 1949-ൽ 26 ശതമാനമായി ഉയർന്നു."

### വിലക്കയററം

അമേരിക്കൻ ഐക്യരാഷ്ട്രങ്ങളിലേയും സോവ്യററു റഷ്യയിലേയും സാമാനങ്ങളുടെ വിലയും തൊഴിലാളികളുടെ കൂലിയും സംബന്ധിച്ച് ഔദ്യോഗികമായി നടത്തിയ താരതമ്യപഠനത്തിൻെറ ഫലം അമേരിക്കയിലെ ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നു് 1948-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതനുസരിച്ച് റഷ്യയിലെ ഒരു കുടുംബത്തിനു ഒരാഴ്ചയിൽ കിട്ടുന്ന കൂലികൊണ്ടു് 23 റൊട്ടി വാങ്ങാൻ കഴിയുമ്പോൾ, അമേരിക്കയിലെ കുടുംബത്തലവനു് 390 എണ്ണം വാങ്ങുവാൻ സാധിക്കുന്നു. റഷ്യൻ തൊഴിലാളിക്കു് ഒരാഴ്ചത്തെ കൂലികൊണ്ടു് 17 റാത്തൽ പഞ്ചസാര വാങ്ങാൻ കഴിയുമ്പോൾ, അമേരിക്കയിലെ തൊഴിലാളിക്കു് 500 റാത്തൽ വാങ്ങാൻ കഴിയുന്നു. റഷ്യാക്കാരനു 16 കുപ്പി പാലു വാങ്ങുന്നതിനു ഒരാഴ്ചയിലെ കൂലിമുഴുവനും ചില വാക്കേണ്ടിവരുമ്പോൾ, അമേരിക്കക്കാരൻ 275 കുപ്പി വാങ്ങി

യശേഷം കുറച്ചുപണം മിച്ചംവയ്ക്കുന്നു. റഷ്യൻതൊഴിലാളിക്ക് തന്റെ കൂലികൊണ്ടു് 10 റാത്തൽ ഇറച്ചി വാങ്ങാൻ കഴിയുമ്പോൾ അമേരിക്കൻതൊഴിലാളിക്ക് 82 റാത്തൽ വാങ്ങാൻ കഴിയുന്നു.

ഇതിനേക്കാൾ വിശദമായ ഒരു താരതമ്യക്കണക്കും ഉദ്ധരിക്കാവുന്നതാണു്. 1948-ൽ റഷ്യയിൽ ചില സാമാനങ്ങളുടെ വില ഗവർമ്മെണ്ടിൽനിന്നു കുറച്ചു. അമേരിക്കയിലാകട്ടെ വില കൂടുകയാണുണ്ടായതു്. എന്നുവരികിലും ഏതെങ്കിലും ഒരു സാമാനം വാങ്ങുന്നതിനു് ഒരു റഷ്യാക്കാരനു വേലചെയ്യേണ്ട സമയം അമേരിക്കാക്കാരനു വേലചെയ്യേണ്ടതിന്റെ ശരാശരി ഏകദേശം 40 ഇരട്ടിയായിരുന്നു. എന്നാൽതന്നെയും റഷ്യയിൽ കിട്ടുന്ന സാമാനം അമേരിക്കൻ തോതു വച്ചുനോക്കിയാൽ വളരെയധികം ഗുണംകുറഞ്ഞതുമായിരുന്നു.

ദേശീയവും അന്തർദേശീയവുമായ കാര്യങ്ങളെ ഉള്ളടക്കി സ്വതന്ത്രമായ ഒരു പ്രതിവാരിക വാഷിംഗ്ടണിൽനിന്നു പ്രസിദ്ധം ചെയ്തിട്ടുണ്ടു്. "U. S. News and World-Report" എന്നാണു് ഇതിന്റെ പേരു്. 1948-ലെ ഒരു ലക്കത്തിൽ, അമേരിക്കയിലും റഷ്യയിലും നിത്യോപയോഗമുള്ളതും അല്ലാത്തതുമായ സാധനങ്ങൾക്കുള്ള വിലവ്യത്യാസത്തെപ്പററി ചില വിവരങ്ങൾ കൊടുത്തിട്ടുണ്ടു്. രണ്ടുരാജ്യങ്ങളിലേയും സാമാനങ്ങളുടെ വിലയുടെ തുക പണത്തിന്റെ കണക്കിലല്ല, അവ വാങ്ങുവാൻ തൊഴിലാളി വേല ചെയ്യേണ്ട സമയത്തിന്റെ കണക്കിലാണു് കാണിച്ചിരിക്കുന്നതു്. തദനുസരണം രേഖപ്പെടുത്തിയിരിക്കുന്ന ചില സാമാനങ്ങളുടെ വിലവ്യത്യാസം താഴെ ഉദ്ധരിക്കുന്നു:

ഒരു കുപ്പി പാൽ വാങ്ങണമെങ്കിൽ റഷ്യയിൽ ഒരു തൊഴിലാളി 1 മണിക്കൂർ 11 മിനിട്ടു വേല ചെയ്യേണ്ടിവരും; അമേരിക്കയിൽ 9 മിനിട്ടു വേല ചെയ്യണം.

ഒരു ഡസൻ മുട്ട വാങ്ങണമെങ്കിൽ റഷ്യയിൽ 2 മണിക്കൂർ 43 മിനിട്ടു വേലചെയ്യണം; അമേരിക്കയിൽ 31 മിനിട്ടു്.

ഒരു വെള്ളറൊട്ടി വാങ്ങണമെങ്കിൽ റഷ്യയിൽ ഒരു മണിക്കൂർ 10 മിനിട്ടു് വേല ചെയ്യണം; അമേരിക്കയിൽ 6 മിനിട്ടു്. തന്മൂലം റഷ്യാക്കാർ അധികം പേൎക്കും വെള്ള റൊട്ടി കിട്ടുന്നില്ലെന്നു പറയാം. അവരുടെ പ്രധാന ഭക്ഷണം അതിലും വില കുറഞ്ഞ കറുത്ത റൊട്ടിയാണു്.

ഒരു പാറു ചെരിപ്പു വാങ്ങണമെങ്കിൽ റഷ്യയിൽ രണ്ടാഴ്ചയിലധികം വേലചെയ്യണം; അമേരിക്കയിൽ ഒരു ദിവസത്തിൽ അല്പം കൂടുതൽ വേല ചെയ്താൽ മതി.

ഒരു പുതിയ ഷർട്ടുവാങ്ങണമെങ്കിൽ റഷ്യയിൽ 4 ആഴ്ച മുഴുവനും വേല ചെയ്യണം; അമേരിക്കയിൽ 3 മണിക്കൂർ നേരത്തെ വേലമതി.

പഞ്ഞികൊണ്ടുള്ള ഒരു ഉടുപ്പുവാങ്ങണമെങ്കിൽ റഷ്യയിൽ 8 മണിക്കൂർ വീതമുള്ള 4 ദിവസത്തെ വേലക്കൂലി വേണം; അമേരിക്കയിൽ അതിനു അരദിവസത്തിൽ അല്പംകൂടി വേല ചെയ്താൽമതി.

രോമംകൊണ്ടുള്ള ഉടുപ്പു വാങ്ങണമെങ്കിൽ റഷ്യയിൽ 583 മണിക്കൂർ അതായതു് 12 ആഴ്ചയിൽ അല്പം കൂടുതൽ വേല ചെയ്യണം; അമേരിക്കയിലാകട്ടെ ഒരാഴ്ചയിൽ അല്പം കുറച്ചു വേല ചെയ്താൽ മതി. തന്മൂലം റഷ്യയിൽ സാധാരണ വേലക്കാരനു രോമംകൊണ്ടുള്ള ഉടുപ്പു വാങ്ങുക സാദ്ധ്യമല്ല തന്നെ.

ഒരു റിസ്റ്റവാച്ചു് വാങ്ങണമെങ്കിൽ റഷ്യയിൽ 7 ആഴ്ച വേലചെയ്യണം; അമേരിക്കയിൽ 2 ദിവസത്തിൽ അല്പം കൂടുതൽ വേല ചെയ്താൽ മതി.

ഒരു സൈക്കിൾ വാങ്ങണമെങ്കിൽ റഷ്യയിൽ 466 മണിക്കൂർ, അതായതു് ഏകദേശം 10 ആഴ്ച വേല ചെ

യ്യണം; അമേരിക്കയിൽ ഏറ്റവും നല്ല സൈക്കിളിന് 4 ദിവസത്തിൽ കുറച്ച് വേല ചെയ്താൽ മതി.

ഒരു തയ്യൽമെഷീൻ, അതും ട്രെഡിൽ (കാലുകൊണ്ടു ചവിട്ടുന്ന) മോഡൽ വാങ്ങണമെങ്കിൽ റഷ്യയിൽ 375 മണിക്കൂർ, അതായതു 8 ആഴ്ച വേലചെയ്യണം; അമേരിക്കയിലാകട്ടെ ഇലക്ട്രിക്മെഷീൻ കിട്ടുന്നതിന് 66 മണിക്കൂർ, അതായതു ഏകദേശം 8 ദിവസം വേലചെയ്താൽ മതി.

ഒരു താഴ്ന്നതരം റേഡിയോ കുറഞ്ഞ നിരക്കിൽ റഷ്യയിൽ കിട്ടണമെങ്കിൽ ഒരു മാസത്തിലധികം വേല ചെയ്യേണ്ടിയിരിക്കുന്നു; അമേരിക്കയിൽ അത്തരം ഒന്നു കിട്ടുന്നതിന് രണ്ടരദിവസത്തെ വേല മതി.

ഒരു പുതിയ കാർ വാങ്ങണമെങ്കിൽ 3750 മണിക്കൂർ അതായത് ഏകദേശം ഒന്നരക്കൊല്ലം വേലചെയ്തു കിട്ടുന്ന റൂബിൾസു നാണയം കൊടുക്കേണ്ടിവരും. എന്നാൽ അതിനേക്കാൾ മെച്ചമായതരം അമേരിക്കയിൽ കിട്ടുന്നതിന് 1085 മണിക്കൂർ, അതായതു 6 മാസത്തിൽ അല്പംകൂടി വേല ചെയ്താൽ മതി. റഷ്യയിൽ ആഴ്ചയിൽ 48 മണിക്കൂറും, അമേരിക്കയിൽ 40 മണിക്കൂറും വേല സമയം കണക്കാക്കിയാണ് ഇവിടെ വില കാണിച്ചിരിക്കുന്നതു്.

ഒരു കുപ്പി ബിയർ വാങ്ങണമെങ്കിൽ റഷ്യയിൽ ഒരു മണിക്കൂർ 48 മിനിട്ടു വേല ചെയ്യണം; അമേരിക്കയിലാകട്ടെ 5 മിനിട്ടു വേല ചെയ്താൽ മതി.

മററു ഭക്ഷണസാധനങ്ങളുടെ കാര്യത്തിലും ഇതേ തോതിലുള്ള വ്യത്യാസമുണ്ട്. വെണ്ണയുടെ കാര്യത്തിൽ 16 ഇരട്ടി, പഞ്ചസാരയുടെ കാര്യത്തിൽ 38 ഇരട്ടി, ഇങ്ങനെയാണു് വ്യത്യാസം. ആഹാരത്തിന്റേയും പലഹാരത്തിന്റേയും കാര്യത്തിൽ റഷ്യയിലെ സാമാനവില ഇവിടെ

കാണിച്ചിരിക്കുന്നതു് സക്കാർ സ്റ്റോറുകളിൽനിന്നും വാങ്ങുന്നവയല്ലാണു്. അവിടെ പലപ്പോഴും സാമാനങ്ങളില്ലാതെവരും. അപ്പോൾ റഷ്യാക്കാർ ഒന്നെങ്കിൽ അവ വേണ്ടെന്നു വയ്ക്കണം; അല്ലെങ്കിൽ ചന്തകളിൽനിന്നും വാങ്ങണം. ചന്തകളിലെ വില വളരെ കൂടുതലുമാണു്.

ഇതെല്ലാം രണ്ടു മൂന്നു കൊല്ലത്തിനു മുൻപുള്ള വിവരങ്ങളാണു്. ഇപ്പോഴും ആ നിലയ്ക്കു് ഭേദം വന്നിട്ടില്ലെന്നു താഴെ ചേർത്തിരിക്കുന്ന വിവരങ്ങളിൽനിന്നു കാണാം.

യു. എൻ. ഒ. യുടെ സ്ഥിതിവിവരക്കണക്കു് ആഫീസിൽനിന്നു് 1950 ആരംഭത്തിൽ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിലെ വിവരങ്ങളും ശ്രദ്ധേയമാണു :-

"റഷ്യയിലെ ദേശീയവരുമാനം ഭാഗിച്ചാൽ ഒരാളുടെ ശരാശരി വീതം കൊല്ലത്തിൽ 308 ഡോളറായിരിക്കും. എന്നാൽ യു. എസ്. ഏ യിലെ ദേശീയവരുമാനം വീതിച്ചാൽ ഒരാൾക്കു ശരാശരി ലഭിക്കുന്നതു് 1453 ഡോളറാണു്. ഒരു ഷർട്ടോ, ഒരു റാത്തൽ മാംസമോ വാങ്ങുവാൻ ഒരു അമേരിക്കക്കാരൻ വേലചെയ്യേണ്ടിവരുന്നതിന്റെ ഏകദേശം 5 ഇരട്ടി സമയം ഒരു റഷ്യാക്കാരൻ വേലചെയ്യേണ്ടിവരും. തൊഴിലാളിരാഷ്ട്രമെന്നു ഭാവിക്കുന്ന റഷ്യയിൽ ആനുകൂല്യങ്ങളനുഭവിക്കുന്ന പ്രഭുവർഗ്ഗക്കാരെ ഒഴിച്ചാൽ ഒരു പൗരൻ കഷ്ടിച്ചു പട്ടിണികൂടാതെ കഴിഞ്ഞുകൂടുകയാണു്. തനിക്കു ലഭിക്കുന്ന ജീവിതവിഭവങ്ങളുടേയും സർവ്വീസുകളുടേയും കാര്യത്തിൽ ഒരു റഷ്യാക്കാരൻ 1938-ലെ തോതിലാണു് നില്ക്കുന്നതു്. നേരെ മറിച്ചു് അമേരിക്കാക്കാർ മുന്നോട്ടു പോയിരിക്കുന്നു."

## IV

### ട്രേഡ് യൂണിയനുകൾ

തൊഴിലാളികൾക്ക് മുതലാളിമാരോട്ട് നീതിയുക്തമായി അവകാശവാദം ചെയ്യുന്നതിനും, കൂലിയും ജോലി സംബന്ധിച്ചുള്ള മററു സാഹചര്യങ്ങളും അവക്കനുകൂലമായി ശരിപ്പെടുത്തികിട്ടുന്നതിനും പര്യാപ്തമായ ഏകമാർഗ്ഗം ട്രേഡ് യൂണിയനുകളാണ്. തൊഴിലാളികൾ സാമാന്യേന ദുർബലന്മാരാകയാൽ ശക്തന്മാരായ മുതലാളികളോട്ട് ഒററതിരിഞ്ഞുനിന്നു വിലപേശാൻ അവരെക്കൊണ്ടു സാധിക്കുകയില്ല. ഒന്നിച്ചുകൂടി ഒരു സംഘടനയായി നില്ക്കുന്നപക്ഷം ഓരോരുത്തൎക്കും സ്വതവേയുള്ള ദുർബലത നീങ്ങി അവർ ശക്തന്മാരായിത്തീരും. ഈ വസ്തുതകൾ മനസ്സിലാക്കി തൊഴിലാളികൾ ലോകമാസകലം സംഘടിക്കുകയും അങ്ങനെ ട്രേഡ് യൂണിയനുകൾ എണ്ണത്തിലും വണ്ണത്തിലും വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

എന്നാൽ ട്രേഡുയൂണിയനുകളുടെ ഈ ഉദ്ദേശം സഫലമാകണമെങ്കിൽ അവ പരിപൂർണ്ണമായും സ്വതന്ത്രങ്ങളായിരിക്കണം. അവയുടെ നടത്തിപ്പിൽ മുതലാളിമാൎക്കോ രാഷ്ട്രത്തിനുതന്നെയോ കൈകടത്തുവാൻ അവകാശവും സൗകര്യവും ഉണ്ടാകരുത്. അവ യാതൊരു രാഷ്ട്രീയ പാർട്ടിയോടും ആന്തരികമായി ബന്ധപ്പെടാത്തവയും പാൎട്ടിയുടെ ഉപകരണങ്ങളായി വൎത്തിക്കാത്തവയുമായിരിക്കണം. പ്രജായത്തരാജ്യങ്ങളിലെ ട്രേഡ് യൂണിയനുകളെല്ലാം സാമാന്യേന ഇങ്ങനെയുള്ളവയാണ്. എ. എഫ്. എൽ. എന്നും, സി. ഐ. ഒ. എന്നും അറിയപ്പെടുന്ന അമേരിക്കയിലെ ട്രേഡ് യൂണിയൻ മഹാസംഘടനകളും, ട്രേഡുയൂണിയൻ കോൺഗ്രസ് എന്നറിയപ്പെടുന്ന ബ്രിട്ടനിലെ തൊഴിലാളി മഹാസംഘടനയും ഇതിനുദ്ദാഹരണങ്ങളാകുന്നു. ഈ

ട്രേഡ്യൂണിയനുകൾ സ്വതന്ത്രങ്ങളാണെന്നുള്ള കാരണത്താൽതന്നെ ആ രാജ്യങ്ങളിലെ തൊഴിലാളികളുടെ സാമുദായികവും സാമ്പത്തികവുമായ ഉന്നമനത്തിന് അവ വളരെയധികം സഹായിച്ചിട്ടുണ്ട്. എന്നാൽ സോവ്യറ്റ് റഷ്യയിലെ ട്രേഡ് യൂണിയനുകളുടെ സ്ഥിതി ഇതല്ല. അവ ആ ഗവമ്മെൻറിൻെറ പരിപൂൎണ്ണമായ നിയന്ത്രണത്തിന് വിധേയമായിരിക്കുകയും അതിൻെറ നിലനില്പിനും പ്രചരണത്തിനും വേണ്ടിയുള്ള ഉപകരണമായി വൎത്തിക്കുകയും ചെയ്യുന്നു.

"സോഷ്യലിസ്റ്റ്വ്യവസ്ഥിതി ശക്തിപ്പെടുത്തുവാനും വികസിപ്പിക്കുവാനുമുള്ള വേലക്കാരുടെ സമരത്തിൽ അവരുടെ മുന്നണിസേനയായി നില്ക്കുന്ന യു. എസ്. എസ്. ആറിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയോടു യോജിച്ചിരിക്കുവാൻ വേണ്ടി" ട്രേഡ്യൂണിയൻ സംഘടനകളും മററും സ്ഥാപിച്ചു നടത്തുവാൻ പൗരന്മാൎക്ക് അവകാശമുണ്ടെന്നാണ് ഭരണഘടന 126-ാംവകുപ്പിൽ പറഞ്ഞിരിക്കുന്നതു്.

സോവ്യറ്റ് യൂണിയനിൽ സകല സാമ്പത്തികസ്ഥാപനങ്ങളുടേയും ഡയറക്ടറന്മാരെ നിയമിക്കുന്നതു് ഗവർമ്മെൻറാണല്ലൊ. ആ ഗവമ്മെൻറുതന്നെയാണ് അവിടത്തെ ട്രേഡ്യൂണിയനുകളുടെ ഉദ്യോഗസ്ഥന്മാരേയും നിയമിക്കുന്നതു്. ഫാക്ടറികളിലെ മാനേജുമെൻറുകൾ കമ്മ്യൂണിസ്റ്റ്പാൎട്ടി ഗ്രൂപ്പിൻെറ പിടിയിലിരിക്കുന്നു. ഫാക്ടറികളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ യൂണിയനുകളും അവരുടെ പിടിയിൽതന്നെയാണ്. തൻമൂലം ഫാക്ടറിമാനേജുമെൻറുകളും ട്രേഡ് യൂണിയൻ ഉദ്യോഗസ്ഥന്മാരും തൊഴിലാളികളുടെ കൂലിയും മററും സംബന്ധിച്ചു ന്യായവാദങ്ങൾ നടത്തുമ്പോൾ ഫലത്തെ സംബന്ധിച്ചിടത്തോളം ഗവമ്മെൻറുതന്നെ ഇരുവശത്തുനിന്നും പ്രവൎത്തിക്കുന്നതായി കണക്കാക്കാം. ഈ ന്യായവാദങ്ങൾ കേവലം നിരൎത്ഥകമായ അഭിനയങ്ങൾ മാത്രമാകയാൽ അവ മിക്കവാറും

പരിത്യജിക്കപ്പെട്ടുകഴിഞ്ഞു. ഇപ്പോൾ കേന്ദ്രത്തിലെ അധികാരികളാണ് തൊഴിലാളികളുടെ കൂലിയും മററു കാര്യങ്ങളും നിർണ്ണയിക്കുന്നത്.

ഹിററ്ലരുടേയോ മുസോലിനിയുടേയോ കീഴിലുണ്ടായിരുന്ന അടിമാവസ്ഥതന്നെ ഇന്നു റഷ്യയിലെ ട്രേഡ്‌യൂണിയനുകൾക്കുണ്ടു്. അവയുടെ പ്രധാന ജോലി ഉല്പാദനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തൊഴിലാളികളെ ശിക്ഷണബോധമുള്ളവരാക്കുകയും അതിൽ അലസത കാണിച്ചാൽ അവരെ ശിക്ഷിക്കുകയുമാണ്. ഒരു ഫാക്ടറിയിലെ ഉല്പാദനസംബന്ധമായ നയപരിപാടികളിൽ അതിലെ തൊഴിലാളിക്കു യാതൊന്നും ശബ്ദിക്കുവാൻ സാദ്ധ്യമല്ലാത്തപോലെതന്നെ അവിടത്തെ ട്രേഡ്‌യൂണിയൻെറ നടത്തിപ്പിലും അവനു് ഒരുകയ്യും ഇല്ല.

കഴിഞ്ഞ യുദ്ധത്തിനുമുമ്പ് ഒരു ഫാക്ടറിയിലേയോ ഖനിയിലേയോ മററു സ്ഥാപനങ്ങളിലേയോ കമ്മ്യൂണിസ്റ്റ്കാരിൽനിന്നാണ് അവിടത്തെ ട്രേഡ്‌യൂണിയൻ ഉദ്യോഗസ്ഥന്മാർ സാധാരണമായി നിയമിക്കപ്പെട്ടിരുന്നതു്. ഇതിൻെറ ഫലമായി ട്രേഡ്‌യൂണിയനിലെ ഉദ്യോഗസ്ഥപ്രഷ്പ്രഭുക്കളും തൊഴിലാളികളും തമ്മിൽ കുറെയൊക്കെ മൈത്രിയും സഹതാപവും ഉണ്ടായിക്കൊണ്ടിരുന്നു. ഈ "സാഹോദര്യം" ഫാക്ടറിയിലെ ഉല്പാദനത്തിനു് ഹാനികരമാണെന്നുള്ള കാരണം പറഞ്ഞു് അപലപിക്കപ്പെട്ടു. തന്നിമിത്തം ഒരു സ്ഥാപനത്തിലെ യൂണിയനുദ്യോഗസ്ഥന്മാർ ഇപ്പോൾ നിയമിക്കപ്പെടുന്നതു് മററു സ്ഥാപനങ്ങളിലോ മററു ഡിസ്ത്രിക്ടിലോ ഉള്ള ആളുകളിൽനിന്നാണ്.

സോവ്യററ് റഷ്യയിൽ ഗവമ്മെൻറുതന്നെ ഏകമുതലാളിയാകയാൽ തൊഴിലാളികൾ പണിമുടക്കുന്നതും പണിമുടക്കുവാൻ ശ്രമിക്കുന്നതും രാജ്യരക്ഷയ്ക്കെതിരായ വിപ്ലവമായി ഗണിക്കപ്പെടുന്നു. പണിമുടക്കിനു ശ്രമിച്ചതിൻെറ ചില ദൃഷ്ടാന്തങ്ങൾ അങ്ങിങ്ങായി അവിടെ

ഉണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം അതിൽ നേതൃത്വം വഹിച്ച ആളുകളെ കണ്ടുപിടിക്കുകയും അവക്കു വധശിക്ഷ നൽകുകയും ചെയ്തിരുന്നു.

പ്രജായത്ത രാജ്യങ്ങളിലെ ട്രേഡുയൂണിയനുകളൊന്നും സമ്മതിക്കുകയില്ലാത്ത നിയമങ്ങളും സമ്പ്രദായങ്ങളുമാണ് സോവ്യററ് ട്രേഡ്‌യൂണിയനുകളിൽ നടപ്പിൽ ഇരിക്കുന്നതു്. ഉദാഹരണമായി, പീസ്‌വർക്കിൻെറ അടിസ്ഥാനത്തിൽ വേലയ്ക്കുള്ള സകല പ്രതിഫലവും നിർണ്ണയിക്കപ്പെട്ടുന്നു. വേഗം വേഗം വേലചെയ്യുന്നവരുടെ തോതു് വേലയ്ക്കു വേഗം കൂട്ടാനുള്ള മാനദണ്ഡമായി സ്വീകരിക്കപ്പെട്ടിരുന്നു. അമേരിക്കയിലും മററും സ്വാഭിമാനമുള്ള യാതൊരു ട്രേഡ്‌യൂണിയനും അതു സമ്മതിക്കുകയില്ല. തക്കകാരണം കൂടാതെ 20 മിനിട്ടോ അതിലധികമോ താമസിച്ചുവരുന്ന വേലക്കാരെ ശിക്ഷിച്ചു കാരാഗൃഹത്തിലേക്കോ തടങ്കൽക്യാമ്പിലേക്കോ പറഞ്ഞയയ്ക്കും. 13 വയസ്സുപ്രായമുള്ള കുട്ടികളെക്കൊണ്ടുപോലും മുതിർന്നവരുടെ വേല രാജ്യത്തിൻെറ പല ഭാഗങ്ങളിലും ചെയ്യിക്കുന്നുണ്ടു്. സ്ത്രീകൾ കൽക്കരിഖനികളിലും മററും ഏററവും കട്ടിയായ വേലകൾ ചെയ്യുന്നു. പണിക്കോപ്പുകൾക്കോ മററു വസ്തുക്കൾക്കോ കേടുവരുത്തുന്ന വേലക്കാർ അവയ്ക്കു നഷ്ടപരിഹാരം ചെയ്യുവാൻ നിർബന്ധിക്കപ്പെട്ടുന്നു. ചില ഫാക്ടറികളിൽ ജോലികഴിഞ്ഞു് സ്ഥലം വിട്ടുമ്പോൾ വേലക്കാരെ പരിശോധിക്കുകപോലും ചെയ്യുന്നു.

സോവ്യററ്‌യൂണിയനിലെ ഓരോ തൊഴിലാളിയും ഓരോ "വേലപ്പുസ്തകം" അഥവാ പാസ്‌പോർട്ടു് കൊണ്ടു നടക്കണമെന്നുണ്ടു്. അതിൽ അവൻെറ വേലയെ സംബന്ധിച്ച സമസ്തവും രേഖപ്പെടുത്തിയിരിക്കുന്നു. അവൻ ഏതു ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു, ഒരു ജോലിയിൽ നിന്നു മറെറാരു ജോലിയിലേയ്ക്കു മാറിയതെന്തുകൊണ്ടു്, അച്ചടക്കലംഘനം വല്ലതും ചെയ്തിട്ടുണ്ടോ എന്നിങ്ങനെ

1106/992

യുള്ള വിവരങ്ങൾ അതിൽ കാണും. ആകയാൽ യാതൊന്നും ഒളിച്ചുവയ്ക്കാനോ, തെററുകൾ ചെയ്തശേഷം ഒഴിഞ്ഞുമാറുവാനോ അവന്നു സാദ്ധ്യമല്ല. ഈ വേലപ്പുസ്തകത്തെ മിക്കവാറും സകല റഷ്യാക്കാരും വെറുക്കുകയും ആന്തരികമായി പ്രതിഷേധിക്കുകയും ചെയ്യുന്നുണ്ട്. തങ്ങളുടെ തലയ്ക്കുമീതെ ഓങ്ങിപ്പിടിച്ചുകൊണ്ടിരിക്കുന്ന സർക്കാരിന്റെ ഒരു മുണ്ടൻവടിയായിട്ടാണ് അവർ അതിനെ വീക്ഷിക്കുന്നത്.

1929-വരെ സോവ്യററ് ട്രേഡ്യൂണിയനുകൾക്ക് ഏതാണ്ടൊരു സ്വാതന്ത്ര്യമുണ്ടായിരുന്നു. ഫാക്ടറിയിലെ മാനേജ്മെൻറിന്നു എതിരായി മേലധികാരികളോട് അപ്പീൽ ചെയ്യുവാനും; ഫാക്ടറിയുടെ നടത്തിപ്പിൽ കുറച്ചൊക്കെ അഭിപ്രായം പറയുവാനും അവർക്കു കഴിഞ്ഞിരുന്നു. അക്കാലത്തിന്നു ശേഷമാകട്ടെ ആ നില മുഴുവനും മാറിയിരിക്കുകയാണ്. ഇന്നത്തെ സോവ്യററ് ട്രേഡ്യൂണിയനുകൾ കേവലം ഗവമ്മെൻറു ബ്യൂറോകളാണ്. ഭാരമേറിയ തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുകയും, സാമുദായികരക്ഷാഭോഗങ്ങളിൽ ചിലതെല്ലാം കൈകാര്യം ചെയ്യുകയുമാണ് അവയെ ഏല്പിച്ചിരിക്കുന്ന ജോലി.

"ട്രേഡ്യൂണിയൻ സംബന്ധിച്ചുള്ള പാശ്ചാത്യരുടെ ആശയങ്ങൾ" പ്രചരിപ്പിച്ച കുററത്തിന് ട്രേഡ്യൂണിയനുദ്യോഗസ്ഥന്മാരെ വെടിവച്ചു കൊന്നിട്ടുണ്ട്. ട്രേഡ്യൂണിയൻ സംഘടനയുടെ ഔദ്യോഗികനാവായ "ട്രേഡ്" എന്ന പത്രം സമുന്നതനായ ഒരു ഉദ്യോഗസ്ഥന്റെ വാക്കുകൾ ഒരിക്കൽ ഉദ്ധരിച്ചിരുന്നു:-

> "തൊഴിലാളികൾ ഗവമ്മെൻറിനെതിരായി സ്വയസംരക്ഷണ നില സ്വീകരിക്കരുത്. അങ്ങനെ ചെയ്യുന്നതു് അവസര സേവകന്മാർ ചേന്ന ക്രമക്കേടും, ഭരണകാര്യങ്ങളിലുള്ള കൈകടത്തലുമാണ്."

DVK Library
Bangalore - 29

കുറഞ്ഞക്കൂലി, ദുരിതസമ്പൂർണ്ണമായ ജീവിതസ്ഥിതികൾ എന്നിവയ്ക്കു പുറമെ ഒരു റഷ്യൻ തൊഴിലാളി വഹിക്കുന്ന ഏററവും ഭാരമേറിയ കുരിശു് നിരന്തരമായ അരക്ഷിതത്വബോധമാണു്. ഏകമുതലാളിയായ ഗവർമ്മെൻറിനെ ഏതെങ്കിലും വിധത്തിൽ മുഷിപ്പിച്ചാൽ അവൻെറ കാര്യം അവസാനിച്ചിരിക്കും. ജോലി നഷ്ടപ്പെടുക മാത്രമല്ല, പാക്കാനുള്ള സ്ഥലവും റേഷൻ കാർഡും സാമുദായികരക്ഷാഭോഗങ്ങൾക്കുള്ള അവകാശവും അവനു നഷ്ടപ്പെടും. സക്കാർ വകയല്ലാത്ത യാതൊരുതരം ജീവകാരുണ്യസ്ഥാപനങ്ങളും റഷ്യയിൽ ഇല്ലാത്തതിനാൽ അവൻ കേവലം നിരാലംബനായിത്തീരും

റഷ്യൻ തൊഴിലാളിയെ യാതൊരു മുന്നറിവും കൂടാതെ വിദൂരസ്ഥലങ്ങളിൽ വേലയ്ക്കു നിയമിച്ചെന്നുവരാം. അവൻെറ വേലയുടെ കോട്ടാ പെട്ടെന്നു വർദ്ധിപ്പിച്ചേക്കാം. അതിൻെറ ഫലം കൂലിയിൽ വെട്ടിക്കുറവായിരിക്കും. വേലയ്ക്കു താമസിച്ചുവരിക മുതലായ ഏതെങ്കിലും ഒരു തെററു ചെയ്താൽ അവൻെറ ജീവിതം മുഴുവനും തകൻപോയേക്കാം. യഥാത്ഥങ്ങളോ സാങ്കല്പികങ്ങളോ ആയ ഓരായിരം കുററങ്ങളിൽ ഏതെങ്കിലും ഒന്നിൻെറ പേരിൽ അവനെ കിടക്കയിൽനിന്നും വലിച്ചു തടങ്കൽക്യാമ്പിലേയ്ക്കു് തള്ളിവിട്ടെന്നും വരാം.

പട്ടിണിക്കൂലിക്കു് വേലകൊടുക്കാൻ ഗവർമ്മെൻറു് തയ്യാറുള്ളതുകൊണ്ടു സോവ്യററു തൊഴിലാളിയ്ക്കു മിക്കവാറും തൊഴിലില്ലായ്മ ഭയപ്പെടേണ്ടതില്ല. എന്നാൽ അവൻ ചെയ്യുന്ന വേലയുടെ സ്ഥിതിഗതികൾ സംബന്ധിച്ചു് അവനൊന്നും അവകാശപ്പെടാനോ സ്വാധീനം ചെലുത്താനോ കഴിയുകയില്ല. രാഷ്ട്രത്തിൻെറ അടിമക്കുടിയാൻ എന്ന നിലയിലേയ്ക്കു് താഴ്ത്തുന്നതരം തൊഴിൽനിയമങ്ങൾ അനുസരിച്ചുകൊണ്ടു അവൻ ജീവിക്കണം. അവൻെറ ട്രേഡ്യൂണിയനും അവൻെറ കാര്യത്തിൽ ഇടപെട്ടു് ഒരു

സഹായവും ചെയ്യാൻ കഴിയുകയില്ല. നേരെമറിച്ച് മുതലാളിയായ ഗവമ്മെൻറിൻെറ ഭാഗത്തായിരിക്കും യൂണിയൻ എപ്പോഴും നില്ക്കുന്നതു്,

രോഗത്തിനും വാർദ്ധക്യത്തിനും മററുമായുള്ള സാമുദായികരക്ഷാഃഭാഗങ്ങൾ സോവ്യററു തൊഴിലാളിയ്ക്കു് ലഭിക്കുന്നതു് ഏററവും പിച്ചയായ തോതിലാണു്. അമേരിക്കയിലേയും മററും തോതിൽനിന്നു അതു എത്രയോ താഴെയാണെന്നു് പറയാൻ സാദ്ധ്യമല്ല.

ബ്രിട്ടനിലെ ട്രേഡ് യൂണിയനുകളുടേയും ലേബർപാർട്ടിയുടേയും നേതൃത്വം വഹിച്ചിരുന്ന പരേതനായ പ്രൊഫസർ ലാസ്കി 1949 ആഗസ്റ്റ് 8-ാംതീയതിയിലെ "ഹിന്ദു" പത്രത്തിൽ സോവ്യററു് റഷ്യയിലെ ട്രേഡ്യൂണിയനുകളുടെ അസ്വാതന്ത്ര്യങ്ങളെ വിശദീകരിച്ചും, അവയെ ബ്രിട്ടനിലെ ട്രേഡ യൂണിയനുകളുടെ സ്വാതന്ത്ര്യങ്ങളോടു താരതമ്യം ചെയ്തും ഒരു ലേഖനം എഴുതിയിരുന്നു. റഷ്യയിലെ ട്രേഡ് യൂണിയനുകഃളപ്പററി അതിലഃദ്ദേഹം പറഞ്ഞിരുന്നതു് ഈ വിവരണത്തോടു് പരിപൂർണ്ണമായി യോജിക്കുന്നു. സ്ഥലദൈർഘ്യം ഭയന്നു് ആ ലേഖനത്തിൽനിന്നു ഒന്നും ഉദ്ധരിക്കുന്നില്ല.

സോവ്യററു് റഷ്യയിലെ ട്രേഡ്യൂണിയനുകളെ വിഷയീകരിച്ചു് ഒരു പുതിയ പുസ്തകം പുറത്തു വന്നിട്ടുണ്ടു്. "Soviet Trade Unions and their place in Soviet Labour Policy" by Izaac Decutscher, Royal Institute of International affairs (Oxford University Press Madras) ഈ ഗ്രന്ഥം വായിച്ചാൽ കാണാം, സോവ്യററു് ട്രേഡ യൂണിയനുകളുടെ സ്വഭാവം മുകളിൽ വിവരിച്ചതു് ഇപ്പോഴും യഥാത്ഥമായിത്തന്നെയിരിക്കുന്നെന്നു്.

### വള്ളത്തോൾ

സോവ്യററു് യൂണിയനിലെ പൗരന്മാരുടെ പൊതുവായും തൊഴിലാളികഷ്കരുടെ പ്രത്യേകമായുമുള്ള സാമ്പത്തി

ക ജീവതസ്ഥിതി ഈ അദ്ധ്യായത്തിൽ വിവരിച്ച വിധത്തിൽ ഏററവും ദയനീയമായിരിക്കെ, അവരെല്ലാം മററേതുരാജ്യത്തിലേക്കാളും സകലവിധ സുഖസൗകര്യങ്ങളോടുകൂടിയാണു ജീവിച്ചു പോരുന്നതെന്ന് മഹാകവി വള്ളത്തോൾ, തന്നെ സന്ദർശിച്ചപത്രലേഖകന്മാരെ വിവരിച്ചു കേൾപ്പിച്ചതു് അത്യന്തം ആശ്ചര്യജനകമായിരിക്കുന്നു! സോവ്യററ് യൂണിയൻെറ തലസ്ഥാനമായ മോസ്ക്കോയും അടുത്ത പരിസരങ്ങളുമല്ലാതെ 8,819,791 ചതുരശ്ര മൈൽ വിസ്തീർണ്ണവും 200,000,000 ത്തോളം ജനസംഖ്യയുമുള്ള ആ മഹാസാമ്രാജ്യത്തിൻെറ മററുഭാഗങ്ങൾ താൻ സന്ദർശിച്ചതായി അദ്ദേഹം പറയുന്നില്ല. സർ. സി. പി. യുടെ കാലത്തു് തിരുവിതാംകൂർ സന്ദർശിക്കാൻ ക്ഷണപ്രകാരമോ അല്ലാതെയോ വന്നിരുന്ന വിദേശികളായ പ്രമുഖന്മാരെ തിരുവനന്തപുരം പട്ടണവും അവിടത്തെ ഏററവും പരിഷ്കൃതങ്ങളായ പരിതസ്ഥിതികളും കാണിച്ചു്, തിരുവിതാംകൂർ സംസ്ഥാനത്തിലെ സാമ്പത്തികസ്ഥിതിപോലും ഏററവും തൃപ്തികരമാണെന്ന ധാരണ ജനിപ്പിച്ചു് അവരെ മടക്കി അയച്ചിരുന്നതു് നമുക്കറിവുള്ളതാണല്ലോ. തലസ്ഥാനനഗരിവിട്ടു് സംസ്ഥാനത്തിൻെറ മററുഭാഗങ്ങളിലേയ്ക്കു്, ഉൾനാടുകളിലേയ്ക്കു പ്രത്യേകിച്ചും, അവരെ കൊണ്ടുപോയിരുന്നെങ്കിൽ തിരുവിതാംകൂർ നിവാസികളിൽ വലിയ ഭൂരിപക്ഷവും എത്ര ദാരിദ്ര്യത്തിലാണു കഴിഞ്ഞുകൂടുന്നതെന്നും മററുമുള്ള യാഥാർത്ഥ്യങ്ങൾ അവക്കു ഗ്രഹിക്കുവാൻ കഴിയുമായിരുന്നേനേ. അതിനുള്ള സന്ദർഭവും സൗകര്യവും ലഭിക്കായ്കയാൽ അയഥാർത്ഥമായ ബോധത്തോടുകൂടി അവർ മടങ്ങുകയും, അവർ കണ്ട തിരുവിതാംകൂർ സകലവിധത്തിലും ആധുനിക പരിഷ്കൃതരാഷ്ട്രങ്ങളുടെ ഗണത്തിൽ പെടുന്നതാണെന്നു പുറമെ പ്രചരണം നടത്താൻപററിയ ഏജൻറുകളായി പരിണമിക്കുകയുമാണുണ്ടായിട്ടുള്ളതു്. അവരുടെ തിരുവനന്തപുരം സന്ദർശനം

തിരുവിതാംകൂർ സന്ദർശനമായി പരിണമിച്ചതുപോലെ; മഹാകവി വള്ളത്തോളിന്റെയും മോസ്കോ സന്ദർശനം സോവ്യററ് റഷ്യയുടെ സന്ദർശനമായി കൊട്ടിഘോഷിക്കപ്പെട്ടു. സന്ദർശകന്മാർക്കുവേണ്ടി തിരുവനന്തപുരം പട്ടണത്തെ സജ്ജീകൃതമാക്കാൻ ഇവിടത്തെ ദുർബലരായ സ്വേച്ഛാധികാരികൾക്കു സാധിച്ചെങ്കിൽ, സോവ്യററ് യൂണിയൻ സന്ദർശിക്കുവാൻ പ്രത്യേകം ക്ഷണിക്കപ്പെട്ടുന്നവർക്കുവേണ്ടി മോസ്കോയും പരിസരങ്ങളും സജ്ജീകൃതമാക്കാൻ അവിടത്തെ മഹാശക്തരായ സ്വേച്ഛാധികാരികൾക്കു സാധിക്കാതിരിക്കുമോ? റഷ്യൻഭാഷ അറിഞ്ഞുകൂടാതെ, റഷ്യയിലെ സ്ഥലങ്ങളെപ്പററി യാതൊരു പിടിയുമില്ലാതെ, അവിടത്തെ അധികാരികൾ നിയമിച്ച ദ്വിഭാഷികൾ പറയുന്നതു മാത്രം വിശ്വസിക്കാനും അവർ കൂട്ടിക്കൊണ്ടു പോകുന്ന സ്ഥലങ്ങളിൽമാത്രം സഞ്ചരിക്കാനും നിർബദ്ധരായിത്തീർന്ന മഹാകവിക്കുംകൂട്ടർക്കും, സന്ദർശകന്മാർക്കായി സജ്ജീകരിക്കപ്പെട്ടിരിക്കുന്ന സ്ഥിതിഗതികളല്ലാതെ മറെറന്തു കാണാനും അറിയാനുമാണു് സാധിക്കുക? ആകയാൽ സോവ്യററ്റഷ്യയിൽ അങ്ങോളമിങ്ങോളമുള്ള യഥാർത്ഥ സ്ഥിതിഗതികൾ മഹാകവിയും കൂട്ടരും കാണുകയോ അറിയുകയോ ചെയ്തിട്ടില്ല. അഥവാ അവയിൽ വല്ലതും കാണുകയും അറിയുകയും ചെയ്തിട്ടുണ്ടെങ്കിൽ സോവ്യററ്റഷ്യയുടെ ഏജൻറന്മാരായി മടങ്ങിവരുന്നവരുടെ നിലയിൽ അവയെപ്പററി മൗനം അവലംബിക്കാൻ കൃതജ്ഞതാബോധത്താൽ അവർ പ്രേരിതരായിരിക്കുന്നു. അങ്ങനെ, റഷ്യയിൽ സാക്ഷാൽ ഇല്ലാത്ത സൗഭാഗ്യാവസ്ഥ അവിടെയുണ്ടെന്നു പറഞ്ഞു് ഇന്നാട്ടുകാരെ കബളിപ്പിക്കുകയാണെന്നുള്ള ആരോപണത്തിന് അവർ പാത്രീഭൂതരല്ലെന്നു് സമാധാനിക്കുകയും ചെയ്യാം.

## VII

# അടിമവേലക്കാർ

സോവ്യററ് കമ്മ്യൂണിസത്തിൻെറ യഥാ ത്ഥ സ്വഭാവം വെളിപ്പെടുത്തുന്ന ഏററവും പ്രധാനമായ വസ്തുത മനുഷ്യൻെറ അടിമത്തം ഏററവും ബ്ൃഹത്തായ തോതിൽ പുനഃസ്ഥാപിക്കപ്പെട്ടിരിക്കുന്നു എന്നതാണു്. ആ കമ്മ്യൂണിസം നിരീശ്വരപരമായ ഒരുതരം ഭൗതിക സിദ്ധാന്തമാണെന്നും, അതിൽ മനുഷ്യൻെറ ജന്മാവകാശ ങ്ങൾ നിഷേധിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്യുന്നുണ്ടെന്നും, അതിലെ അധികാരം ഉച്ചസ്ഥാനത്തി രിക്കുന്ന ഏതാനും ആളുകളുടെ കരങ്ങളിൽ ആശ്ചര്യകര മായവിധം കേന്ദ്രീകരിക്കപ്പെട്ടിരിക്കുകയാണെന്നും, ഈ ആളുകളുടെ അധികാരത്തിനു് ദൈവീകമോ മാനുഷികമോ ആയ യാതൊരു പരിധിയും നിണ്ണയിക്കപ്പെട്ടിട്ടില്ലെന്നും ആലോചിക്കുമ്പോൾ മനുഷ്യൻെറ അടിമത്തം ആ സിദ്ധാ ന്തത്തിൻെറ യുക്തിപൂവ്വകവും അനിവാര്യവുമായ ഫലമാ

ണ്ടെന്നു കാണാം. അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിൽ എബ്രാഹം ലിങ്കൺ അടിമകളെ വിമോചിക്കുന്ന ഉത്തരവ് പ്രഖ്യാപനംചെയ്ത കാലത്ത് അവിടങ്ങളിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ അടിമകൾ ഇന്ന് റഷ്യയിലുണ്ട്. ഇവിടെ അടിമകൾ എന്നു പറയുമ്പോൾ അർത്ഥമാക്കുന്നതു് സോവ്യററു ഫാക്ടറികളിലുള്ള വേലക്കാരെയോ കളക്ടീവ് ഫാമുകളിലുള്ള കർഷകരെയോ അല്ല. അവരും ഒർത്ഥത്തിൽ അടിമകളാണ്. കാരണം വേലയ്ക്കു വൈകിവരുക, തീരെ വരാതിരിക്കുക, അനുവാദംകൂടാതെ ജോലിമാറുക എന്നീ കുററങ്ങൾക്ക് നൽകപ്പെടുന്ന ശിക്ഷ പരിഗണിച്ചാൽ അവരുടെ സ്ഥിതി ഒരു പ്രജായത്തരാജ്യത്തിൽ അടിമത്തമായിത്തന്നെ അപലപിക്കപ്പെടും. എന്നാൽ ഇവിടെ പറയുന്നതു് സോവ്യററു പൗരന്മാർ, പോളൻറുകാർ, ബാൾട്ടിക്ക് രാജ്യക്കാർ, ജമ്മൻകാരും ജപ്പാൻകാരുമായ യുദ്ധത്തടവുകാർ, ചെമ്പട ആക്രമിച്ചു നാനാവിധമാക്കിയ വിവിധ രാജ്യങ്ങളിൽനിന്നു ബലമായി പിടിച്ചുകൊണ്ടുപോരപ്പെട്ടവർ—ഇവരെല്ലാം ഉൾപ്പെട്ട ലക്ഷോപലക്ഷം നിർഭാഗ്യവാന്മാരായ മനുഷ്യജീവികളുടെ അടിമത്തത്തെപ്പററിയാണ്. ഇവർ ആയുധധാരികളായ കാവൽഭടന്മാരുടെ കല്പനയനുസരിച്ച് മനുഷ്യോചിതമല്ലാത്തവിധം കഠിനമായ വേലകൾ ദിവസത്തിൽ അനേകം മണിക്കൂർനേരം ചെയ്യും; ഭക്ഷണത്തിൻേറയും വസ്ത്രത്തിൻേറയും പാർപ്പിടത്തിൻേറയും കാര്യത്തിൽ ഏററവും ക്രൂരമായ ദുരിതങ്ങൾ അനുഭവിച്ചും ജീവിതം നയിച്ചുപോരുന്നു. ഇതു സാക്ഷാൽ മനുഷ്യൻെറ അടിമത്തമല്ലെങ്കിൽ ആ പദത്തിന് അർത്ഥമില്ലതന്നെ.

സോവ്യററ് കമ്മ്യൂണിസ്റ്റ്ഭരണത്തിൻെറ ആരംഭം മുതൽ തടങ്കൽ ക്യാമ്പുകൾ അതിൻെറ ഒരു പ്രത്യേകതയായിരുന്നു. എതിർവിപ്ലവകാരികളെന്നു് സംശയിക്കപ്പെടുന്നവരോ സാധാരണഗതിയിൽ പാതകികളെന്നു് ഗ

ണിക്കപ്പെട്ടുന്നവരോ ആയ വ്യക്തികളെ ശിക്ഷിച്ചു നിർബന്ധവേല ചെയ്യുവാൻ ഈ ക്യാമ്പുകളിലേയ്ക്കു് അയച്ചിരുന്നു. ഇവയിൽവച്ചു് ഏററവും വലുതും കുപ്രസിദ്ധവുമായ ക്യാമ്പു് വൈററു്സീ എന്ന ജലാശയത്തിൻെറ മദ്ധ്യത്തിലുള്ള സോളോവെററു്സ്കീ ദ്വീപങ്ങളിലേതായിരുന്നു. ഈ ക്യാമ്പുകളുടെ ആദ്യത്തെ ഉദ്ദേശം കൊള്ളരുതാത്തവരെന്നു ഗവർമ്മെണ്ടിനു തോന്നുന്നവരെ ശിക്ഷിച്ചു് അവിടെ പാർപ്പിക്കണമെന്നായിരുന്നു. ക്യാമ്പുകളിൽ അവരെക്കൊണ്ടു് വേലചെയ്യിക്കുന്നതു് രാജ്യത്തിലെ സാമ്പത്തികമായ ഏർപ്പാടുകളുടെ ഒരു പ്രധാന ഭാഗമായി ഗണിച്ചിരുന്നില്ല.

## കുലാക്കുകൾ

1929-ൽ സോവ്യററു റഷ്യയിലെ സകല കർഷകരുടേയും ഭൂമികൾ പിടിച്ചെടുത്തു് കളക്ടീവ് ഫാമുകളാക്കാൻ ഗവർമ്മെണ്ടു് തീരുമാനിച്ചു. "കുലാക്കുകൾ എന്ന വർഗ്ഗക്കാരെ ഇല്ലായ്മചെയ്യുക" എന്നൊരുത്തരവ് അന്നു പാസാക്കി. റഷ്യയിലെ മാനദണ്ഡമനുസരിച്ചു് താരതമ്യേന ധനികരായി ഗണിക്കപ്പെട്ട കർഷകരാണു് കുലാക്കുകൾ. അവരുടെ വസ്തുവകകൾ സൊരുമിച്ചുകൂട്ടി രാജ്യത്തിൻെറ ഉടമയിൽ ഒരു ശേഖരമാക്കിവയ്ക്കുവാനുള്ള പ്രസ്ഥാനത്തെ അവർ പൊതുവായി എതിർത്തുനിന്നു. അതുകൊണ്ടാണു് കുലാക്കുകളെ ഒരു വർഗ്ഗമെന്ന നിലയിൽ ഇല്ലാതാക്കുവാൻ ശ്രമം നടന്നതു്. ലക്ഷോപലക്ഷങ്ങൾ വരുന്ന ഈ കർഷകരുടെ വസ്തുവകകൾ ഗവർമ്മെണ്ടു് കണ്ടുകെട്ടിയെടുത്തു. അവരെ കൂട്ടംകൂട്ടമായി സാമാനവാഹികളായ തീവണ്ടികളിൽ കയററി തടങ്കൽക്യാമ്പുകളിലേക്കയച്ചു. മരംവെട്ടുക, കനാലുകൾ തുറക്കുക, ഖനികൾ കുഴിക്കുക, തീവണ്ടിപ്പാതയുണ്ടാക്കുക മുതലായ ജോലികൾ ചെയ്യാൻ അവരെ നിയമിച്ചു. ഈ നടപടിയാൽ സോവ്യററു് അധികാരി

കൾ ഒരു വെടിക്ക് മൂന്നു പക്ഷിയെ കൊന്നു. ഒന്നാമതായി കുലാക്കുകളുടെ വസ്തുവകകളെല്ലാം കളക്റ്റീവ് ഫാമുകളാക്കാൻ സാധിച്ചു; രണ്ടാമതായി ബാക്കി കർഷകരെ ഭയവിഹ്വലരാക്കുകയും കുലാക്കുകളെപ്പോലെ ഗവർമ്മെൻറുത്തരവിനെ എതിർത്തുനിൽക്കാതെ തങ്ങളുടെ വസ്തുവകകളും കളക്റ്റീവ് ഫാമിലേയ്ക്കു വിട്ടുകൊടുക്കുവാൻ അവരെ പ്രേരിപ്പിക്കുകയുംചെയ്തു. മൂന്നാമതായി റഷ്യയെ സൈനികവും വ്യാവസായികവുമായ മഹാശക്തിയാക്കിത്തീർക്കുവാൻവേണ്ടിയിരുന്ന കഠിനവും ഹീനവുമായ വേലചെയ്യാൻ വലിയ ചിലവൊന്നുംകൂടാതെ ലക്ഷക്കണക്കിന് അടിമകളെ ലഭിച്ചു.

കുലാക്കുകൾ മാത്രമല്ല ഈ അടിമവേലയ്ക്കു് ഇരയായിത്തീർന്നതു്. സോവ്യറ്റ് യൂണിയനിൽ ഉൾപ്പെട്ട വിവിധ സ്ഥിതിക്കാരും വർഗ്ഗക്കാരും ഇതിനിരയായിത്തീർന്നു. യുക്രെയിൻ, കോക്കസസ്, മദ്ധ്യ ഏഷ്യാ മുതലായ ഭൂഭാഗങ്ങളിൽവസിച്ചിരുന്ന ഇതരവർഗ്ഗക്കാരായ ആളുകളുടെ ദേശീയമായ പ്രബുദ്ധതയേയും, കൊസാക്ക് വർഗ്ഗക്കാരുടെ ഇടയിലും തെക്കുകിഴക്കേറഷ്യയിലും പൊട്ടിപ്പുറപ്പെട്ടസാമ്പത്തികമായ അസ്വാസ്ഥ്യതയേയും അടിച്ചമർത്തിയതു് അവരെയെല്ലാം നാടുകടത്തി തടങ്കൽക്യാമ്പുകളിൽ അടിമവേലയ്ക്കു് അയച്ചുകൊണ്ടാണു്.

1935 മുതൽ 38 വരെ റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഇടയിൽ നടത്തപ്പെട്ട ശുദ്ധിക്കൽപ്രസ്ഥാനത്തിൽ ബഹിഷ്കൃതരായ അനേകം കമ്മ്യൂണിസ്റ്റ്കാരേയും അടിമവേലക്കാരായി തടങ്കൽ ക്യാമ്പുകളിലേയ്ക്കു് അയക്കുകയുണ്ടായി. രാജ്യത്തിലെ അനേകങ്ങളും വിലക്ഷണങ്ങളുമായ പീനൽ നിയമങ്ങൾ ഏതെങ്കിലും അല്പംപോലും ലംഘിക്കുവാൻ ഇടയാകുന്ന ഏതു ജീവിതാവസ്ഥയിലുമുള്ള സോവ്യറ്റു പൗരന്മാരും സ്വാതന്ത്ര്യം നഷ്ടപ്പെട്ടവരായി ചെന്നു ചേരുന്നതു ഈ അടിമവേലക്കാരുടെ ക്യാമ്പുകളിൽ തന്നെയാണു്. ജോലിക്കു ചെല്ലാതിരിക്കുകയോ വൈകിചെല്ലു

കയോ ചെയ്യുന്നതു് പീനൽനിയമത്തിന്റെ ലംഘനമാക്കി യിരുന്നു. രാഷ്ട്രത്തിന്റെ വസ്തുവകകൾ ഏതെങ്കിലും മോഷ്ടിക്കുന്നതു് 1932-ൽ മരണശിക്ഷയർഹിക്കുന്ന കുററ മാക്കിയിരുന്നു. ഒരു കർഷകന് കളക്റ്റീവ് ഫാമിൽ കൃഷി ചെയ്തുണ്ടാക്കിയ ധാന്യങ്ങളിൽ വല്ല അംശവും അവന്റെ കുടുംബാംഗങ്ങൾ പട്ടിണികിടക്കാതിരിക്കുവാൻവേണ്ടി എ ടുത്തുമാററുന്നതായാൽ അവനെ വെടിവെച്ച് കൊല്ലണ മെന്നു ഈ പീനൽനിയമം വിധിച്ചിരുന്നു. പലപ്പോഴും വെടിവെച്ചു കൊല്ലലിന്നു പകരം അടിമവേല മതിയെന്നും നിശ്ചയിച്ചിരുന്നു. അനന്തരകാലത്തു് റഷ്യയിൽമരണശിക്ഷ ഔദ്യോഗികമായി നിർത്തലാക്കപ്പെട്ടു. അതിന്നുപകരം അടി മവേലക്യാമ്പിൽ 25കൊല്ലം പണിയെടുത്താൽ മതിയെന്നു തീരുമാനിച്ചു. ഈ ശിക്ഷ വധശിക്ഷയേക്കാൾ ക്രൂരവും വേദനാജനകവുമായിട്ടാണ് അനുഭവപ്പെടുന്നതു്. ഏററവും ആരോഗ്യവാനായ മനുഷ്യനുപോലും സോവ്യററ് അടിമ ക്യാമ്പിൽ ഇരുപത്തഞ്ചുകൊല്ലം ജീവിക്കുക സാദ്ധ്യമല്ല.

### യുദ്ധത്തടവുകാർ

കഴിഞ്ഞയുദ്ധം സോവ്യററ് റഷ്യയിലെ അടിമവേല സമ്പ്രദായത്തെ കൂടുതൽ വിസ്തൃതമാക്കി. കിഴക്കേ പോളൻറും ബാൾട്ടിക്ക് റിപ്പബ്ളിക്കുകളും സോവ്യററു സൈന്യങ്ങൾ 1939-ലും 40-ലും ആക്രമിച്ചു കൈവശപ്പെടു ത്തിയപ്പോൾ ആ രാജ്യങ്ങളിലെ ലക്ഷോപലക്ഷം നിവാ സികളെ വളഞ്ഞു് പിടിച്ച് റഷ്യയിലേക്ക് നാടുകടത്തി. പോളൻറിലെ അധികാരികളുടെ കണക്കനുസരിച്ച് ആ നാട്ടിൽനിന്നു നാടുകടത്തപ്പെട്ടവരിൽ നാലിലൊന്നു് അതാ യതു് 270,000 പേർ ഭക്ഷണം കിട്ടാതെയും കഠിനവേല നിമിത്തവും ക്രൂരമായ പെരുമാററത്താലും മരണമടയുക യുണ്ടായി.

യുദ്ധകാലത്തു് സോവ്യററു പൌരന്മാർതന്നെയും വർ

ദ്ധമാനമായതോതിൽ അടിമവേലക്കാരാക്കപ്പെട്ടു.150,000 ആളുകഠം വോഠംഗായുടെ താഴ്വരയിലും യുക്രേനിലും പാത്തിരുന്നു. 18-ാം നൂററാണ്ടിൽ റഷ്യയിൽ കുടിയേറിപ്പാർത്ത കർഷകജനങ്ങളുടെ സന്തതികളായിരുന്നു ഇവർ. ഇവരെയെല്ലാം സ്വഗൃഹങ്ങളിൽനിന്ന് ആട്ടിപ്പായിച്ചു് കരഗണ്ഡായിലെ കൽക്കരി ഖനികളിലേയ്ക്കും സോവ്യററ് റഷ്യയിലെ മററു വലിയ അടിമക്യാമ്പുകളിലേയ്ക്കുംഅയച്ചു.

സോവ്യററു യൂണിയനിൽ പെട്ട ചില റിപ്പബ്ളിക്കുകഠം (German, Kalmyk, Chechen- Ingush and the Karachi Region), അവിടത്തെ നിവാസികഠം യുദ്ധകാലത്തു് സോവ്യററ് വിരുദ്ധമനോഭാവം പ്രകടിപ്പിച്ചെന്ന കാരണംപറഞ്ഞു് മിക്കവാറും സോവ്യററു ഭൂപടത്തിൽ നിന്ന് നിമ്മാർജ്ജനം ചെയ്യപ്പെട്ടു. ഈ രാജ്യങ്ങളിലെല്ലാം കൂടി 200,000-ൽ പരം ആളുകഠം നിവസിച്ചിരുന്നു. അവരിൽ അധികംപേരെയും കപ്പൽ കയററി തടങ്കൽ ക്യാമ്പുകളിലേക്കു് അയച്ചു.

ജമ്മൻകാരും ജപ്പാൻകാരും ഇററാലിയൻകാരുമായ അനേകലക്ഷം യുദ്ധത്തടവുകാരും തടങ്കൽപാളയങ്ങളിലെ അടിമവേലക്കാരിൽ ഉഠംപ്പെട്ടിരുന്നു. റഷ്യാക്കാർ തടവുകാരായി പിടിച്ച ജമ്മൻകാരുടെ എണ്ണം 2,000,000-ൽ കൂടുതലാംണെന്നാണു് സാമാന്യമായി കണക്കാക്കിയിരിക്കുന്നതു്. ഇററലിയിലെ സംരക്ഷണവകുപ്പുമന്ത്രിയായ ലൂയിജിഗാസ്പരോട്ടി 1947 ഫെബ്രുവരി 27-ാംനു- കോൺസ്റ്റിററ്യുവൻറ് അസംബ്ളിയിൽ പ്രസ്താവിച്ചു, സോവ്യററു തടങ്കൽ പാളയങ്ങളിലേയ്ക്കു് അയക്കപ്പെട്ട ഇററാലിയൻ തടവുകാരിൽ 94 ശതമാനവും ക്യാമ്പുകളിൽ വച്ചുതന്നെ മൃതിയടഞ്ഞെന്നു്.

പ്രസ്തുത ക്യാമ്പുകളിൽ പട്ടിണിക്കും രോഗത്തിനും അനുകൂലമായിരിക്കുന്ന സാഹചര്യങ്ങഠം പരിഗണിച്ചാൽ ഈ പ്രസ്താവം ആശ്ചര്യകരമല്ല. "സവ്വരാജ്യറെഡ്ക്രോ

സ്" എന്ന ജീവകാരുണ്യസംഘടനയെ ഈ ക്യാമ്പുകൾ സന്ദർശിക്കുവാൻ സോവ്യററു ഗവമ്മെൻറ് ഒരിക്കലും അനുവദിക്കാത്തതു് അത്ഥഗർഭമായിരിക്കുന്നു. ക്യാമ്പുകളിൽ നിന്നു രക്ഷപെട്ട ചിലരുടെ പ്രസ്താവങ്ങൾ വായിച്ചാൽ അറിയാം, അവിടത്തെ സ്ഥിതിഗതികൾ എന്തെന്ന്. സ്റ്റോക്ക്ഹോമിൽനിന്നു പുറപ്പെടുന്ന "ബാൾട്ടിക് റിവ്യൂ" എന്ന പത്രഗ്രന്ഥത്തിൽ, സ്മോളൻസ്കിനടുത്തുള്ള ഒരു ക്യാമ്പിൽനിന്നും രക്ഷപെട്ട എസ്റ്റോണിയാക്കാരൻ നൽകിയ വിവരങ്ങൾ കൊടുത്തിരുന്നതു് താഴെ ചേക്കാം:-

"ദിവസം തോറുമുള്ള റേഷൻ, മൂന്നു പ്രാവശ്യമായി കൊടുക്കുന്ന 1⅓ റാത്തൽ അപ്പവും ഒരു കപ്പി സൂപ്പുമാണ്. ഈ സൂപ്പിൽ വെള്ളവും അലുത്ത ഉരുളൻ കിഴങ്ങും അടങ്ങിയിരിക്കും. മിക്കവാറും എല്ലാ തടവുകാരുടേയും ശരീരം നീരുകൊണ്ടു് വീങ്ങിയിരുന്നു. ഓരോ മാസത്തിലും ക്യാമ്പിൽ ഏകദേശം 200 പേർ വേലചെയ്യാൻ പരിഹരദം അപ്രാപ്തരായി ഭവിച്ചു. ശരാശരി 2 ആൾവീതം ദിവസവും മരണമടഞ്ഞു. ഭക്ഷണം മതിയാകാകെ ഭയങ്കരമായി വലഞ്ഞിരുന്ന തടവുകാർ ഭക്ഷണം തേടി ചപ്പും ചവറും കൂട്ടിയിരിക്കുന്ന സ്ഥലങ്ങളിൽ ചെന്നു് ആ അഴുക്കുകളുടെ ഇടയിൽ വല്ല മത്സ്യങ്ങളുടെയും തലയോ മുള്ളോ കണ്ടുകിട്ടാൻ പരിശോധന നടത്തിയിരുന്നു. ക്യാമ്പിൻെറ മേധാവിത്വം വഹിക്കുന്ന റഷ്യാക്കാക്കുവേണ്ടി വളത്തപ്പെടുന്ന ഒരു പന്നിയുടെ സൂക്ഷക്കാരായി ഏൾപ്പെടുത്തിയിരുന്ന രണ്ടു തടവുകാരുടെ ജോലി, പന്നിക്കു കൊടുക്കുന്ന തീററിയിൽനിന്നു് പട്ടിണിഭ്രാന്തന്മാരായ തടവുകാരാരും ഒന്നും എടുത്തുകൊണ്ടുപോകാതിരിക്കാൻ ശ്രദ്ധിക്കുകയായിരുന്നു."

പോളണ്ടിലെ യഹൂദ സോഷ്യലിസ്റ്റ്പാർട്ടിയിലെ ഒരംഗമായിരുന്ന ലൂസിയൻ ബ്ളിററു് താൻ പാപ്പിക്കു

പ്പെട്ടിരുന്ന തടങ്കൽക്യാമ്പിലെ അനുഭവം വിവരിച്ച കൂട്ടത്തിൽ ഇപ്രകാരം പ്രസ്താവിച്ചു:-

"ചെറുപ്പക്കാരായ സ്ത്രീകൾ തങ്ങൾക്കു കിട്ടുന്ന റേഷന്റെ കുറവു പരിഹരിച്ചിരുന്നതു് കാവൽഭടന്മാൎക്കു് അവരുടെ ചാരിത്ര്യം വിററുകൊണ്ടാണു്. ഓരോ പ്രാവശ്യവും ആ കച്ചവടത്തിൽ ഒരു റാത്തൽ അപ്പം അവൎക്കു കിട്ടിയിരുന്നു. ഈ ദുർവൃത്തിക്കും പുറമെ ജീവനെ രക്ഷിക്കുവാൻവേണ്ടി മോഷണം, ചാരവൃത്തി മുതലായവയും നടത്തിയിരുന്നു. 1941-ആഗസ്റ്റിൽ എന്റെ സെക്ഷനിലുണ്ടായിരുന്ന 430 പോളൻറുകാരിൽ 120 പേരും ശരീരം മുഴുവനും നീരുകൊണ്ടു നിറഞ്ഞിട്ടു് നിലത്തുനിന്നു് എഴുന്നേൽക്കാൻപോലും അശക്തരായി. പ്രതിവർഷം ക്യാമ്പിലെ നിവാസികളിൽ 30 ശതമാനം മൃതിയടഞ്ഞിരുന്നു."

ഡെൻമാക്കിലെ തൊഴിലാളിഫെഡറേഷന്റെ പ്രസിഡൻറായ എയിലർ ജെൻസൻ (Eiler Jensen) രണ്ടു മൂന്നു മാസങ്ങൾക്കു മുൻപു് ഈ വിഷയത്തെപ്പററി തലസ്ഥാനനഗരിയായ കോപ്പൻഹേജനിൽനിന്നു് ഒരു റേഡിയോ പ്രസംഗം ചെയ്യുകയുണ്ടായി. അതിലൊരു ഭാഗമാണു് താഴെ ചേൎക്കുന്നതു്:-

"എന്റെ കൈവശം ചില പ്രമാണരേഖകൾ ഉണ്ടു്. സോവ്യററു് യൂണിയനിലെ തൊഴിലാളിതടങ്കൽ ക്യാമ്പുകളുടെ കേന്ദ്രഭരണം നടത്തുന്ന ഗുലാഗ് എന്ന സമിതിയുടെ കീഴിൽ 14,000 000 അടിമവേലക്കാർ ഉണ്ടെന്നു് ആ രേഖകളിൽനിന്നു കാണാം. ക്യാമ്പുകളിലെ മേധാവികളുടെ ഒപ്പുകളോടും മുദ്രകളോടുംകൂടി ഗുലാഗ് ഭരണസമിതിയിൽനിന്നു നൽകിയിട്ടുള്ള പാസ്സ്പോർട്ടുകളുടെ ഫോട്ടോസ്റ്റാററിക് പ്രതികളും എന്റെ കൈവശമുണ്ടു്. ബ്ലൂഹത്തായ

സോവ്യററ് രാജ്യത്തിൻെറ ഒരു മാപ്പും എൻെറ കൈവശമുണ്ട്. കംചാട്ട്കാ മുതൽ റഷ്യയുടെ പടിഞ്ഞാറെ യൂറോപ്യൻ അതിത്തിവരെയുള്ള ക്യാമ്പുകൾ അതിൽ അടയാളപ്പെടുത്തിയിരിക്കുന്നു. ആകെക്കൂടി 175 ക്യാമ്പുകളാണുള്ളത്."

### ഐക്യരാഷ്ട്രസമിതിയുടെ സാക്ഷ്യം

രണ്ടു മൂന്നു കൊല്ലം മുൻപ് ബ്രിട്ടീഷ് ഗവൺമെൻറ് ലോകത്തിനു നൽകിയ ഒരു റേഡിയോ സന്ദേശത്തിൽ, അടിമവേലയെ അംഗീകരിക്കുന്ന സോവ്യററ് നിയമങ്ങളുടെ ഉള്ളടക്കം അക്ഷരംപ്രതി പ്രസിദ്ധപ്പെടുത്തുകയും, ആ നിയമങ്ങളനുസരിച്ച് 100 ലക്ഷം റഷ്യാക്കാർ അടിമവേലക്കാരായി കഴിയുകയാണെന്നു പ്രസ്താവിക്കുകയും ചെയ്തിരുന്നു. അങ്ങനെ ഈ പ്രശ്നം ഐക്യരാഷ്ട്രസമിതിയുടെ എക്കണോമിക്കും സോഷ്യലും കൗൺസിലിൻെറ ശ്രദ്ധയിൽപെട്ടു. അംഗരാഷ്ട്രങ്ങൾ എത്തും സന്ദർശിക്കുവാനും ലോകത്തിൽ എവിടെയുമുള്ള അടിമവേലയെപ്പററി അന്വേഷണങ്ങൾ നടത്തുവാനും അധികാരം നൽകിക്കൊണ്ട് 11 പേരടങ്ങിയ ഒരു കമ്മീഷൻ ഏർപ്പെടുത്തുവാൻ പ്രസ്തുത കൗൺസിലിൽ ഒരു പ്രമേയം അവതരിപ്പിക്കപ്പെട്ടു. 1949 ആഗസ്റ്റിൽ കൂടിയ കൗൺസിലിൻെറ യോഗത്തിൽ ആ പ്രമേയത്തിനെതിരായി റഷ്യയും അതിൻെറ പിടിയിലുള്ള രാജ്യങ്ങളും വോട്ടുചെയ്തു. നേരെമറിച്ച് യു. എസ്. ഗവൺമെൻറിലെ സാമ്പത്തികവകുപ്പിൻെറ അസിസ്റ്റൻറ് സെക്രട്ടറി ഓഫ് സ്റ്റേററ് (Willard L. Yharp) പറഞ്ഞു, യു. എസ്. എസ്. ആറിൽ നിന്നോ മറെറവിടെനിന്നോ ആർക്കും തൻെറ രാജ്യത്തുവന്ന് പ്രസ്തുത വിഷയത്തെപ്പററി അന്വേഷണം നടത്താൻ പരിപൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്ന്. പ്രസ്തുത കൗൺസിൽ 1951 മാർച്ചിൽ തെക്കെ അമേരിക്കായിലെ ചില്ലി

രാജ്യത്തിൻെറ തലസ്ഥാനമായ സാൻറിയാഗോയിൽ സമ്മേളിച്ചപ്പോഠം വീണ്ടും ഈ വിഷയത്തെപ്പററി പ്രമേയം അവതരിപ്പിക്കപ്പെട്ടു. നിഷ്പക്ഷരായ വിദഗ്ദ്ധന്മാരുഠംപ്പെട്ട ഒരു ജോയിൻറ് കമ്മററി ഏപ്പെടുത്തുന്നതിൽ സഹായിക്കണമെന്ന് സവ്വരാജ്യതൊഴിലാളിസമിതിയോട് അഭ്യത്ഥിക്കവാനും, ഇന്നു നിലവിലുള്ള അടിമവേലക്കാരുടെ ക്യാമ്പുകളുടെ സ്വഭാവവും വൈപുല്യവും അന്വേഷിച്ചു പഠിക്കുകയും അന്വേഷണഫലങ്ങഠം പ്രസ്തുത കൗൺസിലിൻേറയും സമിതിയുടേയും സമക്ഷം സമപ്പിക്കുകയും ചെയ്യുവാനുമായിരുന്നു പ്രമേയം. എതിൎത്തുവോട്ടുചെയ്തവർ റഷ്യയുടേയും അതിൻെറ പിടിയിൽപെട്ട രാജ്യങ്ങളുടേയും പ്രതിനിധികഠം മാത്രമായിരുന്നു. സോവ്യററ്യൂണിയനിൽ ലക്ഷോപലക്ഷം അടിമവേലക്കാരെ തടങ്കൽ ക്യാമ്പുകളിൽ താമസിപ്പിക്കുകയും അവരെക്കൊണ്ടു നിർബ്ബന്ധിച്ചു വേലയെടുപ്പിക്കുകയും ചെയ്യുന്നതു യഥാത്ഥമായ സാമ്പത്തികസ്വാതന്ത്ര്യത്തിനു യോജിച്ചതാണോ? അവിടെ അടിമവേലക്കാരും അവരുടെ ക്യാമ്പുകളും ഇല്ലെന്നുള്ളതാണു വാസ്തവമെങ്കിൽ, ഐക്യരാഷ്ട്രസമിതിയാൽ അധികാരപ്പെടുത്തുന്ന നിഷ്പക്ഷരും വിദഗ്ദ്ധരുമായ പ്രതിനിധികഠംക്കുപോലും അന്വേഷണാത്ഥം പ്രവേശനം നൽകുവാൻ റഷ്യ വിസമ്മതിച്ചതും വിസമ്മതിച്ചുകൊണ്ടിരിക്കുന്നതും എന്തുകൊണ്ടാണു്?

സോവ്യററ്റഷ്യയിലെ ഈ അടിമവേലക്യാമ്പുകളെപ്പററി മഹാകവി വള്ളത്തോഠം കേട്ടിട്ടുണ്ടോ? യു. എൻ. ഒ. യുടെ സമിതികളിൽ അവയേപ്പററി നടന്നിട്ടുള്ള ചർച്ചകളും അന്വേഷണശ്രമങ്ങളും അദ്ദേഹം അറിഞ്ഞിട്ടുണ്ടോ? റഷ്യയിൽ ചെന്നിരുന്നപ്പോഠം അവയേക്കുറിച്ചു വല്ല വിവരങ്ങളും അന്വേഷിച്ചറിയാൻ അദ്ദേഹത്തിനു താല്പര്യമോ സൗകര്യമോ ഉണ്ടായിരുന്നോ? ഈ ചോദ്യങ്ങഠംക്കു മറുപടി പറയാൻ അദ്ദേഹം ബാദ്ധ്യസ്ഥനാണു്. സോവ്യററ്

റഷ്യയിൽ അടിമവേലക്യാമ്പുകൾ ഇല്ലെന്നു പറഞ്ഞാൽ അതിനാൽതന്നെ അദ്ദേഹം ആ രാജ്യത്തെപ്പററി അഭിപ്രായം പറയാൻ അർഹതയുള്ളവനല്ല. നേരേ മറിച്ച് അവിടെ അടിമവേലക്യാമ്പുകൾ ഉണ്ടെന്നു സമ്മതിക്കാൻ തയാറാണെങ്കിൽ ആ രാജ്യം സ്വാതന്ത്ര്യത്തിൻേറയും സമത്വത്തിൻേറയും സുഖജീവിതത്തിൻേറയും കേളീരംഗമാണെന്നുള്ള അദ്ദേഹത്തിൻെറ വിവരണം "എന്തൊരു പൊളിയാ" എന്ന ആരോപണത്തിനു പാത്രീഭൂതമാകുന്നു.

# VIII

# സാംസ്കാരികമദ്ദനം

## I

സാർ ചക്രവത്തിയുടെ കാലത്തെ അപേക്ഷിച്ച് സോവ്യററ്റഷ്യയിൽ ലക്ഷോപലക്ഷം ആളുകൾക്ക എഴുതാനും വായിക്കാനും അറിയാം. എന്നാൽ അവരുടെ എഴുത്തും വായനയും എല്ലാം അവക്ക് നല്ലതെന്ന് അവിടത്തെ സ്വേച്ഛാധിപതികൾ വിധിക്കുന്ന വഴിക്കേ പോകാവൂ എന്നു നിർബന്ധമുണ്ട്. ഒരു രാജ്യത്തിലെ എഴുത്തിനും വായനയ്ക്കും ഉള്ള സമസ്തവും, പ്രസിദ്ധീകരണങ്ങൾ മുഴുവനും, ഗവമ്മെൻറിൻെറ കുത്തകയായിരിക്കുകയും, ഗവമ്മെൻറ് അംഗീകരിക്കാത്ത യാതൊന്നും ആരും ചിന്തിക്കുകയോ എഴുതുകയോ ചെയ്യാതിരിക്കാൻ പോലീസ് അക്ഷീണം ശ്രദ്ധിച്ചുകൊണ്ടിരിക്കയും ചെയ്യുകയാണെങ്കിൽ അവിടത്തെ സാക്ഷരത്വം ഗുണത്തിനുപകരം ദോഷമായേ പരിണമിക്കൂ. സോവ്യററ്റഷ്യയിൽ തൻെറ പേരു കഷ്ടിച്ച് എഴുതാനും ഒരു വാചകം ബുദ്ധിമുട്ടി വായിക്കാനും

കഴിയുന്ന ഏതൊരു ഗ്രാമീണനും സാക്ഷരതയുള്ളവനായി ഗണിക്കപ്പെടുന്നു. ഇതിൻെറ ഫലമായി റഷ്യയിൽ സാക്ഷാൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ആളുകൾ വളരെ കുറവാണ്. പകുതിവിദ്യാഭ്യാസവും കാൽ വിദ്യാഭ്യാസവും ലഭിച്ചിട്ടുള്ളവർ സാർ ചക്രവത്തിമാരുടെ റഷ്യയിലേക്കാൾ സ്റ്റാലിൻെറ റഷ്യയിൽ വളരെയധികമുണ്ടു്. എന്നാൽ പൂൎണ്ണമായ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവർ തുലോം കുറവാണ്. യഥാൎത്ഥവും ആഴവുമായ അൎത്ഥത്തിൽ വിദ്യാഭ്യാസം എന്താണ്? സ്വയം ചിന്തിക്കാനും, വസ്തുതകൾ അറിയുവാനും, ശാസ്ത്രത്തിലോ കലയിലോ സ്വന്തം വീക്ഷണമനുസരിച്ച് സത്യത്തെ പിൻതുടരുവാനും ഉള്ള അവകാശവും കഴിവുമാണ് വിദ്യാഭ്യാസം. അതു സ്റ്റാലിൻെറ റഷ്യയിൽ ഏററവും പരിതാപകരമായി അധഃപതിച്ചിട്ടുണ്ടു്, അധഃപതിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സോവ്യററ സ്വേച്ഛാധിപത്യം അവിടത്തെ പൗരന്മാരുടെ ശരീരത്തിൽ മാത്രമല്ല, മനസ്സിലും ആത്മാവിലും പരിപൂൎണ്ണമായ നിയന്ത്രണം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. തങ്ങളുടെ പേരു കഷ്ടിച്ചെഴുതുവാൻ കഴിയുന്ന ലക്ഷോപലക്ഷം ഗ്രാമീണർ കൂടിയാലും സ്വന്തം ചിന്തകളേയും വീക്ഷണങ്ങളേയും എഴുതി ഫലിപ്പിക്കുവാൻ കഴിയുന്ന ഒരു റേറാൾസ്റ്റോയി പ്രഭുവിനോടു് കിടപിടിക്കുമോ? സ്വേച്ഛാധികാരികളുടെ നിൎദ്ദേശത്തിന് അനുയോജ്യമല്ലാത്തവിധം ചിന്തിക്കുകയോ അനുമാനങ്ങളിൽ എത്തിച്ചേരുകയോ ചെയ്യുന്നവർ നേരെ പോകുന്നതു് തടങ്കൽപ്പാളയങ്ങളിലേക്കോ കാരാഗൃഹങ്ങളിലേക്കോ ആയിരിക്കും.

സോവ്യററ് റഷ്യയിൽ രാഷ്ട്രീയത്തെപ്പോലെതന്നെ മാനസികവും സാംസ്കാരികവുമായ സകലജാതി പ്രവത്തനങ്ങളും—തത്വശാസ്ത്രം, ചരിത്രം, പ്രകൃതിശാസ്ത്രം, കലാവിദ്യ, നാടകം ഇവയെല്ലാം—പരിപൂൎണ്ണമായി ഗവമ്മെൻറിൻെറ നിയന്ത്രണത്തിലാണിരിക്കുന്നതു്. ഔദ്യോഗികമായ

വ്യാഖ്യാനത്തോടു യോജിക്കാത്തരീതിയിൽ സ്വരാജ്യചരിത്രം എഴുതുവാൻ തുനിഞ്ഞ ഉൽകൃഷ്ടരായ റഷ്യൻ ചരിത്രകാരന്മാരിൽ അധികവും കാരാഗൃഹവാസത്തിനും അതുമൂലമുള്ള ദുരിതാനുഭവങ്ങൾക്കും അപമൃത്യുവിനും വിധേയരാക്കപ്പെട്ടിട്ടുണ്ട്. സോവ്യററ് റഷ്യയുടെ പുതിയപുതിയ ലക്ഷ്യങ്ങളനുസരിച്ച് അവിടത്തെ ചരിത്രപഠനം ഇടയ്ക്കിടയ്ക്ക് പരിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഹിതകരങ്ങളല്ലാത്ത വസ്തുതകളെല്ലാം നിരാകരിക്കപ്പെടുകയും അവയുടെ സ്ഥാനത്തു് പ്രചരണത്തിനു പററിയ പച്ചക്കള്ളങ്ങൾ സ്വീകരിക്കപ്പെടുകയും ചെയ്യുന്നു. ശാസ്ത്രത്തിന്റെ കാര്യവും ഇതിൽനിന്ന് ഒട്ടും ഭേദമല്ല. കമ്മ്യൂണിസ്റ്റ പാർട്ടിയുടെ പന്ഥാവിൽക്കൂടി വേണം അതും ചരിക്കുവാൻ. "ജനററിക്സ്" എന്ന ശാസ്ത്രവകുപ്പ് (Genetics) മുതലാളിത്ത വ്യവസ്ഥിതിയുടെ വകയാണെന്നുള്ള കാരണം പറഞ്ഞു് പരിത്യജിക്കപ്പെട്ടു. വിശ്വവിഖ്യാതശാസ്ത്രജ്ഞനായ ഐൻസ്റ്റിന്റെ "റെലററിവിററി" (Relativity) സിദ്ധാന്തം, "ഡയലക്ററിക്കൽ മെററീരിയലിസം" എന്ന മാർക്സിസ്റ്റ് സിദ്ധാന്തങ്ങൾക്കു വിപരീതമാകയാൽ നിരസിക്കപ്പെട്ടു. ഫ്രോയിഡിന്റെ (Freud) സിദ്ധാന്തങ്ങളനുസരിച്ചുള്ള "സൈക്കൊ അനാലസിസ്" (Physcho-analysis) മുതലായ മാനസികശാസ്ത്രങ്ങൾ സോവ്യററ് സമുദായത്തിന്റെ സമഷ്ടിവാദമനസ്ഥിതിക്കു യോജിക്കാത്തവയാകയാൽ നിരുത്തലാക്കപ്പെട്ടു.

സോവ്യററ് യൂണിയനിലെ ഗ്രന്ഥകർത്താക്കൾ, സംഗീതകൃത്തുകൾ, മററു കലാകാരന്മാർ ഇവരുടെ ഇടയിലും ഇടയ്ക്കിടയ്ക്കു വലിയ ശുദ്ധികർമ്മപ്രസ്ഥാനം നടത്തപ്പെടുന്നുണ്ട്. "മുതലാളിത്ത മനസ്ഥിതി", "പാശ്ചാത്യരെ കണ്ണുംപൂട്ടി അനുകരിക്കുക" മുതലായ മഹാപാതകങ്ങൾ ആണ് ഇവരുടെമേൽ ആരോപിക്കപ്പെടുന്നതു്. അവർ പ്രതിപാദിക്കേണ്ട വിഷയങ്ങൾ ഏവയെന്നും, അവരുടെ സൃഷ്ടികർമ്മത്തി

ന്റെ വിധം എന്തെന്നും നിർണ്ണയിച്ചുകൊണ്ടു പ്രസിദ്ധപ്പെടുത്തുന്ന രാഷ്ട്രീയമായ ഉത്തരവുകളെ സനിഷ്കർഷം അവർ സമാദരിക്കേണ്ടിയിരിക്കുന്നു. റഷ്യയിലുള്ള ഒരു ഗ്രന്ഥകർത്താവോ, സംഗീതകൃത്തോ, ചിത്രകാരനോ സോവ്യറവ് ഭരണത്തെയോ അതിന്റെ സമ്പ്രദായത്തെയോ പററി ആക്ഷേപങ്ങളോ സംശയങ്ങളോ പ്രകാശിപ്പിക്കാതിരിക്കുന്നതുകൊണ്ടുമാത്രം സുരക്ഷിതരായിരിക്കുന്നില്ല. അവർ സ്വേച്ഛാധിപത്യത്തെ വാഴ്ത്തിപ്പുകഴ്ത്തുകയും, അതിന്റെ ലക്ഷ്യങ്ങളെ പുരോഗമിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അല്ലാത്തപക്ഷം രാജ്യശത്രുക്കളായി ഗണിക്കപ്പെട്ടും. പൗരന്മാരുടെ ബുദ്ധിസാമർത്ഥ്യങ്ങളെല്ലാം സോവ്യറവ് സമ്പ്രദായങ്ങളെ പിൻതാങ്ങുവാനും, അവരുടെ നേതാക്കളെ പ്രകീർത്തിക്കുവാനും, അവരെ കുററം പറയുന്നവരെ കരിതേയ്ക്കുവാനും വിനിയോഗിക്കണമെന്നാണ് ഗവമ്മെൻറിന്റെ പ്രതിക്ഷ. തദനുസരണം രാജ്യത്തിന്റേയും അതിലെ സ്വേച്ഛാധികാരികളുടേയും സേവനത്തിനു മാത്രമായി തങ്ങളുടെ ബുദ്ധിസാമർത്ഥ്യങ്ങൾ വിനിയോഗിക്കുവാൻ മനസ്സും കഴിവും ഉള്ളവക്ക് ഏററവും തൃപ്തികരമായ പ്രതിഫലം ലഭിക്കും. ഗവമ്മെൻറിന്റെ ഹിതാഹിതങ്ങൾക്കു വഴിപ്പെട്ടു പ്രവത്തനം നടത്തുന്ന കലാകാരന്മാരെ ഭരണവർഗ്ഗത്തിൽ പെടുത്തുന്നു. ആ വർഗ്ഗത്തിന്റെ പ്രത്യേകാനുകൂല്യങ്ങളിലും സാമ്പത്തികസമ്പാദ്യങ്ങളിലും അവർ പങ്കാളികളായിരിക്കുകയും ചെയ്യുന്നു. രാഷ്ട്രീയാധികാരികളെ സംരക്ഷിക്കുവാൻ വലയം ചെയ്തുകൊണ്ടിരിക്കുന്ന ബുദ്ധിപരവും കലാപരവും ആയ കാവൽപട്ടാളമായിട്ടാണ് അവരെ ഗണിച്ചിരിക്കുന്നതു്.

ഇതിന്റെയൊക്കെ ഫലമെന്തെന്നാൽ, റഷ്യയിലെ കലയും സംസ്കാരവും ഭയങ്കരമായി അധഃപതിച്ചിരിക്കുന്നു. വിപ്ലവത്തിന്റെ ആദ്യവർഷങ്ങളിൽ പുതിയ പുതിയ ആശയങ്ങൾക്കും പരീക്ഷണങ്ങൾക്കും സ്ഥാനം നൽകപ്പെട്ടി

ടുന്നു. അതിന്റെ ശേഷം ഇന്നോളം രാഷ്ട്രീയത്തോട്ട പരിപൂണ്ണയോജ്യതയില്ലാത്ത കൃതികളെയെല്ലാം സംശയദൃഷ്ടിയോടെയാണ് വീക്ഷിക്കുന്നതു്. തൻമൂലം നാടകം, സംഗീതം, ചിത്രമെഴുത്ത് മുതലായ കലാപ്രകാശനങ്ങളെല്ലാം കേവലം ചൈതന്യരഹിതങ്ങളായിത്തീൎന്നിരിക്കുന്നു. സകല കലയും ശാസ്ത്രവും വിദ്യാഭ്യാസവും ഫലത്തിൽ സോവ്യററ് റഷ്യയുടെ പ്രചരണത്തിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുകയാണു്. അവിടത്തെ ഭരണാധികാരികളുടെ ഔദ്യോഗികമായ ആശയങ്ങളേയും നയപരിപാടികളേയും അഡ്വർറൈറസ് ചെയ്യാനാണ് അവ വിനിയോഗിക്കപ്പെടുന്നതു്. വിദേശങ്ങളിൽനിന്നുള്ള ആശയപ്രവാഹത്തിനെതിരായി സോവ്യററുയൂണിയനിലെ മാനസികവും കലാപരവുമായ ജീവിതംമുഴുവൻ അടച്ചുപൂട്ടപ്പെട്ടിരിക്കുന്നു. വിദേശങ്ങളിൽനിന്നുള്ള ഗ്രന്ഥങ്ങളോ, നാടകങ്ങളോ, ചലച്ചിത്രങ്ങളോ റഷ്യൻ ജനതയുടെ ഇടയിൽ പ്രവേശിക്കുവാൻ അനുവദിക്കുന്നതു് അവ സോവ്യററ് ആശയങ്ങൾക്കു വിപരീതമല്ലെങ്കിൽ മാത്രമാണു്. വിദേശങ്ങളിൽനിന്നുള്ള പത്രങ്ങളും മാസികകളും സാങ്കേതികവിഷയങ്ങളെപ്പററി പ്രതിപാദിക്കുന്നവപോലും, ശ്രദ്ധാപൂർവ്വം തിരഞ്ഞെടുക്കപ്പെട്ട ചുരുക്കംപേൎക്കു മാത്രമേ വായിക്കുവാൻ അനുവാദമുള്ളു. വിദേശങ്ങളിലേക്കു് സഞ്ചാരംചെയ്യുവാൻ വേണമെന്നുവച്ചിരിക്കുന്ന പ്രത്യേകാനുവാദം സോവ്യററു റഷ്യയിൽ ബഹുഭൂരിപക്ഷത്തിനും നിഷേധിക്കപ്പെട്ടിരിക്കുന്നു. അതു് അപൂൎവ്വമായി ചിലൎക്കു് ലഭിക്കുന്നുണ്ടെങ്കിൽതന്നെ, അവർ വിദേശങ്ങളിൽ സ്വരാജ്യത്തിനെതിരായി സംസാരിക്കയില്ലെന്നും തിരിയെ വിളിച്ചാൽ ഉടൻ മടങ്ങിവരുമെന്നും ഉറപ്പുണ്ടായിരിക്കുവാൻവേണ്ടി, അവരുടെ കുടുംബാംഗങ്ങളെ ജാമ്യക്കാരായി നിയന്ത്രണത്തിൽ വച്ചിരിക്കും. സോവ്യററ് യൂണിയനിലേക്കു് തിരിയെ വരാൻ വിസമ്മതിക്കുന്ന പൗരനെ പിടികിട്ടിയാൽ ഏററവും ഭയങ്കരമായ

ശിക്ഷകൾക്കു വിധേയമാക്കുകയുംചെയ്യും. മാനസികവും കലാപരവും സാംസ്കാരികവുമായ ഈ നിയന്ത്രണങ്ങളുടെയെല്ലാം പിടിയിലമന്നിരിക്കുന്ന റഷ്യാക്കാർ ഹിററ്ലരുടേയും മുസ്സോലിനിയുടേയും കീഴിൽപോലും നടന്നിട്ടില്ലാത്തവിധം അത്ര പരിതാപകരമായി ബാഹ്യലോകത്തോടുള്ള സകലബന്ധങ്ങളും മുറിഞ്ഞു് ഒററതിരിക്കപ്പെട്ടിരിക്കുകയാണു്.

### കലാകാരൻെറ സാക്ഷ്യം

സോവ്യററു് ചലച്ചിത്രസമ്പ്രദായത്തിൽ വിദഗ്ദ്ധന്മാരായ രണ്ടു കലാകാരന്മാർ അവരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കുവാൻ ഇക്കൊല്ലം ആദ്യത്തിൽ ഇൻഡ്യയിൽ സഞ്ചരിച്ചിരുന്നു. അവരിലൊരാളായ വി. പുഡോവ്കിൻ സോവ്യററു് ചലച്ചിത്രപ്രദർശനത്തിൻെറ ഉദ്ദേശവും സ്വഭാവവും ആയിടെ മദ്രാസിൽചെയ്ത ഒരു പ്രസംഗത്തിൽ ഇപ്രകാരം വിശദീകരിച്ചു:—

> "ഞങ്ങളുടെ സോവ്യററു് ചലച്ചിത്രം പുരോഗമിപ്പിക്കുവാനും അഭിവൃദ്ധിപ്പെടുത്തുവാനും ഉദ്ദേശിക്കുന്ന ലക്ഷ്യത്തെ "സോഷ്യലിസ്റ്റ് റിയലിസം" എന്നാണു് ഞങ്ങൾ വിളിക്കുന്നതു്. കലാകാരനെ സോവ്യററു രാഷ്ട്രത്തെ സൃഷ്ടിക്കുന്നതിൽ പങ്കെടുക്കുന്ന ഊർജ്ജസ്വലനും വിലയുള്ളവനുമായ പ്രവർത്തകനാക്കിത്തീർക്കുന്ന സമ്പ്രദായമാണു് ഇതു്. "റിയലിസം" എന്നു വിളിക്കുന്നതിൻെറ കാരണം ഞങ്ങളുടെ കല ജീവിതത്തെ അതിൻെറ പൂർണ്ണതയിലും അതുൾക്കൊള്ളുന്ന എല്ലാ വശങ്ങളോടുംകൂടിയും പ്രതിഫലിപ്പിക്കുന്നു എന്നതാണു്. "സോഷ്യലിസ്റ്റ്" എന്നു വിളിക്കുന്നതു് ജീവിതത്തിൻെറ വീക്ഷണത്തിനും പ്രതിഫലനത്തിനും വേണ്ടിയുള്ള സൃഷ്ടിപരമായ പ്രവർത്തനം സോവ്യററു രാഷ്ട്രത്തെ വികസിപ്പിക്കുക എന്ന ഉൽ

കൃഷ്ടലക്ഷ്യങ്ങൾക്കു വിധേയരാക്കപ്പെട്ടിരിക്കുന്നതു കൊണ്ടാണു്. ഒക്ടോബറിലെ ആ മഹത്തായ സോഷ്യലിസ്റ്റ്‌വിപ്ലവം സൃഷ്ടിച്ചതും ബോൾഷേവിക് പാർട്ടിയുടെ നേതൃത്വത്തിൽ ഞങ്ങളുടെ ജനങ്ങൾ അധികാരത്തിൽ വരികയും പഴയ വ്യവസ്ഥിതി തച്ചുടച്ചു പുതിയ സമുദായവ്യവസ്ഥിതി സൃഷ്ടിക്കുവാൻ തങ്ങളുടെ സൃഷ്ടിപരമായ ശക്തികളെ വിനിയോഗിക്കുന്നതിനു് ഇടയാക്കിയതുമായ സാഹചര്യങ്ങളിൽ മാത്രമേ കലാവിദ്യയുടെ പ്രസ്തുത ലക്ഷ്യം കാണപ്പെടുകയുള്ളുവെന്നതു് സ്വാഭാവികമാണല്ലോ."

ഈ വാക്കുകളിൽനിന്നു് സ്പഷ്ടമായിക്കാണാം, സോവ്യററു് കലാവിദ്യയുടെ ഉദ്ദേശ്യമെന്തെന്നു്. റഷ്യയ്ക്കു പുറത്തുള്ള രാജ്യങ്ങളിൽ സോവ്യററു് കലാപ്രദർശനം നടത്തപ്പെടുന്നതു് ആ രാജ്യങ്ങളെ സോവ്യററു് ആധിപത്യത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനു് അവിടങ്ങളിൽ കളമൊരുക്കുവാനാണു്. റഷ്യയ്ക്കു പുറത്തുള്ള സോവ്യററു കലയുടെ ഉദ്ദേശ്യമിതാണെങ്കിൽ റഷ്യയ്ക്കകത്തുള്ളതിന്റെ കാര്യം പറയാനുണ്ടോ? കലകളുടെ വളർച്ചയ്ക്കു് സോവ്യററു് ഗവർമ്മെണ്ടു് ഗണ്യമായ ധനസഹായം ചെയ്യുന്നതും, തീയററുകളൊക്കെ ഗവർമ്മെണ്ടു് വകയായിരിക്കുന്നതും റഷ്യൻ ജനത ആ കടുത്ത സ്വേച്ഛാധിപത്യത്തിന്റെ പിടിയിൽ നിന്നു തലപൊക്കി യഥാർത്ഥസ്വാതന്ത്ര്യത്തിന്റെ ശുദ്ധവായു ശ്വസിക്കുവാൻ ഒരിക്കലും ശ്രമിക്കാതിരിക്കുവാൻ വേണ്ടിയാണു്.

## II

## വിദേശറേഡിയോ

സോവ്യററു് ഔദ്യോഗികപത്രമായ "പ്രവ്ദാ"യിലേക്കു് ബ്രിട്ടീഷ് വിദേശകാര്യമന്ത്രി മിസ്റ്റർ മൊറിസൺ

എഴുതി അയച്ച ലേഖനത്തിൻെറ ഒരു ഭാഗം മുന്നൊരദ്ധ്യായത്തിൽ ഉദ്ധരിച്ചിരുന്നല്ലൊ. "റഷ്യയിലേക്കുള്ള ബ്രിട്ടീഷ് റേഡിയോ പ്രക്ഷേപണങ്ങളെ കൃത്രിമമായും മനഃപൂർവ്വമായും സോവ്യററുകാർ ജാം ചെയ്യുന്നു. ആ പ്രക്ഷേപണങ്ങളെ നിങ്ങളുടെ ഗവർമ്മെണ്ടു എന്തിന് ഭയപ്പെടുന്നുവെന്നു് എനിക്കറിഞ്ഞുകൂടാ" എന്നായിരുന്നു അദ്ദേഹത്തിൻെറ ആക്ഷേപം. അതിന് ആ പത്രം നൽകിയ മറുപടിയിൽ പറഞ്ഞിരുന്നതിങ്ങനെയാണ്:— "സോവ്യററ് ജനതയുടെ ശത്രുക്കളായ മുതലാളിമാർ നടത്തുന്ന ചൂഷണം പുനഃസ്ഥാപിക്കുവാനുള്ള അവരുടെ ശ്രമങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ പ്രധാനമായും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് റഷ്യയിലേക്കുള്ള ബ്രിട്ടീഷ് പ്രക്ഷേപണങ്ങളെന്നു് അറിയപ്പെട്ടിട്ടുണ്ടു്. സോവ്യററുകാക്ക് അത്തരം ജനകീയവിരുദ്ധമായ പ്രചരണത്തെ പിൻതാങ്ങുവാൻ സാധിക്കുകയില്ലെന്നുള്ളതു് സ്വാഭാവികമാണ്. മാത്രമല്ല, ആ പ്രചരണം യു. എസ്. എസ്. ആർ.ൻെറ ആഭ്യന്തരകാര്യങ്ങളിൽ കൈകടത്തുന്ന പ്രവൃത്തിയാകുന്നു." ആകയാൽ ബ്രിട്ടീഷ് പ്രക്ഷേപണങ്ങളെ റഷ്യൻ അധികാരികൾ ജാം ചെയ്യുന്നുണ്ടെന്നുള്ള വസ്തുത പ്രവ്ദാ സമ്മതിക്കുകതന്നെ ചെയ്യുന്നു. ജാം ചെയ്യാനുള്ള കാരണത്തെപ്പററി പ്രവ്ദാ പറയുന്നതിൻെറ അത്ഥം, റഷ്യൻ സേച്ഛാധിപതികൾക്കു സ്വീകാര്യമല്ലാത്ത വസ്തുതകളും അഭിപ്രായങ്ങളും ബാഹ്യലോകത്തിൽനിന്നു കേൾക്കുവാൻ റഷ്യൻ പൗരന്മാരെ അവർ അനുവദിക്കുകയില്ലെന്നു മാത്രമാണല്ലോ.

### ഐക്യരാഷ്ട്രസമിതി

വാത്താവിതരണം ചെയ്യുവാൻ പത്രങ്ങൾക്കുള്ള സ്വാതന്ത്ര്യങ്ങളെപ്പററി നടപടികൾ അവലംബിക്കുന്നതിന് ഐക്യരാഷ്ട്ര സമിതിയുടെ ഒരു ശാഖയായ എക്ക

ണോമിക്കും സോഷ്യലും കൗൺസിൽ ഒരു സബ്കമ്മീഷനെ ഏല്പ്പെടുത്തിയിട്ടുണ്ട്. ആ സബ്കമ്മീഷൻ 1950 മെയ്മാസത്തിൽ തെക്കെ അമേരിക്കായിലെ ഉറുഗ്വെ രാജ്യത്തിൻെറ തലസ്ഥാനമായ മൊൺടെവിഡിയൊ നഗരത്തിൽ വച്ചുകൂടി. ആ യോഗത്തിൽ അമേരിക്കയിലും മററു പാശ്ചാത്യരാജ്യങ്ങളിലും നിന്നുള്ള റേഡിയോ പ്രക്ഷേപണങ്ങളെ റഷ്യൻ അധികാരികൾ ജാം ചെയ്യുന്നതിനെ സംബന്ധിച്ചു് ഒരു പ്രമേയം പാസ്സാക്കി, പ്രസ്തുത കൗൺസിലിലേയ്ക്കയച്ചിരുന്നു. അതിൽ പറഞ്ഞിട്ടുള്ളതിങ്ങനെയാണ്:- "ഏതു രാജ്യത്തുനിന്നും വരുന്ന റേഡിയോ പ്രക്ഷേപണങ്ങൾ ശ്രവിക്കുവാൻ ഏതു മനുഷ്യനുമുള്ള സ്വാതന്ത്ര്യം ഐക്യരാഷ്ട്രസമിതിയുടെ ആഭിമുഖ്യത്തിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള മനുഷ്യാവകാശങ്ങളുടെ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ളതും, 1947-ൽ ഇൻററർനാഷണൽ ടെലെകമ്മ്യൂണിക്കേഷൻ കൺവെൻഷൻകാർ അംഗീകരിച്ചിട്ടുള്ളതുമാണ്." പ്രസ്തുത പ്രമേയത്തെപ്പററി എക്കണോമിക്കും സോഷ്യലും കൗൺസിൽ ഇപ്രകാരം പ്രസ്താവിച്ചു:- "അവരുടെ രാജ്യാതിർത്തിക്കു വെളിയിൽനിന്നുവരുന്ന റേഡിയോ പ്രക്ഷേപണങ്ങളെ അവരുടെ രാജ്യത്തിലുള്ള ആളുകൾ ശ്രവിക്കാതിരിക്കുവാൻവേണ്ടി അവർ മനഃപൂർവ്വം വിഘ്നപ്പെടുത്തുന്നു." അനന്തരം ഈ കൗൺസിൽ 1950 വസന്തകാലത്തു ജനീവായിൽ സമ്മേളിച്ചപ്പോൾ പ്രസ്തുത പ്രമേയത്തെ അംഗീകരിക്കുകയും ഐക്യരാഷ്ട്രസമിതിയുടെ ജനറൽഅസംബ്ളിയുടെ ശ്രദ്ധയ്ക്കു അതു വിഷയമാക്കണമെന്നു ശുപാർശ ചെയ്യുകയും ചെയ്തു. ഈ ശുപാർശയെ ആധാരമാക്കി ഐക്യരാഷ്ട്രസമിതിയുടെ ഏററവും ശക്തമായ 14 അംഗങ്ങളടങ്ങിയ സ്റ്റീയറിംഗ് കമ്മിററി (വാദപ്രതിവാദ നടപടികളെ നിയന്ത്രിക്കുന്ന കമ്മിററി) ജനറൽ അസംബ്ളിയുടെ അജൻറായിൽ ഒരു നിരോധനപ്രമേയം കൊള്ളിച്ചു. "അമേരിക്കയുടെ സ്വരം" (The

Voice of America) എന്ന നാമത്തിൽ അറിയപ്പെടുന്ന തും യു. എസ്. ഏ. യിൽനിന്നു പുറപ്പെടുന്നതുമായ റേഡിയോ പ്രക്ഷേപണങ്ങളും മററു പാശ്ചാത്യരാജ്യങ്ങളിൽ നിന്നുള്ള റേഡിയോ പ്രക്ഷേപണങ്ങളും റഷ്യൻ അധികാരികറം ജാം ചെയ്യുന്നതിനെ നിരോധിക്കുവാൻ വേണ്ട നടപടികറം ഐക്യരാഷ്ട്രസമിതിയിലെ ജനറൽ അസംബ്ളി സ്വീകരിക്കണമെന്നായിരുന്നു പ്രമേയം. 1950 സെപ്റ്റംബർ 21-ാംനു- അമേരിക്കയിൽ ഫ്ളഷിംഗ് മെഡോ എന്ന സ്ഥലത്തുകൂടിയ സ്റ്റിയറിംഗ് കമ്മിററിയുടെ യോഗത്തിൽവച്ച് ഈ പ്രമേയം വോട്ടിനിട്ടു.- 14 അംഗരാജ്യങ്ങളിൽ 12-ം പ്രമേയത്തിനനുകൂലമായി വോട്ടു ചെയ്തു; റഷ്യയും അതിൻെറ പിടിയിലമന്നിരിക്കുന്ന ചെക്കൊസ്ലൊവാക്കിയായും മാത്രം പ്രതികൂലമായി വോട്ടുചെയ്തു. ഐക്യരാഷ്ട്രസമിതിയുടെ കീഴിലുള്ള പ്രധാനപ്പെട്ട കമ്മിററികളുടേയും സബ് കമ്മിററികളുടേയും ശുപാർശകളെ ആധാരമാക്കി അവതരിപ്പിക്കപ്പെട്ടതും, റഷ്യൻ പിടിയിൽ അമന്നിട്ടില്ലാത്ത വലുതും ചെറുതുമായ 12 രാജ്യങ്ങറം അംഗീകരിച്ചതുമായ പ്രമേയത്തെ—ഐക്യരാഷ്ട്രസമിതി അംഗീകരിച്ചിട്ടുള്ള മനുഷ്യാവകാശങ്ങളിൽ ഉറംപ്പെട്ടതും വാർത്താവിതരണത്തിൻെറ സ്വാതന്ത്ര്യത്തിന് അവശ്യാവശ്യകവുമായ അവകാശത്തിനുവേണ്ടി അവതരിപ്പിക്കപ്പെട്ട പ്രമേയത്തെ—റഷ്യ അതിൻെറ ഉപഗ്രഹങ്ങളിലൊന്നായ ചെക്കൊസ്ലൊവാക്കിയായുമൊന്നിച്ച് ഇപ്രകാരം പരസ്യമായി എതിർത്തതിൽനിന്നു മനസ്സിലാക്കാം, റഷ്യൻ ജനതയെ അവിടത്തെ അധികാരികറം ഡെമോക്രാററിക് ആശയങ്ങളോടുകൂടിയ ബാഹ്യലോകത്തിൽനിന്ന് ഇരുമ്പുയവനികയാൽ തന്നെ എത്ര ഭദ്രമായി മറച്ചുവച്ചിരിക്കുന്നെന്ന്!

## III

### ശാസ്ത്രം

സോവ്യററ് റഷ്യയിൽ ശാസ്ത്രവും സ്വതന്ത്രമായി പ്രവർത്തനം നടത്താൻ അനുവദിക്കപ്പെടുന്നില്ലെന്നും അതു് അവിടത്തെ സ്വേച്ഛാധികാരികളുടെ ഹിതാഹിതങ്ങൾക്കു വിധേയമായിരിക്കുവാൻ നിർബന്ധപ്പെട്ടിരിക്കുകയാണെന്നും മുകളിൽ പ്രസ്താവിച്ചുവല്ലോ. അതിനൊന്നാംതരം ഒരു ദൃഷ്ടാന്തം പറയാം.

റഷ്യൻ ജീവശാസ്ത്രജ്ഞന്മാർ (Biologists) സ്റ്റാലിൻെറ ഹിതാഹിതങ്ങൾക്കു വിപരീതമായ ശാസ്ത്രസിദ്ധാന്തങ്ങൾ സ്വീകരിച്ചതിനാൽ അവക്കു നേരിട്ട ദുർഗതികളെ ഏററവും ലളിതമായ ഭാഷയിൽ പ്രതിപാദിച്ചുകൊണ്ടു് John Langdon Davies എന്ന പണ്ഡിതൻ രചിച്ച "റഷ്യ നാഴികമണിയെ പുറകോട്ടു തിരിക്കുന്നു" (Russia Puts back the Clock) എന്ന ഗ്രന്ഥത്തെ നിരൂപണം ചെയ്തു് ഇംഗ്ലണ്ടിലെ സുപ്രസിദ്ധ ഗ്രന്ഥകാരനായ ബർട്രാൻറ് റസ്സൽ (Bertrand Russell) മദ്രാസിലെ "ഹിന്ദു" പത്രത്തിൽ ഒരു ലേഖനമെഴുതിയിരുന്നു. ജനനംവഴി പൂർവ്വജന്മാരിൽനിന്നു് അനന്തരന്മാരിലേക്കു സ്വഭാവത്തിൻെറ ഗുണദോഷങ്ങൾ പകരുന്നതു സംബന്ധിച്ചുള്ള പ്രകൃതിനിയമങ്ങളെ (Laws of heredity) വിശദീകരിക്കുന്ന ഒരു സിദ്ധാന്തം അടുത്തകാലംവരെ, റഷ്യൻ ജീവശാസ്ത്രജ്ഞനായ ലിസൻകോ (Lysenko) ഒഴികെ, മിക്കവാറും സകല വിദഗ്ദ്ധന്മാരും സ്വീകരിച്ചിരുന്നു. 150 വർഷങ്ങൾക്കു മുമ്പു് ലാമാക്കു് എന്ന ശാസ്ത്രജ്ഞനാൽ കണ്ടുപിടിക്കപ്പെട്ടതും, നിരീക്ഷണപരീക്ഷണങ്ങൾക്കു വിധേയമായ തെളിവിൻെറ (Experimental evidence) അഭാവത്താൽ പരിത്യജിക്കപ്പെട്ടതുമായ വേറൊരു സിദ്ധാന്തമുണ്ടു്. ഈ സിദ്ധാന്തത്തെ ലിസൻകോ പുനരുദ്ധരിച്ചു. സോവ്യററു്

ഗവമ്മെൻറിൻെറ പിൻതുണ അതിന്ന നേടുന്നതിൽ എ്വങ്ങനെയോ അദ്ദേഹത്തിന്ന വിജയമുണ്ടായി. അതുവരെ അദ്ദേഹത്തെ എതിത്തുനിന്ന മററു റഷ്യൻ ശാസ്ത്രജ്ഞന്മാർ തന്നിമിത്തം വലിയ ധമ്മസങ്കടത്തിൽപെട്ടു. അവരിൽ ചിലർ തങ്ങറംക്ക തെററിയെന്നു് ഹീനമായി സമ്മതിച്ചു പറഞ്ഞു. മററുള്ളവർ സ്വന്തം അഭിപ്രായത്തിൽ ഉറച്ചുനിന്നു. മിക്കവാറും അവരെല്ലാം അവരുടെ ഉദ്യോഗങ്ങളിൽനിന്നു ബഹിഷ്കൃതരായി. ചിലർ ആക്കും അറിയാൻ സാധിക്കാത്തവിധത്തിൽ അപ്രത്യക്ഷപ്പെടുകയും ചെയ്തു. ലിസൻകോയുടെ അഭിപ്രായങ്ങറംക്കെതിരായ യാതൊരഭിപ്രായവും സോവ്യററു് റിപ്പബ്ളിക്കിൽ ഒരിടത്തും ഇപ്പോറം പഠിപ്പിച്ചുകൂടെന്നാണു് നിശ്ചയം. ഈ വസ്തുതകറം പ്രസ്തുത ലേഖനത്തിൽ വിവരിച്ചശേഷം മിസ്റ്റർ ബർട്രാൻറു് റസ്സൽ ഇങ്ങനെ തുടരുന്നു:-

സോവ്യററധികാരികളുടെ അപ്രീതിക്ക പാത്രമാകുന്ന റഷ്യയിലെ ശാസ്ത്രജ്ഞന്മാരുടെ ഗതിയെന്താണു്? ഈ പ്രശ്നത്തിന്ന സൂക്ഷ്മമായ മറുപടി പറയുവാൻ പ്രയാസമുണ്ടു്. കുറച്ചുകാലം മുൻപുള്ള വാവിലോവു് (Vavilov) എന്ന ശാസ്ത്രജ്ഞൻെറ കാൎയ്യമെടുക്കുക. കാർഷികശാസ്ത്രങ്ങളുടെ അക്കാഡമിയുടെ പ്രസിഡൻറായിരുന്നു അദ്ദേഹം. 1940-ൽ അദ്ദേഹത്തെ മാററി പകരം ലിസൻകോയെ നിയമിച്ചു. ഇംഗ്ലണ്ടിലെ ശാസ്ത്രജ്ഞസംഘത്തിൻെറ (Royal Society) കത്തിടപാടുവഴിയുള്ള ഒരംഗമായിരുന്നു വാവിലോവു്. ആകയാൽ ആ സംഘത്തിൻെറ പ്രസിഡൻറു സർ ഹെൻറി ഡെയിൽ (Sir Henry Dale) അദ്ദേഹത്തിനെന്തുപിണഞ്ഞെന്നു് കണ്ടുപിടിക്കുവാൻ ശ്രമിച്ചു. സർ ഹെൻറി ഡെയിൽ റിപ്പോർട്ടു ചെയ്യുന്നതിങ്ങനെയാണു്:- "ലെനിൻെറ പിന്നാലെ വന്ന സോവ്യററു് അധികാരികളുടെ അ

പ്രീതിക്ക വാവിലോവ് എങ്ങനെയോ പാത്രമായെന്ന് 1942-ൽ ബ്രിട്ടനിൽ റിപ്പോർട്ടു കിട്ടിക്കഴിഞ്ഞിരുന്നു. എന്നാൽ അദ്ദേഹത്തിന് ആ ഉപദ്രവം തട്ടാൻ കാരണമെന്തെന്ന് ഇനിയും അറിഞ്ഞിട്ടില്ല. 1945-ൽ ബ്രിട്ടീഷ് ശാസ്ത്രജ്ഞസംഘത്തിന് അറിയാൻ കഴിഞ്ഞു, അദ്ദേഹം തൻെറ ഉദ്യോഗത്തിൽ നിന്നും ബഹിഷ്കരിക്കപ്പെട്ടെന്നും, സഹകാരികളായ ഏതാനും ശാസ്ത്രജ്ഞന്മാരോടുകൂടി അദ്ദേഹം അപ്രത്യക്ഷപ്പെട്ടെന്നും, 1939-നും 1943-നും മദ്ധ്യേ അജ്ഞാതമായ ഒരു തീയതി മൃതിയടഞ്ഞുവെന്നും. അദ്ദേഹം മരിച്ച തീയതിയും സ്ഥലവും മാത്രം അറിയാൻവേണ്ടി അന്വേഷണങ്ങൾ ആവൎത്തിച്ചാവൎത്തിച്ചു നടത്തപ്പെട്ടു. എന്നാൽ അവയ്ക്കു യാതൊരു മറുപടിയും ലഭിക്കുകയുണ്ടായില്ല."

വാവിലോവിനെപ്പററിയുള്ള ഈ റിപ്പോർട്ട് നിരൂപണവിഷയമായ പ്രസ്തുത ഗ്രന്ഥത്തിൽനിന്ന് ഉദ്ധരിച്ചശേഷം ബർട്രാൻറ് റസ്സൽ വീണ്ടും തുടന്നു:-

സരട്ടോവ് (Saratov) എന്ന സ്ഥലത്തുള്ള തടങ്കൽ ക്യാമ്പിൽ വാവിലോവ് ഏററവും അവശനായി കിടക്കുന്നതായി കാണപ്പെട്ടു. അനന്തരം സൈബീരിയായുടെ വടക്കെ അററത്തേക്ക് അയക്കപ്പെട്ടു. അവിടെ ദുഃഖദുരിതങ്ങളനുഭവിച്ചു മൃതിയടയുകയും ചെയ്തു. അദ്ദേഹത്തിൻെറമേൽ ആരോപിക്കപ്പെട്ട കുററം ജനനശാസ്ത്രവിഷയമായി (ഇംഗ്ലണ്ടിലെ സുപ്രസിദ്ധ ജീവശാസ്ത്രജ്ഞനായ) പ്രൊഫസർ ഹാൽഡെയിൻ സ്വീകരിച്ചിരിക്കുന്ന തരം അഭിപ്രായങ്ങൾ സ്വീകരിച്ചുവെന്നതാണ്. താൻ ഒരു റഷ്യാക്കാരനായിരുന്നുവെങ്കിൽ, തന്നെ സ്റ്റാലിൻ ഏല്പിക്കുമായിരുന്ന ദണ്ഡനങ്ങൾക്ക താൻ വിധേയനാക്കപ്പെട്ടില്ലല്ലൊ എന്ന ചിന്തയാൽ പ്രൊഫസർ ഹാൽഡെയിന രഹ

സ്യമായി സന്തോഷിക്കുവാൻ വകയുണ്ടു്.

വാവിലോവാണു് ഇത്തരം ദുർഗതി നേരിട്ട ഏക ശാസ്ത്രജ്ഞനെന്നു വിചാരിക്കരുതു്. ലിസൻകോയോടു അഭിപ്രായയോജ്യതയുണ്ടാകാത്തതിനാൽ പിന്നീടും, ആക്കമൊന്നും അറിയാൻ സാധിക്കാത്തവിധം, അപ്രത്യക്ഷപ്പെട്ട ശാസ്ത്രജ്ഞന്മാർ വേറെയുമുണ്ടു്. ഭരണയന്ത്രം തിരിക്കുന്ന ഉദ്യോഗസ്ഥന്മാരാൽ അറസ്റ്റ് ചെയ്യപ്പെടുക, ആർക്ക്ടിക് പ്രദേശങ്ങളിലുള്ള അടിമവേലക്കാരുടെ ക്യാമ്പുകളിൽ ഒന്നിലേക്കു നാടുകടത്തപ്പെടുക, പട്ടിണികിടന്നു മരിക്കുക എന്നീ സാധാരണ ഗതിയിലുള്ള ഭയങ്കരപീഡനങ്ങൾ അവർ അനുഭവിക്കുകയാണുണ്ടായിട്ടുള്ളതെന്നു വിശ്വസിക്കുവാൻ വേണ്ടതിലധികം ന്യായങ്ങളുണ്ടു്. ഇതിന്റെയൊക്കെ ഫലമായി റഷ്യയിൽ ബാക്കിജീവിക്കുന്ന സകല ജീവശാസ്ത്രജ്ഞന്മാരും ലിസൻകോയോടു അഭിപ്രായയോജ്യതയുള്ളവരായി കഴിഞ്ഞുകൂടുന്നു.

## IV

## ഭാഷാശാസ്ത്രം

സോവ്യറ്റ് ഭാഷാശാസ്ത്രവും മട്ടനത്തിനു വിധേയമായിട്ടുണ്ടു്. അതിൽ സ്റ്റാലിന്റെ വ്യക്തിപരവും പരസ്യവുമായ ഇടപെടൽ പ്രത്യേകിച്ചുമുണ്ടായിരുന്നു.

ബോൾഷെവിക്ക് വിപ്ലവത്തിനുമുമ്പുതന്നെ പ്രഖ്യാതന്മാരായിത്തീർന്ന ഭാഷാശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനായിരുന്നു നിക്കോളാസ് മാർ (Nickolas Marr). ഒരു നല്ല ചിന്തകനും ധാരാളം എഴുതുന്നവനുമായിരുന്ന ഇദ്ദേഹം ചെറുപ്പത്തിൽത്തന്നെ മാക്ക്സിസ്റ്റ് തത്വശാസ്ത്രം സ്വീകരിച്ചു. ലെനിൻ അധികാരത്തിൽ വന്നപ്പോൾ പുതിയ രാഷ്ട്രീയവ്യവസ്ഥിതിയ്ക്കു പിൻതുണ നൽകാൻ സന്നദ്ധ

രായ വളരെ ചുരുക്കം റഷ്യൻ ശാസ്ത്രജ്ഞന്മാരിൽ ഒരാളാ യിരുന്നു ഇദ്ദേഹം. അനേകം ബഹുമതികൾ ഇദ്ദേഹത്തി ന്നു ലഭിച്ചു. റഷ്യൻ ശാസ്ത്രജ്ഞന്മാരുടെ "ഡീൻ" എന്ന സ്ഥാനവും കൈവന്നു. 1930-ൽ ഇദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേരുകയും "ആർഡർ ആഫ് ലെനിൻ" എന്ന ബഹുമതിമുദ്രയ്ക്കു് 1934-ൽ അർഹനാകുകയും ചെയ്തു.

മാർ കാലഗതി പ്രാപിച്ചതു്, അനേകം ശിഷ്യന്മാ രും അഭിനന്ദകന്മാരും അടങ്ങിയ ഒരു പ്രസിദ്ധഗണം റ ഷ്യൻ ഭാഷാശാസ്ത്രജ്ഞന്മാരെ അനുയായികളാക്കിക്കൊണ്ടാ ണ്. മാക്സിസത്തെ ഭാഷാശാസ്ത്രത്തിൽ പ്രയോഗിക്കു ന്ന അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങൾ സർവത്ര അംഗീകരി ക്കപ്പെട്ടുകയും, സോവ്യറ്റ് അക്കാഡമികളിലും സർവകലാ ശാലകളിലും സ്വീകരിക്കപ്പെട്ടുകയും ചെയ്തിരുന്നു. "മാറി സം"(മാറിൻെറ സിദ്ധാന്തം)സ്വീകരിക്കാത്ത യാതൊരു പ്ര ഫസർക്കും, അയാൾ എത്രതന്നെ സമർത്ഥനായാലും, ഒരുദ്യോ ഗവും ലഭിക്കുവാൻ സാദ്ധ്യമായിരുന്നില്ല. സോവ്യറ്റ് യൂ ണിയനിലെ ഏററവും ഉന്നതമായ ശാസ്ത്രജ്ഞസംഘം 1944 ജൂലൈ 21-ാംനു- പാസ്സാക്കിയ പ്രമേയത്തിൽ, മാ റിസമാണു് "ഭാഷകളെ സംബന്ധിച്ചുള്ള നവീനഭൗതിക സിദ്ധാന്തം" എന്നു പ്രഖ്യാപിക്കുകയും, അതിനെ "പുരോ ഗമനപരമായ വിപ്ലവസിദ്ധാന്തമായി" പരിഗണിക്കണ മെന്നു് ആവശ്യപ്പെട്ടുകയും ചെയ്തിരുന്നു.

മാർക്സിസ്ററു് തത്വശാസ്ത്രമനുസരിച്ചുള്ള വൎഗ്ഗീയത മാർ തൻെറ ഭാഷാശാസ്ത്രസിദ്ധാന്തത്തിലും സ്വീകരിച്ചി രുന്നു. രാഷ്ട്രീയസ്ഥാപനങ്ങൾ തത്വശാസ്ത്രം സന്മാൎഗ്ഗ ശാസ്ത്രം മുതലായവയെപ്പോലെ ഭാഷകളും മനുഷ്യസമുദായ ങ്ങളുടെ വികാസമനുസരിച്ചു് വികസിക്കുമെന്നും, മനുഷ്യസ മുദായത്തിൻെറ വികാസം സാമുദായികവൎഗ്ഗങ്ങളായി പരിണ മിക്കുന്നതുപോലെ ഭാഷകളും "വൎഗ്ഗീയഭാഷകളാ"യിത്തീരു

മെന്നുമായിരുന്നു അദ്ദേഹത്തിൻെറ സിദ്ധാന്തം. വർഗ്ഗീയഭാഷയല്ലാത്ത യാതൊരു ഭാഷയും സ്ഥിതിചെയ്യുന്നില്ല." "വിവിധ ഭാഷകൾ സമുദായവികസനത്തിൻെറ ഗതിയിൽ വിവിധദശകളെ ഉൾക്കൊള്ളുന്നു." തൻമൂലം "പുരോഗമനപരം" എന്നും, "പിന്നോക്കം നില്ക്കുന്നതു്" എന്നുമുള്ള വ്യത്യാസം ഭാഷകൾക്കുണ്ടെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം.

ഏതു ഭാഷകളാണു് ഏററവും പുരോഗമനപരം? മാറിൻെറ സിദ്ധാന്തം സ്വീകരിച്ച ഭാഷാശാസ്ത്രജ്ഞന്മാരുടെ അനുമാനപ്രകാരം, ഇംഗ്ലീഷും ഫ്റഞ്ചുമാണു് ഭാഷാസംബന്ധമായ പുരോഗതിയിൽ അഗ്രിമസ്ഥാനത്തു് നില്ക്കുന്നതു്. ആ രണ്ടു ഭാഷകളും ഭാഷാവികസനത്തിൻെറ ഏഴാമത്തെ ദശയിൽ എത്തിയിരിക്കുകയാണു്. അവയോടു താരതമ്യംചെയ്താൽ സോവ്യററു് യൂണിയനിലെ ജനങ്ങളുടെ ഭാഷകൾ, റഷ്യാക്കാരുടേതുൾപ്പെടെ, ഇനിയും പിന്നോക്കദശയിൽ നില്ക്കുന്നു. റഷ്യൻ ഭാഷ അഞ്ചാമത്തെ ദശയിലേ എത്തിയിട്ടുള്ളു.

റഷ്യൻ ഭാഷയെപ്പററിയുള്ള ഈ അഭിപ്രായം 1920 മുതൽ 30 വരെ സ്വീകാര്യമായിരുന്നു. കാരണം, റഷ്യ ഒരു പിന്നോക്കരാജ്യമാണെന്നും, പാശ്ചാത്യനാഗരികതയുടെ നിലയിലെത്തുവാൻ അവൾക്കു് അനേകം ദശവഷങ്ങൾ വേണ്ടിവരുമെന്നും അക്കാലത്തു് പൊതുവേ സമ്മതിക്കപ്പെട്ടിരുന്നു. ബോൾഷെവിക്ക് വിപ്ലവത്തിനുശേഷവും റഷ്യ ദരിദ്രവും പിന്നോക്കവുമായ രാഷ്ട്രമാണെന്നു ലെനിനും ട്രോഡ്സ്കിയുംപോലും സമ്മതിക്കാതിരുന്നില്ല.

1945-നു ശേഷമാകട്ടെ റഷ്യയെപ്പററിയുള്ള ഈ അഭിപ്രായത്തിനു് പരിപൂൎണ്ണമായ മാററമുണ്ടായി. അതിനു കാരണം, റഷ്യയിൽ അപ്പോൾ ആവിർഭവിച്ച നവമായ ദേശീയത്വമാണു്. ഒരു വിഷയത്തിൽപോലും റഷ്യ പിന്നോക്കമാണെന്നു് പറഞ്ഞുകൂടെന്നായി. സോവ്യററു്

രാജ്യത്തേയും ജനങ്ങളേയുംകാൾ പുരോഗമിച്ചിട്ടുള്ള രാജ്യങ്ങളും ജനങ്ങളും ഉണ്ടെന്നു ശിഷ്യന്മാരെ പഠിപ്പിക്കുവാൻ റഷ്യയിലെ യാതൊരു പ്രൊഫസറും ധൈൎയ്യപ്പെട്ടില്ല. രാഷ്ട്രീയകാൎയ്യങ്ങളിലും, സാമുദായികശാസ്ത്രങ്ങളിലും, കല, സാഹിത്യം, എഞ്ചിനിയറിംഗ് തുടങ്ങിയുള്ള എല്ലാ വിജ്ഞാനശാഖകളിലും റഷ്യ മുന്നണിയിലാണെന്നുള്ള ബോധം ഒരു ഭൂതാവേശംപോലെ സ്റ്റാലിനെ അനുഗമിച്ച് പലരേയും ബാധിച്ചു. ഈ സാഹചൎയ്യങ്ങളിൽ മാറിന്റെ സ്മരണ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളോടും അനുഗാമികളോടുംകൂടി തിരസ്കരിക്കപ്പെടാൻ തുടങ്ങി. താൻ അതുവരെ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ബഹുമാന്യപീഠത്തിൽ നിന്നു് മാർ വിളംബംവിനാ ബഹിഷ്കൃതനാകുമെന്ന നിലവന്നു.

ഈ ബഹിഷ്ക്കരണം നടത്താൻ റഷ്യൻ സ്വേച്ഛാധിപതിയായ സ്റ്റാലിനല്ലാതെ ആൎക്കാണു് ധൈൎയ്യമുണ്ടാകുക? 30 വർഷങ്ങളായി നിലനിന്നുപോന്ന ഭാഷാശാസ്ത്രസിദ്ധാന്തത്തേയും തദനുസരണം രചിക്കപ്പെട്ട അംഗീകൃതങ്ങളായ അനേകശതം ശാസ്ത്രഗ്രന്ഥങ്ങളേയും തന്റെ പേനത്തുമ്പിന്റെ ചലനത്താൽ മാത്രം ഒററടിയ്ക്കു നിമ്മാജ്ജനം ചെയ്യുവാൻ മററാരാണു് തുനിയുക? പല ഭാഷാശാസ്ത്രജ്ഞന്മാരുടെ സഹായത്തോടുകൂടി, നിക്കളോസ് മാറിന്റെ സിദ്ധാന്തങ്ങളെ മുക്തകണ്ഠം അപലപിച്ചു്, സ്റ്റാലിൻ ഒരു പ്രസ്താവന രഹസ്യമായി തയ്യാറാക്കി. അതിനെത്തുടൎന്നു് സോവ്യററു് ഭാഷാശാസ്ത്രത്തെപ്പററി സ്വതന്ത്രമായ ശാസ്ത്രീയചർച്ചക്കായി പ്രവ്ദ പത്രം അതിന്റെ പംക്തികൾ തുറന്നിട്ടു. പ്രൊഫസറന്മാരും അക്കാഡമിഅംഗങ്ങളും മററു പ്രമുഖ പണ്ഡിതന്മാരും അവരുടെ പച്ചപ്പരമാർത്ഥതയിൽ ചർച്ചകളിൽ പങ്കെടുത്തു് ലേഖനങ്ങൾ എഴുതി അയക്കുകയും വാദപ്രതിവാദബഹളങ്ങൾ നടത്തുകയുംചെയ്തു.

1950 മെയ് 9-ാംനു- ആരംഭിച്ച ഈ വാദപ്രതിവാദങ്ങൾ 6 ആഴ്ച്ചത്തേയ്ക്കു നീണ്ടുനിന്നു. അപ്പോൾ കേൾക്കായി ഒരു ഇടിമുഴക്കം! ജൂൺ 20-നു- പ്രവ്ദ സ്റ്റാലിൻെറ തട്ടിത്തകപ്പൻ ലേഖനവുമായി പുറത്തുവന്നു. മാക്ക്സ്യൻ തത്വശാസ്ത്രം ഭാഷകളുടെ വികസനത്തിനു ബാധകമല്ലെന്നും, തന്മൂലം "വർഗ്ഗീയഭാഷ" എന്നൊന്നു് ഒരിക്കലും ഉണ്ടായിട്ടില്ലെന്നും ആ ലേഖനം വിധിപ്രസ്താവിച്ചു.

സ്റ്റാലിൻ സംസാരിച്ചാൽ കാര്യം അവസാനിച്ചല്ലൊ! അതിനെതിരായി സോവ്യറ്റ് യൂണിയനിൽ സ്വരമുയത്താൻ ധൈര്യമുള്ളവനാരു്? ഭാഷാശാസ്ത്രജ്ഞന്മാർ മുട്ടുകുത്തി, അനുതപിച്ചു്, അവരുടെ തെററുകൾ ഏററുപറയുവാൻ തുടങ്ങി. പ്രവ്ദയിലെ ചർച്ചകളിൽ പങ്കെടുത്തു സ്വാഭിപ്രായങ്ങൾ വീറോടുകൂടി സ്ഥാപിക്കുവാൻ ശ്രമിച്ചിരുന്ന പണ്ഡിതന്മാർ സാഷ്ടാംഗപ്രണാമം ചെയ്തു് ക്ഷമ യാചിച്ചു. അവരിൽ പലരും വിശ്വസ്തരായ കമ്മ്യൂണിസ്റ്റുകാരായിരുന്നു. ഉദാഹരണമായി പ്രൊഫസർ ടോൾസ്റ്റോവിൻെറ (Tolstov) വാക്കുകൾ കേൾക്കുക:- "ചരിത്രകാരന്മാരും ഗവേഷകന്മാരും മനുഷ്യവർഗ്ഗശാസ്ത്രജ്ഞന്മാരും ഉൾപ്പെട്ട ഭൂരിപക്ഷത്തോടുകൂടി ഞാൻ നിക്കോളാസ് മാറിൻെറ സിദ്ധാന്തം സ്വീകാര്യമായി ഗണിച്ചിരുന്ന വസ്തുതയെ ഒളിച്ചുവയ്ക്കുവാൻ എനിക്കു സാദ്ധ്യമല്ല........സ്റ്റാലിൻെറ സർവ്വപ്രധാനമായ ലേഖനം മാക്ക്സിസ്റ്റ്-ലെനിനിസത്തിൻെറ ഭണ്ഡാഗാരത്തിലേക്കുള്ള ഒരു സംഭാവനയാണു്." പ്രൊഫസർ യാക്കോവ്ലവ് (Yakovlev) എഴുതിയതിങ്ങനെയാണു്:- "സോവ്യററ് ഭാഷാശാസ്ത്രജ്ഞരായ ഞങ്ങൾക്കു് ഞങ്ങളുടെ ശാസ്ത്രത്തിൻെറ പ്രധാനപ്രശ്നത്തിനു സമാധാനം നൽകാൻ എപ്പോഴും സാധിച്ചിരുന്നില്ല, പരിപൂണ്ണവും അഗാധവും സുവ്യക്തവുമായ സമാധാനം സ്റ്റാലിൻ നൽകിയതുവരെ". ഒരു ദശവർഷത്തിനിടയ്ക്കു താൻ പ്രസിദ്ധപ്പെടുത്തിയ ഗ്രന്ഥങ്ങളെല്ലാം അബദ്ധങ്ങളാ

ണെന്നു് അദ്ദേഹം സമ്മതിക്കുകയും തന്റെ തെററുകൾ ഭാവികൃതികളിൽ തിരുത്തിക്കൊള്ളാമെന്നു് വാഗ്ദത്തം ചെയ്കയും ചെയ്തു. ഇതുപോലെ മററുപലരും.

ഭാഷാശാസ്ത്രം സംബന്ധിച്ചു നിലവിലിരുന്ന ടെക്സ്റ്റ് ബുക്കുകളെല്ലാം നിമ്മാജ്ജനം ചെയ്തു. സിലബസുകൾ പരിഷ്ക്കരിക്കണമെന്നു നിശ്ചയിച്ചു. തല നരച്ച പ്രൊഫസറന്മാർപോലും സ്റ്റാലിന്റെ പുതിയസിദ്ധാന്തങ്ങളനുസരിച്ചു് മോസ്ക്കോ സർവകലാശാലയിലും മററും നടത്തപ്പെട്ട പാഠങ്ങൾ പഠിക്കുവാൻ പോകേണ്ടിവന്നു. സ്റ്റാലിന്റെ ഭാഷാശാസ്ത്രസിദ്ധാന്തം ഒരു പുസ്തകമായി പരസ്യം ചെയ്തു. അതിന്റെ 2,000,000 പ്രതികൾ റഷ്യൻഭാഷയിൽ അടിച്ചു. സോവ്യററുയൂണിയനിലെ മറെറല്ലാ ഭാഷകളിലും അതു വിവൎത്തനം ചെയ്യാൻ ഉത്തരവിട്ടു. ഇങ്ങനെ സ്റ്റാലിന്റെ സ്വേഛാധികാരത്താൽ ഭാഷാശാസ്ത്രമൎദ്ദനം സോവ്യററു്യൂണിയനിൽ നിർവഹിക്കപ്പെട്ടു.

## IX

# വർഗ്ഗവ്യത്യാസം

നിലവിലിരിക്കുന്ന മുതലാളിത്തവ്യവസ്ഥിതി കമ്മ്യൂണിസ്റ്റുകാരുടെ സന്ധിയില്ലാസമരത്തിനു വിഷയീഭവിച്ചിരിക്കുകയാണല്ലൊ. അതിനവർ പറയുന്ന കാരണം, ആ വ്യവസ്ഥിതിയിൽ മുതലാളികളും തൊഴിലാളികളുമെന്ന വർഗ്ഗവ്യത്യാസമുണ്ടെന്നും, ഉല്പാദനോപകരണങ്ങൾ സമസ്തവും കൈയടക്കി വച്ചിരിക്കുന്ന ചെറിയ ന്യൂനപക്ഷമായ മുതലാളിവർഗ്ഗം മഹാഭൂരിപക്ഷംവരുന്ന തൊഴിലാളിവർഗ്ഗത്തെക്കൊണ്ടു മൃഗങ്ങളെപ്പോലെ വേലയെടുപ്പിക്കുകയാണെന്നും, ആദായമോഹത്താൽ മാത്രം പ്രേരിതരായ മുതലാളിവർഗ്ഗം തൊഴിലാളിവർഗ്ഗത്തിൻെറ പ്രയത്നഫലം മുഴുവനും ചൂഷണം ചെയ്തു് അവരെ വർദ്ധമാനമായ ദാരിദ്ര്യത്തിലേയ്ക്കു തള്ളിവിടുകയാണെന്നുമാണു്. ഈ ദുരവസ്ഥയ്ക്കു് ഏകപ്രതിവിധി അവർ നിർദ്ദേശിക്കുന്നതു വർഗ്ഗവ്യത്യാസമില്ലാത്ത സമുദായവ്യവസ്ഥിതിയാകുന്നു. വേല ചെയ്യിക്കു

നാവനും ചെയ്യുന്നവനും എന്ന വ്യത്യാസമില്ലാതെ സകല പൗരന്മാരും രാഷ്ട്രത്തിൻെറ കീഴിൽ വേല ചെയ്യുന്നവരായിത്തീന്നാൽ മുതലാളിത്തവ്യവസ്ഥിതിയിലെ ദൂഷണം മുഴുവനും നീങ്ങുമെന്നാണ് അവരുടെ വിശ്വാസം. അതുകൊണ്ടാണ് കമ്മ്യൂണിസത്തിൽ വഗ്ഗസമരത്തിനു സർവ്വപ്രധാനമായ സ്ഥാനം നൽകിയിരിക്കുന്നതു്. കമ്മ്യൂണിസത്തിൻെറ സ്ഥാപകരായ മാർക്സും എങ്കൽസും കൂടി 1848-ൽ പുറപ്പെടുവിച്ച കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ "അഖിലലോക തൊഴിലാളികളെ സംഘടിക്കുവിൻ; അപഹരണക്കാരോട് അപഹരണം പ്രയോഗിക്കുവിൻ" എന്ന സമരാഹ്വാനം മുഴക്കിയതിൻെറ അത്ഥമിതാണ്.

മാക്സിൻെറ അനുഗാമികളായ റഷ്യൻ ബോൾഷെവിക്കുകാർ ലെനിൻെറ നേതൃത്വത്തിൽ തന്ത്രങ്ങളാലും ബലപ്രയോഗത്താലും ആ രാജ്യത്തിലെ അധികാരം പിടിച്ചെടുത്തശേഷം ഈ വഗ്ഗരഹിതസിദ്ധാന്തം അവിടെ നടപ്പാക്കുവാൻ ശ്രമിച്ചു. വെൻറൽ വിൽക്കി തൻെറ "ഏക ലോകം" എന്ന സുപ്രസിദ്ധഗ്രന്ഥത്തിൽ പറയുന്നപോലെ "റഷ്യയിലെ ഉയന്ന വഗ്ഗക്കാരേയും മദ്ധ്യവഗ്ഗക്കാരേയും അവർ നാമാവശേഷമാക്കി." "സകല അധികാരവും തൊഴിലാളികൾക്കും കഷ്കക്കും" എന്നു ലെനിൻ ആദ്യം മുതൽ ഉദ്ഘോഷിച്ചുകൊണ്ടിരുന്ന മുദ്രാവാക്യം പ്രായോഗികമാക്കണമെന്നായിരുന്നു അവരുടെ ഉദ്ദേശം. എന്നാൽ മനുഷ്യപ്രകൃതിയ്ക്കു കടകവിരുദ്ധമായ ഈ സിദ്ധാന്തവും അതിൻെറ പ്രയോഗവും പരാജയമടഞ്ഞതേയുള്ളു. രാജ്യത്തിലെ ഉല്പാദനത്തിൻേറയും വിതരണത്തിൻേറയും സകല ഉപകരണങ്ങളും സ്വന്തം ഉടമയിലും നടത്തിപ്പിലും ഒതുക്കിവച്ച കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ അംഗങ്ങൾ പുതിയ രൂപത്തിലുള്ള മുതലാളിമാരായിത്തീന്നു. രാജ്യത്തിൻെറ സാമ്പത്തികമായ ഉന്നമനം ഏകലക്ഷ്യമാക്കിക്കൊണ്ടുള്ള കമ്മ്യൂണിസ്റ്റുപാർട്ടിയുടെ പ്രവത്തനങ്ങളാൽ അനേകം മുതലാളിവ

ഗ്ഗങ്ങൾ പ്രകാരാന്തരേണ ആവിർഭവിച്ചു. മുതലാളിത്ത രാജ്യങ്ങളിലേക്കാൾ ഏററവും കട്ടത്തും അപ്രതിരോധ്യവു മായ വൎഗ്ഗവ്യത്യാസം രാജ്യമാകെ നടമാടി. തൊഴിലാളി കൾക്കും കർഷകൎക്കും മററു സാമാന്യജനങ്ങൾക്കും നിഷേ ധിക്കപ്പെട്ട പ്രത്യേകങ്ങളായ ആനുകൂല്യങ്ങളും ആദായമാ ൎഗ്ഗങ്ങളും അധികാരാവകാശങ്ങളും പുതിയ രൂപങ്ങളിലുള്ള ഉയൎന്ന വൎഗ്ഗക്കാൎക്കു കരഗതമാകുകയും ചെയ്തു.

## I

### ഉയൎന്നവൎഗ്ഗക്കാർ

1944-ൽ ബ്രിട്ടീഷ് പാർലമെൻറിലെ ഒരു പ്രതിനി ധിസംഘം സോവ്യററ് റഷ്യ സന്ദർശിക്കുകയുണ്ടായി. ആ സംഘത്തിലെ ഒരംഗമായിരുന്ന പ്രസിദ്ധഗ്രന്ഥകാരനും പ ത്രലേഖകനുമായ കമാൻഡർ സ്റ്റീഫൻ കിംഗ്ഹാൾ എം. പി. തൻെറ സന്ദർശനാനുഭവങ്ങളെ സമാഹരിച്ചു പ്രസി ദ്ധംചെയ്ത ഒരു ലേഖനത്തിലെ ചില ഭാഗങ്ങൾ കണ്ടാലും!

റഷ്യ വൎഗ്ഗരഹിതമായ ഒരു സമുദായമല്ല. അങ്ങനെ യാണെന്ന് റഷ്യാക്കാരാരും ഭാവിക്കുന്നുമില്ല. അവി ടത്തെ പ്രത്യേക വൎഗ്ഗങ്ങളെ സാമാന്യമായി താഴെ കാണുന്നപോലെ തരം തിരിക്കാം.

1) പട്ടാള ഉദ്യോഗസ്ഥന്മാർ—ഉദ്ദേശം പതിനായി രം ജനറൽമാരുണ്ട്.

2) സ്വേഛാധികാരികളും ഉദ്യോഗസ്ഥന്മാരും— ഇവർ വളരെ അധികമാണ്.

3) സങ്കേതികവിദഗ്ദ്ധരായ സ്ത്രീപുരുഷന്മാർ.

4) ഫാക്ടറിമേധാവികൾ മുതലായവർ.

5) കലാകാരന്മാർ, ഗ്രന്ഥകാരന്മാർ, കവികൾ, പാട്ടുകാർ,

6) പ്രൊഫസറന്മാരും അദ്ധ്യാപകന്മാരും.

7) സമ്പന്നരായ കൃഷിക്കാരും തൊഴിലാളികളും.
8) കമ്മ്യൂണിസ്റ്റ് പർട്ടി ഉദ്യോഗസ്ഥന്മാർ.
9) നയതന്ത്രപ്രതിനിധികളും പത്രലേഖകന്മാരുമുൾപ്പെടെയുള്ള വിദേശികൾ. വർഗ്ഗങ്ങളുടെ ഈ തുക വർദ്ധിച്ചുകൊണ്ടുമിരിക്കുന്നു.........

കലാകാരന്മാരുടെ കൂട്ടത്തിൽ കെ. ബി. ഇ. യ്ക്കു തുല്യമായ സ്ഥാനം വഹിക്കുന്ന ഒരു നാടകകർത്താവിനെ ഞാൻ സന്ദർശിക്കുകയുണ്ടായി. ഈ സ്ഥാനവാഹിക്ക് അൻപതിനായിരം റൂബിൾസ് പണമായി കിട്ടുന്നു. അദ്ദേഹത്തിന്റെ നാടകം പൂർത്തിയായപ്പോൾ 25.000 റൂബിൾസു കിട്ടി; പിന്നീട് അതു അഭിനയിക്കുമ്പോൾ പിരിവിന്റെ ഒരു നിശ്ചിതശതമാനവും കിട്ടിവരുന്നു. തന്റെ നാടകങ്ങൾ റഷ്യ മുഴുവൻ അഭിനയിക്കുകയാണെങ്കിൽ തനിക്ക് ഒരു കോടീശ്വരനാകുവാൻ സാധിക്കുമെന്ന് ആ നാടകക്കാരൻ പറയുകയുണ്ടായി. അദ്ദേഹം തന്റെ സ്വത്ത് സ്റ്റേറ്റ്‌ലോണിൽ നിക്ഷേപിക്കണമെന്നേയുള്ളു. അതിനു രണ്ടുശതമാനം പലിശ കിട്ടുന്നതാണ്. പ്രതിവർഷം നിക്ഷേപത്തിൽനിന്നുള്ള ആദായം അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരിക്കും. മരണാനന്തരം മൂലധനം അവകാശികൾക്കായി നീക്കിവയ്ക്കാവുന്നതുമാണ്........

റഷ്യൻ സൈന്യത്തിലെ ഉദ്യോഗസ്ഥന്മാക്ക് യാതൊരു ചെലവുമില്ല. അവരുടെ ശമ്പളം ബ്രിട്ടനിലെ ശമ്പളനിരക്കിനേക്കാൾ വളരെ മെച്ചമാകുന്നു. അവർ അവധിയിൽ മോസ്കോയിലേക്കു പോകുന്നതു് ധാരാളം പണവുമായിട്ടാണ്. അവിടെ ഗവമെമ്മൻറുവകയായുള്ള നിശാക്ലബ്ബുകളിലെ സായാഹ്നവിഹാരങ്ങളിലേർപ്പെട്ട് അവർ സുഖിക്കുന്നു. കമ്മേഴ്യൽ റെസ്റ്റോറൻറ് എന്നു പറയപ്പെടുന്ന ഇത്തരം സ്ഥാപനങ്ങളിൽ ദശക്കണക്കിന് റൂബിൾസ് ചെലവാക്കി

ഭക്ഷണം കഴിക്കാവുന്നതാണ്. എന്നാൽ തൊഴിലാളികൾക്ക് നൽകപ്പെടുന്ന സാധാരണഭക്ഷണം ഇതിൽനിന്നൊക്കെ വളരെ ഭിന്നമാകുന്നു.

റഷ്യയിൽ ജനിക്കുകയും, ചെമ്പടയിൽ ചേൎന്നു യുദ്ധം ചെയ്യുകയും, ബ്രിഗേഡിയർ ജനറൽ എന്ന സ്ഥാനം സമ്പാദിക്കുകയും, ആഥൻസിൽ റഷ്യയുടെ സ്ഥാനപതിയായി ഉദ്യോഗം വഹിക്കുകയും ചെയ്തശേഷം സോവ്യറ്റ് ഭരണകൂടവുമായുള്ള ബന്ധം വിട്ട് അമേരിക്കൻ പൗരനായിത്തീൎന്ന അലക്സാണ്ടർ ബാർമെയിൻ എന്ന പണ്ഡിതൻ എഴുതിയിട്ടുള്ളതും സാർവദേശീയശ്രദ്ധയ്ക്കു വിഷയീഭവിച്ചതുമായ ഒരു ഗ്രന്ഥത്തിലെ ചില ഭാഗങ്ങളും ചേൎത്തുകൊള്ളുന്നു:-

റഷ്യയിലെ സോവ്യറ്റ് ഉദ്യോഗസ്ഥന്മാർ പ്രഭുക്കൾ സാരമായ എല്ലാവിധത്തിലും ചൂഷണംചെയ്യുന്ന ഒരു വൎഗ്ഗമായി തീൎന്നിരിക്കുന്നു. വസ്തുവുടമസ്ഥന്മാർ എന്ന പേരും വ്യവസായപ്രവൎത്തകന്മാർ എന്ന ജീവിതവൃത്തിയും അവൎക്കില്ലെങ്കിലും കാര്യത്തിൽ അതു രണ്ടും അവൎക്കുണ്ട്. എന്തുകൊണ്ടെന്നാൽ രാഷ്ട്രം മുഴുവനും അവരുടെ പിടിയിലാണ്. വ്യവസായംമുഴുവനും രാഷ്ട്രത്തിൻെറ കൈയിലുമാണ്. രാഷ്ട്രമാകട്ടെ രാജ്യത്തെ വ്യവസായത്തിൻെറ ഉടമസ്ഥത വഹിക്കുന്നുണ്ടെന്നു പേരിനുമാത്രം പറയാം. ആ വ്യവസായ സംവിധാനം സോഷ്യലിസ്റ്റ് രീതിയിലുള്ളതാണെന്നും പേരിനു മാത്രമേ പറയാവൂ. യഥാൎത്ഥത്തിൽ അതു ചൂഷണത്തിനുള്ള ഒരു ഉപകരണമായിട്ടാണ് തീൎന്നിരിക്കുന്നതു്; അതു വേലചെയ്തു കഷ്ടപ്പെടുന്ന ജനസാമാന്യത്തെ അധഃപതിപ്പിക്കുകയും അവരിൽനിന്ന് അപഹരണം നടത്തുകയും ചെയ്യുന്നതിനുള്ള നവീനവും കൂടുതൽ കാര്യക്ഷമവും കൂടുതൽ ഭയങ്കരവുമായ ഒരു ഭരണസമ്പ്രദായത്തിൻെറ ഉപകരണമായി

തീൎന്നിരിക്കുകയാണു്. സ്റ്റാലിൻ നമ്മെ ഒരു പാഠമെങ്കിലും പഠിപ്പിച്ചിട്ടുണ്ടു്. ആ പാഠമെന്തെന്നാൽ:— വിഭവോല്പാദനത്തിനുള്ള മാൎഗ്ഗങ്ങൾ.......................

..............................................................................................

സ്വകാൎയ്യ ഉടമയിൽനിന്നു നീക്കം ചെയ്യുന്നതുകൊണ്ടു് മനുഷ്യൻ ഒരു മനുഷ്യനെ ചൂഷണം ചെയ്യുന്ന സമ്പ്രദായം അവശ്യം നിൎത്തലാക്കപ്പെടുന്നില്ല...................

യുദ്ധത്തിനു മുമ്പു് ഞാൻ കണ്ടവിധം പ്രത്യേകാവകാശം അനുഭവിച്ചുപോരുന്ന വൎഗ്ഗത്തിൽപ്പെട്ട ഒരാളുടെ ജീവിതരീതി കുറേക്കൂടി വിവരമായി ഞാൻ അനുസ്മരിപ്പിക്കാം. മോസ്കോയിൽ ഗവമ്മെൻറിൻെറ കെട്ടിടമാണു് അയാളുടെ വസതി. ആ കെട്ടിടത്തിനു് 8 മുറികളുണ്ടു്. സുഖലോലുപതയോടുകൂടി പെരുമാറുവാൻ മാത്രം സാമാനങ്ങളും ശുശ്രൂഷിക്കുവാൻ രണ്ടു ഭൃത്യന്മാരും അതിൽകാണും. ഒഴിവുകാലത്തു് എക്സിക്യൂട്ടിവു കമ്മററിയുടെ വക 9-ാം നമ്പ്ര് വില്ല വിശ്രമത്തിനായി അയാൾക്കു ലഭിക്കുന്നു. രണ്ടോ, മൂന്നോ, നാലോ ഭൃത്യന്മാർ സൎക്കാർ ചെലവിൽ അയാളെ ശുശ്രൂഷിക്കുവാൻ കാണും. വേണമെന്നുണ്ടെങ്കിൽ ഒരു പ്രൈവററു് സിനിമായും വിരുന്നുകാൎക്കുള്ള മുറികളും അതിൽ ഉണ്ടായിരിക്കും. സകലവിധ കായികാഭ്യാസങ്ങൾക്കുള്ള ഏൎപ്പാടുകളും ചെയ്തുകൊടുക്കും. ഇതിനുള്ള ചെലവെല്ലാം സൎക്കാർ വഹിച്ചുകൊള്ളും. ഒരു "ഉത്തരവുചീട്ടിൽ" തൻെറ കുടുംബത്തിനും വേലക്കാൎക്കും ഇഷ്ടമുള്ളിടത്തോളം വിരുന്നുകാൎക്കും വേണ്ട സുഖസമൃദ്ധമായ ഭക്ഷണങ്ങളുടെ വിവരം കുറിച്ചുകൊടുത്താൽ അതെല്ലാം അയാൾക്കു നൽകപ്പെടും. അതിൻെറ ബില്ലനുസരിച്ചുള്ള പണം ഗവമ്മെൻറാണു കൊടുക്കുന്നതു്. ഒന്നോ രണ്ടോ കാറും

അവയ്ക്കുവേണ്ട ഡ്രൈവറന്മാരും ഇച്ഛാനുസാരം ഉപയോഗിക്കുവാൻ ഉണ്ടായിരിക്കും. എത്ര വിലപിടിച്ച ഏതു സാധനവും വേണമെന്നുണ്ടെങ്കിൽ അയാൾ ടെലഫോണിൽ വിളിച്ചു പറഞ്ഞാൽ മതി. അയാളുടെ മകനെ ഒരു കോടീശ്വരന്റെ മകനെപ്പോലെയാണ് ഗണിക്കുന്നത്. അവന്റെ ചൊൽപ്പടിക്ക് സക്കാർ ശമ്പളമുള്ള ഭൃത്യന്മാരുണ്ട്. അവനു കളിക്കുവാൻ വിദേശങ്ങളിൽനിന്നു കളിക്കോപ്പുകളും, രോഗം പിടിപെട്ടാൽ അവനെ ചികിത്സിക്കുവാൻ പ്രസിദ്ധന്മാരായ ഡോക്ടറന്മാരുമുണ്ട്. തനിക്കു ആവശ്യമുള്ളതു് എന്തും ലഭിക്കുന്നതിനു പിതാവിനോടു ചോദിച്ചാൽ അദ്ദേഹം ടെലഫോണിൽ വിളിച്ചുപറഞ്ഞു് അതു് വരുത്തിക്കൊടുക്കുമെന്ന് അവനറിയാം. ഈ ഉൽകൃഷ്ട വർഗ്ഗക്കാരായ ഉദ്യോഗസ്ഥന്മാർ ഒഴിവെടുത്തു കേവലം ആരോഗ്യപരമായ വിശ്രമമനുഭവിക്കുവാൻ കൊക്കേസസിലേക്കോ, ക്രിമിയായിലേക്കോ പോകണമെന്നു വിചാരിക്കുന്നപക്ഷം അവർ ചെല്ലുന്ന സ്ഥലത്തെല്ലാം ഇതസുഖസൗകര്യങ്ങൾ കണ്ടെത്തും. കുടുംബസഹിതം അവിടേക്കുള്ള യാത്ര നിദ്രാസൗകര്യമുള്ള കാറുകളിലോ പ്രത്യേക വണ്ടികളിലോ പ്രത്യേക തീവണ്ടികളിൽതന്നെയോ സക്കാർ ചെലവിൽ നടത്തിക്കൊള്ളും.

റഷ്യയിൽ ആസ്ട്രേലിയൻ ഗവമ്മെൻറിന്റെ സ്ഥാനപതിയായിരുന്ന മിസ്റ്റർ ജോസഫ് മലോണി കുറെക്കൊല്ലങ്ങൾക്കുമുമ്പ് ആസ്ട്രേലിയായിൽ സന്ദർശനാർത്ഥം മടങ്ങിച്ചെന്ന അവസരത്തിൽ ഫെഡറൽ പാർലമെൻററി ലേബർ പാർട്ടിയുടെ ഒരു രഹസ്യയോഗത്തിൽ താഴെ കാണുംവിധം പ്രസ്താവിക്കുകയുണ്ടായി:-

റഷ്യാക്കാർ ഒരു പുതിയ പ്രഭുവർഗ്ഗത്തെ സൃഷ്ടിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി അംഗങ്ങൾക്കും ഉന്നത

സ്ഥാനികളായ ടെക്നിഷ്യന്മാക്കും സാമാന്യതൊഴിലാളികളേക്കാരം അനേകംമടങ്ങ ഗണന നൽകപ്പെട്ടുന്നതാണ് ഇതിൻെറ അടിസ്ഥാനം. റെസ്റ്റോറൻറുകളിൽ അഞ്ചുതരം റേഷൻ ടിക്കററുകളുണ്ട്. ഈ തരവ്യത്യാസം, ചെയ്യുന്ന വേലയുടെ തരത്തേയും ടിക്കററു കിട്ടുന്നവന് കമ്മ്യൂണിസ്റ്റ് പാർട്ടിയിലുള്ള നിലയേയും ആശ്രയിച്ചാണിരിക്കുന്നതു്. തൻമൂലം സാർ ചക്രവത്തിയുടെ കാലത്തുണ്ടായിരുന്ന റഷ്യയിലെപ്പോലെതന്നെ അത്ര കടുത്ത വർഗ്ഗവ്യത്യാസം അവിടെ ഇപ്പോഴുമുണ്ട്. ഗവമ്മെൻറു നിയന്ത്രണത്തിലുള്ള സ്റ്റോറുകളിൽ യാതൊരു ഒളിവും മറവും കൂടാതെ കരിഞ്ചന്ത പ്രവത്തനങ്ങരം നടന്നുകൊണ്ടിരിക്കുന്നു. ഉയന്ന നിലയിലിരിക്കുന്നവർ ആവശ്യപ്പെടുന്നതെന്തുംതന്നെ അവക്കു കിട്ടും. നേരെമറിച്ചു സാധാരണ വേലക്കാക്കു അത്യാവശ്യത്തിനു വേണ്ടവപോലും കിട്ടുന്നില്ല.

## II

## ക്രെംലിൻ ആസ്പത്രി

ക്രെംലിൻ (Kremlin) എന്ന പദത്തിൻെറ അത്ഥം കോട്ട എന്നാണ്. മോസ്കോയിലെ ക്രെംലിൻ ആണ് ഏററവും പ്രസിദ്ധപ്പെട്ടതു്. ഏകദേശം 100 ഏക്കർ വിസ്തീർണ്ണമുള്ളതും ഒരു കുന്നിൻപുറത്തു സ്ഥിതിചെയ്യുന്നതുമായ ഈ ക്രെംലിൻ ചുററും മതിൽകെട്ടി അടയ്ക്കപ്പെട്ടിരിക്കുന്നു. ഇതാണ് സോവ്യററ് ഗവമ്മെൻറിൻെറ ആസ്ഥാനം.

സോവ്യററ് റഷ്യയിലെ അധികാരിവർഗ്ഗം സാമാന്യജനങ്ങളെക്കാരം സുഖസൗകര്യങ്ങരം അനുഭവിച്ചു ജീവിക്കുന്ന ഒരു പ്രഭുവർഗ്ഗമാണെന്ന വസ്തുതയെ ഉദാഹരിക്കാൻ പല

ളും പറയാനുണ്ടെങ്കിലും, ക്രെംലിനിനോട് അനുബന്ധിച്ചു സ്ഥിതിചെയ്യുന്നതും പരമാധികാരസമിതിയിലെ അംഗങ്ങളുടേയും കുടുംബങ്ങളുടേയും ചികിത്സക്കായി ഏർപ്പെടുത്തിയിട്ടുള്ളതുമായ ആസ്പത്രിയേപ്പററി തല്ക്കാലം പ്രസ്താവിക്കാം.

1920-തിനു ശേഷമുള്ള സമ്പ്രദായങ്ങൾ അനുസരിച്ച്, ക്രെംലിനിൽ പ്രവൃത്തിയെടുക്കുന്ന സർക്കാർ ജോലിക്കാർ പല ഗ്രൂപ്പുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. അവയിൽ മുകളിലേ പടിയിൽ 30 മുതൽ 40 വരെയുള്ള ഏററവും പ്രധാനപ്പെട്ട സോവ്യററ് സ്ഥാനികളാണുള്ളത്. അതിനു നേരെ താഴത്തെ പടിയിൽ കമ്യൂണിസ്റ്റ് പാർട്ടി സെൻട്രൽ കമ്മിററിയിലെ അംഗങ്ങളും, സോവ്യററ് യൂണിയനിലെ (ദേശീയ റിപ്പബ്ളിക്കുകളിലേതല്ല) മന്ത്രിമാരും, ഏതാനും "ജനകീയകലാകാരന്മാരും," ഒന്നാംകിട എഴുത്തുകാരും ഉൾപ്പെടുന്നു. ഇവരെല്ലാവരും സാധാരണ ജനസാമാന്യത്തേക്കാൾ വളരെയധികം അവകാശാനുകൂല്യങ്ങൾ അനുഭവിക്കുന്നവരാണ്.

മുകളിലത്തെ പടിയിലുള്ള ഓരോ സ്ഥാനിക്കും അയാളുടെ സ്വന്തം ഡോക്ടറുണ്ട്. ആ സ്ഥാനിയുടേയും കുടുംബാംഗങ്ങളുടേയും ഒഴിച്ച മററാരുടേയും ആരോഗ്യത്തിൽ ശ്രദ്ധപതിക്കാൻ അദ്ദേഹത്തിനു ചുമതലയില്ല. സകലവിധ പരീക്ഷണങ്ങളും പരിശോധനകളും നടത്തി അവരുടെ ആരോഗ്യസ്ഥിതി ഡോക്ടർ ഇടയ്ക്കിടയ്ക്കു മനസ്സിലാക്കിക്കൊണ്ടിരിക്കണം. ആവശ്യമെന്നുകണ്ടാൽ, വിദേശങ്ങളിലെ ഭിഷഗ്വരന്മാരുൾപ്പെടെ ഏററവും വിദഗ്ദ്ധന്മാരായ മെഡിക്കൽ പ്രമാണികളുമായി ആലോചിച്ചുവേണം അദ്ദേഹം അവരെ ചികിത്സിക്കാൻ. താൻ ചികിത്സിക്കാൻ ചുമതലപ്പെട്ടിരിക്കുന്ന സ്ഥാനി യാത്രചെയ്യുമ്പോൾ, അദ്ദേഹത്തിൻെറ സെക്രട്ടറിയോടും പ്രത്യേകരഹസ്യപ്പോലീസിലെ (M. V. D.) ബോഡിഗാർഡിനോടുമൊരുമിച്ച് ഡോക്ട

രും അനുയാത്ര ചെയ്യുന്നു. ക്രെംലിനിലെ ഭിഷഗ്വരന്മാരെന്ന നിലയിൽ അവരുടെ അറിവിൽ പെടുന്ന യാതൊരു കാൎയ്യവും ഒരിക്കലും പുറത്തു പറകയില്ലെന്നു് ഡോക്ടറന്മാർ ശപഥം ചെയ്തിരിക്കണം.

രണ്ടാമത്തെ പടിയിലുള്ള നേതാക്കന്മാർ ഓരോരുത്തൎക്കും, അല്ല, അവരിൽ അഞ്ചോ ആറോ കുടുംബങ്ങൾക്കു് ഒരുമിച്ചു് ഒരു ഭിഷഗ്വരൻെറ സേവനം ലഭിക്കുന്നു. മൂന്നാമത്തെ പടിയിലാണെങ്കിൽ 15 മുതൽ 20 വരെ കുടുംബങ്ങൾക്കൊരുമിച്ചാണു് ഒരു ഡോക്ടരുടെ സേവനം ലഭിക്കുന്നതു്. ഏററവും മുകളിലത്തെ പടിയിലുള്ള ഗ്രൂപ്പിനു മാത്രമെ, ചികിത്സ വേണ്ടിവരുമ്പോൾ, ക്രെംലിൻ ആസ്പത്രിയിൽ പ്രവേശനമുള്ളു. മററുള്ളവർ മററു രണ്ടു പ്രത്യേക ക്ലിനിക്കുകളിൽ പൊയ്ക്കൊള്ളണം. അവരണ്ടിലും മോസ്കോയിലെ പൊതുജനങ്ങൾക്കു പ്രവേശനമില്ല.

ക്രെംലിനിലെ പ്രധാന ആസ്പത്രിയും ക്ലിനിക്കുകളും, ക്രെംലിനു് അടുത്തു്, കൊമിൻേറൺ സ്ട്രീററിൽ സ്ഥിതി ചെയ്യുന്നു. ആസ്പത്രിയിൽ 100 മുതൽ 120 വരെ രോഗികളെ മാത്രമെ പാൎപ്പിച്ചു ചികിത്സിക്കുകയുള്ളുവെങ്കിലും, അതു ഒട്ടുവളരെ എടുപ്പുകളോടുകൂടിയതാണു്. മുമ്മൂന്നു മുറികളോടും റഗ്ഗുകൾ, ചിത്രപ്പണികൾ, ചുവർക്കണ്ണാടികൾ എന്നീ സജ്ജീകരണങ്ങളോടുംകൂടിയ അനേകം അന്തർവസതികൾ ആ കെട്ടിടങ്ങളിലുണ്ടു്. അതിലെ നിവാസികൾക്കു് പുഷ്പങ്ങൾ ഒരുക്കിക്കൊടുക്കുവാൻ രണ്ടു തോട്ടക്കാർ സദാ ജോലിചെയ്തുകൊണ്ടിരിക്കുന്നു. അടുക്കളവകുപ്പു് കെങ്കേമമാണു്. ഒന്നാംതരം ഭക്ഷണമാണു് അവിടെ തയ്യാറാക്കുന്നതു്. ഭിഷഗ്വരൻ വിരോധിക്കാത്ത പക്ഷം രോഗിയുടെ സകല അഭിരുചിയും തൃപ്തിപ്പെടുത്തുവാൻ അടുക്കളക്കാൎക്കു ചുമതലയുണ്ടു്. ശീതകാലത്തു് കോക്കസസിലെ തോട്ടങ്ങളിൽനിന്നു് പഴങ്ങളും പച്ചക്കറികളും ശേഖരിച്ചു് അതേപടി കൊണ്ടുവന്നു് ഈ രോഗി

കൾക്ക കൊടുക്കുന്നു. റഷ്യയിൽ മിക്കവൊറും ഒരുത്തക്കും കിട്ടാൻ സാദ്ധ്യമല്ലാത്ത സുഖഭോഗവിഭവമാണിതു്. ഈ ആസ്പത്രിയിലെ മററു പ്രത്യേകത അവിടത്തെ ചികിത്സാ സാമഗ്രികളും മരുന്നുശേഖരവുമാണു്. സാമാന്യമായ സോവ്യററു് ഫാർമസികളിൽ വളരെ പരിമിതമായിമാത്രം സർവ്വാണിമരുന്നുകൾപോലുമുള്ളപ്പോൾ, ഈ ആസ്പത്രിയിൽ സൾഫാ, പെൻസിലിൻ മുതലായ പുതിയ വിദേശമരുന്നുകളും വേണ്ടുവോളം സംഭരിച്ചിട്ടുണ്ടു്.

എന്നാൽ സാമാന്യജനങ്ങളുടെ ചികിത്സമുറ പ്രത്യേകമുറകളേക്കാൾ ഏററവുമധികം വ്യത്യാസപ്പെട്ടിരിക്കയാണു്. സോവ്യററു് ഗവമ്മെൻറിൻെറ ആരോഗ്യ സംരക്ഷണ വകുപ്പിൽ ഒരു ഡിസ്ട്രിക്ടിലെ ജനങ്ങൾക്ക (മോസ്കോയിലേതിൽ 2000—3000 ആളുകൾ) ഒരു ഡോക്ടരും ഒരു നേഴ്സും ഉൾപ്പെട്ട ഒരു "ഡിസ്പൻസറി" ആണുള്ളതു്. ഈ ഡിസ്പൻസറികളിലെ ഡോക്ടറന്മാർ മൂന്നുമണിക്കൂർ നേരത്തെ ജോലിക്കിടയിൽ മുപ്പതോ അതിലധികമോ രോഗികളെ പരിശോധിക്കേണ്ടിവരും. വീടുകൾ സന്ദർശിക്കാൻ നിർബന്ധരാകകൊണ്ടു് ഇതിലധികം സമയം ആസ്പത്രികളിൽ ചിലവഴിക്കാൻ അവക്ക നിവൃത്തിയില്ല. ആകയാൽ ഓരോ രോഗിക്കുമായി ആറോ ഏഴോ മിനിററുകൾ ചെലവഴിക്കുന്നു. രോഗാവസ്ഥയിൽ ജോലിയിൽനിന്നു വിരമിക്കുവാൻ രോഗിക്കു് അനുവാദം നൽകുന്ന ഒരു ബുള്ളററിൻഫാറം പൂരിപ്പിക്കുന്നതിനു് ഈ സമയത്തിൻെറ പകുതിയും വിനിയോഗിക്കേണ്ടിവരും. അത്തരം ബുള്ളററിൻ കൈവശമില്ലാത്തവർ ജോലിക്കു ഹാജരാകാഞ്ഞ കുററത്തിനു ശിക്ഷിക്കപ്പെടും. ആസ്പത്രിയിൽ ഇങ്ങനെ ഡോക്ടറന്മാക്കു ജോലിസമയം കുറവാകയാൽ രോഗികളെ ശ്രദ്ധാപൂർവ്വം പരിശോധിക്കുക പലപ്പോഴും അസാദ്ധ്യമായിത്തീരുന്നു. വീട്ടുതോറുമുള്ള സന്ദർശനങ്ങളുടെ കാര്യവും ഇങ്ങനെ തന്നെ. ഓവർകോട്ടു ശരീരത്തിൽനിന്നു

മാററാൻ നേരമില്ലാതെ ഡോക്ടർ ചിലതെല്ലാം ചോദിക്കു ന്നു, രോഗിയെ പരിശോധിക്കുന്നു, ബുള്ളററിൻഫാറ ങ്ങൾ പൂരിപ്പിക്കുന്നു, വേഗം വേഗം നിർദ്ദേശങ്ങൾ കൊടുക്കുന്നു, അടുത്ത വീടു സന്ദർശിക്കാൻ സ്ഥലം വിടുകയും ചെയ്യുന്നു. ജനസാമാന്യത്തിൽ ഭൂരിപക്ഷവും ഇത്തരം ഡിസ്പെൻസറിയും ഗൃഹസന്ദർശനങ്ങളുംകൊണ്ടു് തൃപ്തിപ്പെടേണ്ടതായിട്ടാണിരിക്കുന്നതു്. ഒരു ചെറിയ ന്യൂ നപക്ഷത്തിനു മാത്രമെ ഒരു ഡോക്ടരുടെ സഹായം പ്രൈ വററായി ലഭിക്കുവാൻ സാധിക്കുകയുള്ളു.

പട്ടണങ്ങളിലെ ചികിത്സാസമ്പ്രദായം പലപ്പോഴും ദയനീയമാകുന്നു. 1930-മുതൽ റഷ്യൻ പട്ടണങ്ങളുടെ എണ്ണം ധ്രുതഗതിയിൽ വർദ്ധിച്ചു. എന്നാൽ ആസ്പത്രിക ളെക്കാൾ വ്യവസായസ്ഥാപനങ്ങൾക്കാണു് പ്രാധാന്യം ക ല്പിക്കപ്പെട്ടതു്. തന്മൂലം കൂണുപോലെ മുളച്ചുവന്ന ഈ പട്ടണങ്ങളുടെ ആരോഗ്യരക്ഷയ്ക്കു നീക്കിവച്ച തുകകൾ മ തിയാകാതെ വന്നു. ആസ്പത്രികളിൽ ചെല്ലുന്ന രോഗി കൾക്കു കണക്കില്ലാത്തതിനാൽ ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർപോലും പ്രവേശനം ലഭിക്കാൻ പലപ്പോഴും മൂന്നും നാലും ദിവസം കാത്തിരിക്കേണ്ടിവരുന്നു. അതിനിട യിൽ രോഗികൾ മരിക്കുക അപൂർവ്വമല്ലതാനും. ക്ഷയ രോഗികൾക്കുള്ള ആരോഗ്യസങ്കേതങ്ങളിലും വളരെയധികം ആളുകൾ ചെല്ലുന്നതുകൊണ്ടു് അവിടെ ഒരു രോഗിയ്ക്കു സാമാന്യേന രണ്ടു മാസമേ താമസിക്കുവാൻ കഴിവുള്ളു. ചിലപ്പോൾ താമസം നാലുമാസത്തേക്കു നീട്ടിക്കൊടുത്തെ ന്നു വരാം. അതിൽകൂടുതൽ ഒരിക്കലും അനുവദിക്കുക യില്ല.

പബ്ളിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിൻെറ ഉപ മന്ത്രിയായ പ്രൊഫസർ പ്രിയൊറോവ് (N. Priorov) "മെഡിക്കൽ വക്കർ" എന്ന സോവ്യററു് പ്രസിദ്ധീകരണ ത്തിൽ 1946 ആഗസ്റ്റിൽ ഇങ്ങനെ എഴുതിയിരുന്നു:-

"നമ്മുടെ ഇപ്പോഴുള്ള ഭൂരിപക്ഷം ആസ്പത്രികളും അവയിലെ ആവശ്യങ്ങൾ നിർവ്വഹിക്കാൻ പര്യാപ്തങ്ങളാണെന്നും, അവ യഥാർത്ഥത്തിൽ രോഗശമനത്തിനുള്ള സ്ഥാപനങ്ങളാണെന്നും പ്രസ്താവിക്കുന്നതു് വലിയൊരു അബദ്ധമായിരിക്കും...........മോസ്ക്കോയിലും ലെനിൻഗ്രാഡിലുംപോലും ഉള്ള ചില ആസ്പത്രികൾ പബ്ളിക് ഹെൽത്തു് ഡിപ്പാർട്ടുമെൻറിന് അവമാനകരങ്ങളാണു്................"

ധനികരും ദരിദ്രരും തമ്മിൽ ആരോഗ്യസംരക്ഷണത്തെ സംബന്ധിച്ചുള്ള വിടവു് അടയ്ക്കുവാൻ വേണ്ടി റഷ്യയിൽ വൈദ്യവകുപ്പു രാഷ്ട്രസാൽക്കരിച്ചതിൻെറ ഫലം വർഗ്ഗവ്യത്യാസങ്ങൾ വർദ്ധിപ്പിക്കുവാൻ മാത്രം പ്രയോജകീഭവിച്ചതു് വിരോധാഭാസം തന്നെ!

## III

### യാത്രകളിലെ പ്രഭുത്വം

സോവ്യററു് നേതാക്കന്മാരുടെ പ്രഭുസഹജമായ ജീവിതരീതിയെപ്പററി ഇനിയും പലതു പറയാനുണ്ടു്. സ്ഥലച്ചുരുക്കത്താൽ, അവരുടെ യാത്രകളിൽ പ്രകടിതമാകുന്ന പ്രഭുത്വത്തെപ്പററിമാത്രം അല്പം പറഞ്ഞുകൊണ്ടു് ഈ അദ്ധ്യായം അവസാനിപ്പിക്കാം. 1920-നേത്തുടർന്നുള്ള ദശവഷത്തിൽ സോവ്യററു് നേതാക്കന്മാർ അനാഡംബരമായിട്ടാണു് യാത്രകൾ ചെയ്തിരുന്നതു്. അതിനുശേഷം തീരുമാനിച്ചു, ഗവമ്മെൻറിൻെറ ഉപയോഗത്തിന് ഒരു പ്രത്യേക തീവണ്ടി നിർമ്മിക്കണമെന്നു്. ഈ തീവണ്ടിക്കു് നൽകിയ പേരാണു് "ലക്സ് ബ്ളൂ എക്സ്പ്രസ്സ്" (Lux Blue Express). ഈ തീവണ്ടി ഓടുന്നതിൻെറ കൊല്ലംതോറുമുള്ള നഷ്ടം 1,000,000 റൂബിൾസ് ആണു്. ഇതിലെ ജോലിക്കാരെ പണ്ടത്തെ സാർ ചക്രവത്തിമാരുടെ

മെയ്കാവൽക്കാരെപ്പോലെ ഏററവുമധികം ഉയരവും സൗന്ദര്യവുമുള്ള ആളുകളിൽനിന്ന് തെരഞ്ഞെടുക്കുന്നു. അവരുടെ മേധാവിയെ തിരഞ്ഞെടുക്കുന്നതിൽ പ്രത്യേകം മുൻകരുതലുകൾ ചെയ്യുന്നുണ്ട്. പാർട്ടി കമ്മിററികളും രഹസ്യപ്പോലീസുമായുള്ള അറുതിയില്ലാത്ത കൂടിക്കാഴ്ചകൾക്കു ശേഷമേ അയാൾ അവസാനമായി നിയമിക്കപ്പെടുന്നുള്ളു.

പൊളിററ് ബ്യൂറോയിലെ ഓരോ അംഗത്തിനും സ്വന്തമായ പ്രൈവററുകാറുണ്ട്. അതു ബ്ളൂഎക്സ്പ്രസ്സിൻെറ അററത്ത് ഘടിപ്പിക്കപ്പെടുന്നു. പുറമെയുള്ള കാഴ്ചയ്ക്ക് ഈ കാറുകൾ തീവണ്ടിയാത്രക്കാർക്കായുള്ള മററു കാറുകളിൽനിന്ന് വ്യത്യസ്തങ്ങളല്ല. നേതാക്കന്മാരുടെ യാത്രകൾ രഹസ്യമായി ചെയ്യുവാനുള്ള ഒരു മുൻകരുതലാണ് ഇതു്. എന്നാൽ എക്സ്പ്രസ്സിനോട് താരതമ്യപ്പെടുത്തിയാൽപോലും ആ കാറുകളിലെ സജ്ജീകരണവും സാധനസാമഗ്രികളും ഊഹാതീതമായ സുഖലോലുപതയ്ക്കു ചേന്നതാണ്. ആരുടെ ഉപയോഗത്തിന് അത്തരം ഒരു കാർ ഉദ്ദേശിച്ചിരിക്കുന്നോ ആ ആളുടെ നേരിട്ടുള്ള അംഗീകരണം അതിൻെറ അകത്തുള്ള അലങ്കാര സംവിധാനങ്ങൾക്കു ലഭിച്ചിരിക്കണം. അക്കാര്യത്തിൽ ചെലവു കണക്കാക്കാറില്ല. അതിനുവേണ്ട തുകകൾ സ്റ്റേററ് ബാങ്ക് ഒരു ലോപവും കൂടാതെ കൊടുത്തുകൊള്ളും.

സ്റ്റാലിൻെറ കാറിൽ രണ്ടു കിടപ്പുമുറികളും, ഒരു ഇരുപ്പുമുറിയും, ഒരു ആഫീസും സെക്രട്ടറിക്കായി വേറൊരാഫീസും, പരിവാരങ്ങൾക്കായി ഒരു ശാലയും, കുളിമുറിയും, ഒരു പാചകമുറിയും ഉണ്ടു്. അതിൻെറ ചുവരുകളും സാമഗ്രികളും മഹോഗണിമരംകൊണ്ടു് നിമ്മിച്ചിട്ടുള്ളതാണ്. മററു നേതാക്കന്മാരുടെ കാറുകളും ഇതേ രീതിയിലുള്ളവയാണെങ്കിലും അവയിൽ ഓരോന്നിലേയും ചട്ടപ്പലകകളും സാമഗ്രികളും വ്യതസ്തമായ മരംകൊണ്ടും ജാതിയിലും ഉണ്ടാക്കപ്പെടുന്നു.

സ്റ്റാലിനോ മററു വൻതോക്കുകളോ ആരോഗ്യസങ്കേ
ത്തിലേയ്ക്കു യാത്രചെയ്യുമ്പോൾ അവരുടെ കാർ ബ്ലൂ
എക്സ്പ്രസ്സിൻെറ അററത്തോടു ഘടിപ്പിക്കപ്പെടുന്നു. ഓരോ
പ്രാവശ്യവും വണ്ടി പുറപ്പെടുന്നതിനു മുൻപു റയിൽവെ
പ്പാതയുടെ ചാർജ്ജ് വഹിക്കുന്ന രഹസ്യപ്പോലീസിൻെറ
ആഫീസിലേയ്ക്കു വണ്ടിയുടെ മേധാവിയെ വിളിപ്പിക്കുകയും
അതിൽ യാത്രചെയ്യുന്ന ഉന്നതസ്ഥാനി ആരാണെന്നു അ
യാളെ അറിയിക്കുകയും, ആ രഹസ്യംകാത്തുകൊള്ളാമെ
ന്ന് അയാളെക്കൊണ്ട് ശപഥം ചെയ്യിച്ച് ഒപ്പിടുവിക്കു
കയും, ആവശ്യകങ്ങളായ സകല മുൻകരുതൽ നടപടികളും
സ്വീകരിക്കുവാൻ അയാളോട് ആജ്ഞാപിക്കുകയും ചെ
യ്യുന്നു.

യാത്രചെയ്യുന്ന സമയം മുഴുവനും തീവണ്ടിമേധാവിയും
റെയിൽവേപ്പാതയുടെ ചാർജ്ജുവഹിക്കുന്ന രഹസ്യപ്പോലീ
സിൻെറ തലവനും വണ്ടിയിൽ ഒരുമിച്ചു യാത്രചെയ്തുകൊ
ള്ളണം. വണ്ടി ലക്ഷ്യസ്ഥാനത്ത് അപകടമൊന്നുംകൂടാതെ
എത്തിച്ചേരുന്നതിനു അവർ നേരിട്ട് ഉത്തരവാദികളാണു്.
"നേതാജി"യുടെ കാറിൻെറ പിന്നിൽ കാഴ്ചയ്ക്കു അതി
ൻെറ ശരിപ്പകർപ്പായ, വേറൊരു കാറും രഹസ്യപ്പോലീസി
ലെ ചില പ്രത്യേക സേവകന്മാരെ കയററി എല്ലായ്പ്പോഴും
ഘടിപ്പിച്ചിരിക്കും. സകല കാറുകളുടേയും അവയുടെ പ്ര
വേശനസ്ഥാനങ്ങളുടേയും പ്ലാററുഫോറങ്ങളുടേയും സൂക്ഷി
പ്പുകാരായി മററു രഹസ്യപ്പോലീസുകാരും അനുയാത്ര
ചെയ്യും. അവരിൽ രണ്ടുമൂന്നുപേർ ഡൈനിംഗ് കാറിൽ
ഇരിപ്പുണ്ടായിരിക്കും.

മോസ്കോയിലെ രഹസ്യപ്പോലീസിലെ ഒന്നാം സെക്ഷ
ൻെറ പ്രാതിനിദ്ധ്യം വഹിക്കുന്ന ആൾ നേതാജിയുടെ കാ
റിൽ തന്നെയാണു അനുയാത്രചെയ്യുന്നതു്. തീവണ്ടിയുടെ
മേധാവിയൊഴികെ മററാർക്കും ആ കാറിലെ പ്രത്യേക
യാത്രക്കാരനെപ്പററി അറിവുണ്ടായിക്കൂടാ. എങ്കിലും മുൻ

കരുതലുകളുടെ സ്വഭാവത്തിൽനിന്നുതന്നെ അതാരാണെന്നു സാധാരണമായി മററുള്ളവർക്ക് ഊഹിക്കുവാൻ കഴിയും.

ആ തീവണ്ടി, സ്റ്റേഷൻ കടന്നുപോകുന്നതിനുമുമ്പ് അകത്തേക്കും പുറത്തേക്കുമുള്ള സകല പ്രവേശനസ്ഥാനങ്ങളും അടച്ചുപൂട്ടുകയും ആ സ്റ്റേഷനിലേക്ക് നിയോഗിക്കപ്പെട്ടിരിക്കുന്നസൂക്ഷിപ്പുകാരും രഹസ്യപ്പോലിസ് ഏജൻറും ഓരോ സ്ഥാനങ്ങളിലും കാവൽനില്ക്കുകയും ചെയ്യുന്നു. പട്ടാളക്കാരും തീവണ്ടിപ്പാതസെക്ഷനിലെ രഹസ്യപ്പോലീസ് ഏജൻറന്മാരും വണ്ടി ഓടുന്ന വഴിയിൽ മുഴുവനും അതിലെ സകല തുരങ്കങ്ങളിലും കാവൽനില്ക്കുന്നു. വണ്ടി സ്റ്റേഷനിൽ എല്ലായ്പോഴും നിൽക്കുന്നതു് അവിടത്തെ രഹസ്യപ്പോലീസ് കാവൽനില്ക്കാനുള്ള സ്ഥാനത്തിന് നേരെ എതിരേ സ്റ്റാലിൻെറ കാർ വന്നെത്തുമ്പോഴാണ്.

വണ്ടി ഒരു സ്റ്റേഷനിൽ നിന്നുതുടങ്ങുമ്പോഴെയ്ക്കും രഹസ്യപ്പോലീസിലെ ഗാർഡുകൾ അവരുടെ കാറുകളിൽനിന്ന് ചാടിയിറങ്ങി പ്ലാററുഫോറത്തിൽ പലേടത്തായി ചെന്നു നില്ക്കുകയും നേതാജിയുടെ കാറിനടുത്തു് ആരും ചെല്ലാതെ സൂക്ഷിക്കുകയുംചെയ്യുന്നു. തീവണ്ടിയിലെ മററു യാത്രക്കാർ മന്ത്രിമാരോ, മാർഷൽമാരോ, പാർട്ടിയിലെ പ്രധാന ഉദ്യോഗസ്ഥന്മാരോ ആയിരുന്നാലും അവരിലാരെയും കടന്നുപോകാൻ അനുവദിക്കുകയില്ല. സാധാരണക്കാരായ സോവ്യററ് പൗരന്മാർക്ക് ആ തീവണ്ടി വന്നു നില്ക്കാനുള്ള സ്റ്റേഷൻെറ അടുത്തെങ്ങും ചെല്ലാൻപോലും അനുവാദമില്ല.

തീവണ്ടി ലക്ഷ്യസ്ഥാനത്തു് എത്തിച്ചേരുമ്പോൾ രണ്ടോ മൂന്നോ ഗാർഡുമാർ സ്പെഷ്യൽകാറിൽനിന്നു ആദ്യം ഇറങ്ങുന്നു. പിന്നാലെയാണ് സ്റ്റാലിനും പരിവാരങ്ങളും അതേത്തുടർന്ന് രണ്ടോ മൂന്നോ വേറെ ഗാർഡുകളും ഇറങ്ങുന്നതു്. അവരെല്ലാവരും ക്ഷണേന സ്റ്റേഷനിലുള്ള രഹസ്യപ്പോലീസ് ആഫീസ് കടന്നുചെന്ന്, വെളിയിൽ കാത്തുനില്ക്കുന്ന മോട്ടോർകാറുകളിൽ പ്രവേശിക്കുന്നു. ഈ

മോട്ടോർ കാറുകളെല്ലാം കാഴ്ചയ്ക്ക് ഏററവും തുല്യങ്ങളാകയാൽ അവയിലേതിലാണ് സ്റ്റാലിൻ കയറിയിരിക്കുന്നതെന്ന് അറിയാൻ സാദ്ധ്യമല്ല. ആ സമയത്ത് സ്റ്റേഷൻെറ പരിസരങ്ങളിൽപോലും ആക്കും നിന്നുകൂടാ. സ്റ്റാലിൻ കാറിലേയ്ക്ക് തീവണ്ടിജോലിക്കാരൊരുമിച്ച് നടന്നുപോകുന്നതു് വേഗത്തിലും, ആരെയും നോക്കാതെയും ആക്കും അഭിവാദനം നൽകാതെയുമാണ്. അടുത്ത നിമിഷത്തിൽ രഹസ്യപ്പോലീസിൻെറ മറയിൽ അദ്ദേഹം അപ്രത്യക്ഷനാകുന്നു.

സ്റ്റാലിൻ കയറിയ തീവണ്ടിയുടെ യാത്രയ്ക്ക് വല്ല താമസവും നേരിട്ടാൽ മഹാ കുഴപ്പമായി. 1936-ൽ ഒരു രാത്രി അങ്ങനെ സംഭവിച്ചു. ഗാസൊലിൻ നിറച്ച ടാങ്ക് കാറുകഠം കയററി വേറൊരു തീവണ്ടി അദ്ദേഹത്തിൻേറതിനു മുമ്പേ പൊയ്ക്കൊണ്ടിരുന്നു. ഒരു സ്റ്റേഷനിൽവച്ചു അതിൻെറ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ ടാങ്ക് കയററിയ വണ്ടി കടന്നുപൊയ്ക്കൊള്ളാൻ അനുവദിച്ചു. എക്സ്പ്രസ്സ് വരുന്നതിനുമുമ്പു അടുത്ത സ്റ്റേഷനിൽ അതു ചെന്നെത്തുമെന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരം. സ്റ്റാലിൻ വണ്ടിയിലുണ്ടെന്ന് അറിഞ്ഞിരുന്നെങ്കിൽ അദ്ദേഹം ഒരിക്കലും ഇങ്ങനെ ചെയ്യുമായിരുന്നില്ലല്ലോ. നിർഭാഗ്യവശാൽ ആ സ്റ്റേഷൻ കഴിഞ്ഞുള്ള പാതയിൽ തുക്കായ ഒരു കയററമുണ്ടായിരുന്നതുകൊണ്ടു് ടാങ്ക് വണ്ടിയുടെ എഞ്ചിന് ബുദ്ധിമുട്ടു നേരിടുകയും ഒടുവിൽ നിന്നുപോകുകയും ചെയ്തു. സ്റ്റാലിൻെറ വണ്ടി സ്റ്റേഷനടുത്തുവന്നപ്പോഠം ഗേററടച്ചിരുന്നതിനാൽ നിത്തേണ്ടിവന്നു. സകല ഗാർഡുമാരും കാറുകളിൽനിന്നു ചാടിയിറങ്ങി വണ്ടി പൊതിഞ്ഞുനിന്നു. തീവണ്ടിപ്പാതവകുപ്പിലെ രഹസ്യപ്പോലീസിൻെറ മേധാവി ഓടിവന്ന് ഉച്ചത്തിൽ ചോദിച്ചു:—"ഈ ഗേററ് അടച്ചിരിക്കുന്നതു് എന്തുകൊണ്ടു്? മൂന്നു മിനിററേ താമസം വന്നൊള്ളൂ. അതുകഴിഞ്ഞു് വണ്ടി പ

തിവുപോലെ മുന്നോട്ടുപോയി. എന്നാൽ ഡ്യൂട്ടിയിലി രുന്ന സ്റ്റേഷനുദ്യോഗസ്ഥനെ ഉടനടി അറസ്റ്റ് ചെയ്തു. ആ സമയം വീട്ടിൽ ഉറങ്ങിക്കിടക്കുകയും ഈ സംഭവത്തെ പ്പററി അറിവില്ലാതിരിക്കുകയുംചെയ്ത സ്റ്റേഷൻമാസ്റ്ററും അറസ്റ്റ്ചെയ്യപ്പെട്ടു. ഈ ബഹളങ്ങൾക്കിടയിലെല്ലാം സ്റ്റാലിൻ ശാന്തമായി തൻെറ കാറിൽ ഉറങ്ങിക്കിടക്കുക യായിരുന്നു.

## നാട്ടിൻപുറം വസതികൾ

സോവ്യററ് നേതാക്കന്മാർക്ക് വിശ്രമസമയം ഉല്ലാസ ത്തിലും സുഖസൗകര്യങ്ങളിലും കഴിച്ചുകൂട്ടുവാൻവേണ്ടി പ ട്ടണങ്ങളിൽനിന്നകന്ന് ഉൾപ്രദേശങ്ങളിൽ ഏർപ്പെടു ത്തിയിട്ടുള്ള സ്ഥലങ്ങളാണ് "നാട്ടിൻപുറം വസതികൾ." ഇങ്ങനെയുള്ള സ്ഥലങ്ങൾക്ക് "വില്ല" എന്നാണ് മററു രാജ്യങ്ങളിൽ പേരുപറയുന്നതെങ്കിലും, കമ്മ്യൂണിസ്റ്റുകാ രുടെ ചെവികളിൽ ആ പദത്തിന് മുതലാളിത്തപരമായ ധ്വനിയുണ്ടെന്ന കാരണത്താൽ സോവ്യററുകാർ അവയെ നാട്ടിൻപുറം വസതികൾ (Country Houses) എന്നു വി ളിക്കുന്നു. ഒന്നാംകിടയിലുള്ള ചുരുക്കം നേതാക്കന്മാർ അവരുടെ ഇളവുകാലം കോക്കസസിൽ സാർ ചക്രവത്തിമാ രുടെ വകയായുണ്ടായിരുന്ന വേനൽക്കാലവസതികളിലാ ണ് ചിലവഴിക്കുന്നതു്. സ്റ്റാലിൻെറ ഉപയോഗത്തിനുള്ള വില്ല ബ്ളാക്കസീയുടെ തീരത്തു സ്ഥിതിചെയ്യുന്നു. 1933-ൽ സുപ്രസിദ്ധനായ ഒരു സോവ്യററ് ശില്പിയുടെ പ്ലാനനുസരിച്ച് നിമ്മിക്കപ്പെട്ട ഈ വസതിയിലെ സുഖ സൗകര്യങ്ങൾ ഊഹാതീതങ്ങളും അതിൻെറ സുരക്ഷിത ത്വം പരിപൂർണ്ണവുമാണ്.

ഈ വില്ല മോസ്കോയിൽനിന്ന് വളരെ അകലെയാ കയാൽ നീണ്ട ഒഴിവുകാലം മാത്രമേ സ്റ്റാലിൻ അവിടെ ചിലവഴിക്കുന്നുള്ളു. അദ്ദേഹം വാരാന്ത്യവിശ്രമത്തിന്

ഉപയോഗിക്കുന്നതു് മോസ്കോയിൽനിന്നു് 25 മൈൽ അകലെയുള്ള മറെറാരു നാട്ടിൻപുറം വസതിയാണു്.

സ്റ്റാലിൻെറ വില്ലയ്ക്കു് പതിനേഴ മുറികളുണ്ടു്. സകല മുറികളുടേയും തിണ്ണകൾ വളരെ വിലപിടിച്ച വാൾനട്ടം മഹോഗണിയും മരങ്ങളുടെ പലകകൾ നിരത്തിയിട്ടുള്ളതും എബണിമരംകൊണ്ടു് അലങ്കരിച്ചിട്ടുള്ളതുമാണു്. ചില ചുമരുകൾ പൊതിഞ്ഞിരിക്കുന്ന പലകകൾക്കു് പ്ലെയിൻ വൃഢം മററു ചിലതുകളുടേതിനു് കാരലിയൻ ബർച്ചു് എന്ന മരവുമാണു് ഉപയോഗിച്ചിട്ടുള്ളതു്. പ്രത്യേകതരം ചിത്രയവനികകളും രത്നകമ്പളങ്ങളും ചുവരുകളിൽ തൂങ്ങിക്കിടക്കുന്നു. കതകുപിടികൾ ബ്രോൺസ്കൊണ്ടു് പ്രത്യേക മാതൃകകളിൽ വാർത്തുണ്ടാക്കിയിട്ടുള്ളവയാണു്. മുറികളിലെവിടെയും വെളിച്ചം നേരെ തട്ടാത്ത വിധത്തിൽ വിളക്കുകൾ ഘടിപ്പിച്ചിരിക്കുന്നു. തിണ്ണകളും ചുവരുകളും ടർക്കിസ്റ്റാനിലേയും പേർഷ്യയിലേയും ചൈനയിലേയും വിലപിടിച്ച കമ്പിളികൾകൊണ്ടു് പൊതിഞ്ഞിരിക്കുന്നു.

സ്റ്റാലിൻെറ ഈ എസ്റ്റേററിനു ചുററും ദിവസത്തിൽ 24 മണിക്കൂറും പട്ടാളക്കാർ കാവലുണ്ടു്. അവർ മൂന്നു വകുപ്പായി വേർതിരിക്കപ്പെട്ടിരിക്കുന്നു. അവരിൽ പ്രദേശ ഗാർഡുകൾ വില്ലയിൽനിന്നു് 6 മൈൽ വ്യാസംവരെ ചുററും സുരക്ഷിതത്വം പാലിക്കുവാൻ ചുമതലപ്പെട്ടവരാണു്. അവരുടെ മേൽനോട്ടം വഹിക്കുവാൻ പ്രത്യേക നേതൃഗണഗാർഡുകളുമുണ്ടു്. ഈ ഗണം രഹസ്യപ്പോലീസിൻെറ ഒരു പ്രത്യേക വകുപ്പിൽനിന്നും എടുത്തിട്ടുള്ളതാണു്. പ്രദേശഗാർഡുകൾ വില്ലയുടെ പരിസരത്തിലും, വനത്തിലും, റോഡുകളിലും, ചിലടത്തു് പരസ്യമായും ചിലടത്തു് ഒളിവായും, കാവൽനില്ക്കുന്നു. ഓരോ കാവൽ സ്ഥാനത്തും പോലീസിൻെറ കീഴിലുള്ള ഒരു നായെ നിർത്തിയിട്ടുണ്ടു്. പ്രത്യേകനിയന്ത്രണത്തിൽ ഇരിക്കേണ്ട സ്ഥാനങ്ങളിൽ ടെലഫോണുകൾ ഘടിപ്പിച്ചിട്ടുമുണ്ടു്. മാത്ര

മല്ല ആ വനം മുഴുവനും ഇലക്ട്രിഫൈ ചെയ്തിരിക്കുകയാണു്. കറൻറുള്ള ഏതെങ്കിലും ഒരു വയർ തൊടുന്ന തോടുകൂടി വിപുലമായ ഒരു ദീപസഞ്ചയം പ്രത്യക്ഷപ്പെടുകയും, അതു കാണുമ്പോൾ സർവ്വത്ര അപകടസൂചനകൾ നൽകുകയും ചെയ്യുന്നു.

രണ്ടാമത്തെ ഗണം ഗാർഡുകൾ വില്ലയ്ക്കു് തൊട്ടുള്ള പരിസരങ്ങളിലാണു നിൽക്കുന്നതു്. അവരുടെ ഉപയോഗത്തിനും മുൻപറഞ്ഞമാതിരി ഇലക്ട്രിക് വയർകളും "ഇതിനുള്ളിലേക്കുള്ള പ്രവേശനം കണിശമായും നിരോധിക്കപ്പെട്ടിരിക്കുന്നു" എന്നെഴുതിയിട്ടുള്ള പോസ്റ്ററുകളും ഇണക്കിവച്ചിട്ടുണ്ടു്. എസ്റ്റേററു മുഴുവനും വലയംചെയ്യുന്ന മതിൽക്കെട്ടുള്ളതുകൊണ്ടു് പുറത്തുനിൽക്കുന്ന ആൎക്കും അകത്തേക്കു നോക്കാൻ സാധിക്കുകയില്ല. മതിൽക്കെട്ടു കാക്കുവാൻ രഹസ്യപ്പോലീസിൻെറ ഗാർഡുകളും നായ്ക്കളും ഉണ്ടു്.

മൂന്നാമത്തെ ഗണം ഗാർഡുകൾ മതിൽക്കെട്ടിനകത്താണു കാവൽ നില്ക്കുന്നതു്. ഇവരിൽ രഹസ്യപ്പോലീസ് അംഗങ്ങൾ, തോട്ടക്കാർ, പുരുഷന്മാരായ ഭൃത്യന്മാർ, ഡ്രൈവറന്മാർ, സ്ത്രീകളായ വേലക്കാർ എന്നിവർ ഉൾപ്പെടുന്നു. ഇവർ ഓരോരുത്തരും പരസ്പരം കാവൽ നടത്തിക്കൊള്ളണമെന്നാണു് ഉത്തരവു്. എസ്റ്റേററിനകത്തു് അവിശ്വസ്തതയുടെ ഏതെങ്കിലും അടയാളം കണ്ടാൽ തങ്ങളെല്ലാവരും, വ്യക്തിപരമായും കൂട്ടമായും, അതിനു സമാധാനം പറയേണ്ടിവരുമെന്നു് അവൎക്കെല്ലാവൎക്കും ബോധമുണ്ടു. ഓരോ ജോലിക്കാരൻേറയും പഴയ ചരിത്രം വിവരമായി രഹസ്യപ്പോലീസിനറിയാം. ജോലിക്കാരുടെ പ്രവൎത്തനങ്ങളും സംസൎഗ്ഗങ്ങളും അവർ ഏററവും സൂക്ഷ്മമായി നിയന്ത്രിച്ചുകൊണ്ടാണിരിക്കുന്നതു്.

## X

# സാർവ്വലൗകികവിപ്ലവം

[കമ്മ്യൂണിസത്തിന്റെ സ്ഥാപകന്മാരായ മാർക്സും എങ്കൽസുംകൂടി 1848-ൽ പുറപ്പെടുവിച്ച കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ സാർവ്വലൗകിക വിപ്ലവത്തിനുള്ള ആഹ്വാനമായിരുന്നു. "അഖില ലോക തൊഴിലാളികളെ സംഘടിക്കുവിൻ. അപഹരണം ചെയ്തവരോട് അപഹരണം ചെയ്യുവിൻ" എന്ന തീപ്പൊരി പറക്കുന്ന വാക്കുകളോടുകൂടിയാണ് ആഹ്വാനം അവസാനിപ്പിച്ചിരിക്കുന്നത്. അതു പ്രയോഗത്തിൽ വരുത്തുവാൻ വേണ്ടി മാർക്സ് തന്നെ "ഒന്നാം ഇന്റർനാഷണൽ" എന്നറിയപ്പെടുന്ന സാർവ്വദേശീയ വിപ്ലവസംഘടന സ്ഥാപിച്ചു. അകമേയുണ്ടായ വഴക്കുകൾ നിമിത്തം ആ സംഘടന നീണ്ടുനിന്നില്ല. "രണ്ടാം ഇന്റർനാഷണൽ" എന്ന നാമത്തിൽ സോഷ്യലിസ്റ്റുകാരുടെ വേറൊരു സംഘടന സ്ഥാപിക്കപ്പെട്ടു. ഒന്നാം ലോകമഹായുദ്ധത്തിനുമുൻപ് ആ സാർവ്വദേശീയസംഘടനയുടെ 9 കോൺഗ്രസ്സുകൾ കൂടിയിട്ടുണ്ട്. വിവിധ രാജ്യങ്ങളിലെ സോഷ്യലിസ്റ്റുകാർ യുദ്ധകാലത്ത് സാർവ്വദേശീയ വീക്ഷണം പരിത്യജിക്കുകയും അവരവരുടെ രാജ്യങ്ങളോട് ചേർന്നുനില്ക്കുകയും ചെയ്തതിനാൽ രണ്ടാമത്തെ ഇന്റർനാഷണലും ഉടഞ്ഞുപോവുകയാണുണ്ടായത്. ബോൾഷേവിക്കുകാർ റഷ്യയിൽ വിപ്ലവമുണ്ടാക്കിയതിനെ തുടർന്ന് 1919-ൽ ലെനിൻ "മൂന്നാം ഇന്റർനാഷണൽ" സ്ഥാപിച്ചു. അതാണ് "കോമിന്റേൺ" (കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ) എന്നറിയപ്പെടുന്ന സാർവ്വലൗകികവിപ്ലവസംഘടന.]

കൊമിന്റേണിന്റെ ആദ്യ കോൺഗ്രസ്സിൽ സംബന്ധിക്കുവാനുള്ള ക്ഷണമയച്ചത് സോവ്യറ്റു ഗവമ്മെണ്ടിലെ വിദേശകാര്യവകുപ്പിന്റെ മേധാവിയായിരുന്നു. ആ കോൺഗ്രസ്സിന്റേയും തുടർന്നുള്ള മൂന്നു കോൺഗ്രസ്സുകളുടേയും യോഗങ്ങളിൽ ആദ്ധ്യക്ഷം വഹിച്ചത് സോവ്യറ്റു ഗവ

മെണ്ടിൻെറ ഔദ്യോഗിക നേതാവായ ലെനിൻ തന്നെ യാണ്. കൊമിൻേറണിൻെറ ഉദ്ദേശമെന്താണെന്ന്, അതിൻെറ ഒന്നാമത്തെ പ്രസിഡണ്ടായിരുന്ന സിനോ വീവ് (Zinoviov) ചെയ്തതും ഔദ്യോഗികമിനിട്ടുക ളിൽ കൊള്ളിച്ചിട്ടുള്ളതുമായ ചില പ്രസ്താവനകളിൽ നിന്നു കാണാം:—

"മൂന്നാം ഇൻറർനാഷണലിൻെറ കൊടിക്കീഴിൽ തൊ ഴിലാളിവർഗ്ഗം ലോകമാസകലം വിജയംവരിക്കും........."

"യൂറോപ്യൻ വിപ്ലവത്തിൽ മാത്രമല്ല, പിന്നയോ സാർവ്വലൗകികവിപ്ലവത്തിലും അതു വിജയംവരിക്കു മെന്ന് ഞാൻ ഊന്നിപ്പറയുന്നു........"

"ക്യാപിററലിസ്റ്റ് അമേരിക്കയ്ക്കും കമ്മ്യൂണിസ്റ്റ് യൂ റോപ്പിനും ഒരുമിച്ചു ജീവിക്കുവാൻ സാദ്ധ്യമല്ല."

ലോകമഹാവിപ്ലവമാണ് കൊമിൻേറണിൻെറ ദീർ ഘകാലലക്ഷ്യമെങ്കിലും യൂറോപ്പിൽ വിപ്ലവമുണ്ടാക്കുവാനാ ണ് അതു് ആദ്യം ക്രൂരതലായി പ്രവർത്തിച്ചതു്. പോളൻറു്, ഹംഗേറിയ, ജർമ്മനി, ചെക്കോസ്ലോവാക്കിയ, ഇററലി എന്നീ രാജ്യങ്ങളിൽ മാർഗ്ഗദർശനവും പണശേഖരവും നേ തൃത്വവും നൽകിക്കൊണ്ട് അവിടങ്ങളിലെ വിപ്ലവപ്രസ്ഥാ നങ്ങളിൽ കൊമിൻേറൺ പങ്കെടുത്തു. എന്നാൽ അവ യെല്ലാം അവസാനത്തിൽ അപജയിക്കുകയാണുണ്ടായതു്. അപജയങ്ങളെപ്പററി കൊമിൻേറണിൻെറ കോൺഗ്രസ്സു കളിൽ വിലപിക്കുകയും ചർച്ചകൾ നടത്തുകയുംചെയ്തു. വിപ്ലവതന്ത്രങ്ങൾ ഭേദപ്പെടുത്തേണ്ടതാണെന്നു കണ്ടു. 1935-ൽ, ഏഴാമതു കോൺഗ്രസ്സിൽ, അതിൻെറ സെക്ര ട്ടറി ജനറലായിരുന്ന ഡിമിററ്റോവ് (Dimitrov) ഒരു പു തിയതന്ത്രം നിർദ്ദേശിച്ചു, നിലവിലിരിക്കുന്ന ഗവമ്മെണ്ടു കളെ തടികംമറിക്കുവാൻ. അതാണ് "ട്രോജൻ കുതിര" (Trojan Horse) തന്ത്രം എന്നറിയപ്പെടുന്നതു്.

### ട്രോജൻ കുതിരനയം

നിരുപദ്രവകരങ്ങളും ജനകീയങ്ങളുമായ സംഘടനകളിൽ കടന്നുകൂടി, അകമേ തുരങ്കംവച്ച് കമ്മ്യൂണിസ്റ്റുകാരല്ലാത്തവരുടെ നേതൃത്വം അതിൽനിന്ന് ബഹിഷ്കരിച്ച് അവസാനം അവയെ മുഴുവനും കമ്മ്യൂണിസ്റ്റാധിപത്യത്തിൽ വരുത്തുന്ന തന്ത്രമാണിത്. പണ്ട് ഗ്രീക്ക് സൈന്യങ്ങൾ ട്രോയി എന്ന പട്ടണം ആക്രമിക്കുവാൻ പുറപ്പെട്ടു. പ്രതിരോധം അജയ്യമാണെന്നു കണ്ടപ്പോൾ ഗ്രീക്കുപട്ടാളക്കാർ മരം കൊണ്ട് ബ്രഹ്മാണ്ഡമായ ഒരു കുതിരയെ നിർമ്മിച്ചു. അതിന്റെ ഉള്ളിൽ പട്ടാളക്കാർ കയറി ഒളിച്ചിരുന്നു. ഈ കുതിര പ്രദർശിപ്പിക്കപ്പെട്ടപ്പോൾ ട്രോയി പട്ടണവാസികൾക്കു വളരെ കൗതുകം തോന്നി. കുതിരയെ പട്ടണത്തിനുള്ളിൽ പ്രവേശിപ്പിക്കുവാൻ അവർ സസന്തോഷം സമ്മതിച്ചു. അനന്തരഫലം പറയണമെന്നില്ലല്ലോ. കുതിരയുടെ ഉള്ളിലിരുന്ന ഗ്രീക്കുപട്ടാളക്കാർ വെളിയിലിറങ്ങുകയും അവരുടെ സഹായത്തോടുകൂടി പട്ടണത്തെ ഗ്രീക്കുസൈന്യം പിടിച്ചടക്കുകയുംചെയ്തു. ഇതാണ് ട്രോജൻ കുതിരതന്ത്രം. ഈ തന്ത്രമാണു മിക്കവാറും എല്ലാ രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റുകാർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്.

രണ്ടാം ലോകമഹായുദ്ധത്തിനിടയ്ക്ക്, 1943-ൽ സ്റ്റാലിൻ കൊമിൻേറൺ സംഘടനയെ പിരിച്ചുവിടുവാൻ ഉത്തരവിട്ടു. റഷ്യയ്ക്ക് അനേകം കപ്പലുകൾ നിറയെ വിഭവങ്ങൾ അമേരിക്കയിൽനിന്നു വായ്പയായി (Lend Lease) കിട്ടിക്കൊണ്ടിരുന്നതും; പ്രസിഡന്റ് റൂസ്‌വെൽററിന്റെ നിർബന്ധത്താൽ തങ്ങളും പ്രജായത്താദർശങ്ങൾ സ്വീകരിച്ചിട്ടുള്ളവരാണെന്ന് ലോകരെ ബോദ്ധ്യപ്പെടുത്തുവാൻ റഷ്യ സർവ്വപ്രകാരേണയും ശ്രമിച്ചുകൊണ്ടിരുന്നതുമായ കാലഘട്ടമായിരുന്നു അത്. തദവസരത്തിൽ കൊമിൻേറൺ

പിരിച്ചുവിടുന്നതുസംബന്ധിച്ച് തനിക്കുള്ള പ്രജായത്തപരമായ ഉദ്ദേശങ്ങളെ വിവരിച്ച് സ്റ്റാലിൻ താഴെ കാണുന്ന പ്രസ്താവന പുറപ്പെടുവിച്ചു:-

"സ്ലാവ് വർഗ്ഗക്കാരുടേയും യൂറോപ്പിലെ അടിമകളാക്കപ്പെട്ടിരിക്കുന്ന ഇതര ജനതതികളുടേയുംമേൽ ഞങ്ങളുടെ അഭീഷ്ടങ്ങളോ ഞങ്ങളുടെ ഭരണസമ്പ്രദായമോ കെട്ടിവയ്ക്കണമെന്നുള്ള യുദ്ധോദ്ദേശങ്ങൾ ഞങ്ങൾക്കില്ല, ഞങ്ങൾക്കുണ്ടാകുവാൻ കഴിയുന്നതുമല്ല.... ...........അവരുടെ സ്വന്തം രാജ്യങ്ങളിൽ അവർക്ക് യുക്തമെന്നു തോന്നുന്ന ജീവിതസമ്പ്രദായങ്ങൾ പരിപൂർണ്ണമായ സ്വാതന്ത്ര്യത്തോടുകൂടി സംവിധാനം ചെയ്യാനുള്ള സാദ്ധ്യതയെ അവർക്ക് പ്രദാനം ചെയ്യണമെന്നാണ് ഞങ്ങളുടെ ഉദ്ദേശം. ഇതരരാഷ്ട്രങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ യാതൊരു വിധത്തിലും ഞങ്ങൾ കൈകടത്തുന്നതല്ല."

യുദ്ധാനന്തരം സ്റ്റാലിൻ നടത്തിയിട്ടുള്ള കൈയേററങ്ങളുടേയും ആക്രമണങ്ങളുടേയും വെളിച്ചത്തിൽ അദ്ദേഹത്തിൻെറ ഈ പ്രസ്താവം പൈശാചികമായ തന്ത്രമായിരുന്നുവെന്ന് ആർക്കാണ് കാണാൻ കഴിയാത്തത്?

## കൊമിൻഫോം

യുദ്ധകാലത്ത് വലിയ ഒച്ചപ്പാടോടുകൂടി സ്റ്റാലിൻ പിരിച്ചുവിട്ട കൊമിൻേറൺ തത്തുല്യമായ ഒച്ചപ്പാടോടുകൂടി യുദ്ധാനന്തരം, 1947-ൽ, സ്റ്റാലിൻ തന്നെ പുനരുദ്ധരിച്ചു. ഉദ്ധാരണത്തിൽ വരുത്തിയ ഏകഭേദഗതി പേരിൽ മാത്രമായിരുന്നു. കൊമിൻേറൺ എന്ന പേരു മാററി, പകരം കൊമിൻഫോം (Cominform) എന്ന പേർ സ്വീകരിച്ചു. കൊമിൻേറണിനെ സ്റ്റാലിൻ പിരിച്ചുവിട്ടതു വെറും വേഷമായിരുന്നുവെന്ന് അക്കാലത്തുതന്നെ ആരും അറിയാതിരുന്നില്ല. പിന്നീടുള്ള സംഭവങ്ങൾ

ആ ഊഹം ശരിയാണെന്നു് തെളിവാക്കുകയും ചെയ്തു. കൊമിൻേറണിൻെറ പഴയ ഉദ്യോഗസ്ഥന്മാരും ഡെലിഗെററുകളും ഏജൻറന്മാരുമെല്ലാം യുദ്ധാനന്തരം വീണ്ടും പ്രത്യക്ഷപ്പെട്ടു. യൂറോപ്പിലേയും അമേരിക്കയിലേയും കമ്മ്യൂണിസ്റ്റു പാർട്ടികളുടെ മേധാവികളായോ, സോവ്യററു് ആധിപത്യത്തിനു കീഴിൽ അമർത്തിവച്ചിരിക്കുന്ന തെക്കുകിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ പാവഗവമ്മെൻറുകളുടെ തലവന്മാരായോ അവർ നിയമിക്കപ്പെട്ടിരിക്കുകയാണു്. കൊമിൻേറണിൻെറ കീഴിൽ അവിടങ്ങളിൽ നടത്തിയിരുന്ന കമ്മ്യൂണിസ്റ്റു പ്രചരണം സർവ്വാത്മനാ അവർ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. കൊമിൻഫോം എന്ന പുതിയ പേരിൽ കൊമിൻേറൺ പുനരുദ്ധരിച്ചതു പോളൻറിൻെറ തലസ്ഥാനമായ വാർസായിൽ കൂടിയ ഒരു കോൺഫറൻസിൽ വച്ചാണു്. സോവ്യററു് റഷ്യയുടെ പിടിയിലമർന്നിരിക്കുന്ന 9 രാജ്യക്കാർ ആ യോഗത്തിൽ സന്നിഹിതരായി ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി. അതിൽ ലോകമാസകലമുള്ള കമ്മ്യൂണിസ്റ്റുകാരെ ആഹ്വാനം ചെയ്തതു് അമേരിക്കയുടെ "സാമ്രാജ്യപരമായ വിസ്തൃതിക്കും ആക്രമണത്തിനും" എതിരായി നടത്തുന്ന സമരത്തിൻെറ "മുന്നണിയിൽ" നിരക്കുവാനാണു്. റഷ്യയേയും അവളുടെ ഉപഗ്രഹങ്ങളായ രാജ്യങ്ങളേയും "ഡെമോക്രസി"കളുടെ ഗണത്തിലും, യുനൈററഡ് സ്റ്റേററ്സിനേയും ഗ്രേററു് ബ്രിട്ടനേയും "ഇംപീരിയലിസ്റ്റിക്കും ആൻറിഡെമോക്രാററിക്കും ഗണത്തിലുമാണു് വിജ്ഞാപനം ഉൾപ്പെടുത്തിയിരുന്നതു്. യൂറോപ്പിൻെറ സമുദ്ധാരണത്തിനായി ഏർപ്പെടുത്തപ്പെട്ട അമേരിക്കയുടെ മാർഷൽപ്ലാനിനെ "ഒരു ഫാഴ്സു്" എന്നു് അതിൽ വിളിച്ചിരുന്നു. ലോകത്തെ "സാമ്പത്തികമായും രാഷ്ട്രീയമായും കീഴ്പെടുത്തുവാനും ഒരു പുതിയ യുദ്ധം അഴിച്ചുവിടുവാനും" ശ്രമിക്കുകയാണെന്നും, അതിനുവേണ്ടി "വഞ്ചന, ഭീഷിണി രാ

ഷ്ട്രീയതന്ത്രങ്ങൾ, . കൈക്കൂലി, സാമ്പത്തികമർദ്ദനം, ലജ്ജാകരവും ആക്രമണപരവുമായ തന്ത്രങ്ങൾ" ഇവയെല്ലാം മാർഗ്ഗങ്ങളായി സ്വീകരിക്കുന്നുണ്ടെന്നും അമേരിക്കയുടെമേൽ കുററം ആരോപിക്കുകയും ചെയ്തിരുന്നു. അമേരിക്കയോടു സഹകരിക്കുന്ന യൂറോപ്പിലെ സകല രാജ്യതന്ത്രജ്ഞന്മാരേയും "ഒററിക്കൊടുക്കുന്നവർ" എന്നാണു് വിളിച്ചതു്. ഈ കോൺഫറൻസിൽ സ്റ്റാലിൻ സന്നിഹിതനായിരുന്നില്ലെങ്കിലും അദ്ദേഹമാണു് അതിന്റെ യഥാർത്ഥനേതൃത്വം വഹിച്ചതെന്നുള്ളതിനു സംശയമില്ല. കാരണം, സോവ്യററു് ഗവർമ്മെന്റിലെ "പൊളിററ്ബ്യൂറോ" എന്ന പരമാധികാര സമിതിയിലെ ഒരംഗവും സ്റ്റാലിന്റെ ഏററവും വലിയ വിശ്വാസം സമാർജ്ജിച്ചവനുമായ സദാനോവ് (Zhdanov) ആണു് കോൺഫറൻസ് ഉൽഘാടനം ചെയ്തതു്. 1943-ൽ കൊമിന്റേൺ പിരിച്ചുവിട്ട വിജ്ഞാപനത്തിലെ ഒപ്പുകാരിൽ ഒരാളാണു് ഈ ഉൽഘാടകൻ. യുഗൊസ്ലാവിയായുടെ തലസ്ഥാനമായ ബെൽഗ്രേഡിൽ ഒരു ഇൻഫർമേഷൻ ബ്യൂറോ സ്ഥാപിക്കപ്പെട്ടു. കൊമിൻഫോമിന്റെ അംഗങ്ങളായ ഓരോ രാജ്യത്തിലേയും കമ്മ്യൂണിസ്റ്റുപാർട്ടികളുടെ പ്രമുഖ നേതാക്കന്മാർ ഈ ബ്യൂറോയുടെ ഡയറക്ടർ ബോർഡിൽ അംഗങ്ങളായിരിക്കണമെന്നും, ബ്യൂറോയുടെ വകയായി ഒരു പത്രഗ്രന്ഥം പ്രസിദ്ധപ്പെടുത്തണമെന്നും തീരുമാനിച്ചു. കൊമിൻഫോമിന്റെ സ്ഥാപനവും പ്രവർത്തനങ്ങളും വിളിച്ചുപറയുന്നതെന്തു്? സോവ്യററു റഷ്യയുടെ നേതൃത്വത്തിൽ കമ്മ്യൂണിസം ലക്ഷ്യം വച്ചിരിക്കുന്നതു് സാർവ്വലൗകിക വിപ്ലവമാണെന്നു്.

## സ്റ്റാലിന്റെ ശപഥം

പുള്ളിപ്പുലിക്കു് പുള്ളി കളയുവാൻ സാധിക്കാത്തതുപോലെ, റഷ്യൻ കമ്മ്യൂണിസത്തിനു് സാർവ്വലൗകിക വി

പ്ലവത്തിൽനിന്നു വിരമിക്കുവാൻ സാദ്ധ്യമല്ല. റഷ്യയിലെ സാർ ചക്രവർത്തിയുടെ സ്വേച്ഛാധിപത്യം വിദേശങ്ങളിലേയ്ക്കു് ഇറക്കുമതി ചെയ്യാനുള്ള ചരക്കായിരുന്നില്ല. എന്നാൽ അതിന്റെ സ്ഥാനത്തു് പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന കൂടുതൽ കടുത്ത കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യം ലോകമാസകലം ഇറക്കുമതി ചെയ്യാനുള്ള ചരക്കാണു്. ലെനിൻ തന്നെ ഇതു സമ്മതിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ വാക്കുകൾ സ്റ്റാലിൻ ഉദ്ധരിച്ചിട്ടുള്ളതിങ്ങനെയാണു്:-

"സോവ്യറ്റു് റിപ്പബ്ളിക്കിനു് ദീർഘകാലം ഇംപീരിയലിസ്റ്റ് രാഷ്ട്രങ്ങളോടു ചേർന്നു സ്ഥിതിചെയ്യുക സാദ്ധ്യമല്ല. അവസാനത്തിൽ അവയിലൊന്നു മറ്റേതിനെ പിടിച്ചടക്കണം. അതിനിടയിൽ സോവ്യറ്റു് റിപ്പബ്ളിക്കും ബൂർഷ്വാ രാഷ്ട്രങ്ങളും തമ്മിൽ അനേകം ഭയങ്കരങ്ങളായ സംഘട്ടനങ്ങൾ ഉണ്ടായേ കഴിയൂ...........തന്മൂലം ഒരു രാജ്യത്തിലെ വിജയപൂർവ്വകമായ വിപ്ലവത്തിന്റെ സാരഭൂതമായ ചുമതല മററു രാജ്യങ്ങളിൽ വിപ്ലവത്തെ വികസിപ്പിക്കുകയും സഹായിക്കുകയുമാണു്. ആകയാൽ വിപ്ലവത്തിൽ വിജയംവരിച്ച ഒരു രാജ്യത്തിനു് അതിൽതന്നെ ഒതുങ്ങിയിരിക്കുന്ന ഘടകമായി സ്വയം ഗണിക്കാവുന്നതല്ല; പ്രത്യുത മററു രാജ്യങ്ങളിൽ തൊഴിലാളിവിജയം ത്വരിതപ്പെടുത്തുവാനുള്ള സഹായിയും മാർഗ്ഗവുമായിട്ടാണു് സ്വയം ഗണിക്കേണ്ടതു്"

ലെനിന്റെ ശവമഞ്ചത്തിനടുത്തു നിന്നു് സ്റ്റാലിൻ ചെയ്ത ചരമപ്രസംഗത്തിൽ പ്രസ്താവിച്ചതിങ്ങനെയാണു്:-

"നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്ന സഖാവു് ലെനിൻ നമ്മോടാജ്ഞാപിച്ചിരിക്കുന്നു, നാം കമ്മ്യൂണിസ്റ്റ് ഇൻറർനാഷണലിനോടു് വിശ്വസ്തരായിരുന്നുകൊള്ളണമെന്നു്. അല്ലയോ ലെനിൻ സഖാവേ,

ഞങ്ങൾ അങ്ങയോടു ശപഥം ചെയ്യുന്നതെന്തെന്നാൽ, കമ്മ്യൂണിസ്റ്റ് ഇൻററർനാഷണലിനെ വിസ്തൃതമാക്കുവാനും ശക്തിപ്പെടുത്തുവാനുംവേണ്ടി ഞങ്ങൾ ഞങ്ങളുടെ ജീവിതത്തെ പ്രതിഷ്ഠിച്ചുകൊള്ളാം."

25 കൊല്ലംമുൻപ് മഹാവിപ്ലവനേതാവിൻെറ മൃതശരീരത്തിനു മുൻപിൽ അനുഷ്ഠിക്കപ്പെട്ട ഈ മഹത്തായ സത്യപ്രതിജ്ഞയാണു്, വേഷത്തിൽ മാത്രമായി പിരിച്ചുവിട്ട കമ്മ്യൂണിസ്റ്റ് ഇൻററർനാഷണലിനെ പുനരുദ്ധരിക്കുവാൻ സ്റ്റാലിനെ പ്രേരിപ്പിച്ചതെന്നു് നമുക്കു മനസ്സിലാക്കുവാൻ കഴിയും.

### സ്റ്റാലിൻെറ അഞ്ചാംപത്തികൾ

സ്റ്റാലിൻ ലോകത്തിലെ രാഷ്ട്രങ്ങളെ ആഭ്യന്തരവിപ്ലവങ്ങൾ മുഖേന റഷ്യയുടെ പിടിയിൽ വരുത്തുവാൻ ഉപയോഗിക്കുന്ന വഞ്ചനാപരമായ മാർഗ്ഗം ആ രാഷ്ട്രങ്ങളിലെ കമ്മ്യൂണിസ്റ്റ്കാരായ പൗരന്മാരെ സ്വാധീനപ്പെടുത്തുകയാണു്. ഇപ്രകാരം സ്വരാജ്യത്തിനെതിരായി റഷ്യയുടെ പിണിയാളുകളായി വർത്തിക്കുന്ന കമ്മ്യൂണിസ്റ്റ്കാരെ "അഞ്ചാം പത്തികൾ" എന്നാണു് വിളിക്കുന്നതു്.

കഴിഞ്ഞ ലോകമഹായുദ്ധത്തിനു വളരെ മുൻപ് മോസ്കോയിൽ സാർവ്വലൗകിക വിപ്ലവത്തെ ലക്ഷ്യമാക്കിയുള്ള സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. യൂറോപ്പിലും അമേരിക്കയിലും ഏഷ്യയിലും നിന്നു കമ്മ്യൂണിസ്റ്റ്പാർട്ടിയംഗങ്ങളെ വരുത്തി അവർക്കു മാർക്സിസത്തിൽ പ്രത്യേകപരിശീലനം ആ സ്കൂളുകളിൽ നൽകിക്കൊണ്ടിരുന്നു. അവർ പ്രചരണവും പ്രവർത്തനവും നടത്തേണ്ട രാജ്യങ്ങളിലെ രാഷ്ട്രീയപാർട്ടികളെപ്പററിയും സാമ്പത്തികസ്ഥിതിഗതികളെപ്പററിയും അവർക്കു വിശദമായ പഠനം പ്രദാനം ചെയ്തിരുന്നു. ആ സ്കൂളുകളിലെ ബിരുദധാരികളാണു് ചെമ്പട സോവ്യററു റഷ്യയുടെ ഉപഗ്രഹങ്ങളാക്കിത്തീർത്ത രാജ്യങ്ങളിലെ പാവ

ഗവമ്മെൻറുകളിൽ സാക്ഷാൽ അധികാരം വഹിക്കുന്നതു്. യുഗൊസ്ലാവിയായിലെ ടിറേറായും, ഹങ്കറിയിലെ റക്കോസിയും, ചെക്കൊസ്ലൊവാക്കിയായിലെ ഗോട്ടുവാർഡും, ചൈനയിലെ മാവോയും അവരുടെയെല്ലാം സഹകാരികളും മോസ്ക്കോയിൽ പണ്ടേ പരിശീലനം ലഭിച്ചവരാണു്. റുമേനിയായിലേയും ഹങ്കറിയിലേയും മററും കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ അധികവും ആ നാട്ടുകാർപോലുമല്ല; മോസ്ക്കോയിൽനിന്നു് ഏജൻറുകളായി പരിശീലനം കൊടുത്തയച്ചിട്ടുള്ള വിദേശികളാണവർ. ഈ അഞ്ചാംപത്തികളെല്ലാം. സ്വദേശികളായാലും വിദേശികളായാലും, സോവ്യററ് റഷ്യയുടെ താളത്തിനു തുള്ളുന്നവരാണു്. സാർവ്വലൗകിക വിപ്ലവത്തിനുള്ള "ജനറൽ സ്റ്റാഫ്" ആയ കൊമിൻേറണിൻെറ, ഇപ്പോൾ കൊമിൻഫോമിൻെറ ഹിതാനുസരണം നയപരിപാടികൾ എല്ലാ രാജ്യങ്ങളിലും സ്വീകരിച്ചുകൊണ്ടിരിക്കുന്നവരാണവർ. സ്റ്റാലിൻെറ ഈ അഞ്ചാംപത്തികൾ മൂന്നു തരം വ്യത്യസ്തസാഹചര്യങ്ങളിൽ പ്രവത്തിച്ചുകൊണ്ടിരിക്കുന്നു. 1) കമ്മ്യൂണിസ്റ്റ്കാർ അധികാരം പിടിച്ചെടുത്ത രാജ്യങ്ങളിൽ അവരുടെ പ്രവൃത്തികൾ ഒരു തരം. 2) സംഖ്യയിൽ വളരെയുണ്ടെങ്കിലും അധികാരം പിടിച്ചെടുക്കാൻ മാത്രം കമ്മ്യൂണിസ്റ്റ്കാൎക്കു ശക്തി കൈവന്നിട്ടില്ലാത്ത രാജ്യങ്ങളിൽ ഉദാഹരണമായി ഫ്റാൻസിലും ഇററലിയിലും അവർ സ്വീകരിക്കുന്ന നടപടി രണ്ടാമത്തൊരു തരം. 3) കമ്മ്യൂണിസ്റ്റ്കാർ വളരെ ചെറിയ ന്യൂനപക്ഷമായ രാജ്യങ്ങളിൽ, ഉദാഹരണമായി, യുണൈറഡ് സ്റ്റെയിററ്സിലും ബ്രിട്ടനിലും അവർ അവലംബിക്കുന്ന പ്രവത്തനരീതി മൂന്നാമത്തൊരു തരം.

### അമേരിക്കയിൽ

ഓരോ രാജ്യത്തുമുള്ള കമ്മ്യൂണിസ്റ്റ്പാർട്ടികളുടെ തകിടംമറിച്ചിലുകൾ അവർ സോവ്യററ് റഷ്യയുടെ അഞ്ചാംപത്തികളായി പ്രവത്തിക്കുന്നവരാണെന്നു പ്രസ്പഷ്ടം

തെളിയിക്കുന്നുണ്ടു്. സ്റ്റാലിനും ഹിററ്ലരും 1939 ആഗസ്റ്റിൽ ഉടമ്പടി ചെയ്യുന്നതുവരെ അമേരിക്കൻ കമ്മ്യൂണിസ്റ്റ്പാർട്ടി ശക്തിയായി വാദിച്ചിരുന്നതു്, യൂറോപ്പിലെ ഫാസിസ്റ്റ് രാജ്യങ്ങൾക്കെതിരായി അമേരിക്ക ഇടപെടണമെന്നായിരുന്നു. എന്നാൽ പ്രസ്തുത ഉടമ്പടി ചെയ്തു കഴിഞ്ഞപ്പോൾ. ഒരു നിമിഷംകൊണ്ടെന്നവണ്ണം, അവർ ഇടപെടാവാദികളായിത്തീർന്നു. യുദ്ധത്തിൽ ബ്രിട്ടനു സഹായം നൽകുന്നതിനേയും, ദേശീയസംരക്ഷണനടപടികളെപ്പോലും, അവർ നിരോധിച്ചു. ജപ്പാൻ പേൾഹാർബർ ആക്രമിച്ചശേഷവും അവർ അനങ്ങിയില്ല. ആ നിലയ്ക്കു വ്യത്യാസം വരുത്തി അവർ വീണ്ടും തകിടം മറിഞ്ഞതു് 1941 ജൂണിൽ ഹിററ്ലർ സോവ്യററ് യൂണിയനെ ആക്രമിച്ചപ്പോഴാണു്. ദുഷ്ടവും സാമ്രാജ്യപരവുമെന്നു് അവർ അടുത്ത നിമിഷംവരെ അപലപിച്ച യുദ്ധം പരിശുദ്ധമായ കുരിശുയുദ്ധമായി മാറി. മോസ്കോയുടെ ഇംഗിതമനുസരിച്ചു് പാർട്ടിയെ അവർ പിരിച്ചുവിട്ടു അതിനെ ഒരു പൊളിററിക്കൽ അസോസിയേഷനായി അവർ രൂപീകരിച്ചു. അമേരിക്കയിലെ രണ്ടു പാർട്ടികളേയും അവിടത്തെ സ്വതന്ത്ര്യവ്യവസായ സമ്പ്രദായങ്ങളേയും അഭിനന്ദിച്ചു. പണിമുടക്കുകളെ നിരുത്സാഹപ്പെടുത്തി. ഇതിനെല്ലാം കാരണം, അനേകം ബില്യൻ ഡോളർവിലയ്ക്കുള്ള വിഭവങ്ങൾ അമേരിക്കയിൽനിന്നു റഷ്യയ്ക്കു വായ്പകിട്ടേണ്ട ആവശ്യമുണ്ടായിരുന്നതാണു്. എന്നാൽ യുദ്ധം അവസാനിച്ചശേഷം, സ്റ്റാലിനു് വായ്പ ആവശ്യമില്ലാതായപ്പോൾ, യാൾട്ടായിലും മററു കോൺഫ്റൻസുകളിലും ചെയ്ത വാഗ്ദാനങ്ങൾ നിറവേററുവാൻ സോവ്യററ് റഷ്യയോടു് അമേരിക്ക ചോദിച്ച ഘട്ടത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടി പുറം തിരിഞ്ഞു. പാർട്ടിയുടെ ഔദ്യോഗിക പത്രമായ ഡെയിലിവർക്കറിന്റെ മുഖപ്രസംഗത്തിൽ യു. എസ്. ഗവമ്മെൻറിനെ "ശത്രു"വെന്നാണു വിളിച്ചതു്.

## ഇൻഡ്യയിൽ

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഈ തകിടംമറിച്ചിലിന്, സോവ്യററ് റഷ്യയുടെ അഞ്ചാംപത്തികളായി പ്രവൎത്തിക്കുന്ന നയത്തിന്, ഇൻഡ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയും ഒരുദാഹരണമാണ്. ബ്രിട്ടൻ ഹിററ്ലറുമായി യുദ്ധം തുടങ്ങിയപ്പോൾ ഇൻഡ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനോടു ചേൎന്നുനിന്ന് യുദ്ധത്തെ സാമ്രാജ്യയുദ്ധമെന്നു അപലപിച്ചു. എന്നാൽ ഹിററ്ലർ റഷ്യയെ ആക്രമിക്കുവാൻ തുടങ്ങിയതോടുകൂടി ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി വശം മാറി. കോൺഗ്രസ്സിനെ ഒററിക്കൊടുത്ത് ഇന്ത്യൻ ഗവൺമെൻറിനോടു ചേൎന്നുനിന്ന് യുദ്ധത്തെ ജനകീയയുദ്ധമായി പ്രകീൎത്തിച്ചു. ഈ ഒററിക്കൊടുക്കൽ നിമിത്തം ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയംഗങ്ങളെ നാഷണൽ കോൺഗ്രസ്സിൽനിന്നു ബഹിഷ്കരിക്കേണ്ടതാണെന്ന് അതിലെ വക്കിംഗ്കമ്മിററി വിധി പ്രസ്താവിക്കുകയും അതിനുവേണ്ട അന്വേഷണം നടത്തി റിപ്പോർട്ടു സമൎപ്പിക്കുവാൻ നെഹ്റുവും പട്ടേലും പാൻറും ഉൾപ്പെട്ട ഒരു സബ്കമ്മിററിയെ നിയമിക്കുകയും ചെയ്തു. അവർ സമൎപ്പിച്ച റിപ്പോർട്ടിനെ ആധാരമാക്കി ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയംഗങ്ങളെ നാഷണൽകോൺഗ്രസ്സിലെ ഉത്തരവാദിത്വമുള്ള സകല സ്ഥാനങ്ങളിൽനിന്നും ബഹിഷ്കരിക്കുകയുണ്ടായി.

## I

## സാമ്രാജ്യദുൎമ്മോഹം

"വിദേശരാജ്യങ്ങളുടെ ഒരടിസ്ഥലംപോലും ഞങ്ങൾക്കുവേണ്ട; എന്നാൽ ഞങ്ങളുടെ രാജ്യത്തിൻെറ ഒരിഞ്ചുപോലും ഞങ്ങൾ ആൎക്കും വിട്ടുകൊടുക്കുകയില്ല. ഇതാണു ഞങ്ങളുടെ വിദേശനയം."

ജോസഫ് സ്റ്റാലിൻ സോവ്യററ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 16-ാമത്തു കോൺഗ്രസ്, 1930 ജൂൺ 27-ാംനു- സമ്മേളിച്ചപ്പോൾ ചെയ്ത പ്രഖ്യാപനമാണിതു്. എന്നാൽ അതിനുശേഷം വിദേശരാജ്യങ്ങളിൽ 2,73,947 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ളതും, 2,43,55000 ജനങ്ങൾ അധിവസിക്കുന്നതുമായ പ്രദേശങ്ങൾ സ്റ്റാലിൻ പിടിച്ചെടുത്തു് സോവ്യററ് റഷ്യയോടു ചേർത്തു.

യൂറോപ്പിലെ കിഴക്കു ഭാഗത്തും മദ്ധ്യഭാഗത്തും ഉള്ള 10 രാജ്യങ്ങളിൽ 6 ലക്ഷം ചതുരശ്രമൈലിലധികം വിസ്തീർണ്ണവും 1000 ലക്ഷത്തിലധികം ജനസംഖ്യയുള്ളതുമായ രാജ്യങ്ങളിൽ സോവ്യററ് യൂണിയൻ അതിൻെറ അധികാരം സ്ഥാപിച്ചു കഴിഞ്ഞിരിക്കുന്നു. പോളൻറ്, റുമേനിയാ, യുഗൊസ്ലാവിയാ, ബൾഗേറിയാ, ചെക്കൊസ്ലോവാക്കിയാ, അൽബേനിയാ, ഹങ്കറി, ഫിൻലൻറ്, കിഴക്കെ ജർമ്മനി, കിഴക്കെ ആസ്ത്രിയാ എന്നീ രാജ്യങ്ങളാണ് അവ. സോവ്യററധികാരികളുടെ അംഗീകരണം കൂടാതെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ യാതൊരു പ്രധാന തീരുമാനവും ആ രാജ്യങ്ങളിലെ അധികാരികൾക്കു സ്വീകരിക്കുവാൻ നിവൃത്തിയില്ല.

ഏഷ്യയിലേക്കും സോവ്യററ് അധികാരം ഭൂപടത്തിൽ കാണുന്നതിനേക്കാൾ കൂടുതലായി വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. സോവ്യററ്കാരുടെ ആശ്രയബന്ധത്തിൽ ദീർഘനാളായി ഇരുന്നിരുന്ന "ഔട്ടർ മംഗോളിയാ"യെ ചൈനയിൽനിന്നും വേർപെടുത്തി സോവ്യററ്യൂണിയനിലേയ്ക്കു ചേർത്തു. ഒരാൾപോലും എതിരില്ലാതെ ആറു ലക്ഷത്തിലധികം വരുന്ന മംഗോളിയാക്കാരുടെ ഹിതപരിശോധന കഴിഞ്ഞാണത്രെ ഈ സംയോജനമുണ്ടായതു്. വടക്കെ കൊറിയ മുഴുവനും സോവ്യററുയൂണിയൻെറ പിടിയിലാക്കിക്കഴിഞ്ഞു. ചൈനയുടെ ഏററവും വ്യാവസായി

കരിക്കപ്പെട്ട മഞ്ചൂറിയായിലും സോവ്യററ് ആധിപത്യം അത്രതന്നെ മുറുക്കത്തിലല്ലെങ്കിലും, സ്ഥാപിച്ചിരിക്കുകയാണ്. ചൈനയുടെമേൽ ക്ഷേമം ചെലുത്തുവാൻ മഞ്ചൂറിയായിലെ സ്വാധീനം റഷ്യയ്ക്ക് പ്രയോജനപ്പെട്ടും.

ഫിൻലണ്ടിലെ ഗവമ്മെൻറ് ഫിനീഷ്ജാതിക്കാർ മാത്രം നിവസിക്കുന്ന പ്രദേശം വിട്ടുകൊടുക്കാൻ വിസമ്മതിച്ചപ്പോൾ സോവ്യററ് ഗവമ്മെൻറ് 1939 നവംബർ 30-ാംനു- ആ രാജ്യത്തെ ആക്രമിച്ചു. "ഇസ്ത്മസ്സ് ഓഫ് കരേലിയ" എന്ന ഭാഗവും ഫിൻലണ്ടിൻെറ രണ്ടാമത്തെ വലിയ പട്ടണമായ "വീപ്പൂരി"യും സോവ്യററ് യൂണിയനോടു ചേത്തു.

സ്വാതന്ത്ര്യങ്ങളായിരുന്ന ബാൾട്ടിക്റിപ്പബ്ളിക്കുകൾ മൂന്നും—ലാററ്വിയാ, ലിത്വാനിയാ, എസ്റ്റോണിയാ—സോവ്യററ് യൂണിയൻ രണ്ടുതവണയായി വിഴുങ്ങിക്കളഞ്ഞു. 1939-ൽ ഈ മൂന്നു രാജ്യങ്ങളിലേയും വിദേശമന്ത്രിമാരെ മോസ്കോയിലേക്കു വിളിപ്പിച്ച്, അവരുടെ രാജ്യങ്ങളിൽ സോവ്യററ് റഷ്യയുടെ കരസൈന്യത്തിൻേറയും കപ്പൽ സൈന്യത്തിൻേറയും വിമാനസൈന്യത്തിൻേറയും താവളങ്ങൾ ഏപ്പെടുത്തുവാൻ "പരസ്പര ഉടമ്പടികൾ"ക്ക് അവരെക്കൊണ്ടു സോവ്യററ് ഗവമ്മെൻറ് ഒപ്പുവെപ്പിച്ചു. 1940-തിലാകട്ടെ സോവ്യററുപട്ടാളം ആ രാജ്യങ്ങളിലേക്കു നീങ്ങി. ഏററവും വലിയ ഭീഷണിയ്ക്കു വിധേയമായ സാഹചര്യങ്ങളിൽ ആ രാജ്യങ്ങളിലെ നിയമസഭകൾ അവയെ സോവ്യററ് യൂണിയനിലേക്കു ചേക്കുവാൻ സമ്മതിച്ചു വോട്ടുചെയ്യേണ്ടിവന്നു.

സോവ്യററ് യൂണിയൻെറ ഈ നടപടികൾ ഓരോന്നും ഏററവും അക്രമപരമായ പിടിച്ചുപറിയാണെന്നുതന്നെ പറയാം. കൂട്ടിച്ചേക്കപ്പെട്ട രാജ്യങ്ങളിലെ ജനങ്ങൾക്കു സ്വാതന്ത്ര്യമായി അഭിപ്രായം പറയുവാൻ കഴിഞ്ഞിരുന്നെങ്കിൽ ഒരു ചതുരശ്ര അടിഭൂമിപോലും സോവ്യ

റവ് യൂണിയനോടു കൂട്ടിച്ചേർക്കുവാൻ അവർ സമ്മതിക്കുമായിരുന്നില്ല. പുതുതായി കൂട്ടിച്ചേർക്കപ്പെട്ട ഈ പ്രദേശങ്ങളിൽ ചിലതു പണ്ടു ചക്രവർത്തിമാരുടെ റഷ്യക്കു കീഴ്പെട്ടിരുന്നവയാണെങ്കിലും, ബോൾഷെവിക്കു് വിപ്ലവത്തിനുശേഷം ആ പ്രദേശങ്ങളും സോവ്യററു് യൂണിയനും തമ്മിൽ സംസ്കാരപരവും മതപരവുമായ വലിയൊരു വിടവ് ഉണ്ടായിരുന്നു. റഷ്യൻ ജാതിക്കാർ ആ പ്രദേശങ്ങളിൽ വളരെക്കുറച്ചു മാത്രമേ ഉണ്ടായിരുന്നുള്ളുതാനും.

സോവ്യററു് റഷ്യയുടെ ഈ ആധിപത്യവിപുലീകരണപ്രസ്ഥാനം അനേകം ഉടമ്പടികളെ അതിലംഘിച്ചിട്ടുള്ളതും അററ്ലാൻറിക് ചാർട്ടർ, യാൾട്ടാ ഉടമ്പടി എന്നീ സാർവ്വദേശീയ നിശ്ചയങ്ങൾക്കു് എതിരുമാണു്. സ്റ്റാലിൻെറ ഉടമ്പടിലംഘനങ്ങൾ അതിനു സാക്ഷ്യം വഹിക്കുന്നു. 1) റഷ്യ പോളൻറുമായി 1932 ജൂലൈ 15-ാംനു- ഒരു അനാക്രമണ ഉടമ്പടിക്കു് ഒപ്പുവച്ചു; 1935 മെയ് 5-ാംനു- ഉടമ്പടിയുടെ കാലാവധി 10 കൊല്ലത്തേയ്ക്കു നീട്ടി; എന്നാൽ 1939 സെപ്ററംബർ 17-ാംനു- റഷ്യൻ പട്ടാളം പിറകിൽനിന്നു കുത്തി പോളൻറിനെ ആക്രമിച്ചു. 2) റഷ്യയും ലാററ്വിയായും 1932 ഫെബ്രുവരി 5-ാംനു- ഒരു അനാക്രമണ ഉടമ്പടിക്കു ഒപ്പുവച്ചു; 1934 ഏപ്രിൽ 4-ാംനു- അതിൻെറ കാലാവധി 10 കൊല്ലത്തേയ്ക്കു നീട്ടി; എന്നാൽ റഷ്യൻ പട്ടാളം 1940 ജൂൺ 17-ാംനു- ലാററ്വിയായെ ആക്രമിച്ചു. ഇപ്രകാരം എസ്റ്റോണിയാ, ഫിൻലൻറു്, ലിത്വാനിയാ എന്നീ രാജ്യങ്ങളുമായി റഷ്യ 1932, 1926 എന്നീ വർഷങ്ങളിൽ അനാക്രമണ ഉടമ്പടി ചെയ്തു. എന്നാൽ എസ്റ്റോണിയായെ 1940-ലും ഫിൻലൻറിനെ 1939-ലും ലിത്വാനിയായെ 1940-ലും റഷ്യ ആക്രമിച്ചു.

## II

### യുദ്ധതല്പരത

സോവ്യററ് റഷ്യയുടെ നേതൃത്വത്തിൽ ലോകമാസകലമുള്ള കമ്മ്യൂണിസ്റ്റ്കാർ ഒന്നുരണ്ടു കൊല്ലങ്ങളായി സമാധാനപ്രസ്ഥാനക്കാരായിത്തീൎന്നിരിക്കുകയാണല്ലൊ. യു. എസ്. ഏ. യുടെ നേതൃത്വത്തിൽ പാശ്ചാത്യരാജ്യങ്ങൾ യുദ്ധത്തിനും അക്രമങ്ങൾക്കും സന്നാഹം കൂട്ടുകയാണെന്ന് അവർ ഉൽഘോഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സമാധാനത്തിന്നായുള്ള കോൺഗ്രസ്സുകൾ പല കമ്മ്യൂണിസ്റ്റ് കേന്ദ്രങ്ങളിൽ നടത്തുകയും സമാധാനത്തിനായുള്ള പ്രമേയങ്ങൾ പാസ്സാക്കി കോടികോടി ജനങ്ങളെക്കൊണ്ടു് ഒപ്പിടുവിക്കുകയും ചെയ്യുന്നതു് അവരുടെ ഒരു ഫാഷനായിത്തീൎന്നിരിക്കുകയാണു്. എന്നാൽ ഈ സമാധാനപ്രസ്ഥാനം സോവ്യററ് റഷ്യയുടെ ഒരു തട്ടിപ്പു് മാത്രമാണെന്നു കാണാൻ പ്രയാസമില്ല. കഴിഞ്ഞ ലോകമഹായുദ്ധത്തിനു മുമ്പും അതിനുശേഷവും സോവ്യററ് റഷ്യ യൂറോപ്പിലും ഏഷ്യയിലും നടത്തിയ ആക്രമണങ്ങളും രാജ്യം പിടിച്ചെടുക്കലുകളും മുന്നദ്ധ്യായത്തിൽ വിവരിച്ചതു് ഇതിനു തെളിവാണു്. സോവ്യററ് റഷ്യയുടെ സാമ്രാജ്യപരമായ ഈ ആക്രമണസംരംഭങ്ങൾ തടുത്തു നില്ക്കാൻ യു. എസ്. ഏ. യുടെ നേതൃത്വത്തിൽ പാശ്ചാത്യരാജ്യങ്ങൾ പരസ്പരം സംഘടിക്കുന്നതും വിപുലമായ തോതിൽ പുനരായുധീകരണം ചെയ്യുന്നതും സോവ്യററ് റഷ്യയ്ക്കു സഹിച്ചുകൂടാ. യു. എസ്. ഏ. യുടെ ആററംബോംബ് നിൎമ്മാണവും അതിൽ അവൾക്കുള്ള അഗ്രിമസ്ഥാനവും സോവ്യററ് റഷ്യ യഥാൎത്ഥത്തിൽ ഭയപ്പെടുന്നുണ്ടു്. ആററംബോംബിന്റെ നിൎമ്മാണവും പ്രയോഗവും ലോകാഭിപ്രായത്തെക്കൊണ്ടു നിരോധിപ്പിക്കണമെന്നും, അങ്ങനെ അന്യരാജ്യങ്ങൾ പിടിച്ചെടുക്കുകയോ അവയിൽ ആധിപത്യം സ്ഥാപിക്കുകയോ

ചെയ്യാനുള്ള തങ്ങളുടെ ആക്രമണസംരംഭങ്ങൾ നിർബ്ബാധം തുടരാൻ വഴിതെളിക്കണമെന്നും മാത്രമാണ് സോവ്യററ് റഷ്യയുടെ സമാധാനപ്രസ്ഥാനത്തിൻെറ യഥാത്ഥമായ ലക്ഷ്യം.

യുദ്ധവിരുദ്ധത (Pacifism) തങ്ങൾക്ക സ്വീകാര്യമല്ലെന്നും. സാവ്വലൗകിക കമ്മ്യൂണിസ്റ്റ് വിപ്ലവത്തിൻെറ വിജയത്തിന് ആവശ്യകമെന്നു തോന്നുന്ന യുദ്ധങ്ങൾ ചെയ്യാൻ തങ്ങൾ സന്നദ്ധരാണെന്നും ലെനിൻെറ കാലം മുതൽ സോവ്യററ് റഷ്യ പ്രഖ്യാപിച്ചിട്ടുള്ളതാണ്.

"എന്തു വിലകൊടുത്തും സമാധാനം നേടുക എന്നതു ബാലിശവും അപ്രായോഗികവുമായ മോഹമാണ്. യുദ്ധവിരുദ്ധതയും സമാധാനത്തിനുവേണ്ടിയുള്ള, സന്ദർഭം നോക്കാത്ത, പ്രചരണവും തൊഴിലാളിവക്ഗ്ഗത്തെപോലും കളിപ്പിക്കാനുള്ള മാഗ്ഗങ്ങളിലൊന്നാണ്. ക്യാപ്പിററലിസത്തിൻെറ കീഴിൽ യുദ്ധങ്ങൾ അനിവാര്യങ്ങളാകുന്നു. യുദ്ധവിരുദ്ധതയുടേയും പ്രജായത്തസിദ്ധാന്തത്തിൻേറയും പൊതുവായ ഗതികൾക്കെതിരായി സമരം ചെയ്യാൻ തൊഴിലാളിവക്ഗ്ഗത്തിൻെറ പാർട്ടിക്ക ചുമതലയുണ്ട്.

"റഷ്യൻ സ്വാതന്ത്ര്യത്തിൻെറ കാര്യ്യവും സോഷ്യലിസത്തിനു വേണ്ടിയുള്ള റഷ്യൻ തൊഴിലാളിവക്ഗ്ഗത്തിൻെറ സമരവും സ്വേഛരാധിപത്യത്തിന് (ക്യാപ്പിററലിസത്തിന്) യുദ്ധത്തിൽ നേരിടുന്ന തോൽവികളേയാണ് അധികവും ആശ്രയിച്ചിരിക്കുന്നതു്.

"യുദ്ധത്തോടു ബന്ധപ്പെടാത്ത മഹാവിപ്ലവങ്ങൾ ഒന്നുപോലും ലോകം അറിഞ്ഞിട്ടില്ല. വലിയ സംഘടനകളുടേയും വിപ്ലവങ്ങളുടേയും ചരിത്രം പഠിപ്പിക്കുന്നു, യുദ്ധങ്ങളും യുദ്ധപരമ്പരകളും അനിവാര്യങ്ങളാണെന്നു്."

ഈ വാക്യങ്ങൾ ലെനിൻെറ "കളക്ററഡ് വ

ക്ക്സ്''' (Collected works) എന്ന ഗ്രന്ഥത്തിൽ നിന്നെടുത്തിട്ടുള്ളതാണ്.

സ്റ്റാലിൻ സോവ്യററ് റഷ്യയിലെ അധികാരസോപാനത്തിൻെറ മുകളിലത്തെ പടിയിൽ എത്തിയ ഉടനെ (1928) സമ്മേളിച്ച കമ്മ്യൂണിസ്റ്റ് സാർവ്വദേശീയസംഘടനയുടെ 6-ാമത്തു കോൺഗ്രസ് പാസ്സാക്കിയ പ്രമേയങ്ങളും ലെനിൻെറ ഈ ആശയങ്ങളെത്തന്നെയാണ് സ്വീകരിച്ചതു്.

"ചിരസ്ഥായിയായ സമാധാനത്തിൻെറ സാദ്ധ്യതയേപ്പററി സോവ്യററ് യൂണിയനു യാതൊരു വ്യാമോഹവും ഇല്ല. തൊഴിലാളിരാഷ്ട്രങ്ങളും മുതലാളിരാഷ്ട്രങ്ങളും തമ്മിലുള്ള യുദ്ധങ്ങൾ അത്യാവശ്യമായും അനിവാര്യമായും ഉണ്ടായിക്കൊണ്ടിരിക്കും. യുദ്ധം നിർത്തലാക്കുന്നതു സംബന്ധിച്ചുള്ള യുദ്ധവിരുദ്ധ സിദ്ധാന്തങ്ങൾ സകലത്തേയും ലെനിനിസം എതിർക്കുന്നു. ക്യാപ്പിററലിസ്റ്റ് ലോകത്തിനെതിരായ തൊഴിലാളി സർവ്വാധിപത്യത്തിൻെറ യുദ്ധങ്ങൾ അനിവാര്യങ്ങളും വിപ്ലവകരങ്ങളുമാണ്."

## III

### ആറു വിദേശയുദ്ധങ്ങൾ

1920-നം 49-നം ഇടയ്ക്കു് സോവ്യററ് റഷ്യ ആറു വിദേശയുദ്ധങ്ങൾ നടത്തിയിട്ടുണ്ടു്. ഇവയിൽ നാലു് ആക്രമണപരങ്ങളായിരുന്നു; ബാക്കി രണ്ടു് സ്വയസംരക്ഷകങ്ങളായി ആരംഭിച്ചെങ്കിലും ആക്രമണപരങ്ങളായിട്ടാണ് പരിണമിച്ചതു്. ഒരിക്കൽ മാത്രമേ സാക്ഷാൽ യുദ്ധപ്രഖ്യാപനം ഉണ്ടായിരുന്നുള്ളു.

**പോളൻറിനെതിരായി**

1920-ൽ പോളൻറ് യുക്രെയിനിലെ നേതാക്കന്മാരുമായി സഖ്യത്തിലേർപ്പെട്ടുകയും, ലെനിൻെറ സമാധാനശ്രമ

ങ്ങൾ തിരസ്കരിച്ച് സോവ്യറ്റ്റഷ്യയെ ആക്രമിക്കുകയുമുണ്ടായി. ആദ്യം പോളീഷ് സൈന്യം വിജയം കൈവരിച്ചെങ്കിലും സോവ്യറ്റ് സൈന്യത്തിൻെറ എതിരാക്രമണം തടുക്കാൻ സാധിക്കാതെ പലായനം ചെയ്യേണ്ടിവന്നു. ചെമ്പട പോളൻറിൻെറ തലസ്ഥാനമായ വാർസായെ സമീപിച്ചപ്പോൾ അന്നത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രി ലോയിഡ് ജോർജ്ജ് റഷ്യയ്ക്കു വളരെ അനുകൂലമായ വ്യവസ്ഥകളോടുകൂടി സമാധാനസന്ധി നിർദ്ദേശിച്ചു. എന്നാൽ ലെനിൻ അതു നിരാകരിച്ചു സമരം ചെയ്തു പോളൻറിനെ സോവ്യറ്റ് മയമാക്കുവാനും, തദനന്തരം ജർമ്മനിയിലേക്കു തള്ളിക്കടക്കാനും തീർച്ചയാക്കി. അതിനു സ്റ്റാലിൻേറയും മററു സഹകാരികളുടേയും പിൻതാങ്ങുമുണ്ടായിരുന്നു. അഞ്ചു പ്രമുഖ കമ്മ്യൂണിസ്റ്റ്കളടങ്ങിയ ഒരു പോളിഷ് ഗവമ്മെൻറിനെ മോസ്കോയിൽനിന്നു ഏല്പിച്ചേർപ്പെടുത്തി. എന്നാൽ വാർസായുടെ നേരെ നടത്തിയ ആക്രമണം അത്ഭുതകരമായ വിധം പരാജയപ്പെട്ടു. പോളൻറുകാർ ചെമ്പടയെ തിരിച്ചോടിക്കുകയും അനുകൂലമല്ലാത്ത ഒരു സമാധാനസന്ധിക്കു മോസ്കോ ഒപ്പു വയ്ക്കേണ്ടിവരികയും ചെയ്തു.

### ചൈനയ്ക്കെതിരായി

സോവ്യറ്റ് യൂണിയൻ നടത്തിയ രണ്ടാമത്തെ യുദ്ധം 1929-ൽ മഞ്ചൂറിയായുടെ അതിർത്തിയിലാണ്. മഞ്ചൂറിയൻ പ്രദേശത്തുകൂടി കടന്നുപോയ റഷോ-ചൈനീസ് തീവണ്ടിപ്പാത മഞ്ചൂറിയൻ അധികാരികൾ പിടിച്ചെടുത്തു. യുദ്ധത്തെ ദേശീയനയത്തിൻെറ അംശമാക്കുവാൻ പാടില്ലെന്നു വ്യവസ്ഥ ചെയ്തിരുന്ന Kellogg Briand പാക്ററ് എന്ന സാർവദേശീയ ഉടമ്പടിക്കു സോവ്യറ്റ് ഗവമ്മെൻറ് അതിനു കുറേനാൾ മുമ്പു് ഒപ്പുവച്ചിരുന്നെങ്കിലും, സ്വതന്ത്രമായ ആലോചനകൾ ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ സകല മദ്ധ്യസ്ഥശ്രമങ്ങളെയും നിരാ

കരിച്ച് മോസ്കോ സമരത്തിനായി സൈന്യത്തെ നിയോഗിച്ചു. അനേകായിരം ജീവൻ ബലികഴിക്കപ്പെട്ടശേഷം ഒടുവിൽ ചൈന കീഴടങ്ങേണ്ടിവന്നു. വിദേശരാജ്യത്തിൽകൂടി ഒരു റഷ്യൻ തീവണ്ടിപ്പാത പൊയ്ക്കൊണ്ടിരിക്കണമെന്ന തങ്ങളുടെ ലക്ഷ്യം പ്രാപിക്കാൻ വേണ്ടിയാണ് സോവ്യററു റഷ്യ ഈ യുദ്ധം നടത്തിയതു്.

### വീണ്ടും പോളൻറിനെതിരായി

സോവ്യററ് ഗവൺമെൻറ് മൂന്നാമത്തെ ആക്രമണയുദ്ധം നടത്തിയതു് 1939-ലാണ്. ഹിററ്ലരുടെ സൈന്യം പോളൻറിനെ ആക്രമിച്ചതിനേത്തുടൻ സോവ്യററ് സൈന്യങ്ങൾ പോളൻറിൻെറ അതിർത്തികടന്ന് ഉള്ളിലേയ്ക്കു പ്രവേശിച്ചു. "പോളിഷ് രാജ്യം ഇല്ലാതായിരിക്കുന്നു" എന്നാണ് റഷ്യൻ നേതാവായ മൊളോട്ടോവ് ആ അവസരത്തിൽ പ്രസ്താവിച്ചതു്. സോവ്യററുകാരുടെ ലക്ഷ്യം പോളൻറിൽ നിവസിക്കുന്ന യുക്രെയിൻകാരെയും ബൈലോ റഷ്യൻകാരേയും വിമോചിക്കുവാനാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. ഏതാനും ദിവസത്തെ സമരത്തിനുശേഷം കിഴക്കേ പോളൻറിനെ സോവ്യററ് യൂണിയനോടു കൂട്ടിച്ചേർക്കുകയും ചെയ്തു. "ദേശീയ ലക്ഷ്യങ്ങൾ" യുദ്ധം വഴിയായി സാധിക്കുകയില്ലെന്നുള്ള സോവ്യററ് റഷ്യയുടെ പ്രതിജ്ഞ അവർ ലംഘിച്ചതിൻെറ മൂന്നാമത്തെ ഉദാഹരണമാണിതു്.

### ഫിൻലെൻറിനും എതിരായി

സോവ്യററ് റഷ്യയുടെ നാലാമത്തെ ആക്രമണയുദ്ധം ഫിൻലൻറിനെതിരായിട്ടായിരുന്നു. അതൊരു ആക്രമണയുദ്ധമല്ലെന്നു വരുത്താൻ മോസ്കോ ശ്രമിക്കാതിരുന്നില്ല. ഫിൻലൻറുകാരാണ് ആദ്യം വെടിതുടങ്ങിയതെന്നും അവർ റഷ്യൻ പട്ടാളക്കാരെ കൊലപ്പെടുത്തിയെന്നും മററും

മോസ്കോ പറഞ്ഞു പരത്തി. സോവ്യററുഗവമ്മെൻറ് ഔപചാരികമായി യുദ്ധം പ്രഖ്യാപിച്ചില്ല. ഫിൻലൻറിലെ കമ്മ്യൂണിസ്റ്റ്സഖാക്കളെ സഹായിക്കാൻ മാത്രമായിരുന്നു ആക്രമണം നടത്തിയതെന്നാണ് അവർ പറഞ്ഞതു്. ഇതെല്ലാം വെറും നാട്യങ്ങളാണെന്നു സംഭവങ്ങൾ തെളിയിച്ചു. മൂന്നു മാസത്തിലധികം സമരം നടത്തിയശേഷം സോവ്യററ് സൈന്യം വിജയം വരിച്ചു.

### കിഴക്കെ യൂറോപ്പിനെതിരായി

രണ്ടാം ലോകമഹായുദ്ധത്തിൻെറ അവസാനഘട്ടത്തിലാണ് സോവ്യററു റഷ്യയുടെ അഞ്ചാമത്തെ ആക്രമണയുദ്ധം നടന്നതു്. 1944-ൽ സഖ്യകക്ഷികൾ ജമ്മനിയെ തോല്പിച്ചു തുടങ്ങിയപ്പോൾ മോസ്കോ പഴയ മുദ്രാവാക്യങ്ങൾ പുനരുൽഘോഷിക്കുവാൻ തുടങ്ങി. യുദ്ധം "ശത്രുവിൻെറ രാജ്യത്തിലേക്കു കടത്തണം" എന്നും, "സോവ്യററ് റിപ്പബ്ലിക്കുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ" സൈന്യം സഹായിക്കണമെന്നുമായിരുന്നു അതു്. ആ ഉദ്ദേശം അവർ നിർവ്വഹിക്കുകയും ചെയ്തു. തെക്കുകിഴക്കൻ യൂറോപ്പിലെ രാജ്യങ്ങൾ റഷ്യൻ പിടിയിലമന്നു. എന്നാൽ ആ രാജ്യങ്ങളെ "സോവ്യററ് റിപ്പബ്ലിക്കുകൾ" എന്നതിനുപകരം "പീപ്പിൾസ് ഡെമോക്രസീസ്" എന്ന വേറൊരു പേരു് വിളിച്ചു എന്നുമാത്രം. ജമ്മനിക്കെതിരായി തുടങ്ങിയ സംരക്ഷണയുദ്ധം ആക്രമണയുദ്ധമായി പരിണമിച്ചു.

### ജപ്പാനു് എതിരായി

സോവ്യററ്യൂണിയൻ നടത്തിയ ആറാമത്തെ ആക്രമണയുദ്ധം ജപ്പാന് എതിരായിട്ടായിരുന്നു. യൂറോപ്പിലെ കഴിഞ്ഞ ലോകമഹായുദ്ധം 1945 മേയ് ആരംഭത്തിൽ പര്യവസാനിച്ചു. എന്നാൽ ആഗസ്റ്റ് 9-ാം തീയതി റഷ്യൻ പട്ടാളം അതിർത്തികടന്നു ജപ്പാൻെറ കീഴിലിരുന്ന

മഞ്ചുക്കോയിൽ പ്രവേശിച്ചു. ജപ്പാനുമായുള്ള യുദ്ധത്തിൽ റഷ്യ ചേരുന്നതിനു മുമ്പുതന്നെ ജപ്പാൻ തോററുകഴിഞ്ഞിരുന്നു. 6 ദിവസം കഴിഞ്ഞ് ടോക്കിയോ കീഴടങ്ങി. ആകയാൽ റഷ്യയുടെ യുദ്ധം വേഗത്തിലും ചെലവൊന്നും കൂടാതെയും വിജയിച്ചു. "ദേശീയ ലക്ഷ്യങ്ങൾ" പ്രാപിക്കുവാൻ വേണ്ടി മാത്രമാണ് ജപ്പാനെതിരായി റഷ്യ ഈ യുദ്ധം ചെയ്തത്. ചൈനയുടെ തുറമുഖങ്ങൾ കൈവശപ്പെടുത്തി. മഞ്ചൂറിയായിലെ വ്യവസായയന്ത്രസാമഗ്രികൾ റഷ്യയിലേയ്ക്കു നീക്കം ചെയ്തു. ജാപ്പനീസ് പൗരന്മാരെ നിർബന്ധവേല ചെയ്യാൻ പിടിച്ചുകൊണ്ടുപോയി. റഷ്യാക്കാർ അധിവസിക്കാത്ത അനേകം പ്രദേശങ്ങൾ സോവ്യററ് യൂണിയനോട്ട് കൂട്ടിച്ചേർക്കുകയും ചെയ്തു.

## IV

### കൊളോണിയലിസം

സോവ്യററ് യൂണിയൻ അനേകം ദേശക്കാരുടേയും ഭാഷക്കാരുടേയും ഒരു സംഘയമാണ്. ഏകദേശം 200 ഭാഷകൾ അവിടങ്ങളിൽ സംസാരിക്കുന്നുണ്ട്. 51 ദേശക്കാർ (Nationalities) അവരുടെ സ്വന്തം പരിമിതമായ ഭരണസമ്പ്രദായത്തോടുകൂടി അവിടങ്ങളിൽ സ്ഥിതിചെയ്യുന്നു. 10 ലക്ഷത്തിൽപരം ജനസംഖ്യ വീതമുള്ള 17 രാജ്യങ്ങൾ ആ ഗണത്തിലുണ്ട്. അവയ്ക്കെല്ലാം ഒരുപോലെ സ്വാതന്ത്ര്യവും സമത്വവും അനുവദിക്കുന്നുണ്ടെന്നു സ്റ്റാലിൻ കൊട്ടിഘോഷിക്കുന്നെങ്കിലും യാഥാർത്ഥ്യം നേരെ വിപരീതമാണ്.

സോവ്യററ് യൂണിയനിൽ എവിടേയും റഷ്യൻ ഭാഷയ്ക്കാണ് പ്രഥമസ്ഥാനം. മററു നാട്ടുഭാഷകളിൽ പത്രങ്ങളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കാനും, ആ ഭാഷകളിൽ അദ്ധ്യയനം നടത്തുന്ന സ്കൂളുകളിൽ ചേന്നു പഠിക്കാനും അനുവാദമുണ്ടെങ്കിലും, പ്രസിദ്ധീകരണവിഷയങ്ങളും പാഠ

പുസ്തകങ്ങളും മോസ്കോയിലെ പാർട്ടി പദ്ധതികളോട് പരിപൂർണ്ണമായും യോജിച്ചിരിക്കണമെന്നാണ് നിർബന്ധം. ദേശങ്ങൾ തോറുമുള്ള ആചാരങ്ങൾതന്നെ കമ്മ്യൂണിസ്റ്റ് തത്വങ്ങൾക്കും നയങ്ങൾക്കും യോജിച്ചതാണെങ്കിലേ അനുവദിക്കുകയുള്ളൂ. അല്ലാത്ത ദേശീയ സംസ്കാരങ്ങളെല്ലാം നിർദ്ദയം അടിച്ചമർത്തപ്പെട്ടു. സാർ ചക്രവർത്തിമാരുടെ സാർവ്വത്രികമായ "റഷ്യൻമയമാക്കൽ നയം" മിക്കവാറും നിർത്തലാക്കപ്പെട്ടെങ്കിലും, അതിൻെറ സ്ഥാനത്ത് സാർവ്വത്രികമായ "സോവ്യറ്റ്മയമാക്കൽ നയം" പ്രചരണങ്ങളാലും ഭീകരപ്രസ്ഥാനങ്ങളാലും നടപ്പാക്കിയിരിക്കുന്നു.

യു. എസ്സ്. എസ്സ്. ആർ പല റിപ്പബ്ളിക്കുകളുടെ ഒരു സംയോജനമാണെന്നു് സ്റ്റാലിൻെറ പുതിയ ഭരണഘടന അവകാശപ്പെടുന്നുണ്ട്. അതിൽ പറഞ്ഞിരിക്കുന്ന പ്രകാരം ആ റിപ്പബ്ളിക്കുകളുടെ പേരുകൾ താഴെ ചേർക്കുന്നു.

The Russian Soviet Federative Socialist Republic.
The Ukrainian Soviet Socialist Republic.
The Byelo- Russian Soviet Socialist Republic.
The Azerbaijan Soviet Socialist Republic.
The Georgian Soviet Socialist Republic.
The Armenian Soviet Socialist Republic.
The Turkmen Soviet Socialist Republic.
The Uzbek Soviet Socialist Republic.
The Tajik Soviet Socialist Republic.
The Kazakh Soviet Socialist Republic.
The Kirghiz Soviet Socialist Republic.
The Karelo-Finnish Soviet Socialist Republic.
The Moldavian Soviet Socialist Republic.
The Lithuanian Soviet Socialist Republic.
The Latvian Soviet Socialist Republic.
The Estonian Soviet Socialist Republic.

ഇവയിൽ ഒന്നാമത്തേതായ "റഷ്യൻ" റിപ്പ്ബ്ളിക്ക് ഒഴിച്ച് മറെറാന്നും ആ നാമം അശേഷം അർഹിക്കുന്നില്ല. ലോകത്തേയും ആ റിപ്പബ്ളിക്കുകളിലെ ജനസഞ്ചയത്തേയും വഞ്ചിക്കുവാൻ മാത്രമാണ് അവയ്ക്ക് ആ പേരുകൾ നൽകിയിരിക്കുന്നത്. സോവ്യററ് യൂണിയനിൽനിന്നു പിരിഞ്ഞുപോകുവാൻ അവകാശം അവയ്ക്കുണ്ടെന്നു കടലാസിൽ സമ്മതിച്ചിട്ടുണ്ടെങ്കിലും, യഥാർത്ഥത്തിൽ അവയ്ക്കു കാര്യമായ യാതൊരു സ്വാതന്ത്ര്യവുമില്ല. റിപ്പബ്ളിക്കുകളിലെ ഉന്നതസ്ഥാനം വഹിക്കുന്ന പാർട്ടി അംഗങ്ങളേയും ഗവമ്മെൻറുദ്യോഗസ്ഥന്മാരേയും മോസ്കോയിലെ സ്വേച്ഛാധികാരികൾ നിയമിക്കുകയും, മാററി മറിയ്ക്കുകയും, നീക്കുകയും കാരാഗൃഹത്തിലടയ്ക്കുകയും ചെയ്യുന്നു. റിപ്പബ്ളിക്കുകളിലെ നാട്ടുകാരായ ഉദ്യോഗസ്ഥന്മാർ സ്വജനങ്ങളോടു കൂടുതൽ താല്പര്യം കാണിച്ചാൽ അവർ ശുദ്ധികമ്മപ്രസ്ഥാനത്തിനു വിധേയരാക്കപ്പെടും. വാസ്തവത്തിൽ റഷ്യയ്ക്കു പുറമേയുള്ള ആ റിപ്പബ്ളിക്കുകളിലെ പ്രസിഡൻറന്മാരേയും പാർട്ടിസെക്രട്ടറിമാരേയും 1936-38ൽ നടത്തിയ ശുദ്ധികമ്മപ്രസ്ഥാനത്തിൽ വെടിവച്ചു കൊല്ലുകയോ ആത്മഹത്യയ്ക്കു നിർബന്ധിക്കുകയോ ചെയ്തിരുന്നു. യുക്രെയിൻ റിപ്പബ്ളിക്കിൽ ദേശീയബോധം ആഴമുള്ളതാണ്. അതു് അപകടകരമാണെന്നു മോസ്കോയിലെ സ്വേച്ഛാധിപതികൾക്കു ശങ്കയുള്ളതുകൊണ്ടു "സ്വതന്ത്രമായ" യുക്രെയിനിൽ 1937 മുതൽ യാതൊരു പ്രധാനമന്ത്രിയും യുക്രെയിൻകാരനായിരുന്നില്ല. നേരേമറിച്ച് ബൈലൊ റഷ്യയിലെ വിദേശകാര്യമന്ത്രി (1947-ൽ) ഒരു യുക്രെയിൻകാരനായിരുന്നു.

വിദേശകാര്യങ്ങളുടേയും സൈനികകാര്യങ്ങളുടേയും അടിസ്ഥാനനയങ്ങൾ കേന്ദ്രഗവമ്മെൻറിൽനിന്നു വേണം തീരുമാനിക്കാനെന്നാണ് ഭരണഘടനയിൽ സ്പഷ്ടമായും വ്യവസ്ഥ ചെയ്തിരിക്കുന്നതു്. ഹിററ്ലർ റഷ്യ ആക്രമിച്ച

പ്പോൾ സോവ്യററ്യൂണിയനിൽ പെട്ടതും ജർമ്മൻജാതിക്കാർ വസിച്ചിരുന്നതുമായ "വോൾഗാ ജർമ്മൻ റിപ്പബ്ളിക്കിനെ" സോവ്യററധികാരികൾ നിർത്തലാക്കി. നാലരലക്ഷത്തോളം വരുന്ന അതിലെ ജനങ്ങളെ വിദൂരപ്രദേശങ്ങളിലേക്കു നാടുകടത്തി. പുരുഷന്മാരെയും സ്ത്രീകളേയും കുട്ടികളേയും ജർമ്മൻ വംശത്തിൽപ്പെട്ടവരാണെന്ന ഏകകാരണത്താൽ ആ രാജ്യത്തുനിന്ന് വേരോടെ പറിച്ചുകളഞ്ഞു. ഹിററ്ലർപോലും ഈ "വംശതത്വം" ഇത്ര തോന്ന്യാസമായി പ്രയോഗിച്ചിട്ടില്ല. മററു ചില ന്യൂനപക്ഷ വംശക്കാരോടും The Chechen- Ingush, The Kalmuks, The Crimean Tartars- ഇതേ കടുംകൈയാണ് മോസ്കോ ചെയ്തതു്.

യു. എസ്. ഏ. യിലെ 48 സംസ്ഥാനങ്ങൾക്ക് റഷ്യയിലെ ഈ "റിപ്പബ്ളിക്കുകളേയും" "സ്വയംഭരണപ്രദേശങ്ങളെയും" കാൾ ഭരണസ്വാതന്ത്ര്യം ഉണ്ടു്. യുക്രെയിനിനോടൊ ബൈലോ റഷ്യയോടൊ താരതമ്യം ചെയ്യുന്നപക്ഷം സ്വാതന്ത്ര്യത്തിൻെറ കാര്യത്തിൽ ബ്രിട്ടൻെറ അധീനത്തിലുള്ള പ്രദേശങ്ങൾ (കോളനികൾ) എത്രയോ മെച്ചം! എന്നിട്ടും അമേരിക്കയുടേയും ബ്രിട്ടൻേറയും കൊളോണിയലിസത്തെ (അധീനരാജ്യങ്ങൾക്കു സ്വാതന്ത്ര്യം നൽകാത്ത സമ്പ്രദായത്തെ) മോസ്കോ അപലപിച്ചുകൊണ്ടിരിക്കുന്നതു് എന്തൊരു വിരോധാഭാസം!!

## XI

# പ്രചരണതന്ത്രം

ആർതർ കെസ്ലർ(Arthur Koestler) ഒരു വിശ്വസാഹിത്യകാരനാണ്. അദ്ദേഹം 1905 സെപ്റ്റംബർ 5-ാം തീയതി ബുഡാപ്പെസ്റ്റിൽ ജനിച്ചു; വിയന്നായിൽ വിദ്യാഭ്യാസം ചെയ്തു; സമീപസ്ഥപൂർവ്വദേശങ്ങളിൽ 2 കൊല്ലം സഞ്ചരിച്ചശേഷം ബർലിനിലെ ഒരു ലിബറൽ വത്തമാനശൃംഖലയുടെ(Ullstein)ലേഖകനായിത്തീന്നു. ഇദ്ദേഹം 1931 ഡിസംബർ 31-ാംതീയതി കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ അംഗമായി. സ്പെയിനിലെ ആഭ്യന്തരയുദ്ധകാലത്തു് ഫ്റാങ്കോ അധികാരികളാൽ കാരാഗൃഹത്തിലടയ്ക്കപ്പെട്ടശേഷം 1938-ൽ കമ്മ്യൂണിസ്റ്റ്പാർട്ടി വിട്ടുപേക്ഷിച്ചു. 1939-ൽ ഫ്റഞ്ച് അധികാരികളാൽ ആർതർ വീണ്ടും കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. തദനന്തരം അദ്ദേഹം അവിടന്നു് രക്ഷപെട്ടു് ഇംഗ്ലണ്ടിലെത്തി 1940-ൽ ബ്രിട്ടീഷ് സൈന്യത്തിൽ ചേരുകയുംണ്ടായി. ഇദ്ദേഹം അനേ

കം ഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള ഒരു പ്രശസ്ത സാഹിത്യകാരനാണ്. കമ്മ്യൂണിസ്റ്റ് അംഗത്വവും കമ്മ്യൂണിസ്റ്റു മമതയും തിരസ്കരിച്ച പ്രസിദ്ധന്മാരായ ആറു സാഹിത്യകാരന്മാരുടെ പ്രബന്ധങ്ങൾ അടങ്ങിയ ഒരു ഗ്രന്ഥം "The God That Failed" (കമ്മ്യൂണിസദൈവം അപജയിച്ചു) എന്ന ശീർഷകത്തിൽ ഈയിടെ പുറത്തുവന്നിട്ടുണ്ട്. ആ പ്രബന്ധങ്ങളിലൊന്ന് ആർതർ കെസ്ലർ രചിച്ചതാണ്. സോവ്യറ്റ്റഷ്യയിൽ വിദേശങ്ങളിലെസാഹിത്യകാരന്മാരേയും കലാകാരന്മാരേയും ക്ഷണിക്കുകയും അവരെ വശീകരിക്കുകയും അവരെക്കൊണ്ടു് പ്രചരണം നടത്തിച്ച് ആ രാജ്യം ഭൗമിക പറുദീസായാണെന്ന് ബാഹ്യലോകത്തെ തെററിദ്ധരിപ്പിക്കുകയും ചെയ്യുന്ന സമ്പ്രദായത്തെ സ്വന്തം അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം അതിൽ വിവരിക്കുന്നുണ്ടു്. അതിൽനിന്ന് ചില ഭാഗങ്ങൾ ഉദ്ധരിക്കാം:-

"അവസാനം, 1932-ലെ വേനൽക്കാലത്ത്, എനിക്ക് സോവ്യറ്റ്റഷ്യയിലേക്കുള്ള പാസ്പോർട്ടു ലഭിച്ചു. ആ രാജ്യത്തിൽ സഞ്ചരിക്കുകയും അതിനേക്കുറിച്ച് ഒരു ഗ്രന്ഥമെഴുതുകയും ചെയ്യണമെന്നു കാണിച്ച് "സാർവ്വദേശീയ വിപ്ലവകാരി ഗ്രന്ഥകാരന്മാരുടെ" സംഘടനയിൽനിന്നുള്ള ഒരു ക്ഷണംനിമിത്തമാണ് എനിക്കതു ലഭിച്ചതു്. ആ ഗ്രന്ഥത്തിനു് "സോവ്യറ്റ്രാജ്യം ബൂർഷ്വാ നേത്രങ്ങളിൽക്കൂടി" എന്ന നാമം നൽകണമെന്നായിരുന്നു നിശ്ചയം. സോവ്യറ്റ് വിരുദ്ധ മുൻവിധികൾ വളരെയധികമുള്ള ഒരു ബൂർഷ്വാ റിപ്പോർട്ടർ സോവ്യറ്റ്റഷ്യയിലെ ആദ്യത്തെ പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള സോഷ്യലിസ്റ്റു പുന:സംവിധാന പരിശ്രമങ്ങളുടെ ഫലങ്ങൾ കണ്ടു് ക്രമേണ മാനസാന്തരപ്പെടുകയും, ഒടുവിൽ കമ്മ്യൂണിസ്റ്റുകാരനായി പരിണമിക്കുകയും ചെയ്യുന്നതായിരിക്കണം ഗ്രന്ഥത്തിൻെറ ഉള്ളടക്കമെന്ന് അതിൻെറ ഈ നാമനിർദ്ദേശത്തിൽനിന്ന് വെളിവായിരുന്നു.

"ഹിററ്ലർ ജർമ്മനിയിൽ അധികാരത്തിലെത്തുന്നതിന് 6 മാസം മുമ്പാണ് ഞാൻ യു. എസ്. എസ്. ആറിലേക്കു പുറപ്പെട്ടതു്. കമ്മ്യൂണിസ്റ്റ് ഇൻറർനാഷണലിൻെറ എക്സിക്യൂട്ടിവ് കമ്മററിയുടെ(E. K K. I.)തലവനായി അന്നു മോസ്ക്കോയിൽ ഉണ്ടായിരുന്ന സഖാവു് ഗോപ്നറിന്റ (Gopner) കൊടുക്കാനുള്ള ഒരു ശുപാർശക്കത്തും എനിക്കു ലഭിച്ചു. അദ്ദേഹം ആ കമ്മററിയുടെ നാമത്തിൽ ശക്തിയേറിയ ഒരു ശുപാർശക്കത്തും എനിക്കു നൽകി. ജർമ്മനിയിലെ "റവല്യൂഷണറി പ്രോലറേററിയൻ എഴുത്തുകാരുടെ"ഒരു പ്രതിനിധിയെന്ന നിലയിൽ എൻെറ ദൗത്യം നിർവ്വഹിക്കാൻ സകല സോവ്യററ് അധികാരികളും എന്നെ സഹായിക്കണമെന്നായിരുന്നു കത്തിലെ താല്പര്യം.

"ഇത്തരം ഒരു കത്തിന് സോവ്യററ് റഷ്യയിൽ ഒരു സക്കാർ ഉത്തരവിൻെറ വിലയുണ്ടു്. ആ രാജ്യത്തിലെവിടേയും ഒരു മാർഗ്ഗദർശിയുടെ സഹായം കൂടാതെ നിർബാധം സഞ്ചരിക്കുവാനും, റയിൽവേസ്റ്റേഷനുകളിൽ മററുള്ളവരെപ്പോലെ ക്യൂവിൽ കാത്തുനിന്നു വിഷമിക്കാതെ ടിക്കററു കിട്ടുവാനും, ഗവമ്മെൻറുവക ഗസ്റ്റ് ഹൗസുകളിൽ ഉറങ്ങാനുള്ള സ്ഥലസൗകര്യങ്ങൾ ലഭിക്കുന്നതിനും, സിവിൽ ഉദ്യോഗസ്ഥന്മാക്കുമാത്രമായി സംവരണം ചെയ്തിരിക്കുന്ന റെസ്റ്റോറൻറുകളിൽനിന്നു ഭക്ഷണം കഴിക്കുന്നതിനും ഈ കത്തു് എന്നെ പ്രാപ്തനാക്കി. എൻെറ സഞ്ചാരങ്ങൾക്കുള്ള ചെലവുകൾ വഹിക്കുന്നതിനും അതു് എന്നെ സഹായിച്ചു. അവിടത്തേ താമസത്തിൻെറ അവസാനത്തിൽ അനേകായിരം റൂബിൾസ് എൻെറ കൈയിൽ മിച്ചം വരുകയും ചെയ്തു. അതു് എങ്ങനെയാണെന്നു പറയാം.

"ഞാൻ ഒരു പ്രൊവിൻഷ്യൽ തലസ്ഥാനത്തു്, ഉദാഹരണമായി ടിഫ്ളിസ്സിൽ (Tiflis), എത്തിക്കഴിയുമ്പോൾ അവിടെയുള്ള എഴുത്തുകാരുടെ സംഘടനയെ സന്ദർശിച്ചു്

ഇ. കെ. കെ. ഐ. യുടെ ശ്രുപാർശക്കത്ത് കാണിക്കുന്നു. ആ സംഘടനയുടെ സെക്രട്ടറി പതിവുപോലെ ബാങ്കപററുകളും മീററിംഗുകളും എനിക്കുവേണ്ടി ഏപ്പ്പാടുചെയ്യാൻ ആ പട്ടണത്തിലെ രാഷ്ട്രീയനേതാക്കന്മാക്കും ബുദ്ധിജീവികൾക്കും അറിവുകൊടുക്കുകയും, എൻെറ കായ്യങ്ങൾ അന്വേഷിക്കുവാൻ ചിലരെ ചുമതലപ്പെടുത്തുകയും, സ്ഥലത്തെ സാഹിത്യമാസികയുടെ പത്രാധിപരോടും "രാഷ്ട്രപ്രസിദ്ധീകരണ സംഘ"ത്തിൻെറ(State Publishing Trust) ഡയറക്ടറോട്ട് എന്നെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. ടിഫ്ളിസ്സിലെ ഈ സംഘം ജോർജ്ജിയൻ സോവ്യററ് റിപ്പബ്ളിക്കിൻെറ വകയായിരുന്നു. ആ മാസികയുടെ പത്രാധിപർ പറഞ്ഞു, എൻെറവക ഒരു കഥ പ്രസിദ്ധം ചെയ്യാൻ അനേക വത്സരങ്ങളായി അദ്ദേഹം ഏററവുമധികം ആഗ്രഹിച്ചിരിക്കുകയായിരുന്നു എന്ന്. കുറെമുമ്പ് എൻെറ വകയായി ജമ്മനിയിൽ പ്രസിദ്ധപ്പെടുത്തിയ ഒരു കഥയുടെ പ്രതി ഞാൻ അദ്ദേഹത്തിനു കൊടുത്തു. അന്നുതന്നെ രണ്ടുമൂവായിരം റൂബിൾസിൻെറ ഒരു ചെക്ക് ഞാൻ താമസിക്കുന്ന ഹോട്ടലിലേക്ക് അദ്ദേഹം അയച്ചുതന്നു. ആ സ്റ്റേററ് പബ്ളീഷിംഗ് ട്രസ്റ്റിൻെറ ഡയറക്ടർ എന്നോടാവശ്യപ്പെട്ടു, ഞാൻ എഴുതാൻപോകുന്ന പുസ്തകത്തിൻെറ ഒരു ജോർജ്ജിയൻ പരിഭാഷ പ്രസിദ്ധപ്പെടുത്തുവാൻ അനുവദിക്കണമെന്ന്. അച്ചടിച്ച ഒരു ഉടമ്പടിഫാറം ഞാൻ ഒപ്പിട്ടുകൊടുത്തു. പിന്നാലെ മൂന്നുനാലായിരം റൂബിൾസിൻെറ ഒരു ചെക്ക് എനിക്കയച്ചുതന്നു. (ഒരു തൊഴിലാളിയുടെ അന്നത്തെ ശരാശരി കൂലി മാസത്തിൽ 130 റൂബിൾസ് ആയിരുന്നുവെന്ന് മനസ്സിലാക്കണം.) ഇതേ ചെറുകഥതന്നെ ലെനിൻഗ്രാഡ് മുതൽ ടാഷ്ക്കൻറ് വരെയുള്ള എട്ടോ പത്തോ വിവിധസാഹിത്യമാസികകൾക്ക് ഇപ്രകാരം വിററു. മാത്രമല്ല, ഞാൻ എഴുതാത്ത ആ പുസ്തകം റഷ്യൻ, ജമ്മൻ, യുക്രേനിയൻ, ജോർജ്ജിയൻ,

അർമേനിയൻ ഭാഷകളിൽ തർജ്ജമ ചെയ്യാനുള്ള അവകാശവും ഞാൻ വിട്ടുകൊടുത്തു. അങ്ങനെ, ഇനിയും എഴുതാത്ത ആ പുസ്തകത്തിന് പ്രതിഫലമായി ഒരു വമ്പിച്ച തുക എനിക്കു മുൻകൂട്ടി ലഭിച്ചു. ഇതെല്ലാം ഔദ്യോഗികമായ പ്രോത്സാഹനത്തോടുകൂടി ഞാൻ ചെയ്തതിനാലും, മററു ഗ്രന്ഥകാരന്മാരും ഇതുതന്നെ ചെയ്തുകൊണ്ടിരിക്കുന്നതിനാലും, സോവ്യററ് റഷ്യ ഗ്രന്ഥകാരന്മാരുടെ പറുദീസായാണെന്നും ഒരു കലാകാരന് ഇത്രവലരെ പ്രതിഫലമോ ബഹുമതിയോ ലഭിക്കുന്ന വേറൊരു രാജ്യവും ലോകത്തിലില്ലെന്നും സർവ്വാത്മനാ ഉറപ്പിച്ചുപറയുവാൻ എനിക്കു കഴിഞ്ഞു. മനുഷ്യപ്രകൃതി സ്വാർത്ഥപരമാകയാൽ, ഈ ഉടമ്പടികൾ നടന്നതും മുൻകൂട്ടി പ്രതിഫലങ്ങൾ ലഭിച്ചതും എൻെറ സാഹിത്യപരമായ പ്രഖ്യാതിയാലല്ലെന്നും, പ്രത്യുത മററു കാരണങ്ങളാലാണെന്നും എനിക്കു ഒരിക്കലും തോന്നിയിരുന്നില്ല.

"അക്കാലത്ത് ഞാൻ ഒററപ്പുസ്തകമെങ്കിലും പ്രസിദ്ധീകരിച്ചിരുന്നില്ല. ഞാൻ എഴുതാത്ത ഒരു കഥയ്ക്കു് പ്രതിഫലമായി രൊക്കം പണം തന്ന ഈ ആളുകൾക്ക് എൻെറ നാമം പരിപൂർണ്ണം അജ്ഞാതമായിരുന്നു. മേലധികാരികളുടെ ഉത്തരവനുസരിച്ച് പ്രവർത്തിച്ച സിവിൽ ഉദ്യോഗസ്ഥന്മാരായിരുന്നു ഇവർ. സകല പ്രസിദ്ധീകരണങ്ങളും സർക്കാരിൻെറ ഉടമയിലിരിക്കുന്ന ഒരു രാജ്യത്ത് പത്രാധിപന്മാരും പ്രസാധകന്മാരും സാഹിത്യവിമർശകന്മാരും എല്ലാം അതിനാൽതന്നെ സിവിൽ സർവ്വീസിലെ ഉദ്യോഗസ്ഥന്മാരാകുന്നു. തങ്ങൾക്കു ലഭിക്കുന്ന ഉത്തരവുകളനുസരിച്ച് അവർ ഒരു ഗ്രന്ഥകാരനെ സൃഷ്ടിക്കുകയോ സംഹരിക്കുകയോ ചെയ്യും. പ്രസാധകന്മാർ ആണെങ്കിൽ അയാളുടെ പുതിയ പുസ്തകത്തിൻെറ വളരെയധികം പതിപ്പുകൾ അച്ചടിച്ചിറക്കുകയോ, അല്ലെങ്കിൽ അയാളുടെ മുൻകൃതികൾ സകലതും പിച്ചിക്കീറിക്കളയുകയോ ചെയ്യും. വിമ

ശ്കന്മാരാണെങ്കിൽ, അവർ അയാളെ ഒരു പുതിയ ടോൾ സ്റ്റോയി എന്നോ, അല്ലെങ്കിൽ ഒന്നിനും കൊള്ളാത്ത അ രുവഷളനെന്നോ വിളിക്കും; അഥവാ ഏതാനും മാസങ്ങൾ ഇടയിട്ട് രണ്ടുവിധത്തിലും അയാളെ വിളിച്ചെന്നു വരാം.

"സോവ്യററ് റഷ്യ സന്ദർശിക്കുന്ന വിദേശീയ ഗ്രന്ഥ കാരന്ന് ഇക്കാര്യങ്ങളെക്കുറിച്ച് സാമാന്യേന തുഛ മായ അറിവേ ഉള്ളൂ. ആ തുഛമായ അറിവുതന്നെ യും മറന്നുകളയുവാൻ അയാളുടെ സ്വാത്മാഭിമാനം അയാളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. തൻെറ ബഹു മാനാത്ഥം നടത്തുന്ന സദ്യകളിലും സുഹൃൽസമ്മേളന ങ്ങളിലും അയാൾ കണ്ടുമുട്ടുന്ന ആളുകൾക്ക് അയാളുടെ കൃതികൾ മനഃപാഠമാണെന്നുള്ള മിഥ്യാബോധം അയാൾ ക്കുണ്ടാകുന്നു. അയാളുടെ ഇനിയത്തെ ഗ്രന്ഥത്തിന്ന് പ്രതി ഫലം കൊടുത്തുകൊള്ളാമെന്ന് സ്റ്റേററ് പബ്ളീഷിംഗ് ട്രസ്റ്റ് ഉടമ്പടി ചെയ്യുകയും, അതിൻെറ ലക്ഷത്തിഅൻ പതിനായിരം പ്രതികൾ വിററഴിക്കാമെന്ന് ഉറപ്പു നൽ കുകയും, അതിന്നു അഡ്വാൻസായി ഒരു വലിയ തുക അ യാൾക്കു കൊടുക്കുകയും ചെയ്യുന്നു. അയാൾ സത്യസന്ധ നാണെങ്കിൽ അയാൾക്കതിൽ ലജ്ജിക്കാനാണ് ന്യായമുള്ള തു്. സുപ്രസിദ്ധന്മാരായ യൂറോപ്യൻ ഗ്രന്ഥകാരന്മാരുടെ കൃതികൾക്കുണ്ടാകുമെന്ന് പ്രതീക്ഷിക്കാവുന്ന വില്പനയുടെ ഏകദേശം 15 ഇരട്ടിയാണ് അവർ വാഗ്ദാനം ചെയ്യുന്ന തെന്നും, ആ കണക്കുവച്ചാണ് അവർ തനിക്കു അ ഡ്വാൻസായി പണം നൽകുന്നതെന്നും അയാൾ അവരോ ട് പറയാതിരിക്കുകയില്ല. അതിന്ന് സ്റ്റേററ് പബ്ളീ ഷിംഗ് ട്രസ്റ്റിൻെറ ഡയറക്ടർ ഹാസ്യസൂചകമായ പുഞ്ചി രിയോടുകൂടി ഇങ്ങനെ മറുപടി പറയും; "മുതലാളിത്ത പ്രസാധകന്മാരുടെ സമ്പ്രദായത്തെപ്പററിയാണ് നിങ്ങൾ പറയുന്നതു്; സോവ്യററ് യൂണിയനിൽ സകല പ്രസാധ കപ്രസ്ഥാനങ്ങളും ജനങ്ങളുടെ ഉടമയിലാണ്; ഒരു സ്റ്റേ

വ്യററ് പൗരൻ ഒരു അമേരിക്കൻ പൗരനേക്കാൾ ശരാശരി 231.57 ശതമാനം ഗ്രന്ഥങ്ങൾ വാങ്ങുന്നുണ്ട്; രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയുടെ അവസാനത്തിൽ ഈ തുക 365 ശതമാനത്തേക്കാൾ കവിയും; തന്മൂലം സോവ്യററ് യൂണിയനിലെ ബഹുമാനിതരായ ഗ്രന്ഥകർത്താക്കൾക്ക് മുതലാളിത്തരാജ്യങ്ങളെ അപേക്ഷിച്ച് സുഖമായി പാർക്കുന്നതിനും യാത്രചെയ്യുന്നതിനുമുള്ള സൗകര്യങ്ങൾ ലഭിക്കുക സ്വാഭാവികം മാത്രമാണ്." മുതലാളിത്ത രാജ്യങ്ങളിൽനിന്നു വരുന്ന നമ്മുടെ സന്ദർശകന് ഈ അപലപനം അഹിതമായിരിക്കുമെങ്കിലും, അഹിതത്തിനു കാരണം തന്റെ നിന്ദ്യമായ മുതലാളിത്ത മനസ്ഥിതിയാണെന്ന് അയാൾ സമാധാനപ്പെടുന്നു. ഉടമ്പടിക്ക് അയാൾ ഒപ്പുവയ്ക്കുകയും, ഏതാനും ദിവസങ്ങൾ കഴിഞ്ഞു് സ്വരാജ്യത്തിലേക്ക് മടങ്ങുകയും ചെയ്യുന്നു. അവിടെ അയാൾ പ്രഖ്യാപിക്കും, സോവ്യററ് യൂണിയനിലല്ലാതെ ലോകത്തിൽ മറെറാരിടത്തും സൃഷ്ടിപരന്മാരായ കലാകാരന്മാരെ ഇത്രയധികം മാനിക്കുന്നില്ലെന്നും മററും. തനിക്കു കിട്ടിയ റൂബിൾസ് സ്വന്ത നാട്ടിലേക്കു കൊണ്ടുപോകുവാൻ അദ്ദേഹത്തിനു സാദ്ധ്യമല്ല. കാരണം, വിദേശനാണയങ്ങളായി അവ മാറിക്കിട്ടാൻ കഴിയുന്നതല്ല. എങ്കിലും കുറെ നല്ല തരം ബൊക്കാറാ കാർപ്പററുകൾ വാങ്ങിക്കൊണ്ടുപോകാനും, ബാക്കി റൂബിൾസ് മോസ്കോയിലെ സ്റ്റേററ് ബാങ്കിൽ നിക്ഷേപിക്കാനും അയാൾക്കു സാധിക്കും, ഭൂമിയിലെ ആറിലൊന്നു വരുന്ന സോഷ്യലിസ്റ്റ് രാഷ്ട്രത്തിൽ താൻ ഒരു മുട്ട പൊരുന്നയ്ക്കു വച്ചിട്ടുണ്ടെന്നുള്ള ബോധം ആർക്കാണ് ആസ്വാദ്യകരമാകാത്തതു്! ചിലരുടെ കാര്യത്തിൽ ഇതിനെല്ലാം വ്യത്യസ്തമായി, ഗ്രന്ഥകാരനു ലഭിക്കുന്ന പണത്തിലൊരുഭാഗം സ്വന്തം നാട്ടിലെ നാണയമായി മാറുന്നതിനും, പ്രതിമാസതവണകളായി ആ നാണ്യം അയാൾക്കു അയച്ചുകൊടുക്കുന്നതിനും സ്റ്റേററ് പബ്ളീഷിംഗ്

ട്രസ്റ്റിന്ന് അധികാരമുണ്ടായിരിക്കും. ഫ്റാൻസിലേക്കു നാടുകടത്തപ്പെട്ട പ്രസിദ്ധന്മാരായ രണ്ടു ജർമ്മൻ ഗ്രന്ഥകർത്താക്കൾക്കു ഇപ്രകാരം മാസംതോറും റഷ്യയിൽനിന്ന് അനേകകാലത്തേക്കു് ചെക്കുകൾ ലഭിച്ചതായി എനിക്കറിയാം. എന്നാൽ അവരിൽ ഒരാളുടെ ഒരു ഗ്രന്ഥംപോലും റഷ്യയിൽ പ്രസിദ്ധം ചെയ്തിട്ടില്ലതാനും. അവർ രണ്ടു പേരും ഡെമൊക്രസി ഭരണസമ്പ്രദായം വഷളായിപ്പോകുന്നതിനെപ്പററി വികാരാവേശത്തോടും സുവ്യക്തമായും വിമർശിച്ചിട്ടുള്ളവരാണ്. എങ്കിലും സോവ്യററ് ഭരണസമ്പ്രദായത്തിനെതിരായി വിമർശിക്കുന്ന ഒരു വാക്കുപോലും അവരിൽ ആരും ഒരിക്കലും എഴുതിയിട്ടില്ല. അവരെ കോഴകൊടുത്തു വശത്താക്കിയെന്നല്ല എൻെറ വിവക്ഷ. അത്തരം പച്ചയായ കള്ളത്തരങ്ങളേപ്പററിയല്ല ഞാൻ പറയുന്നതു്; പിന്നയോ അവരറിയാതെതന്നെ അവരുടെ ഉള്ളിൽ കയറിപ്പററുന്ന ബോധത്തെപ്പററിയാണ്. മുതലാളിത്ത ലോകത്തിൽ പ്രസാധകന്മാർ കൊള്ളക്കാരാണെന്നും പുസ്തകങ്ങൾ വിററഴിക്കണമെന്നല്ലാതെ അവയുടെ ഗുണദോഷങ്ങളെപ്പററി തരിമ്പും അവക്കു വിചാരമില്ലെന്നും, നേരെമറിച്ച് സോവ്യററ് പ്രസാധകന്മാർ സോവ്യററ് ജനങ്ങൾതന്നെയാണെന്നും സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്ന തങ്ങളുടെ രാജ്യത്തെപ്പററിയുള്ള ഏതു വിമർശനത്തിലും അവർ ന്യായമായ അമർഷം കൊള്ളുന്നവരാണെന്നും ഹൃദയത്തിൻെറ അടിത്തട്ടിൽ മന്ത്രിച്ചുകൊണ്ടിരിക്കുന്ന അഗോചരമായ ബോധമാണ് അതു്.

"റഷ്യ കലാകാരന്മാരുടെ പറുദീസായാണ്, സംശയമില്ല. എന്നാൽ കഷ്ടം! ആ പറുദീസായിൽ വിലക്കപ്പെട്ട വൃക്ഷങ്ങളേയുള്ളു; ഉന്നതസ്ഥാനികളായ ദൈവദൂതന്മാർ തീപറക്കുന്ന ഖഡ്ഗങ്ങൾ കരങ്ങളിലേന്തി അവയ്ക്കു് കാവൽ നിൽക്കുകയും ചെയ്യുന്നു."

XII

# റഷ്യ സന്ദശിച്ച കമ്മ്യൂണിസതല്പരൻ

ആൻഡ്രെഗൈഡ് (Andre Gide)എന്ന ഫ്റഞ്ചുകാരൻ കഴിഞ്ഞ നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിലും ഈ നൂററാണ്ടിൻെറ പൂവ്വാർദ്ധത്തിലും ജീവിച്ച, അഖിലലോകപ്രസിദ്ധിയുള്ള, ഒരു സാഹിത്യകാരനാണു്. 1947 ജൂണിൽ "ഓക്സ്ഫോർഡ്" സവ്വകലാശാല "ഓണററി ഡിലിററ്" എന്ന ബഹുമതി അദ്ദേഹത്തിനു നൽകി. അക്കൊല്ലം അവസാനത്തിൽ സാഹിത്യത്തിനായുള്ള "നോബൽ പ്രൈസ്" എന്ന പ്രശസ്ത സമ്മാനവും അദ്ദേഹത്തിനു ലഭിച്ചു. ഒരിക്കലും കമ്മ്യൂണിസ്റ്റ്പാർട്ടിയിലെ അംഗമായിരുന്നില്ലെങ്കിലും റഷ്യയിലെ കമ്മ്യൂണിസ്റ്റ്പരീക്ഷണത്തിൽ അദ്ദേഹം വലിയ താല്പര്യമുള്ളവനായിരുന്നു. അതിൽനിന്നേ മനുഷ്യവഗ്ഗത്തിനു രക്ഷലഭിക്കുകയുള്ളുവെന്നായിരുന്നു അദ്ദേഹത്തിൻെറ വിശ്വാസം. സോവ്യററു ഗ്രന്ഥകാരസമിതിയിൽനിന്നുള്ള ക്ഷണം അനുസരിച്ച്

ഗൈഡ് 1936-ൽ റഷ്യ സന്ദർശിച്ചു. തനിക്കുണ്ടായിരുന്ന സകല പ്രതീക്ഷകളും പരിച്ഛേദം നഷ്ടപ്പെട്ടവനായിട്ടാണ് അദ്ദേഹം മടങ്ങിപ്പോന്നത്. തദനന്തരം "യു. എസ്. എസ്. ആറിൽനിന്നുള്ള മടക്കം" (Back From The U· S· S· R·) എന്നൊരു ഗ്രന്ഥം 1937-ലും, "അനന്തരചിന്തകൾ" (After Thought: A Sequel) എന്ന വേറൊരു ഗ്രന്ഥം 1938-ലും അദ്ദേഹം പ്രസിദ്ധംചെയ്തു. അവ വായിച്ചാൽ കാണാം, മഹാകവി വള്ളത്തോൾ എത്ര വഞ്ചിതനായിട്ടാണ് റഷ്യാസന്ദർശനം കഴിഞ്ഞു് മടങ്ങിയിരിക്കുന്നതെന്നു്, വസ്തുസ്ഥിതിക്ക് എത്ര വിപരീതമാണ് റഷ്യയേപ്പററി അദ്ദേഹം ഇന്നാട്ടിൽ ചെയ്തിട്ടുള്ള പ്രസ്താവനകളെന്നു്. ആ ഗ്രന്ഥങ്ങളിൽനിന്നു് ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം. ഉദ്ധരണികളുടെ ദൈർഘ്യം വായനക്കാർ സദയം ക്ഷമിക്കണമെന്നപേക്ഷ.

തനിക്കു ലഭിച്ച രാജകീയമായ സ്വീകരണത്തേയും സൽക്കാരത്തേയും, വള്ളത്തോളിൻെറ ഭാഷയിൽതന്നെ, ഗൈഡ് വിവരിക്കുന്നുണ്ടു്.

"റഷ്യയിലെ എൻെറ സഞ്ചാരത്തേക്കുറിച്ചു് തീർച്ചയായും എനിക്ക് വ്യക്തിപരമായി ഒന്നും പരാതിപ്പെടാനില്ല. എല്ലായിടത്തും ഏററവും സുഖസൗകര്യങ്ങളുള്ള കാറുകളും, തീവണ്ടിയിൽ ഒരു പ്രൈവററ് കോച്ചും, സകല ഹോട്ടലുകളിലും ഏററവും നല്ല മുറികളും എനിക്കു ലഭിച്ചു. എന്നെ സോല്ലാസം അഭിനന്ദിക്കുകയും സാഘോഷം സ്വീകരിക്കുകയും ചെയ്തു. എൻെറ സുഖസൗകര്യങ്ങൾക്ക് എന്തുചെയ്താലും മതിയാകയില്ലെന്നുള്ള രീതിയിലായിരുന്നു അതെല്ലാം."

മഹാകവി വള്ളത്തോളിൻെറ കാര്യത്തിലെന്നപോലെ ഗൈഡിനേയും റഷ്യയിലെ സഞ്ചാരത്തിൽ ക്ഷണിതാക്കൾ കൂടെക്കൊണ്ടുനടക്കുകയാണു ചെയ്തതു്. ആ സഞ്ചാരത്തിൽ അവിടത്തെ വേലക്കാരുടേയുംമററും സുഖസമൃദ്ധ

മായ ജീവിതരീതികണ്ടു് അദ്ദേഹം ആഹ്ളാദിച്ചു.

"റഷ്യയിൽ ക്ഷണിതാക്കൾ എന്നെ കൂടെക്കൊണ്ടു നടന്ന സഞ്ചാരത്തിലെല്ലാം എനിക്കു സമസ്തവും ആശ്ചര്യകരമായിത്തോന്നി. തൊഴിലാളിവർഗ്ഗങ്ങളെ അവരുടെ വർക്ഷാപ്പുകളിലും, അവരുടെ ഫാക്ടറികളിലും, അവരുടെ ഉല്ലാസകേന്ദ്രങ്ങളിലും അടുത്തും നേരിട്ടും കണ്ടപ്പോൾ ആഴമായ സന്തോഷം അനുഭവിക്കാൻ എനിക്കു കഴിഞ്ഞു. ജീവകാരുണ്യത്തിൻേറയും സഹോദരസ്നേഹത്തിൻേറയും ആഴമായ ബോധം സോവ്യററു് യൂണിയനിലേപ്പോലെ അത്രയധികം മററാരിടത്തും ആസ്വദിക്കുവാൻ ആക്കും കഴിയുകയില്ലെന്നു് ഞാൻ യഥാൎത്ഥത്തിൽ വിശ്വസിച്ചു. എൻെറ ഹൃദയം തുടിച്ചു. കണ്ണുകളിൽനിന്നു സന്തോഷാധിക്യത്താൽ വെള്ളം ചാടി— സ്നേഹത്തിൻെറ കണ്ണുനീരുകൾ. ക്യാമ്പുകളിൽ ഞാൻ കണ്ട കുട്ടികൾ നല്ലവണ്ണം തീററിപ്പോററി രക്ഷിക്കുകയും ശ്രദ്ധാപൂൎവ്വം വളൎത്തുകയും ചെയ്യുന്നവരായിരുന്നു. അവരുടെ കണ്ണുകൾ ധൈര്യത്തിൻേറയും ആശയുടേയും വികാരങ്ങളാൽ തിളങ്ങിയിരുന്നു. സൗഭാഗ്യത്തിൻെറ പ്രകാശം ഉല്ലാസകേന്ദ്രങ്ങളിലെ തൊഴിലാളികളുടെ മുഖത്തും ഞാൻ കണ്ടു. മററനേകം സന്ദർശകന്മാരെപ്പോലെ മാതൃകാഫാക്ടറികളും ക്ലബ്ബുകളും ആനന്ദരംഗങ്ങളും ഞാൻ കാണുകയും അവയിൽ ഞാൻ അത്ഭുതപ്പെടുകയും ചെയ്തു."

ഇതെല്ലാം ക്ഷണിതാക്കൾ കൂട്ടിക്കൊണ്ടുപോയ സ്ഥലങ്ങളിലെ കാഴ്ചകളാണെന്നും, അവരുടെ അകമ്പടി വിട്ടു് തനിയേ റഷ്യയിൽ സഞ്ചരിച്ചപ്പോൾ കണ്ടതു് ഇതിൽനിന്നു വ്യത്യസ്തമാണെന്നും ഗൈഡു് പ്രസ്താവിക്കുന്നു.

"ജനങ്ങളുമായി നേരിട്ടുള്ള സമ്പൎക്കം സമ്പാദിക്കുവാൻ കഴിയുന്നതിനുവേണ്ടി ഞാൻ തനിയെ ആ രാജ്യത്തിൽ സഞ്ചരിച്ചു. ഉദ്യോഗസ്ഥന്മാരുടെ പിടിയിൽനിന്നു രക്ഷപെട്ടു് തൊഴിലാളികളുടെ പക്കൽ ചെന്നപ്പോൾ ഞാൻ

കണ്ടുപിടിച്ചു, അവരിൽ മിക്കവരും ഏററവും വലിയ ദാരിദ്ര്യത്തിലാണ് ജീവിക്കുന്നതെന്ന്. എന്നാൽ എനിക്കു ലഭിച്ച സൽക്കാരങ്ങളോ! ഓരോ ദിവസവും വൈകുന്നേരം ആഡംബരപൂർവ്വമായ സദ്യ എനിക്കു നൽകിയിരുന്നു. അതിൻെറ പ്രധാനഭാഗം തുടങ്ങുന്നതിനുമുമ്പ് വിളമ്പിയ വിവിധങ്ങളും സമൃദ്ധങ്ങളുമായ വിഭവങ്ങൾ മതി പൂർണ്ണമായും വിശപ്പടക്കാൻ. നാലുമണിക്കൂർ നീണ്ടുനിൽക്കുന്നതും ആറു കോഴ്സുകളുള്ളതുമായ ഡിന്നറാണതു്. റഷ്യയിലായിരുന്നപ്പോൾ ഒരു കാര്യത്തിനും ഞാൻ പണം കൊടുക്കേണ്ടിയിരുന്നില്ല. അതിനാൽ ഇത്തരം സദ്യയ്ക്കുള്ള ചിലവ് എത്രയെന്നു കണക്കാക്കാൻ എനിക്കു സാദ്ധ്യമല്ല. എന്നാൽ സോവ്യററ്യൂണിയനിലെ സാധനങ്ങളുടെ വില അറിയാവുന്ന എൻെറ ഒരു സുഹൃത്ത് എന്നോടു പറഞ്ഞു, ആ സദ്യയ്ക്ക് ആളൊന്നിന് ഇരുന്തൂറോ മുന്തൂറോ റൂബിൾസ് ചിലവാകുമെന്ന്. ഞാൻ കണ്ട തൊഴിലാളികളാകട്ടെ ഒരു ദിവസം സമ്പാദിക്കുന്നതു് അഞ്ചു റൂബിൾസുമാത്രമായിരുന്നു. കറുത്ത അപ്പവും ഉണങ്ങിയ മത്സ്യവും ഭക്ഷിച്ചാണ് അവർ തൃപ്തിയടയേണ്ടിയിരുന്നതു്. റഷ്യയിലെ താമസത്തിനിടയ്ക്ക് ഞങ്ങൾ ശരിക്ക് ഗവമ്മെൻറിൻെറ അതിഥികളായിരുന്നില്ല, പ്രത്യുത ധനസമൃദ്ധിയുള്ള സോവ്യററ് ഗ്രന്ഥകാരസമിതിയുടെ അതിഥികളായിരുന്നു ഞങ്ങൾ ആറുപേക്കും, ഞങ്ങളുടെ വഴികാട്ടികൾക്കും, അതിഥികളോളംതന്നെ പലപ്പോഴും സന്നിഹിതരായിരുന്ന ആതിഥേയന്മാക്കുംകൂടി അവർ ആകെ ചിലവാക്കിയതു് എത്രയായിരിക്കണം! ശരി, അവരുടെ ഈ വ്യയത്തിന് ഞാൻ ഉദ്ദേശിക്കാത്തതരം പ്രതിഫലമാണ് എന്നിൽനിന്ന് അവർ പ്രതീക്ഷിച്ചിരുന്നതു്. അതു ലഭിക്കാഞ്ഞതിൻെറ ദേഷ്യം "പ്രവ്ദ"പത്രം പ്രകാശിപ്പിക്കുകയും ചെയ്തു. എനിക്കുവേണ്ടി ചിലവാക്കിയതു് വ്യത്ഥമായിപ്പോയെന്ന് അവക്കു ബോദ്ധ്യപ്പെട്ടു. അവർ ഒരു അതി

ഥിയെ കഴിയുന്നത്ര നല്ലവണ്ണം സ്വീകരിക്കുകയും, എല്ലാ ററിലും നല്ലവ ആയാളെ കാണിക്കുകയും ചെയ്യാൻ ആഗ്ര ഹിക്കുന്നതു് വളരെ സ്വാഭാവികമാണെന്നു സമ്മതിക്കാം. എങ്കിലും അവിടെയുള്ള എല്ലാററിലുംനല്ലതും അവിടെ യുള്ള സാധാരണയും തമ്മിൽ ഇത്രവളരെ വ്യത്യാസം കണ്ട തിൽ, അതിർകവിഞ്ഞ പ്രത്യേകാനുകൂല്യങ്ങൾ ഒരു വശ ത്തും ദാരിദ്ര്യത്തിൻെറ അടിത്തട്ടുകൾ മറെറാരു വശത്തും കണ്ടതിൽ, ഞാൻ ആശ്ചര്യപ്പെട്ടു. ഞാൻ സോവ്യററ്യൂ ണിയനിൽ ആശവച്ചിരുന്നു. എന്നാൽ എൻെറ നാട്ടിൽ എന്തിൽനിന്നെല്ലാം ഞാൻ വെറുത്തോടിമാറിയോ അവ സകലതും— എന്നേക്കുമായി നിൎത്തലാക്കിക്കാണുവാൻ ഞാൻ ആശിച്ചിരുന്ന പ്രത്യേകാനുകൂല്യങ്ങൾ— ഞാൻ അവിടെ കണ്ടു. ഇതാണു് എന്നെ വളരെയധികം ദുഃഖി പ്പിച്ചതു്."

റഷ്യയിലെ വിദ്യാഭ്യാസത്തേയും സംസ്കാരത്തേയും ഗൈഡു് ഇപ്രകാരം വിമർശിക്കുന്നു:-

"വിദ്യാഭ്യാസത്തിനും സംസ്കാരത്തിനും വേണ്ടിയുള്ള റഷ്യയിലെ അസാധാരണമായ പ്രചോദനം എൻെറ പ്രത്യേകമായ അഭിനന്ദനത്തിനു പാത്രമായിരുന്നു. എന്നാൽ അതിൽ ദുഃഖകരമായ ഒന്നുണ്ടു്. ജനങ്ങൾക്കു ലഭിക്കുന്ന വിദ്യാഭ്യാസം, തങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിഗതികളെ ക്കുറിച്ചു തങ്ങളേത്തന്നെ വാഴ്ത്തിപ്പുകഴ്ത്തുവാനും സോ വ്യററ്യൂണിയൻ തങ്ങളുടെ ഏകാവലംബമാണെന്നു വി ശ്വസിക്കുവാനും ഇടവരുത്തുന്ന കാര്യങ്ങളേക്കുറിച്ചു മാത്ര മേ അവൎക്കു അറിവു നൽകുന്നുള്ളു; സംസ്കാരത്തിൻെറ ഏകലക്ഷ്യമായി ഉന്നയിച്ചിട്ടുള്ളതു് സോവ്യററ്യൂണിയ ൻെറ മഹത്വീകരണമാകുന്നു; വിദ്യാഭ്യാസം നിഷ്പക്ഷ മല്ല. വിമർശനപരമായ വിവേചനം അതിൽ അശേഷ വുമില്ല. സ്വയം വിമർശനം അവർ ഒരു പ്രകടനമാക്കുന്നു ണ്ടെന്നു് എനിക്കു നല്ലപോലെ അറിയാം. സത്യസന്ധത

യോടുകൂടി പ്രയോഗിക്കുന്നതായാൽ മഹത്തായ ഫലം പുറപ്പെടുവിക്കുമെന്നു വിചാരിച്ച് ഞാൻ ആദ്യം അതിൽ വിശ്വസിക്കുകയും ആശംസിക്കുകയും ചെയ്തിരുന്നു. എന്നാൽ വേഗം എനിക്കു മനസ്സിലായി, ആ വിമർശനം അടങ്ങിയിരിക്കുന്നതു് ഇന്നയിന്ന പ്രവൎത്തനം പാർട്ടിപദ്ധതിയോടു് സംയോജിച്ചിരിക്കുന്നുണ്ടോയെന്നു അന്വേഷിക്കുന്നതിൽ മാത്രമാണെന്നു്; പാർട്ടിയുടെ പദ്ധതിയെപ്പററിയല്ല ചർച്ചയോ വിമർശനമോ നടത്തുന്നതു്; പ്രത്യുതരൂപീകൃതമായ ഏതെങ്കിലും സിദ്ധാന്തം പവിത്രമായി ഗണിക്കപ്പെടുന്ന പദ്ധതിയോടു് യോജിക്കുന്നുണ്ടോ ഇല്ലയോ എന്ന പ്രശ്നത്തെപ്പററിമാത്രമാണു്. ഇതിനേക്കാൾ അപകടകരമായോ, സാക്ഷാൽ സംസ്കാരത്തെ നശിപ്പിക്കാൻ ഇടയുള്ളതായോ യാതൊരു മനസ്ഥിതിയുമില്ല. സോവ്യററുപൗരന്മാർ അവരുടെ സ്വന്തം രാജ്യത്തിനു വെളിയിലുള്ള സകലത്തേയുംകുറിച്ച് ഏററവും പരിപൂർണ്ണമായ അജ്ഞതയിലാണു് ജീവിക്കുന്നതു്. അതിനേക്കാൾ കഷ്ടം, വെളിയിലുള്ള സമസ്തവും സ്വന്തം നാട്ടിലുള്ള സകലത്തേയുംകാൾ വളരെയധികം മോശമാണെന്ന ബോദ്ധ്യം അവർക്കുണ്ടെന്നുള്ളതാണു്.

"സകല പ്രശ്നങ്ങളെപ്പററിയും— വാദമുഖം എന്തായിരുന്നാലും—ഒരേ ഒരഭിപ്രായമേ ഉണ്ടാകാൻ പാടുള്ളുവെന്നും, അതാണു ശരിയായതെന്നും സോവ്യററു് യൂണിയനിലെ ആളുകൾ എന്നേക്കുമായി വിശ്വസിക്കുന്നു. അവർ അറിയേണ്ടതും വിശ്വസിക്കേണ്ടതും ചിന്തിക്കേണ്ടതും എന്താണെന്നു് ഓരോ പ്രഭാതത്തിലും പ്രവ്ദാ പത്രം അവരെ അറിയിക്കുന്നു. ഞാൻ സോവ്യററു് യൂണിയനിൽ ആയിരുന്നപ്പോൾ, അന്നു നടന്നിരുന്നതും പ്രജായത്തവ്യത്തങ്ങളിൽ വളരെ ഉൽക്കണ്ഠയ്ക്കു് ഇടയാക്കിയതുമായ സ്പെയിനിലെ ആഭ്യന്തരയുദ്ധത്തെപ്പററി പത്രങ്ങൾ ഉരിയാടാതിരുന്നതിൽ ഞാൻ ആശ്ചര്യപ്പെട്ടു."

സോവ്യററ് യൂണിയനിലെ വർഗ്ഗവ്യത്യാസത്തേയും ഉച്ച നീചത്വത്തേയും ഗൈഡ് വിവരിക്കുന്നതിൽ ഒരു ഭാഗം ഇങ്ങനെയാണ്:—

"മുതലാളിത്തവ്യവസ്ഥിതി അപ്രത്യക്ഷപ്പെട്ടെങ്കിലും, അതു നിമിത്തം സോവ്യററ് തൊഴിലാളികൾക്ക് സ്വാതന്ത്ര്യം കൈവന്നിട്ടില്ല. ഈ വസ്തുത വിദേശങ്ങളിലെ തൊഴിലാളികൾ മനസ്സിലാക്കിയിരിക്കേണ്ടതാവശ്യമാണ്. ഷെയർഹോൾഡർമാരായ മുതലാളിമാരുടെ ചൂഷണത്തിന തൊഴിലാളികൾ വിധേയരല്ലെന്നുള്ളതു് ശരിതന്നെ. എങ്കിലും അവർ ചൂഷണം ചെയ്യപ്പെടുന്നുണ്ട്. അവ വക്രവും അവ്യക്തവുമായ വിധത്തിലാകയാൽ അതിനാരെയാണു കുററപ്പെടുത്തേണ്ടതെന്നു അവക്കറിഞ്ഞുകൂടാ. അവരിൽ മഹാഭൂരിപക്ഷവും വലിയ ദാരിദ്ര്യത്തിലാണു കഴിഞ്ഞുകൂടുന്നതു്. അവക്കു കിട്ടുന്നതു് പട്ടിണിക്കൂലിയാണ്. പ്രത്യേകാനുകൂല്യങ്ങൾ ലഭിക്കുന്ന തൊഴിലാളികളുണ്ടെങ്കിൽ അവർ എന്തിനും എന്തു് മൂളുന്നവരാണ്, അങ്ങനെ അവർ കൂടിയകൂലികൾവാങ്ങി കീശ നിറയ്ക്കുന്നു. അധികാരത്തിലിരിക്കുന്നവർ കീഴിലുള്ളവരോടു കാണിക്കുന്ന അനാദരവും, കിഴിലുള്ളവരുടെ താണുവീണുകൊണ്ടുള്ള അടിമമനസ്ഥിതിയും ആരിലും ഒരു ഞെട്ടൽ ഉണ്ടാക്കാതിരിക്കാൻ നിവൃത്തിയില്ല.

"വർഗ്ഗങ്ങളോ വർഗ്ഗവ്യത്യാസങ്ങളോ സോവ്യററ് യൂണിയനിൽ ഇല്ലെന്നു വേണമെങ്കിൽ സമ്മതിക്കാം; എന്നാൽ ദരിദ്രർ അവിടെയുണ്ട്—വളരെയധികമുണ്ടുതാനും. യാതൊരു ദരിദ്രനേയും അവിടെ കാണുകയില്ലെന്നായിരുന്നു എൻെറ പ്രതീക്ഷ—അഥവാ കുറേക്കൂടി ശരിയായി പറഞ്ഞാൽ, യാതൊരു ദരിദ്രനേയും കാണാതിരിക്കാൻവേണ്ടിത്തന്നെയാണു് ഞാൻ സോവ്യററ് യൂണിയനിൽ പോയതു്. എന്നാൽ ദാരിദ്ര്യത്തിൻെറ നേരെ, അതെന്തോ അപമര്യാദയുടേയോ പാതകത്തിൻേറയോ ഫലമെന്നമ

ട്ടിൽ, ആളുകൾ കണ്ണുമിഴിക്കുകയാണു പതിവ്. ദാരിദ്ര്യം സഹതാപത്തേയോ സ്നേഹത്തേയോ അല്ല, അവമതിയേ മാത്രമാണ് പരഹൃദയങ്ങളിൽ ഉത്തേജിപ്പിക്കുന്നതു്. അ പ്രകാരം അഹങ്കാരവികാരങ്ങൾ ഒരു പ്രകടനമാക്കി അഭി മാനം കൊള്ളുന്നവർ ആരാണെന്നുവച്ചാൽ, ആ പാവങ്ങ ളുടെ അനന്തമായ ദാരിദ്ര്യത്തിൽനിന്നു മുതലെടുത്തു് ഐ ശ്വര്യവാന്മാരായിത്തീൎന്നവരാകുന്നു. കൂലിവ്യത്യാസങ്ങളെ ഞാൻ അപലപിക്കുകയല്ല. അനിവാൎയ്യമായ ഒരു നട പടിയാണതെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ഏ റവും ഗുരുതരമായ കൂലി വ്യത്യാസങ്ങൾക്കു് ഒരു സമാ ശ്വാസം നൽകാൻ എന്തെങ്കിലും മാൎഗ്ഗമുണ്ടായിരിക്കേണ്ട താണല്ലോ. ഈ ദുരവസ്ഥയിൽ എനിക്കുള്ള ഭയം, തൊ ഴിലാളികളുടെ ഇടയിലുള്ള ഒരുവക മുതലാളിത്തത്തിലേക്കു് ആ രാജ്യം പിന്തിരിയുകയാണോ എന്നാണു്. എന്റെ നാട്ടിൽ എനിക്കു ദുസ്സഹമായിരിക്കുന്ന ചെറുമുതലാളികൾ ആ രാജ്യത്തു് സംതൃപ്തരും തന്മൂലം തുടൎന്നുപോകാൻ ഇടയു ള്ളവരുമായി കാണപ്പെടുന്നു. വിപ്ലവമുണ്ടായിട്ടും, മുതലാ ളി സഹജമായ സകല ദൂഷ്യങ്ങളും അഴിമതികളും അനേക മാളുകളിൽ ഇനിയും ലയിച്ചു കിടക്കുകയാണു്. മനുഷ്യ നെ പുറമേനിന്നു നന്നാക്കുവാൻ സാദ്ധ്യമല്ല. ഹൃദയപരി വൎത്തനം അതിനാവശ്യകമാണു്. സോവ്യറ്റുയൂണിയനിൽ സകല തൊഴിലാളിവാസനകളേയും പുകഴ്ത്തുന്നതും പ്രോ ത്സാഹിപ്പിക്കുന്നതും, സമുദായത്തിലെ പഴയ അട്ടുക്കുകളെ ല്ലാം വീണ്ടും രൂപമെടുക്കുന്നതും കാണുമ്പോൾ ഞാൻ ഉൽ കണ്ഠാകുലനാകുന്നു. ആ അട്ടുക്കുകൾ ശരിക്കുള്ള സാമുദാ യിക വൎഗ്ഗങ്ങളല്ലായിരിക്കാമെങ്കിലും, ചുരുങ്ങിയപക്ഷം അ തൊരു പുതിയതരം പ്രഭുവൎഗ്ഗമാണു്. ആ പ്രഭുത്വമാകട്ടെ ബുദ്ധിയുടേയോ സാമൎത്ഥ്യത്തിന്റേയോ അല്ല, പ്രത്യുത ത ങ്ങൾ വിചാരിക്കുന്നതെല്ലാം ശരിയെന്നു ഭാവിക്കുന്നവരു ടേയും അവരോടൊത്തുപോകുന്നവരുടേയുമാണു്. അടുത്ത

തലമുറയിൽ അതു് പണത്തിന്റെ പ്രഭുത്വമാകാൻ പാടി ല്ലായ്കയില്ല."

ഈ ഉച്ചനീചത്വസമ്പ്രദായത്തെ ഉദാഹരിക്കുവാൻ ഗൈഡ് ചൂണ്ടിക്കാണിക്കുന്ന വസ്തുതകളിൽ ഒരെണ്ണം താഴെ ചേൎക്കുന്നു:-

"ഞാൻ സോച്ചി (Sotchi—വേനൽക്കാലവിശ്രമസങ്കേതം) സന്ദൎശിച്ചപ്പോൾ അവിടെ തൊഴിലാളികൾക്കായി നിൎമ്മിച്ചിട്ടുള്ള അനേകം ആരോഗ്യവസതികളും വിശ്രമ മന്ദിരങ്ങളും എന്നെ ആശ്ചൎയ്യപ്പെടുത്തി. ഈ ഹോസ്റ്റലുകൾ വളരെ ആനന്ദകരങ്ങളാണു്. മനോഹരങ്ങളായ തോട്ടങ്ങളും പ്രൈവററു് കളിക്കടവുകളും ഉണ്ടു്. ഈ സുഖസൗകൎയ്യങ്ങളെല്ലാം തൊഴിലാളികളുടെ ഉപയോഗത്തിനു നൽകിയിരിക്കുന്നതു് അഭിനന്ദനീയം തന്നെ. എന്നുവരികിലും അവ ആസ്വദിക്കുന്നതു് മിക്കപ്പോഴും പ്രത്യേകാനുകൂല്യങ്ങളുള്ള പുതിയ വൎഗ്ഗക്കാരാണു്. വിശ്രമമോ ചികിത്സയോ ആവശ്യമുള്ളവൎക്കു് അവിടെ മുൻഗണന നൽകുന്നുണ്ടെന്നുള്ളതു് വാസ്തവം. എന്നാൽ പാൎട്ടിപദ്ധതിയോടു് യോജിപ്പുള്ളവരായിരിക്കണമെന്ന വ്യവസ്ഥയ്ക്കു് എല്ലായ്പോഴും വിധേയമായിട്ടാണു് ആ മുൻഗണന അവൎക്കു നൽകുന്നതു്. ഈ വിശ്രമമന്ദിരങ്ങളുടെ നിൎമ്മാണത്തിൽ കൂലിക്കാരായി പ്രവൃത്തിയെടുക്കുന്ന ആളുകൾ സമീപത്തു ജീവിക്കുന്നുണ്ടു്. അവരുടെ കൂലി വളരെ താണതും, അവരുടെ പാൎപ്പിടങ്ങൾ ഏററവും വൃത്തികെട്ടതുമാണെന്ന വസ്തുത വിലപനീയമായിരിക്കുന്നു.

"സുക്കുമിനു (Soukhoum) സമീപത്തു്, സിനോപ്പിലുള്ള (Sinop) ഹോട്ടലിനെപ്പററി എന്തു പറയാനാണു്! ഞാൻ അവിടെ താമസിക്കുകയുണ്ടായി. വിദേശങ്ങളിലെ ഏററവും സൗകൎയ്യപ്രദങ്ങളും സുഖലോലുപങ്ങളുമായ ഹോട്ടലുകളോടു മാത്രമേ അതിനെ താരതമ്യം ചെയ്യാവൂ. അത്യുമികച്ച തോതിലുള്ളതാണു് അതു്. ഓരോ മുറിക്കും

ബാത്ത്റൂം ഉണ്ട്, പ്രൈവററ് ബാൽക്കണിയുണ്ട്. അകത്തേ സജ്ജീകരണങ്ങൾ ഏററവും വിശേഷം. പാചകസമ്പ്രദായം എവിടെയുമുള്ള ഒന്നാംക്ലാസിനോട്ട കിടപിടിക്കും. ഹോട്ടലിനോടടുത്ത് ഒരു മാതൃകാഫാം ഉണ്ട്. അതിൽനിന്നാണ് ഭക്ഷ്യവിഭവങ്ങൾ എടുക്കുന്നത്. പശുക്കൾ, പന്നികൾ, കോഴികൾ എന്നിവയെല്ലാം വളർത്തുന്നതിന് ഏററവും പുതിയ കണ്ടുപിടുത്തങ്ങളനുസരിച്ച് ഏർപ്പാട്ട ചെയ്തിട്ടുണ്ട്. എന്നാൽ ആ ഫാമിൻെറ അതിർത്തിയിലുള്ള അരുവി കടന്നു ചെല്ലുമ്പോൾ കാണുന്ന കാഴ്ച ഒന്നു വേറെയാണ്. ഹീനങ്ങളായ കുടിലുകളുടെ ഒരു നീണ്ട നിര; 6 ചതുരശ്രയടിയുള്ള ഓരോ മുറി; അതിൽ ഓരോന്നിലും 6 പേർ പാക്കുന്നു. അതിനവർ ആൾവീതം രണ്ടു റൂബിൾ പ്രതിമാസം വാടക കൊടുക്കുകയും വേണം.

"കമ്മ്യൂണിസ്റ്റ്കാർ "തൊഴിലാളിസ്വേച്ഛാധിപത്യ"മാണ് ആദ്യം മുതൽ വാഗ്ദാനം ചെയ്തിട്ടുള്ളതെങ്കിലും അത് ഒരിടത്തും നടപ്പായിട്ടില്ല. എന്നാൽ ഒരുതരം സർവ്വാധിപത്യം നടപ്പിൽ ഇരിക്കുന്നുണ്ട്—സോവ്യററ് ഉദ്യോഗസ്ഥവൃന്ദത്തിൻെറ സർവ്വാധിപത്യം. ഇതു് എല്ലാവരും ഗ്രഹിച്ചിരിക്കേണ്ടതും ആരും വഞ്ചിതരാകാതിരിക്കേണ്ടതും ആവശ്യകമാണ്. ഇതല്ല തൊഴിലാളികൾ പ്രതീക്ഷിച്ചിരുന്നതു്. എന്നല്ല ആ ദുരവസ്ഥ ഒരിക്കലും ലോകത്തിൽ ഉണ്ടാകയില്ലെന്നായിരുന്നു പ്രതീക്ഷ. ഭീഷണിപ്പെടുത്തപ്പെടുന്ന തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ സ്വന്തം പ്രതിനിധികളെ തിരിഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം പോലും തൊഴിലാളികൾക്കില്ല. സ്വാതന്ത്ര്യബാലററ് സമ്പ്രദായം—പരസ്യമായാലും രഹസ്യമായാലും—അപഹാസ്യമായ ഒരു വേഷം മാത്രമാണ്. തങ്ങളുടെ പ്രതിനിധികളായി മുമ്പേ നിശ്ചയിക്കപ്പെട്ടിരുന്നവരെ തെരഞ്ഞെടുക്കുവാനുള്ള അവകാശമേ വോട്ടർമ്മാക്കുള്ളു. തൊഴിലാളികളെ വഞ്ചിച്ചിരിക്കുന്നു, അവരുടെ വായ് അടച്ചുപൂട്ടിയിരി

ക്കുന്നു, കൈകാലുകൾ ബന്ധിച്ചിരിക്കുന്നു, തൻമൂലം എതിർപ്പ് അസാദ്ധ്യമായിത്തീരുകയും ചെയ്യുന്നു. സ്റ്റാലിൻ ഈ നാടകം സവിശേഷം അഭിനയിക്കുകയാണ്. ലോകമാസകലമുള്ള കമ്മ്യൂണിസ്റ്റുകൾ അദ്ദേഹത്തെ വാഴ്ത്തിപ്പുകഴ്ത്തുന്നതുകൊണ്ടു സോവ്യററ് യൂണിയനിലെങ്കിലും തങ്ങൾ മഹനീയമായ വിജയം വരിച്ചിട്ടുണ്ടെന്നാണ് അവരുടെ വിശ്വാസം. അവരോടു യോജിക്കാത്ത സകലരേയും പൊതുജനശത്രുക്കളെന്നും രാജ്യദ്രോഹികളെന്നുമാണ് അവർ വിളിക്കുന്നതു്. എന്നാൽ റഷ്യയിൽ ഇതു നിമിത്തം ഒരു പുതിയതരം വഞ്ചന ഉടലെടുത്തിട്ടുണ്ടു്. ഉദ്യോഗത്തിൽ കയററം കിട്ടാനുള്ള ഒന്നാംതരംവഴി ആളുകളെപ്പററി അറിവുകൊടുക്കുകയെന്നതാണ്. അങ്ങനെ ചെയ്യുന്ന നിങ്ങൾക്ക് ആപൽക്കാരികളായ പോലീസുകാരുമായി സൗഹാർദ്ദതയിൽ കഴിഞ്ഞു കൂടുവാൻ സാധിക്കും. അവരുടെ ഉപകരണങ്ങളായിത്തീരുന്ന നിങ്ങൾക്ക് അവരുടെ സംരക്ഷണ ലഭിക്കുകയും ചെയ്യും. കാലുതെററുന്ന കിഴുക്കാൻ തൂക്കായ ഈ വഴിയേ നിങ്ങളൊരിക്കൽ ചരിച്ചു തുടങ്ങിയാൽ നിങ്ങളെ പിന്നോക്കം തിരിക്കുവാൻ യാതൊരു സ്നേഹബന്ധത്തിനോ സ്വാമിഭക്തിക്കോ സാദ്ധ്യമല്ല. ഓരോ സന്ദർഭത്തിലും മുന്നോട്ടു പോകാനും ലജ്ജയുടെ ആഴത്തിലേക്കു കൂടുതൽ തെന്നി അടുക്കാനും നിങ്ങൾ നിർബന്ധിതരാകും. ഇതിൻെറ ഫലമെന്തെന്നാൽ, ഓരോരുത്തരും മററോരോരുത്തരേയും സംശയത്തോടെ വീക്ഷിക്കുന്നു. ഏററവും നിർദ്ദോഷമായ വാക്കുകൾ—കുഞ്ഞുങ്ങളുടേതുപോലും—നാശം വരുത്തിക്കൂട്ടും. തൻമൂലം സകലരും ഭയത്തോടുകൂടിയാണ് കഴിയുന്നതു്. ആരും ഉള്ളുതുറന്നു സംസാരിക്കുന്നില്ല.

"എൻെറ സഞ്ചാരത്തിൽ ബൊൾഷ്ചെവോ(Bolchevo) എന്ന മാതൃകാപട്ടണം കാണാൻ എന്നെ കൂട്ടിക്കൊണ്ടു പോയി. അതു് അനന്യസാധാരണമാണ്. ഭവനഭേദ

നം, പോക്കററടി, കൊലപാതകം എന്നീ കുററങ്ങൾ ചെയ്തവരാണ് അതിലെ നിവാസികളെല്ലാം. ആ കുററവാളികൾ രോഗികളോ ഞരമ്പ് ഇടറിയവരോ ആണെന്നും, ശരിയായ ചികിത്സയും സഹതാപപൂർവ്വമായ പെരുമാററവും ക്രമമായ ജീവിതരീതിയും അവരെ സുഖപ്പെടുത്തി വിലയുള്ളവരും സംതൃപ്തരുമായ പൗരന്മാരാക്കിത്തീർക്കുമെന്നുമുള്ള വിശ്വാസത്താൽ അതൊരു ചെറിയ പീനൽസെററിൽമെൻറ് ആയിട്ടാണ് ആരംഭിച്ചതു്. എന്നാൽ അതു വളന്ന്, ഫാക്ടറികൾ മാത്രമല്ല ലൈബ്രറികളും വിശ്രമകേന്ദ്രങ്ങളും ക്ലബ്ബുകളും ഉൾപ്പെട്ട വിപുലവും ഐശ്വര്യകരവുമായ പട്ടണമായിത്തീന്നിരിക്കുകയാണ്. അതു സന്ദർശിച്ചപ്പോൾ എനിക്കു തോന്നി, അതു സോവ്യററ്യൂണിയനിലെ ഏററവും ഉൽകൃഷ്ടവും വിജയകരവുമായ പരീക്ഷണങ്ങളിൽ ഒന്നാണെന്ന്, ഒരു വലിയ നേട്ടമാണെന്ന്. പിന്നീടു മാത്രമേ എനിക്കു കാര്യം മനസ്സിലായുള്ളു. അന്യരെപ്പററി അധികാരികൾക്ക് അറിവു കൊടുക്കുന്നവർ—കൂട്ടുകുററവാളികളെ ഒററിക്കൊടുക്കുന്നവർ—മാത്രമാണ് ഈ മാതൃകാസെററിൽമെൻറിൽ ജീവിതം കഴിക്കുവാൻ പ്രത്യേകാവകാശം ലഭിച്ചിട്ടുള്ളവർ. സാന്മാർഗ്ഗികതയുടെ വിരോധാഭാസം ഇത്രമേൽ ചെന്നുപററുമോ?"

ഫാക്ടറികളിലേയും കൂട്ടുകൃഷിസ്ഥലങ്ങളിലേയും വേലക്കാരുടെ കഷ്ടതകൾ അദ്ദേഹം വിവരിക്കുന്നതിങ്ങനെയാണ്:—

"നിർഭാഗ്യവാനായ സോവ്യററ് വേലക്കാരൻ അവൻെറ ഫാക്ടറിയോടു് ബന്ധിക്കപ്പെട്ടവനാണ്— കർഷകതൊഴിലാളി അവൻെറ കൂട്ടുകൃഷിസ്ഥലത്തോടു് ബന്ധിക്കപ്പെട്ടിരിക്കുന്നതുപോലെ. വേറൊരു സ്ഥലത്തു് കൂടുതൽ മെച്ചമായോ കഷ്ടതകൾ കുറവായോ കഴിഞ്ഞുകൂടാമെന്ന് ആശിച്ചായാലും, അല്ലെങ്കിൽ സ്ഥലം ഒന്നു മാറി

യാൽ കൊള്ളാമെന്ന ആഗ്രഹത്താൽ മാത്രമായാലും, പട്ടാളമുറയനുസരിച്ചു തന്നെ ഏല്പിച്ചിരിക്കുന്ന ജോലി വിട്ടു പോകാമെന്നു് ഒരു തൊഴിലാളി വിചാരിക്കുന്നപക്ഷം, യാതൊരിടത്തും ഒരു ജോലിയും കിട്ടാൻ സാധിക്കാത്ത അപകടത്തിൽ അവൻ ചെന്നുപാടും. ഒരു ഫാക്ടറി വിട്ടു പോയാൽ, അതിരിക്കുന്ന പട്ടണം വിട്ടുപോകാതിരുന്നാൽ പോലും, അവൻ അതുവരെ പാർത്തുവന്നതും വാടകകൊടുത്തുവന്നതുമായ സ്ഥലം പാർപ്പിടമായി കിട്ടാനുള്ള അവകാശം അവനു നഷ്ടപ്പെടുന്നു. മറെറാരു സ്ഥലം കിട്ടാൻ എളുപ്പവുമല്ല. ഫാക്ടറി വിട്ടുപോയാൽ അവന്റെ കൂലിയിൽ ഒരു ഗണ്യമായ ഭാഗവും, അതുവരെ അവനു ചെല്ലേണ്ടതായി കൂട്ടിവച്ചിരുന്ന ആദായം മുഴുവനും അവനു നഷ്ടപ്പെടുന്നു. നേരെമറിച്ചു് ഒരു സ്ഥലംമാററം ആവശ്യമാണെന്നു് അധികാരികൾ വിചാരിക്കുന്നപക്ഷം അവിടം വിട്ടുപോകാതിരിക്കാൻ അവനു നിവൃത്തിയുമില്ല. ഇച്ഛാനുസാരം സ്വന്തം താല്പര്യങ്ങളനുസരിച്ചു വിട്ടുപോകാനോ പോകാതിരിക്കാനോ അവനു സ്വാതന്ത്ര്യമില്ല. പാർട്ടിയിൽപെടാത്ത തൊഴിലാളികളുടെ തലയ്ക്കുമീതെ പാർട്ടിയിൽപെടുന്നവർക്കു കയററം കൊടുക്കും. എന്നാൽ ആഗ്രഹിക്കുന്നവർക്കെല്ലാം പാർട്ടിയിലെ അംഗങ്ങളാകാൻ സാധിക്കുകയില്ലതാനും. മുഖസ്തുതിപറയുക, എന്തും അനുസരിക്കുക മുതലായി പാർട്ടി അംഗങ്ങൾക്കു് ആവശ്യകങ്ങളായ യോഗ്യതകൾ എല്ലാവർക്കും ഇല്ലെന്നാണു് വയ്പ്പ്. എന്നാൽ ഒരു തൊഴിലാളിക്കു് പാർട്ടിഅംഗമാകാൻ യോഗമുണ്ടായ ശേഷം അവൻ രാജികൊടുക്കുന്നപക്ഷം ജോലിമൂലം ലഭിച്ചിരുന്ന സകല ആനുകൂല്യങ്ങളും അവനു നഷ്ടപ്പെടും; മാത്രമല്ല, പ്രതികാരത്തോടും സംശയത്തോടും കൂടി അവനോടു പെരുമാറുകയും ചെയ്യും."

പ്രതിപക്ഷക്കാരേയും മററു വിമർശകന്മാരേയും സോവ്യററ്യൂണിയനിൽ അടിച്ചമർത്തുന്നതും സ്റ്റാലിൻ ആ

രാജ്യത്തു് സകലരുടേയും ആരാധനാപാത്രമായിരിക്കുന്നതും മററും ഏററവും ഹൃദയവേദനയോടുകൂടി ഗൈഡ് വിവരിക്കുന്നതു കേട്ടാലും.—

"സോവ്യററ്യൂണിയനിലെ സകല ജോലിക്കാരിലും വച്ചു് ഗ്രന്ഥകാരന്മാക്കാണ് ഏററവുമധികം ആനുകൂല്യങ്ങളും സുഖസൗകര്യങ്ങളും ലഭിക്കുന്നതു്. എനിക്കു നൽകിയ ഭീമമായ ആനുകൂല്യങ്ങൾ എന്നെ ആശ്ചര്യഭരിതനും ഭയവിഹ്വലനുമാക്കി. ഞാൻ വശീകരണത്തിനും അഴിമതികൾക്കും വിധേയനാകുമോ എന്നു ഭയപ്പെട്ടു. ഞാൻ സോവ്യററ്യൂണിയനിലേക്കു പോയതു് ആനുകൂല്യങ്ങൾക്കു വേണ്ടിയായിരുന്നില്ല. എന്നാൽ ഞാൻ അവിടെ കണ്ടവ ഭീമങ്ങളായിരുന്നു. സയൻസ്‌അക്കാഡമിയുടെ പ്രശസ്തനായ ഒരംഗം കാരാഗൃഹത്തിൽനിന്നു വിമുക്തനായതു് ഞാൻ അറിയുകയുണ്ടായി. അദ്ദേഹത്തിന്റെ ഏകപാതകം സ്വതന്ത്രമായ ചിന്താഗതിയായിരുന്നു. വിദേശികളായ ശാസ്ത്രജ്ഞന്മാർ അദ്ദേഹവുമായി സമ്പക്കത്തിലേപ്പെടാൻ ശ്രമിച്ചപ്പോളൊക്കെ അവരെ അറിയിച്ചു, അദ്ദേഹം അവരെ കാണാൻമാത്രം ആരോഗ്യമില്ലാതിരിക്കുകയാണെന്നു്. വേറൊരു ശാസ്ത്രജ്ഞനെ അദ്ദേഹത്തിന്റെ പ്രൊഫസർ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിടുകയും ലാബറട്ടറികളിൽ പരീക്ഷണങ്ങൾ നടത്താനുള്ള സൗകര്യങ്ങൾ അദ്ദേഹത്തിനു നിഷേധിക്കുകയുമുണ്ടായി. നിലവിലിരിക്കുന്ന സോവ്യററ്ശാസ്ത്രസിദ്ധാന്തങ്ങൾക്കു് അനുയോജ്യമല്ലാത്ത അഭിപ്രായങ്ങൾ പ്രകാശിപ്പിച്ചതാണു് അതിന്റെ കാരണം. നാടുകടത്തൽ ശിക്ഷയിൽനിന്നു് ഒഴിവുകിട്ടുവാൻവേണ്ടി തന്റെ അഭിപ്രായങ്ങൾ പിൻവലിച്ചു് ഒരു പരസ്യക്കത്തെഴുതാൻ അദ്ദേഹം നിർബന്ധിതനമായി. ശിക്ഷിക്കപ്പെട്ടുകാണാൻ അധികാരികൾ ആഗ്രഹിക്കുന്ന ഒരു പ്രതിയുടെ ഭാഗംപിടിച്ചു് വാദിക്കാൻ പുറപ്പെടുന്ന സോവ്യററ് അഭിഭാഷകനു്, അയാളുടെ കേസ്സ്

എത്ര നീതിപൂർവ്വമാണെങ്കിലും, ആപത്തുനേരിടും.

"പ്രശംസയും അനുകൂലാഭിപ്രായവും മാത്രമേ സ്റ്റാലിൻ സഹിക്കുകയുള്ളു. സ്വന്തമായി യാതൊരഭിപ്രായവുമില്ലാത്തവരും, തന്മൂലം അദ്ദേഹത്തിൽ ഒരു തെററും കണ്ടുപിടിക്കാൻ കഴിയാത്തവരുമായ ആളുകൾ മാത്രമായിരിക്കും സ്റ്റാലിന്റെ അന്തേവാസികളായിത്തീരുന്നതു്. അദ്ദേഹത്തിന്റെ ഛായാപടം സർവ്വത്ര കാണാം. അദ്ദേഹത്തിന്റെ നാമം സകലരുടേയും അധരങ്ങളിലുണ്ടു്. അദ്ദേഹത്തിന്റെ പ്രശംസ സകല പബ്ളിക്കു് പ്രസംഗങ്ങളിലും മുഴങ്ങുന്നു. ഇതെല്ലാം അദ്ദേഹത്തിന്റെ നേരെയുള്ള സ്നേഹബഹുമാനങ്ങളുടെ ഫലമാണോ? അതോ, ഭയത്തിന്റേയോ? ആർക്കുപറവാൻ കഴിയും? അദ്ദേഹം ജനിച്ച ചെറു ഗ്രാമമായ ഗോറിയിൽക്കൂടി ഒരിക്കൽ ഞാൻ യാത്രചെയ്യുകയായിരുന്നു. സോവ്യറ്റ് യൂണിയനിൽ ഞങ്ങൾക്കു ലഭിച്ച സന്തോഷകരമായ സ്വാഗതത്തിനും ഉദാരമായ ആതിഥ്യത്തിനും കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു് ഞാൻ സ്വന്തം നിലയിൽ ഒരു സന്ദേശം അദ്ദേഹത്തിനയക്കുന്നതു നല്ലൊരു ഉപചാരകൃത്യമായിരിക്കുമെന്നു ഞാൻ വിചാരിച്ചു. അതിനു് അതുപോലൊരവസരം പിന്നീടുണ്ടാകുകയില്ലെന്നു കരുതി പോസ്റ്റാഫീസിന്നരികെ എന്റെ കാർ നിർത്തി ഒരു കമ്പിവാചകം എഴുതിക്കൊടുത്തു. "ഞങ്ങളുടെ അവിസ്മരണീയമായ സഞ്ചാരത്തിന്റെ ഇടയിൽ ഗോറിയിൽക്കൂടി കടന്നുപോകവേ എനിക്കൊരു പ്രചോദനമുണ്ടായി, അങ്ങേക്കു് (you) ഒരു സന്ദേശമയക്കാൻ" എന്നു തുടങ്ങുന്ന കമ്പിവാചകം വായിച്ച ഉദ്യോഗസ്ഥൻ വായന നിർത്തി. എന്നിട്ടു് എന്നോടു പറഞ്ഞു, ആ സന്ദേശം അയക്കാൻ തനിക്കു സാദ്ധ്യമല്ലെന്നു്, സ്റ്റാലിനെ സംബോധന ചെയ്യുമ്പോൾ "അങ്ങു്" എന്നുമാത്രം പറഞ്ഞാൽപോരെന്നു്, ഒരു വിശേഷണംകൂടി ചേർത്തെങ്കിലേ ഉപചാരത്തിനു ചേരുകയുള്ളുവെന്നു്, "തൊഴിലാളികളുടെ

നേതാവായ അങ്ങ്" എന്നോ, "ജനങ്ങളുടെ നാഥനായ അങ്ങ്" എന്നോ സംബോധന ചെയ്യാൻ അദ്ദേഹം നിർദ്ദേശിച്ചു. എനിക്കതു് അസംബന്ധമായിത്തോന്നി. സ്റ്റാലിൻ അത്തരം മുഖസ്തുതിക്കു തീർച്ചയായും അതീതനായിരുന്നേ കഴിയൂ എന്നു ഞാൻ പറഞ്ഞു. പക്ഷെ ഒരു ഫലവുമുണ്ടായില്ല. എന്തുചെയ്താലും അദ്ദേഹത്തിൻെറ നിശ്ചയത്തിന് ഇളക്കം തട്ടുകയില്ലെന്നും, താൻ നിർദ്ദേശിച്ച പ്രശംസ ഞാൻ കമ്പിയിൽ ചേർത്തില്ലെങ്കിൽ അദ്ദേഹം അതു് അയക്കുകയില്ലെന്നുമായി.

"ഇത്തരം ഉപചാരപ്രയോഗങ്ങൾ സ്റ്റാലിനും അദ്ദേഹത്തിൻെറ പ്രജകൾക്കും മദ്ധ്യേ ദുസ്തരമായ അതിരുകോട്ടയെ കെട്ടിപ്പടുക്കുവാൻ സഹായിക്കുമെന്നു് ഞാൻ കണ്ടറിതപ്പെട്ടു. എൻെറ സന്ദർശനത്തിനിടയിൽ ഞാൻ ചെയ്തിട്ടുള്ള പ്രസംഗങ്ങളിൽ ഇത്തരം പ്രയോഗങ്ങൾ ചേർക്കുന്നതിനും ഭേദഗതികൾ വരുത്തുന്നതിനും എന്നെ പലരും നിർബന്ധിച്ചിട്ടുമുണ്ട്. സോവ്യററ് യൂണിയൻെറ ഭാവി"ഭാഗധേയ"ത്തെപ്പററി പറയുമ്പോൾ ആ പദത്തിൻെറ മുമ്പിൽ "മഹനീയമായ" എന്ന വിശേഷണം കൂടി ചേർക്കണമെന്നു് അവർ എന്നെ ഉദ്ബോധിപ്പിച്ചിരുന്നു. നേരേമറിച്ചു് ഒരു രാജാവിനേപ്പററി പറയുമ്പോൾ "മഹാ" എന്ന വിശേഷണം ചേർക്കരുതെന്നും അവർ എന്നെ ഉപദേശിച്ചു, കാരണം, രാജാവിനു് ഒരിക്കലും മഹാൻ ആയിരിക്കാൻ കഴിയുകയില്ലത്രെ. ലെനിൻഗ്രാഡിൽവച്ചു് വിദ്യാർത്ഥികളുടേയും എഴുത്തുകാരുടേയും ഒരു യോഗത്തിൽ പ്രസംഗിക്കാൻ എന്നെ ക്ഷണിക്കുകയുണ്ടായി. യോഗപ്രവർത്തകകമ്മററിക്കു പ്രസംഗത്തിൻെറ കയ്യെഴുത്തുപ്രതി ഞാൻ സമർപ്പിച്ചു. എന്നാൽ അവരെന്നെ അറിയിച്ചു, പ്രസംഗം പാർട്ടിപദ്ധതിയോടു പൊരുത്തമില്ലാത്തതാകയാൽ ആ പ്രസംഗം ചെയ്യുന്നതു് അനുചിതമായിരിക്കുമെന്നു്. അനുചിതമല്ലാതാക്കാൻ അനേകങ്ങളും

ക്ലേശകരങ്ങളുമായ വൈഷമ്യങ്ങൾ നേരിടേണ്ടിവരുമെന്നു കരുതി പ്രസംഗം ചെയ്യേണ്ടെന്നുതന്നെ ഞാൻ ഒടുവിൽ തീരുമാനിച്ചു."

ഇങ്ങനെ തനിക്കുണ്ടായ ദുരനുഭവങ്ങൾ ഏററവും പരമാർത്ഥതയോടും എന്നാൽ ദുഃഖത്തോടുംകൂടി വിവരിച്ചശേഷം ഗൈഡ് തൻെറ പ്രബന്ധം ഇങ്ങനെ ഉപസംഹരിക്കുന്നു.

"സോവ്യററ് യൂണിയനിൽ ഒരു പുതിയതരം മുതലാളികൾ, നമ്മുടെ മുതലാളികൾക്കുള്ള അതേ കുററങ്ങളോടും ദൂഷ്യങ്ങളോടുംകൂടി, വികസിച്ചുവരുന്നതു് ഞാൻ ഇപ്പോഴേ കാണുന്നു. ദാരിദ്ര്യത്തിൻെറ പിടിയിൽനിന്ന് ഉയൎന്നുകഴിഞ്ഞാലുടൻ അവർ ദരിദ്രരെ അവഹേളിക്കുന്നു. അതുവരെ അവരിൽനിന്നു ദീർഘകാലം നീക്കിവയ്ക്കപ്പെട്ടിരുന്ന വസ്തുവകകൾ കൈവെടിയാൻ വൈമനസ്യമുള്ളവരും കൈവശം വയ്ക്കുവാൻ താല്പര്യമുള്ളവരുമായിത്തീരുന്നു. അവ ഇപ്പോൾ സമ്പാദിക്കുവാനും നഷ്ടപ്പെടാതെ സൂക്ഷിക്കുവാനും അവൎക്കറിയാം. ആ മഹത്തായ "വിപ്ലവം" നടത്തിയ ജനങ്ങളാണോ ഇവർ? അല്ലതന്നെ! അതിനെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നവർമാത്രമാണവർ. അവർ ഇനിയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അംഗങ്ങൾ ആണെന്നുവരാം. എന്നാൽ കമ്മ്യൂണിസ്റ്റ്കാരുടെ ഹൃദയം അവൎക്കില്ല.

"ഫ്റാൻസിലേയും മററു സ്ഥലങ്ങളിലേയും കമ്മ്യൂണിസ്റ്റ്കാരെ ഞാൻ കുററപ്പെടുത്തുന്നു. ഉത്തമവിശ്വാസത്താൽ വഞ്ചിതരായവരെപ്പററിയല്ലാ ഞാൻ പറയുന്നതു്, പിന്നെയോ സംഗതികൾ അറിഞ്ഞവരും അഥവാ അറിയേണ്ടിയിരുന്നവരും ആണെങ്കിലും, വിദേശങ്ങളിലെ തൊഴിലാളികളോട് കള്ളംപറയുകയും അതുവഴിയായി രാഷ്ട്രീയലക്ഷ്യങ്ങളെ പിൻതുടരുകയും ചെയ്തവരെപ്പററിയാണു്. സോവ്യററ് യൂണിയനു പുറമേയുള്ള തൊഴിലാളികൾ ശരിക്കു മനസ്സിലാക്കേണ്ട കാലം ആസന്നമായിരിക്കുന്നു,

കമ്മ്യൂണിസ്റ്റ്പാർട്ടി അവരെ വഞ്ചിക്കുകയും വഴിതെററിക്കുകയും ചെയ്യുന്നു; അവക്മുമ്പു് റഷ്യൻതൊഴിലാളികൾ വഞ്ചിതരായപോലെ.

"സോവ്യററ്യൂണിയനിലെ സ്ഥിതിഗതികൾ ഇപ്രകാരം വിലപനീയങ്ങളും അസംതൃപ്തികരങ്ങളും ആണെങ്കിലും ഞാൻ മൗനം അവലംബിക്കുമായിരുന്നു, കുറേക്കൂടി മെച്ചമായ സ്ഥിതിയിലേക്കു് കുറച്ചെങ്കിലും അവിടെ പുരോഗമനമുണ്ടാകുമെന്നു് എനിക്കു് ഉറപ്പു ലഭിച്ചിരുന്നെങ്കിൽ. കുന്നിൻചരിവിൽക്കൂടി മേല്പോട്ടേക്കു കയറിക്കൊണ്ടുവാൻ ഞാൻ ആശിച്ച സോവ്യററ്യൂണിയൻ കീഴ്പോട്ടേക്കു തെന്നി ഇറങ്ങുകയാണെന്നുള്ള സുദൃഢമായ ബോദ്ധ്യത്തിൽ ഞാൻ എത്തിയിരിക്കുന്നതിനാൽ, ഇത്ര വളരെ ക്ലേശങ്ങൾക്കും രക്തം ചിന്തലിനും ശേഷം ആ മഹത്തായ വിപ്ലവംവഴിയായി സമ്പാദിച്ച സ്വാതന്ത്ര്യങ്ങളെ അവർ ഒന്നിനു പിന്നാലെ ഒന്നായി—അതും പുറംകാഴ്ച മാത്രമുള്ള കാരണങ്ങളാൽ—പരിത്യജിച്ചിരിക്കുന്നതിനാൽ, അവർ തൻെറ പിന്നാലെ അനിവാര്യങ്ങളായ കുഴപ്പങ്ങളിലേക്കു് ഇതരരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് പാർട്ടികളെ വലിച്ചിഴച്ചുകൊണ്ടു പോകുന്നതു് ഞാൻ കാണുന്നതിനാൽ, കാര്യങ്ങൾ തുറന്നു പറയേണ്ടതു് എൻെറ കർത്തവ്യമായി ഞാൻ പരിഗണിക്കുന്നു.

"പാർട്ടിയോടുള്ള വിശ്വസ്തതയുടെ പ്രശ്നങ്ങൾക്കൊന്നിനും ഉള്ളതു് ഉള്ളതുപോലെ പറയുന്നതിൽനിന്നു് എന്നെ പിന്മാററാൻ സാദ്ധ്യമല്ല. കാരണം, പാർട്ടിയേക്കാൾ മേലായി സത്യത്തെ ഞാൻ വിലമതിക്കുന്നു. എനിക്കു നല്ലപോലെ അറിയാം, മാർക്സിസ്റ്റ് സിദ്ധാന്തമനുസരിച്ച് സത്യം എന്നൊന്നില്ലെന്നു്—കുറഞ്ഞപക്ഷം നിരുപാധികമായ അർത്ഥത്തിൽ ഇല്ലെന്നു്—സത്യം സോപാധികമായി മാത്രമേയുള്ളു എന്നു്. എങ്കിലും ഞാൻ വിശ്വസിക്കുന്നു, ഇത്ര ഗൗരവമേറിയ കാര്യത്തിൽ മററുള്ളവരെ

വഴിതെററിക്കുന്നതു് പാതകമാണെന്നു്. സംഗതികൾ, മേലിൽ നാം ആഗ്രഹിക്കുന്നതോ മുമ്പു നാം പ്രതീക്ഷിച്ചിരുന്നതോ ആയ നിലയിൽ അല്ലാതെ, ഇപ്പോൾ ഉള്ള നിലയിൽ കാണേണ്ടതു് അടിയന്തിരകാൎയ്യമാണു്. സോവ്യററുയൂണിയൻ നമ്മുടെ ഏററവും ഹൃദയംഗമങ്ങളായ പ്രതീക്ഷകളെ വഞ്ചിച്ചിരിക്കുന്നു. നിർവ്യാജമായ് ഒരു വിപ്ലവത്തിനു വൻചതിയോടുകൂടി ഇടിഞ്ഞുവീഴുന്ന മണൽത്തിട്ടയിൽ നിപതിച്ചു് സമസ്തവും നശിപ്പിക്കുവാൻ കഴിയുമെന്നു് കാണിച്ചുതരികയും ചെയ്തിരിക്കുന്നു. പണ്ടത്തെ മുതലാളിത്തസമുദായവ്യവസ്ഥിതി വീണ്ടും സ്ഥാപിക്കപ്പെട്ടിരിക്കുകയാണു്. നവീനവും ഭയങ്കരവും മനുഷ്യനെ ഞെക്കി ഞെരുക്കുന്നതും ചൂഷണംചെയ്യുന്നതുമായ സ്വേച്ഛാധിപത്യമാണതു്. പണ്ടത്തെ അടിമത്തത്തിൻെറ നീന്ദ്യവും അടിപണിയുന്നതുമായ മനഃസ്ഥിതി അതു ആവശ്യപ്പെടുന്നു. റഷ്യ ഡെമോഫൂണി (Demophoon) നെപ്പോലെ ഒരു ദൈവമായിത്തീരാനുള്ള പരിശ്രമത്തിൽ അപജയിച്ചിരിക്കുന്നു. സോവ്യററു് ഭരണമാകുന്ന തീക്കുണ്ഡത്തിൽനിന്നു് അവർ ഒരിക്കലും ഉയരുകയില്ല."

# ഉപസംഹാരം

വള്ളത്തോൾകണ്ട റഷ്യ ഏതാണെന്ന് പ്രത്യേകമായി ഇനി വായനക്കാരോട്ട് പറയണമെന്നില്ലല്ലോ. അദ്ദേഹത്തെ റഷ്യയിലേക്ക ക്ഷണിച്ചു, രാജോചിതമായി സ്വീകരിച്ചു, രണ്ടുമാസത്തെ താമസത്തിനിടയിൽ അദ്ദേഹത്തെ മോസ്ക്കോയിലും പരിസരങ്ങളിലും കൂടെക്കൊണ്ടുനടന്ന, "സാംസ്കാരിക സംഘടന" കാണിച്ചുകൊടുത്ത റഷ്യയാണ് അദ്ദേഹം കണ്ടതു്. അതു് ഭൂമിയിലെ ആറിലൊന്നോളം വരുന്നതും, മതപരവും രാഷ്ട്രീയവും സാമ്പത്തികവും സാംസ്കാരികവുമായ മർദ്ദനങ്ങളനുഭവിക്കുന്ന കോടികോടി ജനങ്ങൾ അധിവസിക്കുന്നതും, വിദേശികളായ യുദ്ധത്തടവുകാരേയും സ്വാതന്ത്ര്യപ്രേമികളായ സ്വദേശികളേയും ലക്ഷോപലക്ഷങ്ങളായി തടങ്കൽ ക്യാമ്പുകളിൽ പാർപ്പിച്ച് അടിമവേല ചെയ്യിക്കുന്നതുമായ റഷ്യയല്ല. ആ യഥാർത്ഥ റഷ്യ കാണുവാൻ വിദേശികൾക്ക് അനുവാദം നിഷേധിച്ചിരിക്കുകയാണ്. ഇരുമ്പുയവനികയ്ക്കുള്ളിൽ അതു മറച്ചുവച്ചിരിക്കുന്നു. ഐക്യരാഷ്ട്രസംഘടനയിൽ നിന്നു മുറപ്രകാരം നിയമിക്കപ്പെടുന്ന പ്രതിനിധികൾക്ക പോലും ആ യവനികയ്ക്കുള്ളിൽ പ്രവേശനം സാദ്ധ്യമല്ലെന്നാണ് വയ്പു്.

എങ്കിലും യഥാർത്ഥറഷ്യ കണ്ടവരുണ്ടു്. റഷ്യയിൽ അനേകവഷം പാക്കവാനിടവന്നിട്ടുള്ള വിദേശികളായ പത്രലേഖകന്മാർ; നയതന്ത്രബന്ധങ്ങളോട്ടുകൂടി സോവ്യററു ഗവൺമെൻറിൻെറ അതിഥികളായി റഷ്യയിൽ സ്വതന്ത്രജീവിതം നയിച്ചിട്ടുള്ള രാജ്യതന്ത്രജ്ഞന്മാർ; ഭൗമിക പറുദീസായിലെ ജീവിതസുഖങ്ങൾ അനുഭവിക്കാമെന്ന മോഹത്താൽ റഷ്യയിൽ ചെന്ന് വിവിധ ജോലികളിലേപ്പെട്ടു ജീവിച്ച വിദേശികൾ; മഹാകവി വള്ളത്തോളിനെപ്പോ

ലെ സാംസ്കാരിക സംഘടനകളുടെ ക്ഷണപ്രകാരം റഷ്യ സന്ദർശിക്കുകയും, എന്നാൽ അദ്ദേഹത്തിൽനിന്നും വ്യത്യസ്തമായി ആ സംഘടനകളുടെ അകമ്പടിയൊന്നും കൂടാതെ സ്വയമായും സ്വതന്ത്രമായും റഷ്യയിലെ എല്ലാ ഭാഗങ്ങളിലും സഞ്ചരിക്കുകയും ചെയ്ത പ്രശസ്ത സാഹിത്യകാരന്മാർ; കാരാഗൃഹങ്ങളിലും തടങ്കൽക്യാമ്പുകളിലും നിന്ന് വെളിവായോ ഒളിവായോ രക്ഷപ്രാപിച്ച് ഇരുമ്പുയവനികയ്ക്കു പുറത്തു വരുവാൻ സൗഭാഗ്യം സിദ്ധിച്ചവർ; സോവ്യററ് ഗവമ്മെൻറിൻെറ ഉദ്യോഗസ്ഥന്മാരായി വിദേശങ്ങളിൽ പ്രവൃത്തിയെടുക്കുകയും, ആ രാജ്യങ്ങളിലെ സ്വതന്ത്രവും ക്ഷേമകരവുമായ ജീവിതസമ്പ്രദായം കണ്ടറിഞ്ഞതിനാൽ സ്വരാജ്യത്തിലേക്കു മടങ്ങിപ്പോകാതെ ആയുശ്ശേഷം അവിടങ്ങളിൽ കഴിച്ച റഷ്യൻ പൗരന്മാർ—ഇവരൊക്കെയാണ് യഥാൎത്ഥ റഷ്യ കണ്ടിട്ടുള്ളവർ. അതിൻെറ ചിത്രമാണ്, അവരുടെ സാക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തി, മുൻപക്ഷങ്ങളിൽ വരച്ചിട്ടുള്ളതു്.

വള്ളത്തോൾകണ്ട റഷ്യ എവിടെ? യഥാൎത്ഥറഷ്യ എവിടെ? വള്ളത്തോളിനേപ്പോലെ റഷ്യൻ ഏജൻറന്മാർ ലോകമാസകലം പ്രചരണം നടത്തുന്നുണ്ടെങ്കിലും, യഥാൎത്ഥ റഷ്യയുടെ ചിത്രം വിദേശികളുടെ ദൃഷ്ടിയിൽ വർദ്ധമാനമായ പ്രകാശത്തോടുകൂടി എത്തിക്കൊണ്ടിരിക്കുകയാണ്. യാഥാൎത്ഥ്യത്തിൻെറ ആ കിരണങ്ങൾ കള്ളപ്രചരണത്തിൻെറ ഇരുട്ടിനെ ആട്ടിപ്പായിക്കുമെന്ന് നമുക്കു വിശ്വസിക്കാം.

സത്യമേവ ജയതി, നാഽനൃതം

(സത്യമേ ജയിക്കൂ, അസത്യം അപജയിക്കും)

*L. D. M.*

# ശുദ്ധിപത്രം

| പുറം | വരി | അബദ്ധം | സുബദ്ധം |
|---|---|---|---|
| 2 | 28 | ആറിലൊന്നു | അറുപതിലൊന്നു |
| 5 | 9 | പോലീസിൻെറ ദൃഷ്ടി | പോലീസ് |
| 20 | 19 | വിശ്വസിച്ചിതു് | വിശ്വസിച്ചതു് |
| 64 | 25 | 725 | 125 |
| 69 | 21 | ചച്ച്ക്കാർ | ചാച്ച്ക്കാർ |
| 81 | 2 | ഭണക്ഷം | ഭക്ഷണം |
| 97 | 27 | ഇതിനുദ്ദാഹരണം | ഇതിനുദാഹരണം |
| 110 | 4 | കൎഷകനു് | കൎഷകൻ |
| 121 | 14 | ഗ്രസ്ഥങ്ങളോ | ഗ്രന്ഥങ്ങളോ |
| 150 | 29 | ാമധാവി | മേധാവി |
| 150 | 30 | യത്രേക്കാരൻ | യാത്രക്കാരൻ |
| 179 | 5 | പുരുഷന്മരെയും | പുരുഷന്മാരെയും |

## BIBLIOGRAPHY

ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്ന വസ്തുതകൾക്ക് പല ആധാരങ്ങളും അതിൽതന്നെ പലയിടങ്ങളിലായി ഉദ്ധരിച്ചിട്ടുണ്ടല്ലോ. അവയ്ക്കും പുറമെ, താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റിലെ പല ഗ്രന്ഥങ്ങളും ആധാരങ്ങളാണ്.


1) Eugene Lyons—Assignment in Utopia
2) W. H. Chamberlin— A False Utopia
3) Sir Walter Citrine—I Search For Truth in Russia
4) Louis Fischer—Men and Politics
5) Andrew Smith—I Was a Soviet Worker
6) J. E. Davies—Mission to Moscow
7) Victor Serge—The Destiny of a Revolution
8) Boris Souvarine—Stalin
9) Max Nomad—Apostles of Revolution
10) Leon Trotsky—The Revolution Betrayed
11) James Burnham—The Managerial Revolution
12) Sherwood Eddy—The Challenge of Russia
13) Boris Silver—The Russian Worker's Own Story
14) H. R. Knicherbocker—Is Tomorrow Hitler's?
15) Anton Ciliga—The Russian Enigma
16) Max Eastman—Stalin's Russia
17) N. A. De Basily—Russia Under Soviet Rule
18) W. G. Krivitaky—I Was Stalin's Agent.
19) Waldemar Gurian—Bolshevism Theory&Practice
20) James Burnham—The Coming Defeat of Communism
21) David J. Dallin—The New Soviet Empire
22) Arthur Koestler, Ignazio Silone, Richard Wright, Andre Gide, Louis Fischer, Stephen Spender — The God That Failed

# സൗന്ദര്യപൂജ

(മുട്ടത്തുവർക്കി ബി. ഏ.)

ആകാരസൗഷ്ഠവമോ, ആത്മനൈർമ്മല്യമോ ഏതാണ് സൗന്ദര്യക്കാമ്പ്?

ശത്രുപക്ഷത്തുനിന്നുള്ള ഏതൊരെതിർപ്പിനേയും വെല്ലുവിളിച്ചുകൊണ്ട് അർദ്ധരാത്രിസമയത്ത് ആകാശത്തിലൂടെ പറന്ന് പട്ടണപ്രദേശങ്ങളിൽ നിസ്സഹായരായി കഴിഞ്ഞുകൂടുന്ന സ്ത്രീകളെയും കുട്ടികളെയും ബോംബു ചെയ്യുന്നതോ, പരിപൂർണ്ണ ആത്മസംയമനം പ്രാപിച്ച് പരിത്യാഗബുദ്ധിയോടെ ജീവനെപ്പോലും ബലികഴിച്ച് അഗ്നികുണ്ഡത്തിൽച്ചാടി നിസ്സഹായനായ ഒരു പിഞ്ചുപൈതലിനെ രക്ഷിക്കുന്നതോ ഏതാണ് സാക്ഷാൽ വീരകൃത്യം?

വികാരങ്ങളെ കോരിത്തരിപ്പിക്കുന്നതും ജീവൽപ്രശ്നങ്ങൾക്കും സമാധാനം നൽകുന്നതുമായ ഒരു നോവൽ.

# ഏഴകളുടെ തോഴർ

(വർഗ്ഗീസ് കാഞ്ഞിരത്തുങ്കൽ)

ജീവസന്ധാരണത്തിനുവേണ്ടി രക്തം വെള്ളമാക്കി പണിയെടുക്കുന്ന തൊഴിലാളികൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി മുതലാളികളോടു മല്ലടിക്കുമ്പോൾ, ഒരു കൂട്ടർ നേതൃവേഷധാരികളായി അവരുടെ സംഘടനകളിൽ കടന്നു അവരെ ചൂഷണം ചെയ്യുന്നു. ഇത്തരം പാർട്ടിനേതാക്കന്മാരുടെ നിഗൂഢവും വഞ്ചനാത്മകവുമായ തന്ത്രങ്ങളിൽനിന്നു രക്ഷനേടുവാൻ തൊഴിലാളികൾ നടത്തിയ ധീരോചിതമായ സമരങ്ങളുടെ ഹൃദയസ്പൃക്കായ ഒരു ചിത്രീകരണം. ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയിൽ കാണുന്ന ദൂഷ്യവശങ്ങളോടുള്ള ഒരു പോരാട്ടം—ശരിയായ തൊഴിലാളി പ്രവർത്തനങ്ങളുടെ സ്പൃഹണീയമായ മാതൃക—അതാണ് "ഏഴകളുടെ തോഴർ".

റഷ്യയെ ഒരു യഥാൎത്ഥ തൊഴിലാളിരാഷ്ട്രമായി ചിത്രീകരിക്കുക, റഷ്യ സമാധാനത്തിനുവേണ്ടി നിലകൊള്ളുന്ന ഏകരാഷ്ട്രമാണെന്ന കമ്മ്യൂണിസ്റ്റുവാദത്തെ ഏറ്റുപാടുക, ഇതാണു റഷ്യ സന്ദർശിക്കുന്ന പ്രതിനിധികൾ ചെയ്യേണ്ടതു്. പ്രതിനിധികളായി റഷ്യ നിർദ്ദേശിക്കുന്നവൎക്കേ അവിടെ പ്രവേശനമുള്ളു. രാഷ്ട്രീയ ജ്ഞാനമില്ലാത്തവരും, ഒരിക്കൽപോലും വിദേശയാത്ര നടത്തിയിട്ടില്ലാത്തവരുമായ വരെ മാത്രമേ പ്രതിനിധികളായി റഷ്യാ നിർദ്ദേശിക്കുകയുള്ളു. അങ്ങനെ പോകുന്നവർ അവരെ ക്ഷണിക്കുന്ന കമ്മ്യൂണിസ്റ്റുസംഘടനയുടെ ദയയെ ആശ്രയിച്ചിരിക്കും. സാധാരണഗതിയിലുള്ള ഒരു സ്ഥലവും അവരെ കാണിക്കയില്ല. കമ്മ്യൂണിസ്റ്റുകാരുടെ ശമ്പളക്കാരായ ദ്വിഭാഷികളെക്കൂടാതെ സംസാരിക്കുക സാദ്ധ്യമല്ല. വിദേശിയാണെന്നറിഞ്ഞാൽ രഹസ്യപ്പോലീസിനെ ഭയന്നു റഷ്യാക്കാർ സത്യം തുറന്നു പറയുകയില്ല. സന്ദർശകർ തന്നെത്താൻ സുഖിച്ചു, റഷ്യായുടെ യഥാൎത്ഥരൂപമെന്താണെന്നറിയാതെ, മടങ്ങുകയാണു ചെയ്യുന്നതു്.

—വാംട്ടർ കൊലാർഡ്സ്

## പ്രതീക്ഷിപ്പിൻ

സൗന്ദര്യപൂജ

ഏഴകളുടെ തോഴർ

എന്റെ അനുഭവങ്ങൾ

റഷ്യൻ അണ്ടർഗ്രൗണ്ട്

രോഗിണി

റഷ്യൻ വിപ്ലവചരിത്രം

സ്വാതന്ത്ര്യത്തിന്റെ ചേരിയിൽ

സാമൂഹ്യപുനഃസംവിധാനം

മനഃശാസ്ത്രവും സ്വഭാവസംസ്കരണവും

The
# BOOK-a-month
Club

ERNAKULA

Q 50
1530

## വള്ളത്തോൾകണ്ടറഷ്യ




പ്രതിമാസ ഗ്രന്ഥ ക്ലബ്
എറണാകുളം

Indic Digital Archive Foundation
gpura.org